
# സത്യദൂതൻ



ഖുത്വ്ബ: കാരുണ്യത്തിന്റെ പ്രവാചകൻ:
വിശ്വസാഹിത്യകാരന്മാരുടെ ദൃഷ്ടിയിൽ

2012 നവംബർ | ലക്കം 11

വില ₹ 20



## സോക്രട്ടീസ്:
## യൂറോപ്പിലെ പ്രവാചകൻ

## യേശു വിവാഹിതനായിരുന്നോ?




BAITUL JAAMAY, Chicago, USA



MASJID MUBARAK, Saint Prix, France



The Sathyadoothan Monthly

لا اله الا الله محمد رسول الله

# സത്യദൂതൻ

2012 നവംബർ
ഹി.ശ.1391 – നുബുവ്വത്ത്
1433 – ദുൽഹജ് 1434 – മുഹർറം
പുസ്തകം 84 ലക്കം 11
വില 20 രൂപ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം



**5** എഡിറ്റോറിയൽ

**6** യുഗശബ്ദം



**7**

ഖുത്ബ

**കാരുണ്യത്തിന്റെ പ്രവാചകൻ: വിശ്വസാഹിത്യകാരന്മാരുടെ ദൃഷ്ടിയിൽ**

ഹദ്റത്ത് മിർസാ മസ്‌റൂർ അഹ്മദ് (അയ്യദഹു..)

**12**

**സോക്രട്ടീസ്: യൂറോപ്പിലെ പ്രവാചകൻ**

ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് ( റഹ്)

ദൈവത്തിന്റെ വെളിപാടുകൾ കൊണ്ടനുഗൃഹീതനായ ഒരു ദിവ്യ പ്രവചകനായിരുന്നു സോക്രട്ടീസ്. ആഴത്തിൽ ചിന്തിക്കാൻ ശേഷിയില്ലാത്ത യൂറോപ്പിലെ അല്പജ്ഞാനികളായ ഭൗതിക മാത്രവാദികളാണ് മഹാനായ ആ ദൈവിക പ്രവാചകനെ ഭൗതിക തത്ത്വജ്ഞാനിയാക്കി മാറ്റിയത്.




**17**

**യേശു വിവാഹിതനായിരുന്നോ?**

മൗലാനാ ബി. അബ്ദുല്ലാഹ് സാഹിബ്. എച്. എ.

യേശു വിവാഹിതനായി രുന്നു എന്ന് തെളിയിച്ചു കൊണ്ട് കേരളത്തിലെ അഹ്മദിമിഷണറിയും മഹാപണ്ഡിതനുമായിരുന്ന ലേഖകൻ അറുപത്തൊമ്പത് വർഷങ്ങൾക്ക് മുമ്പ് സത്യദൂതനിൽ എഴു തിയ ലേഖനം പുനഃപ്രസി ദ്ധീകരിക്കുന്നു



**21**

**യഹൂദ വിമോചനവും ഫ്രഞ്ച് വിപ്ലവവും**

എ.എം മുഹമ്മദ് സലീം

മതാധിഷ്ഠിതമായിരുന്ന യൂറോപ്യൻ സമൂഹത്തിൽ രക്തരൂക്ഷിതമായ ഫ്രഞ്ച് വിപ്ലവത്തോടെ മതേതരവത്ക്കരണം ആരംഭിച്ചു. മതപരിഗണനകൾക്ക തീർത്തമായി പൗരൻ എന്ന നിലക്കുള്ള അവകാശങ്ങൾ പുനർനിർവ്വചിക്കപ്പെട്ടു. അതോടെ യഹൂദരുടെ വിമോചനത്തിനും തുടക്കംകുറിച്ചു.

**25**

**അവിശ്വാസികളെ കൊല്ലണമെന്ന് ഖുർആൻ കല്പിക്കുന്നുവോ?!**

എം. എസ്

വിശ്വാസ സ്വാതന്ത്ര്യത്തിന്റെ സുവർണ സൂക്തങ്ങൾ അടങ്ങിയ വിശുദ്ധ ഖുർആനിൽ അവിശ്വാസികളെ വകതിരിവില്ലാതെ കൊന്നൊടുക്കണമെന്ന സൂക്തമുണ്ട് എന്ന് പറഞ്ഞു കൊണ്ട് ഇസ്‌ലാം വിരോധികൾ വിമർശനമുന്നയിക്കുന്നു. ഈ വിമർശനം തികച്ചും അടിസ്ഥാനരഹിതമാണെന്ന് വിശുദ്ധഖുർആൻ വചനങ്ങൾ തന്നെ വ്യക്തമാക്കുന്നു.

**28**

**ഇബ്നു മർയം എന്ന ഉപമ**

യാസർ അറഫാത്ത് തിരുത്തിയാട്

ഈസാനബി (അ) അവസാനകാലത്തെ വരവിനായി ജീവനോടെ ആകശാത്തിരിക്കുന്നു വെന്ന മുജാഹിദുകളുടെ വാദം എത്ര പരിഹാസ്യമാണ്

**30**

**വെളിപാടുകളുടെ ഇറക്കം**

ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)

**33**

**ശൈഖ് അബ്ദുൽ ഖാദിർ ജീലാനി (റഹ്)യുടെ ഉപദേശങ്ങൾ**

എം. നദീം സിദ്ധീക്ക്

**34**

**മലാലയുടെ ദിനസരിക്കുറിപ്പുകൾ**

പാകിസ്താനിൽ ഈയിടെ ഭീകരവാദികളുടെ വെടിയേറ്റ പെൺകുട്ടി ബി.ബി.സി. ബ്ളോഗിൽ എഴുതിയ കുറിപ്പുകൾ പാകിസ്താനിലെ ഭീകരവാദികളുടെ വിളയാട്ടത്തെക്കുറിച്ച് ഒരു രേഖാചിത്രം നൽകുന്നു.

**38**

**ലാഹോറിൽ നിന്നടിക്കുന്ന കാറ്റ്**

മൗലവി. സി. പി. മൊയ്ദീൻ കുട്ടി

**39**

**അഗ്ദലനമറിയം: വിശുദ്ധ പദവിയിൽ അവരോധിക്കപ്പെടുമോ?**

മുസാഫിർ

**42**

**വാർത്തകൾ**



**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി–682018
email-sathyadoothan1@gmail.com

ചീഫ് എഡിറ്റർ
**എം. നാസിർ അഹ്മദ്**
**ഫോൺ:** 9497343704

എഡിറ്റർ
**ഏ. എം. മുഹമ്മദ് സലീം**
**ഫോൺ:** 8907182933
Email-salimqld@gmail.com

മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ:** 8089574250

Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Ziyad Rahman

## വിശുദ്ധ ഖുർആനിൽ നിന്ന്



സത്യമായും നിങ്ങളിൽ നിന്നുള്ള ഒരു ദൂതൻ നിങ്ങളുടെ അടുക്കൽ വന്നിരിക്കുന്നു. നിങ്ങൾ വിഷമത്തിലാവുന്നത് അദ്ദേഹത്തിന് അസഹ്യമാണ്. നിങ്ങളുടെ ക്ഷേമകാര്യങ്ങളിൽ ഉത്ക്കടമായ ആഗ്രഹമുള്ള ആളാണ് അദ്ദേഹം. സത്യവിശ്വാസികളോട് കൃപയും കാരുണ്യവുമുള്ളയാളുമാണ്.

**(വി. ഖുർആൻ)**



## നബിവചനം

ഔസ്(റ)യിൽ നിന്ന് നിവേദനം: റസൂൽ തിരുമേനി(സ)പറഞ്ഞു:ദിവസങ്ങളിലുത്തമം വെള്ളിയാഴ്ച്ച ദിവസമാണ്. അതുകൊണ്ട് നിങ്ങളാദിവസത്തിൽ എന്റെ പേരിൽ ധാരാളം സ്വലാത്ത് ചൊല്ലുക. (അത് ഏറ്റവും വലിയ സൽക്കർമമാണ്). നിശ്ചയം നിങ്ങളുടെ സ്വലാത്ത് എന്റെ മുമ്പിൽ വെളിവാക്കപ്പെടും **(അബൂ ദാവൂദ്)**

## വാഗ്ദത്ത മസീഹിന്റെ വചനം

# മുഹമ്മദ് നബി (സ) യാണ് ലോകത്തിന്റെ ആവശ്യം



പരിതാപകരമെന്നു പറയട്ടെ ഖാത്തമുന്നബീയ്യീനും ലോകാനുഗ്രഹിയുമായ മുഹമ്മദ് നബി(സ)യുടെ മരണത്തെ സന്തോഷപൂർവം സ്വീകരിക്കുന്ന നിങ്ങൾ ആ പുണ്യാത്മാവിന്റെ പാദങ്ങളുടെ കെട്ടഴിക്കാൻ കൂടി യോഗ്യനല്ലെന്ന് തന്നെക്കുറിച്ച് പറയുന്ന ഒരാൾ മരിക്കാതെ ഇന്നും ജീവനോടെ ഇരിക്കുന്നുവെന്ന് ഉറച്ചു വിശ്വസിക്കുകയും അദ്ദേഹത്തെക്കുറിച്ച് മരണം എന്ന വാക്ക് ഉച്ചരിക്കുമ്പോൾ തന്നെ നിങ്ങൾക്ക് ക്ഷോഭം വന്നുപോവുകയും ചെയ്യുന്നു. ഹദ്റത്ത് റസൂൽ തിരുമേനി(സ) ജീവനോടെ ഇരിക്കുന്നുണ്ടെങ്കിൽ ഒരുപ്രശ്നവുമില്ലായിരുന്നു. കാരണം തിരുനബി(സ) മഹത്തായ ഹിദായത്തുമായിട്ടാണ് അവതീർണനായിട്ടുള്ളത് . അതിനോട് കിടപിടിക്കുന്ന മറ്റൊരു ഹിദായത്ത് ലോകത്തില്ല. ആദം തൊട്ടിന്നേവരെയുള്ള മറ്റാർക്കും സമർപ്പിക്കാൻ സാധിച്ചിട്ടില്ലാത്ത ജീവിത മാതൃകയാണ് ആ പുണ്യാത്മാവ് കാണിച്ചത്. ഞാൻ സത്യമായും പറയുന്നു ഹദ്റത്ത് റസൂൽ തിരുമേനി(സ)യുടെ ജീവിതം ഇന്ന് ലോകത്തിനും മുസ്ലിംകൾക്കും ആവശ്യമായ അത്രത്തോളം ഹദ്റത്ത് മസീഹിന്റെ ജീവിതത്തിന്റെ ആവശ്യക തയില്ലതന്നെ.

**(ലുധിയാനാ പ്രഭാഷണം.)**

എഡിറ്റോറിയൽ

# വൈവാഹിക ജീവിതവും ആത്മീയതയും

**വി**വാഹ സമ്പ്രദായം മനുഷ്യന് അല്ലാഹു നൽകിയ അനുഗ്രഹമാണ്. വിശുദ്ധ ഖുർആൻ പറയുന്നു: ***അവന്റെ ദൃഷ്ടാന്തങ്ങളിൽപെട്ടതാണ് നിങ്ങളുടെ വർഗത്തിൽ നിന്നു തന്നെ അവൻ ഇണകളെ സൃഷ്ടിച്ചത്, നിങ്ങളവരോട് കൂടി ചേർന്ന് മനസ്സമാധാനം കൈവരുത്താൻ വേണ്ടി. എന്നിട്ട് നിങ്ങളുടെ ഇടയിൽ അവൻ സ്നേഹവും കാരുണ്യവും ഉണ്ടാക്കുകയുംചെയ്തു. (30:22)*** മനുഷ്യൻ അനുഭവ സമ്പന്നനാകുന്നതും ആർദഹൃദയത്തോടെ സ്നിഗ്ദ സാന്ദ്രനാവുന്നതും വിവാഹ ജീവിതത്തിൽ പങ്കാളിയാവുകയും സന്താനങ്ങളും കുടുംബവുമായി ജീവിതമാരംഭിക്കുമ്പോഴാണ്. ജീവിതാനുഭവങ്ങളുടെ ആയിരമായിരം വാതായനങ്ങൾ അപ്പോൾ തുറക്കപ്പെടുന്നു. മനുഷ്യന് ആവശ്യമായ ഏറ്റവും വലിയ മാതൃക വൈവാഹിക ജീവിതത്തിലെ മാതൃകയാണ്. ദൈവത്തിൽ നിന്നും അവതീർണ്ണരായ ദിവ്യാത്മാക്കൾ തീർച്ചയായും വൈവാഹിക ജീവിതത്തിന് മാതൃക കാണിക്കേണ്ടതുണ്ട്. ഏറ്റവും ഉത്തമവും ജീവത്തായതുമായ മാതൃക കർമരൂപത്തിലുള്ള മാതൃകയാണ്. കുടുംബ ജീവിതത്തിൽ അനുവർത്തിക്കപ്പെടേണ്ട ബഹുമുഖമായ അദ്ധ്യാപനങ്ങൾക്ക് പ്രായോഗിക മാതൃക വേണമെങ്കിൽ മാതൃകാ മതപുരുഷൻ കുടുംബജീവിതം നയിക്കേണ്ടതുണ്ട്. വെറും ഉപദേശങ്ങൾക്കോ വചനങ്ങൾക്കോ കർമ മാതൃകകളുടെയത്ര മനുഷ്യനെ ചലനം കൊള്ളിക്കാനോ ആത്മീയമായി പ്രചോദിപ്പിക്കാനോ പൂർണമായ ജ്ഞാനം വിനിമയം ചെയ്യാനോ സാദ്ധ്യമല്ല. വാഗ്ദത്ത മസീഹ് പറയുന്നു: ***വിശുദ്ധ ഖുർആൻ മുഖാന്തിരം ലോകർക്ക് നൽകപ്പെട്ടിട്ടുള്ള തത്ത്വ സമുച്ചയം കർമ രൂപേണ പ്രകാശിപ്പിക്കുന്നതിനും, അതിന്റെ ആദ്ധ്യാത്മിക പ്രഭയെ പ്രതിബിംബിപ്പിക്കുന്നതിനും സർവശക്തനായ ദൈവം തിരുനബി(സ)ക്കും സഹചരർക്കും സന്ദർഭമുണ്ടാക്കിക്കൊടുത്തിട്ടുണ്ട്. (ഇസ്ലാം മതതത്ത്വ ജ്ഞാനം)***. അതുകൊണ്ടാണ് മനുഷ്യന് ഏറ്റവും ആവശ്യമായ കുടുംബജീവിതത്തിന് മാർഗദർശനം നൽകാനായി ദൈവം ലേകത്തവതരിച്ച എല്ലാപ്രവാചകന്മാർക്കും ഭാര്യയും സന്താനങ്ങളുമടങ്ങുന്ന കുടുംബ ജീവിതം നൽകിയത്. വിശുദ്ധ ഖുർആൻ പറയുന്നു. ***സത്യമായും നിനക്ക് മുമ്പ് നാം പല ദൂതരേയും അയച്ചിട്ടുണ്ട്. അവർക്ക് ഭാര്യമാരെയും സന്തതികളെയും നാം നൽകി.*** (13:39). ഇസ്ലാം മതം വിവാഹ ജീവിതത്തിന്നും കുടുംബ ജീവിതത്തിനും വമ്പിച്ച പ്രാധാന്യമാണ് നൽകുന്നത്. വിവാഹത്തെ പറ്റി റസൂൽ തിരുമേനി (സ)പറഞ്ഞത് ***വിവാഹം നമ്മുടെ പ്രമാണവും സമ്പ്ര ദായവുമാണ്. ആർ നമ്മുടെ സമ്പ്രദായം കൈകൊള്ളുന്നില്ലയോ അവൻ നമ്മിൽ പെട്ടവനല്ല. (ബുഖാരി)***

സന്യാസം അഥവാ വിരക്ത ജീവിതം ദൈവം ഒരിക്കലും ഒരു മതത്തിലും ജീവിതസമ്പ്രദായം എന്ന നിലയിൽ വിധിച്ചിട്ടില്ല. അത് തീവ്ര വാദി കളായ മത പുരോഹിതന്മാരുടെ ഒരു കൃത്രിമ സിദ്ധാന്തം മാത്രമാകുന്നു. ക്രിസ്തുമതമാണ് സന്യാസ സമ്പ്രദായത്തെ(മൊണാസ്റ്റിസം) ആത്മീയമായ പരിവേഷം നൽകി ഒരു പ്രസ്ഥാനരൂപത്തിൽ വളർത്തി ക്കൊണ്ടു വന്നത്. യേശു അവിവാഹിതനാണെന്നും ബ്രഹ്മചര്യമാണ് ആത്മീയ ജീവിതത്തിന് യോജിച്ചതെന്നും അവർ ആസൂത്രിതമായി പ്രചരിപ്പിച്ചു. മനുഷ്യന്റെ ജൈവിക പ്രകൃതിക്കും ആത്മീയ വികാസത്തിനും യോജിക്കാത്ത ലോകവിരക്തമായ സന്യാസ ജീവിതം ദൈവം ഒരിക്കലും മനുഷ്യന്റെ ആത്മീയ വികാസത്തിനായി ശുപാർശ ചെയ്തിട്ടില്ല. സന്യാസ ദീക്ഷ സ്വീകരിച്ച അവർക്ക് അവരുടെ ആ പ്രതിജ്ഞകളെ പാലിക്കാൻ സാദ്ധ്യമായിട്ടില്ലെന്നും ഖുർആൻ സൂചിപ്പിക്കുന്നു. ക്രിസ്ത്യാനികളുടെ കാരുണ്യ പ്രവർത്തനത്തെ പ്രശംസിച്ചു കൊണ്ട് സന്യാസ ജീവിതം അവരുണ്ടാക്കിയ ഒരു കൃതിപ്പ് മാത്രമാണെന്ന് ഖുർആൻ പറയുന്നത് കാണുക. : ***അദ്ദേഹത്തെ (യേശു) പിൻപറ്റിയവരുടെ ഹൃദയങ്ങളിൽ നാം കൃപയും കാരുണ്യവും സംജാതമാക്കി. പക്ഷേ സന്യാസത്തെ അവർ നൂതനമായി കെട്ടിച്ചമച്ചുണ്ടാക്കിയതാണ്. അല്ലാഹുവിന്റെ തൃപ്തിയെ ആഗ്രഹിക്കുക എന്ന തല്ലാതെ നാം അത് അവർക്ക് ശുപാർശ ചെയ്തിട്ടില്ല. എന്നിട്ട് അവരതിനെ വേണ്ടവിധം പാലിച്ചുമില്ല.(27:28)*** മനുഷ്യന്റെ കുടുംബ ജീവിതത്തിന് നിദാനമായ ഭൗതികതയെക്കുറിച്ച് യാതൊന്നും ചിന്തിച്ചു പോകരുതെന്നും ഭാവിയെ സംബന്ധിച്ച് ആകുലപ്പെടരുതെന്നുമുള്ള അദ്ധ്യാപനമാണ് ബൈബിൾ നൽകുന്നത്. ***അതിനാൽ നാളെയെപറ്റി ആകുലപ്പെടേണ്ട. നാളെ തന്നെ നാളെയുടെ കാര്യം നോക്കി കൊള്ളും. അതാത് ദിവസത്തിന് അന്നന്നത്തെ ക്ലേശങ്ങൾ തന്നെ ധാരാളം മതി (മത്തായി 6:34)*** എന്നാൽ വിശുദ്ധ ഖുർആന്റെ ദർശനവും കാഴ്ച്ചപാടും മറിച്ചാണ് ഖുർആൻ പറയുന്നു ***വിശ്വസിച്ചവരെ , നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക നാളേക്ക് വേണ്ടി താനൊരുക്കി വച്ചിട്ടുള്ളത് (ആത്മീയമായും, ഭൗതീകമായും) എന്തെല്ലാമാണെന്ന് ഒരോ ആത്മാവും ചിന്തിച്ചു നോക്കട്ടെ (59: 19)*** ചുരുക്കത്തിൽ വിവാഹ ജീവിതം എന്നത് ആത്മീയതക്ക് എതിരോ തടസ്സമോ അല്ല. മറിച്ച് ആത്മീയ ജീവിതത്തിന്റെ പൂർണതയ്ക്ക് വിവാഹജീവിതം അനുപൂരകമാണ് എന്നതാണ് യാഥാർഥ്യം.



ഹദ്റത്ത് അഹ്മദ് (അ)

# "ഞാൻ വ്യാജവാദിയല്ല"

**ഓ** മുസ്‌ലിംകളെ, ഓർത്തുകൊള്ളുക അല്ലാഹു എന്നിലൂടെ നിങ്ങൾക്ക് ഒരു സുവാർത്ത അറിയിച്ചിരിക്കയാണ്. ഞാൻ എന്റെ സന്ദേശം എത്തിച്ചിരിക്കുന്നു. അത് ശ്രവിക്കുന്നതും ശ്രവിക്കാതിരിക്കുന്നതും നിങ്ങളുടെ ഇഷ്ടം. ഹദ്റത്ത് ഈസാ നബി (അ) മരിച്ചു പോയിരിക്കുന്നു എന്നത് തികച്ചും സത്യമാണ്.വാഗ്ദാനം ചെയ്യപ്പെട്ട ആൾ ഞാനാണെന്ന് അല്ലാഹുവിന്റെ പേരിൽ ഞാൻ ആണയിട്ട് പറയുകയാണ്. ഇസ്‌ലാമിന്റെ ജീവിതം ഈസാ നബി (അ) ന്റെ മരണത്തിലാണ് ഉള്ളതെന്നത് ഒരു ഉറച്ച സത്യമാണ്.

....ഇനി ചിന്തിച്ചാലും! വാദിയായ ഞാൻ ദജ്ജാലാണെന്നും കള്ളവാദിയാണെന്നും മുദ്രകുത്തപ്പെടുകയുണ്ടായി . എന്നിട്ടും എനിക്കായി ഇത്രയധികം അടയാളങ്ങൾ പൂർത്തിയാക്ക പ്പെടുക എന്നത് അദ്ഭുതകരം തന്നെ. ഞാനല്ലാതെ മറ്റാരാളാണ് വരേണ്ടതെങ്കിൽ പിന്നെ അയാൾക്ക് എന്തടയാളമാണ് അവശേഷിക്കുക. അല്പമെങ്കിലും നീതി കാണിക്കൂ. അല്ലാഹുവിനെ ഭയപ്പെടുക. അല്ലാഹു ഏതെങ്കിലും വ്യാജവാദിയെ ഇവ്വിധം സഹായിക്കാറുണ്ടോ? എനിക്കെതിരാ യി വന്നവരെല്ലാം പരാജിതരായി എന്ന കാര്യം അദ്ഭുതമല്ലേ? ഏതെല്ലാം ആപത്തു കളിലും അപകടങ്ങളിലുമാണ് എന്റെ എതിരാളികൾ എന്നെ ചാടിക്കാൻ ശ്രമിച്ചത്. അവയിൽ നിന്നെല്ലാം അല്ലാഹു സുരക്ഷിതനായും ഉദ്ദേശ സാഫല്യം ലഭിച്ചവനായും രക്ഷപ്പെടുത്തി. വ്യാജന്മാരോട് അല്ലാഹു ഇങ്ങനെയാണോ പെരുമാറുക എന്ന് സത്യം ചെയ്ത് ആരെങ്കിലും പറയട്ടെ.

എന്നെ എതിർത്തു കൊണ്ടിരിക്കുന്ന ഉലമാക്കന്മാർക്ക് എന്തു പറ്റിയെന്ന് ഞാൻ പരിതാപപ്പെടുകയാണ്. അവർ വിശുദ്ധ ഖുർആനും ഹദീസുകളും എന്തുകൊണ്ട് സശ്രദ്ധം പാരായണം ചെയ്യുന്നില്ല. ഇതിന് മുമ്പ് കഴിഞ്ഞുപോയ മഹാത്മാക്കളെല്ലാം തന്നെ വാഗ്ദത്ത മസീഹിന്റെ ആഗമനം പതിനാലാം നൂറ്റാണ്ടിലാണെന്ന് പറഞ്ഞുകൊണ്ടിരുന്ന കാര്യം അവർ അറിയുന്നില്ലേ? എല്ലാ ദിവ്യ ദർശകരുടെ ദർശനങ്ങളും ഇവിടം വന്നെത്തി നിൽക്കുന്നു. വാഗ്ദത്ത മസീഹിന്റെ ആഗമനം ഹിജ്റ പതിനാലാം നൂറ്റാണ്ടിനപ്പുറം പോകില്ല എന്ന് ഹുജ്ജുൽ കിറാമ എന്ന ഗ്രന്ഥം വ്യക്തമായി രേഖപ്പെടുത്തുന്നു. വന്യ മൃഗങ്ങൾകൂടി അഭയം തേടിയ നൂറ്റാണ്ടാണ് പതിമൂന്നാം നൂറ്റാണ്ടെന്നും പതിനാലാം നൂറ്റാണ്ട് അനു ഗൃഹീത നൂറ്റാണ്ടാണെന്നും ഇവർ തന്നെ മിംബറുകളിൽ കയറിനിന്നു കൊണ്ട് പ്രസംഗിച്ചു കൊണ്ടിരിക്കുന്നു. എന്നാൽ എന്താണ് ഉണ്ടായത്? പതിനാലം നൂറ്റാണ്ടിൽ ഇമാമിന് പകരം വന്നത് ഒരു വ്യാജവാദിയാണ്.!! എന്ന് മാത്രമല്ല, അയാളെ പിന്താങ്ങിക്കൊണ്ട് ആയിരക്കണക്കിന് ലക്ഷക്കണക്കിന് അടയാളങ്ങൾ പ്രത്യക്ഷപ്പെട്ടു കൊണ്ടിരിക്കുന്നു. അല്ലാഹു ഒരോ രംഗത്തും എതിർപ്പിലും അദ്ദേഹത്തെ സഹായിച്ചു കൊണ്ടിരിക്കുന്നു. ഈ കാര്യത്തെക്കുറിച്ച് അല്പം ചിന്തിച്ച് മറുപടി പറയുക . വായ കൊണ്ട് എന്തെങ്കിലും പറയുക എന്നത് എളുപ്പമാണ്. അല്ലാഹുവിനെ ഭയന്ന് കൊണ്ട് സംസാരിക്കുക എന്നത് പ്രയാസകരമാണ്..

ഇത് കൂടാതെ ഒരുകാര്യം കൂടി ശ്രദ്ധേയമാണ്. അല്ലാഹു ഒരു വ്യാജവാദിക്കും കറ്റ് കെട്ടുകാരനും ഹദ്റത്ത് റസൂൽ തിരുമേനി(സ)ക്ക് ലഭിച്ചയത്ര കാലയളവ് നൽകുകയില്ല. എനിക്ക് ഇപ്പോൾ 67 വയസ്സായി. എന്റെ നിയോഗിത കാലഘട്ടം 23 വർഷത്തിലധികമായി. ഞാൻ യഥാർഥത്തിൽ ഒരു വ്യാജ വാദിയായിരുന്നെങ്കിൽ അല്ലാഹു ഈ പ്രസ്ഥാനത്തെ ഇത്രയധികം നീട്ടിക്കൊണ്ടു പോകുമായിരുന്നില്ല.

(ലുധിയാനാ പ്രഭാഷണം)

# കാരുണ്യത്തിന്റെ പ്രവാചകൻ: വിശ്വസാഹിത്യകാരന്മാരുടെ ദൃഷ്ടിയിൽ



**(05 – 10 – 2012 ന് ഖലീഫത്തുൽ മസീഹ് ബൈത്തുൽ ഫുതൂഹിൽ (ലണ്ടൻ) നിർവഹിച്ച ജുമുഅ ഖുത്വ്ബയുടെ സംഗ്രഹം.)**

**ഹ**ദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: റസൂൽ തിരുമേനി(സ) അഭിമുഖീകരിച്ച പ്രശ്നങ്ങൾ, അക്കാലത്ത് ലോകത്തിന്റെ അവസ്ഥ, ആ മഹാത്മാവിന്റെ പ്രവർത്തനങ്ങൾ എന്നിവയെക്കുറിച്ച് പരിജ്ഞാനമുണ്ടെങ്കിൽ മനുഷ്യൻ ആത്മനിർവൃതിയാൽ **'അല്ലാഹുമ്മ സ്വല്ലി അലാ മുഹമ്മദിൻ'** എന്നു പറയാൻ നിർബന്ധിതനാകുന്നതാണ്.

മറ്റൊരിടത്ത് പറയുന്നു: 'ഞാൻ സത്യമായും പറയുന്നു, ഇത് കേവലം ഒരു സാങ്കൽപികമോ കെട്ടിച്ചമച്ചതോ ആയ കാര്യമല്ല. പ്രത്യുത തിരുനബി (സ) എന്തു ചെയ്തു എന്നതിന് വിശുദ്ധഖുർആനും ലോകചരിത്രവും സാക്ഷ്യം വഹിക്കുന്നുണ്ട്. അല്ലെങ്കിൽ റസൂൽ തിരുമേനി (സ)യെക്കുറിച്ച് മാത്രം ഇങ്ങനെ പറയില്ലായിരുന്നു'. **'ഇന്നല്ലാഹ വമലായിക്കത്തഹു യുസല്ലൂന അലന്നബിയ്യി യാ അയ്യുഹല്ലദീന ആമനൂ സ്വല്ലൂ അലൈഹി വ സല്ലിമൂ തസ്‌ലീമാ'**.

(അതായത് അല്ലാഹുവും അവന്റെ മലക്കുകളും റസൂൽ തിരുമേനി(സ)ക്ക് സമാധാനവും ശാന്തിയും ആശംസിക്കുന്നു. അല്ലയോ വിശ്വാസികളേ, നിങ്ങളും നബിക്ക് ശാന്തിയും സമാധാനവും നേരുക.)

മറ്റൊരു നബിക്ക് വേണ്ടിയും ഈ പ്രശംസാവചനം വന്നിട്ടില്ല. പരിപൂർണ വിജയത്തോടും പ്രശംസയോടും കൂടി ഈ ഒരു മനുഷ്യൻ മാത്രമാണ് ലോകത്ത് വന്നിട്ടുള്ളത്. ആ മഹാത്മാവിന്റെ പേരാണ് മുഹമ്മദ് (സ)എന്നത്.

റസൂൽ തിരുമേനി (സ)യുടെ കർമങ്ങൾ ഉന്നത നിലവാരം പുലർത്തുന്നതായിരുന്നു. എത്രത്തോളമെന്നാൽ അവയുടെ പ്രകീർത്തനത്തെയും പുകഴ്ത്തലിനെയും പരിമിതപ്പെടുത്തുന്നതിനുവേണ്ടി അല്ലാഹു ഒരു പ്രത്യേക വാക്ക് ഉപയോഗിച്ചിട്ടില്ല എന്ന് ഈ ആയത്തിൽ നിന്നും വ്യക്തമാവുന്നു. വാക്ക് ലഭിക്കുമായിരുന്നങ്കിലും അല്ലാഹു സ്വയം അത് പ്രയോഗിച്ചിട്ടില്ല. കാരണം ആ മഹാത്മാവിന്റെ സദ്പ്രവർത്തികൾ എല്ലാ തരം പ്രശംസകൾക്കും അതീതമായിരുന്നു. ഈ വിധത്തിലുള്ള ദൈവവചനം മറ്റൊരു നബിയുടെ പ്രശംസക്ക് വേണ്ടിയും ഉപയോഗിച്ചിട്ടില്ല. അദ്ദേഹത്തിന്റെ ആത്മാവിൽ അത്യുന്നതമായ പരിശുദ്ധതയും സത്യസന്ധതയും ഉണ്ടായിരുന്നു. അപ്രകാരം തന്നെ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ അല്ലാഹുവിന്റെ ദൃഷ്ടിയിൽ വളരെയധികം പ്രിയപ്പെട്ടതുമായിരുന്നു. അതുകാരണമായാണ് ഇനിയുള്ള കാലം നന്ദിസൂചകമായി ജനങ്ങൾ സദാ ഈ നബിക്ക്മേൽ സ്വലാത്ത് ചൊല്ലിക്കൊണ്ടിരിക്കണമെന്ന് അല്ലാഹു കല്പന പുറപ്പെടുവിച്ചിട്ടുള്ളത്.

ആ മഹാത്മാവ് കൊണ്ടുവന്ന അധ്യാപനങ്ങൾ പഠനവിധേയമാക്കുകയും അദ്ദേഹത്തിന്റെ ഉദാത്ത മാതൃക ദർശിക്കുകയും ചെയ്യുമ്പോൾ അത് സ്വായത്തമാക്കാനും പ്രവർത്തന പഥത്തിൽ കൊണ്ടുവരാനും ശ്രമിക്കുന്നതോടൊപ്പം തന്നെ ആ മഹാത്മാവിനു മേൽ സ്വലാത്തും സലാമും ചൊല്ലേണ്ടതും ഒരു വിശ്വാസിയുടെ കർത്തവ്യമാണ്. ജീവിതത്തിന്റെ ഓരോ മേഖലയിലും അല്ലാഹുവിന്റെ കല്പനയനുസരിച്ച് പ്രവർത്തിച്ചു കാണിക്കുകയും അതനുസരിച്ച് പ്രവർത്തിക്കാൻ നമ്മെ ഉപദേശിക്കുകയും ചെയ്ത്, അല്ലാഹുവിനെ പ്രാപിക്കുവാനുള്ള മാർഗത്തിലേക്ക് നമ്മെ വഴികാട്ടിക്കൊണ്ട് എത്രമാത്രം വലിയ ഔദാര്യമാണ് ഈ മഹാനായ ഉദാരമതി നമ്മിൽ ചെയ്തിരിക്കുന്നത്. ആ മഹാത്മാവ് ദൈവാരാധനയുടെ നിലവാരം സ്വായത്തമാക്കുന്നതിനുള്ള മാർഗങ്ങൾ നമുക്ക് പറഞ്ഞുതന്നു. ദൈവ സൃഷ്ടികളോടുള്ള കടമകൾ നിറവേറ്റാനുള്ള വികാരം വിശ്വാസികളിൽ ഉണ്ടാക്കിയെടുത്തു. അതു മുഖേന ഒരു വിശ്വാസിക്ക് അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കാൻ സാധിക്കുന്നതാണ്. ഈ കാര്യങ്ങളെല്ലാം തന്നെ നമ്മോടാവശ്യപ്പെ

ടുന്നത് ആ മഹാത്മാവിൽ സ്വലാത്തും സലാമും ചൊല്ലുന്നതിനൊപ്പം ലോകത്തിന് ആ മഹാത്മാവിന്റെ അധ്യാപനങ്ങളും ജീവിതവും പഠിപ്പിച്ചുകൊടുക്കണമെന്നാണ്. ആ മഹാത്മാവിന്റെ ഔദാര്യവും സൗന്ദര്യവും ലോകത്തിന് ബോധ്യപ്പെടുത്തികൊടുക്കുക. അല്പമെങ്കിലും നീതിബോധമുള്ള അന്യരുടെ മുമ്പാകെ ആ മഹാത്മാവിന്റെ ജീവിതത്തിലെ ഏതെങ്കിലും ഒരു വശം സമർപ്പിക്കപ്പെടുമ്പോൾ, ആശയവൈപരീത്യം നിലനില്‌ക്കെ, അവർ ആ മഹാത്മാവിന്റെ ജീവചരിത്രത്തിലെ മനോഹരവശങ്ങളെ പ്രശംസിക്കാതിരുന്നിട്ടില്ല.

ഇന്ന് ഇസ്‌ലാമിന്റെ എതിരാളികൾ തിരുദൂതർ(സ)ക്കും അദ്ദേഹം കൊണ്ടുവന്ന അധ്യാപനങ്ങൾക്കും എതിരിൽ ആരോപണങ്ങൾ ഉന്നയിക്കുന്നു. ഇവർ നീതിബോധമില്ലാത്തവരോ ആ മഹാത്മാവിന്റെ ജീവിതത്തിന്റെ മനോഹരവശങ്ങൾ അറിയാത്തവരോ ആണ്. അവർ അതിനുവേണ്ടി ശ്രമിക്കുന്നുമില്ല. ലോകത്തിന് ആ മഹാത്മാവിന്റെ ജീവിതത്തെക്കുറിച്ച് ബോധ്യം നൽകേണ്ടതും നമ്മുടെ ജോലിയാണ്. ഇതിനുവേണ്ടി എല്ലാവിധത്തിലുള്ള മാർഗങ്ങളും നാം അവലംബിക്കേണ്ടതാണ്. ഇതിനെക്കുറിച്ച് മുമ്പും ഞാൻ പലപ്രാവശ്യവും പറഞ്ഞിട്ടുള്ളതാണ്.

ലൗകികതയിൽ മുഴുകിയ കാരണത്താലോ നൈസർഗികമായ കാരണത്താലോ ചിലരിൽ ഭൗതിക വാദികളുടെ വാക്കുകളാണ് കൂടുതൽ സ്വാധീനം ചെലുത്താറുള്ളത്. ഭൗതിക വാദികൾ ഏതെങ്കിലും കാര്യം പറയുമ്പോൾ അവർ അത് അംഗീകരിക്കാൻ തയ്യാറാവുന്നു. റസൂൽ തിരുമേനി(സ)യെക്കുറിച്ച് ഒരു മുസ്‌ലിം പറയുന്നതിനേക്കാൾ കൂടുതൽ അവരുടെ സ്വന്തം ആളുകളുടെ വാക്കുകളാണ് അവരെ സ്വാധീനിക്കുന്നത്. അതുകൊണ്ട് അവരുടെ തന്നെ പ്രശസ്തരായ ആളുകൾ, ഗ്രന്ഥകാരന്മാർ, പണ്ഡിതന്മാർ, എഴുത്തുകാർ എന്നിവർ റസൂൽ തിരുമേനി(സ)യെക്കുറിച്ച് പറഞ്ഞ അഭിപ്രായങ്ങൾ അത്തരം ആളുകളിലേക്ക് എത്തിക്കേണ്ടതാണ്.

ഇപ്പോൾ ഞാൻ അത്തരം ചില ആളുകളുടെ ഉദ്ധരണികൾ അവതരിപ്പിക്കുന്നതായിരിക്കും. അവർ റസൂൽ തിരുമേനി (സ)യുടെ ജീവിതത്താൽ സ്വാധീനിക്കപ്പെട്ടും ആ മഹാത്മാവിന്റെ വ്യക്തിത്വത്താൽ ആകൃഷ്ടരായും കൊണ്ട് അദ്ദേഹത്തെക്കുറിച്ച് എഴുതിയതാണ് ഇവ. അവരിൽ ചിലർ എതിരാളികളായിരുന്നു. എന്നല്ല, എതിർപ്പിൽ മുൻപന്തിയിൽ നിൽക്കുന്നവരുമായിരുന്നു. എന്നാൽ യാഥാർഥ്യം എഴുതാൻ അവർ നിർബന്ധിതരാവുകയുണ്ടായി.

മറ്റൊരു എഴുത്തുകാരനായ സ്റ്റാൻലി ലേൻപൂൾ എഴുതുന്നു. 'ഹ: മുഹമ്മദ്(സ) തന്റെ സ്വദേശമായ മക്കയിൽ വിജയശ്രീലാളിതനായി പ്രവേശിച്ചപ്പോൾ അദ്ദേഹം തന്റെ കഠിന ശത്രുക്കളും രക്തദാഹികളുമായിരുന്ന മക്കക്കാർക്ക് പൊതുമാപ്പ് നൽകുകയുണ്ടായി. ഇത് മനുഷ്യചരിത്രത്തിൽ ഉദാഹരിക്കാൻ പറ്റാത്ത പരിശുദ്ധവും വിജയകരവുമായ പ്രവേശനമായിരുന്നു'.

'ഔട്ട്‌ലൈൻ ഓഫ് ഹിസ്റ്ററിയു'ടെ ഗ്രന്ഥകർത്താവായ എച്ച്. ജി. വെൽസ് എഴുതുന്നു. 'ഇസ്‌ലാമിന്റെ പ്രവാചകന്റെ സത്യസാക്ഷ്യത്തിനുള്ള ഏറ്റവും വലിയ തെളിവ്, ആ മഹാത്മാവിനെ നന്നായി അറിയുന്നവർ തന്നെയാണ് അദ്ദേഹത്തെ ആദ്യമായി വിശ്വസിച്ചത് എന്നതാണ്. ഹ: മുഹമ്മദ് (സ) ഒരു കള്ളവാദിയല്ലെന്നത് തീർച്ചയാണ്. ഇസ്‌ലാമിൽ വലിയ സവിശേഷതകളും മഹനീയങ്ങളായ പ്രത്യേകതകളും ഉണ്ടെന്നത് നിഷേധിക്കാനാവില്ല. അക്രമവും രക്തചൊരിച്ചിലും ഇല്ലാത്ത ഒരു സൊസൈറ്റിക്കാണ് ഇസ്‌ലാമിന്റെ പ്രവാചകൻ അടിത്തറ പാകിയത്'.

'ഇസ്‌ലാം അറ്റ് ദി ക്രോസ് റോഡ്' എന്ന പുസ്തകത്തിന്റെ ഗ്രന്ഥകാരൻ എഴുതുന്നു. 'അക്രമണോത്സുകരായ മുസ്‌ലീങ്ങളുടെ വിജയവും, തങ്ങളുടെ അധീനതയിലുള്ള ജനതയെ വാൾമുനയാൽ ഇസ്‌ലാമിൽ പ്രവേശിപ്പിച്ചതും ചരിത്രകാരന്മാരുടെ നിരർഥകവും വിചിത്രവുമായ കെട്ടുകഥകളാണെന്ന് ആർക്കും മനസിലാക്കാനാകുന്നതാണ്. ചരിത്രത്തിൽ നിന്ന് ഇക്കാര്യം വ്യക്തമാണ്'.

മഹാത്മാഗാന്ധി 'യംഗ് ഇന്ത്യ' എന്ന പത്രികയിൽ എഴുതുന്നു: 'ലക്ഷക്കണക്കിന് ആളുകളെ എതിരഭിപ്രായമില്ലാതെ ഭരിച്ച ആ വ്യക്തിയെക്കുറിച്ച് എല്ലാം അറിയാൻ ഞാൻ ആഗ്രഹിച്ചിരുന്നു. അദ്ദേഹത്തിന്റെ ജീവിതം പഠിച്ചതിനു ശേഷം, ഇസ്‌ലാം വാളാലല്ല ജനമനസ്സുകളിൽ സ്ഥാനം പിടിച്ചതെന്നും പ്രത്യുത ഈ പ്രവാചകന്റെ വിനയവും സ്വപ്രവർത്തികളിലുള്ള നിമഗ്നതയും വാഗ്ദാനങ്ങൾ പാലിക്കുന്നതിൽ സൂക്ഷ്മത കാട്ടലും സുഹൃത്തുക്കളോടും അനുചരവൃന്ദത്തോടും കൂറു കാണിക്കലും നിർഭയത്വവും ദൈവാസ്തികൃത്തിലും തന്റെ ദൗത്യത്തിലും പരിപൂർണ വിശ്വാസമർപ്പിക്കലും കൊണ്ടൊക്കെയായിരുന്നു എന്ന് എനിക്ക് മനസിലാകുകയുണ്ടായി. അദ്ദേഹത്തിന് എല്ലാ വിഷമതകളും തരണം ചെയ്യാനും എല്ലാവരെയും ഒരുമിച്ച് കൊണ്ടുപോകുവാനും കഴിഞ്ഞത് ഇതു കാരണമായിരുന്നു. ഞാൻ ഈ പ്രവാചകന്റെ ജീവിതത്തെക്കുറിച്ച് എഴുതപ്പെട്ട ഗ്രന്ഥത്തിന്റെ രണ്ടാം വാള്യവും വായിച്ച് തീർന്നപ്പോൾ അത് അവസാനിച്ചതിൽ കുണ്ഠിതനാകുകയുണ്ടായി'. (അദ്ദേഹം വായിച്ച ഒരു നബിചരിത്ര ഗ്രന്ഥത്തെക്കുറിച്ചാണ് ഇവിടെ സൂചിപ്പിക്കുന്നത്.)

ഇനി ലഫ്: ജനറൽ ആയിരുന്ന സർ ജോൺ ഗ്ലബ് തന്റെ പുസ്തകത്തിൽ എഴുതുന്നു: 'അനുവാചകർ ഈ പുസ്തകത്തിന്റെ അവസാനത്തിൽ എന്ത് അഭിപ്രായത്തിൽ എത്തിചേർന്നാലും ശരി മുഹമ്മദ് (സ)യുടെ ആത്മീയാനുഭവങ്ങൾ ബൈബിളിലെ പുതിയ നിയമത്തിലെയും പഴയ നിയമത്തിലെയും കഥകളുമായും ക്രിസ്തീയ മഹത്തുക്കളുടെ ആത്മീയാനുഭവങ്ങളുമായും അദ്ഭുതകരമായ വിധത്തിൽ സാദൃശ്യം വെച്ചു പുലർത്തുന്നുണ്ട് എന്നകാര്യം നിഷേധിക്കാൻ സാധ്യമല്ല. അതുപോലെതന്നെ ഹിന്ദുക്കളുടെയും മറ്റുമതവിശ്വാസികളുടെയും ആചാര്യന്മാരുടെ അനേകങ്ങളായ സ്വപ്നങ്ങളും ജാഗ്രതാദർശനങ്ങളുമായും ഇവ സദൃശ്യമാകാൻ ഇടയുണ്ട്. പവിത്രപൂർണമായ ഒരു ജീവിതത്തിന്റെ തുടക്കമായിരിക്കാം ഇത്തരം അനുഭവങ്ങൾ. ഇത്തരം സംഭവങ്ങൾ വെറും സാങ്കൽപികങ്ങളായി പറഞ്ഞു തള്ളുന്നത് ഉചിതമല്ല. കാരണം അത്തരം സംഭവങ്ങളിൽ ഒരുപാട് ആളുകൾ പങ്കാളികളാണ്. ആയിരക്കണക്കിന് വർഷങ്ങളുടെ വ്യത്യാസവും ആയിരക്കണക്കിന് മൈലുകൾ ദൂരത്തിലുള്ളതുമായ പരസ്പരം കേൾക്കാൻ പോലും സാധിക്കാത്ത ഇത്തരം ആളുകളുടെ സംഭവങ്ങളിൽ സാദൃശ്യം കാണാവുന്നതാണ്. അവരെല്ലാവരും ഒരു പോലുള്ള സ്വപ്നദർശനങ്ങൾ കെട്ടിച്ചമച്ചതാണ് എന്ന അഭിപ്രായം ബുദ്ധിക്ക് യോജിക്കുന്നതല്ല. ഇവർ അന്യോന്യം അപരിചിതരായിരിക്കെ ഇങ്ങനെ സംഭവിക്കാവുന്നതല്ല'.

പിന്നീട് ഹബ്ശിയിലക്ക് പാലായനം ചെയ്തവരെക്കുറിച്ച് എഴുതുന്നു: 'ഈ പട്ടികയിൽ നിന്ന് മനസ്സിലാകുന്നത് അതുവരെ ഇസ്‌ലാം സ്വീകരിച്ച ഏകദേശം എല്ലാവരും തന്നെ പാലായനം ചെയ്തിരുന്നു എന്നാണ്. മക്കയിലെ ക്രൂരരും അക്രമികളുമായ നാട്ടുകാരുടെ ഇടയിൽ വളരെക്കുറച്ച് അനുയായികളോടൊപ്പമാണ് റസൂൽ തിരുമേനി(സ) അന്ന് താമസിച്ചിരുന്നത്. ഈ സംഭവം വിളിച്ചോതുന്നത് ആ മഹാത്മാവ് ധീരതയുടെയും വിശ്വാസ ദൃഢതയുടെയും ഉന്നത നിലവാരം വെച്ചു പുലർത്തിയിരുന്നുവെന്നാണ്.'

> അതിസാധാരണക്കാരായ തന്റെ അനുയായികളോട് അദ്ദേഹത്തിനുണ്ടായിരുന്ന പരിഗണനയും പരിലാളനയും ശ്ലാഘനീയമാണ്. ലജ്ജ, അനുകമ്പ, ക്ഷമ, ദാനധർമം, വിനയം, എന്നിവ അദ്ദേഹത്തിന്റെ സ്വഭാവത്തിന്റെ പ്രധാന വശങ്ങളായിരുന്നു. ഇവയിലൂടെ തന്റെ ചുറ്റുപാടുമുള്ളവരെ അദ്ദേഹം ഹഠാദാകർഷിക്കുമായിരുന്നു. പറ്റില്ലെന്ന് പറയുന്നത് അദ്ദേഹത്തിന് അനിഷ്ടകരമായിരുന്നു. ഏതെങ്കിലും ആവശ്യക്കാരന്റെ ആവശ്യം പൂർത്തിയാക്കാൻ സാധിച്ചിട്ടില്ലെങ്കിൽ നിശബ്ദത പാലിക്കുന്നത് ഉചിതമായി കരുതിയിരുന്നു. അദ്ദേഹം ഒരിക്കലെങ്കിലും ആരുടേയും ക്ഷണം നിരസിച്ചതായി കാണാൻ സാധിക്കുകയില്ല.
>
> വില്ല്യംമ്യൂർ

ജോൺ വില്യം ഡ്രാപ്പർ 'ഹിസ്റ്ററി ഓഫ് ഇന്റലക്ച്വൽ ഡവലപ്മെന്റ് ഓഫ് യൂറോപ്പ്' എന്ന തന്റെ ഗ്രന്ഥത്തിൽ എഴുതുന്നു: 'ജസ്റ്റീനിയന്റെ മരണത്തിന് നാലു വർഷങ്ങൾക്കു ശേഷം ക്രിസ്താബ്ദം 569 ൽ മക്കയിൽ ഒരു വ്യക്തി ജന്മം കൊണ്ടു. മറ്റു പ്രഗല്ഭ വ്യക്തിത്വങ്ങളെക്കാളും കൂടുതൽ മനുഷ്യസമൂഹത്തെ സ്വാധീനിച്ച ആളായിരുന്നു അത്. ആ വ്യക്തി മുഹമ്മദ് (സ) ആണ്. അദ്ദേഹത്തെ ചില യൂറോപ്യർ കള്ളവാദി എന്നു പറയുന്നു. എന്നാൽ ഒരു പാട് സമുദായങ്ങളുടെ ഭാഗ്യം പുലർന്നത് അദ്ദേഹത്തിന്റെ മികവുകൊണ്ടായിരുന്നു. അദ്ദേഹം ഒരു പ്രചാരകനായ പടയാളിയും പ്രസംഗ വേദിയിൽ തികവുറ്റ ധൈഷണികനും യുദ്ധക്കളത്തിൽ ശത്രുകളുടെ അടുത്തേക്ക് ഓടി വരുന്നവനുമായിരുന്നു. അദ്ദേഹത്തിന്റെ മതത്തിന്റെ പൊരുൾ ദൈവം ഏകനാണ് എന്നതായിരുന്നു. ഈ സത്യം വിവരിക്കുന്നതിനായി അദ്ദേഹം ആശയപരമായ സംവാദത്തിന് മുതിർന്നില്ല. മറിച്ച് തന്റെ അനുയായികളെ വൃത്തി, നമസ്കാരം, വ്രതാനുഷ്ഠാനം എന്നീ കാര്യങ്ങളെക്കുറിച്ച് ഉദ്ബോധിപ്പിച്ചുകൊണ്ട് അവരുടെ സാമൂഹിക ജീവിതത്തിന്റെ അവസ്ഥ പ്രവർത്തന തലത്തിൽ ഉന്നതമാക്കി. ഈ വ്യക്തി ദാനധർമത്തിന് മറ്റെല്ലാ പ്രവർത്തനത്തെക്കാളും പ്രധാന്യം നൽകി'.

പ്രസിദ്ധ ഓറിയന്റലിസ്റ്റ് വില്യം മോണ്ട് ഗോമറി 'മുഹമ്മദ് അറ്റ് മദീന എന്ന തന്റെ ഗ്രന്ഥത്തിൽ എഴുതുന്നു. മുഹമ്മദ്(സ)യിലും ഇസ്ലാമിന്റെ ആദ്യകാല ചരിത്രത്തിലും എത്രത്തോളം വിചിന്തനം ചെയ്യുന്നുവോ അത്രത്തോളം അദ്ദേഹത്തിന്റെ വിജയത്തിന്റെ വിശാലത കണ്ട് ഒരു മനുഷ്യൻ അദ്ഭുത പരതന്ത്രനായിപ്പോകുന്നതാണ്. ആ കാലഘട്ടത്തിലെ അവസ്ഥ വളരെക്കുറച്ച്പേർക്കുമാത്രം ലഭിക്കുന്ന ഒരു അവസരമാണ് അദ്ദേഹത്തിന് ഒരുക്കിക്കൊടുത്തത്. അദ്ദേഹം അക്കാലത്തെ സമുചിതനായ വ്യക്തിയായിരുന്നു. അദ്ദേഹത്തിന് ദീർഘ വീക്ഷണവും ഭരണ പാടവവും ദൈവത്തിൽ ഭരമേൽപിക്കലും താൻ അല്ലാഹുവിനാൽ നിയോഗിതാണെന്ന ദൃഢവിശ്വാസവും ഇല്ലായിരുന്നൂവെങ്കിൽ മാനവ ചരിത്രത്തിൽ ഒരു സുപ്രധാന ഏട് രചിക്കപ്പെടുമായിരുന്നില്ല. ആ മഹാത്മാവിന്റെ ജീവിതത്തെ മനസിലാക്കുവാനും വിലമതിക്കുവാനും ഈ പുസ്തകം സഹായകമാകുമെന്ന് ഞാൻ പ്രത്യാശിക്കുന്നു.' നബി തിരുമേനി(സ)യെക്കുറിച്ച് നല്ല ധാരണ വെച്ചു പുലർത്താത്ത ഒരാളുടെ സാക്ഷ്യമാണിത്.

വിഖ്യാതനായ ക്രിസ്തീയ ചരിത്രകാരനായ റവറണ്ട് ബോസ്വർത്ത് സ്മിത്ത് എഴുതുന്നു: 'മതത്തിന്റെയും ഭരണകൂടത്തിന്റെയും മാർഗദർശകൻ, ഗവർണർ എന്നനിലയിൽ പോപ്പ്, കൈസർ എന്നീ രണ്ട് വ്യക്തിത്വങ്ങളുടെ സമ്മേളിത രൂപം; ഇതായിരുന്നു ഹദ്റത്ത് മുഹമ്മദ് (സ). അദ്ദേഹം പോപ്പായിരുന്നു. എന്നാൽ പോപ്പിന്റെ പ്രകടനാത്മകതയിൽ നിന്ന് മുക്തൻ. അദ്ദേഹം കൈസറായിരുന്നു, എന്നാൽ കൈസറിന്റെ ഭൗതീക പ്രൗഢിയിൽ നിന്നും നിരാശ്രയൻ. വ്യവസ്ഥാപിത പട്ടാളമില്ലാതെ, രാജകൊട്ടാരമില്ലാതെ, കരം പിരിക്കാതെ അല്ലാവുവിന്റെ നാമത്തിൽ മാത്രം ലോകത്ത് ശാന്തി സ്ഥാപിച്ചുവെന്ന് ആർക്കെങ്കിലും അവകാശവാദം ഉന്നയിക്കുവാൻ സാധിക്കുമെങ്കിൽ അത് കേവലം ഹ: മുഹമ്മദ്(സ)ക്ക് മാത്രമാണ്. സാധനസാമഗ്രികൾ ഇല്ലാതെ തന്നെ സർവശക്തിയും അദ്ദേഹത്തിന് ഉണ്ടായിരുന്നു'.

ഇദ്ദേഹം തന്റെ മറ്റൊരു ഗ്രന്ഥമായ മുഹമ്മദ് ആന്റ് മുഹമ്മദനിസം എന്ന ഗ്രന്ഥത്തിൽ എഴുതുന്നു. അദ്ദേഹത്തിന്റെ പ്രവാചകത്തത്തിലും ദൗത്യവും സ്വീകരിച്ചരിൽ ആ മഹാത്മാവിനെ നല്ല പോലെ അറിയുന്നവരായിരുന്നു. ഉദാഹരണമായി അദ്ദേഹത്തിന്റെ ഭാര്യ, അദ്ദേഹത്തിന്റെ അടിമ, അദ്ദേഹത്തിന്റെ പിതൃസഹോദരപുത്രൻ, അദ്ദേഹത്തിന്റെ പഴയ സുഹൃത്ത് എന്നിവർ. ഇസ്ലാമിൽ പ്രവേശിച്ചവരിൽ ഈ ഒരു വ്യക്തിമാത്രമാണ് ഒരിക്കലും തന്നെ പുറം തിരിഞ്ഞ് നില്കുകയോ വിഷമം പ്രകടിപ്പിക്കുകയോ ചെയ്യാതിരുന്നതെന്ന് ഈ സുഹൃത്തിനെക്കുറിച്ച് ആ മഹാത്മാവ് ഒരിടത്ത് പരാമർശിക്കുന്നുണ്ട്. മറ്റു പ്രവാചകൻമാരെ പോലെയായിരുന്നില്ല മുഹമ്മദ്(സ). കാരണം അദ്ദേഹത്തിന്റെ മഹത്വത്തെ നിഷേധിച്ചവർ അദ്ദേഹത്തിന്റെ വ്യക്തിത്വത്തെക്കുറിച്ച് ശരിയായ ധാരണ ഇല്ലാത്തവർ മാത്രമായിരുന്നു.'

അദ്ദേഹം തുടർന്ന് എഴുതുന്നു: 'ഹ: മുഹമ്മദ് (സ) വിലക്കിയ ആചാരാനുഷ്ഠാനങ്ങൾ വാക്കാലായിരുന്നില്ല നിരോധിക്കപ്പെട്ടത്, മറിച്ച് സമൂഹത്തിൽ നിന്നും അവ പൂർണമായും വിപാടനം ചെയ്യപ്പെട്ടു. ഉദാഹരണമായി നരബലി, പിഞ്ചു ബാലികമാരുടെ വധം, രക്തരൂക്ഷിത കലഹങ്ങൾ, സ്ത്രീകളുമായി വിവാഹം കഴിക്കുന്നതിലുള്ള പരിമിതി ഇല്ലായ്മ, അടിമകളോടുള്ള അന്ത്യമില്ലാത്ത പീഡന മുറകൾ, മദ്യപാനം, ചൂതാട്ടം, എന്നിവ അദ്ദേഹം വിലക്കിയിരുന്നില്ലെങ്കിൽ അറേബ്യയിലും അയൽ രാജ്യങ്ങളിലും ഇന്നും ഇവ നിലനിൽക്കുമായിരുന്നു'.

തുടർന്ന് എഴുതുന്നു: 'ഹദ്റത്ത് മുഹമ്മദ്(സ)തന്റെ ദൗത്യത്തിന്റെ സത്യതയിലും, നന്മയിലും അഗാധമായി വിശ്വസിച്ചുകൊണ്ട് ചെയ്ത കാര്യങ്ങൾ ആർക്കും തന്നെ വിശ്വാസദാർഢ്യമില്ലാതെ കണ്ട് ചെയ്യാൻ സാധ്യമല്ല. അദ്ദേഹത്തിന് തന്റെ ലക്ഷ്യത്തിലും വാദത്തിലും ദൈവ നിയുക്തിയിലും അടിയുറച്ച വിശ്വാസം ഉണ്ടായിരുന്നതുകൊണ്ടാണ് വിപ്ലവം സംജാതമായത്'.

പറയുന്നു: 'അദ്ദേഹത്തിന്റെ ജീവിതത്തിലെ എല്ലാ സംഭവങ്ങളും തെളിയിക്കുന്നത് അദ്ദേഹം മന്ദഗതിയിലും വിഷമതകൾ തരണം ചെയ്തും തന്റെ ആദർശങ്ങളിലെത്തിയ സത്യസ്നേഹിയും ഉന്മേഷഭരിതനും ആയ വ്യക്തി ആയിരുന്നു'

തുടർന്ന് എഴുതുന്നു: 'അറേബ്യയിൽ ഒരു വിപ്ലവം ആവശ്യമായിരുന്നു അഥവാ ഒരു പ്രവാചകന്റെ ആവിർഭാവം അനിവാ

ര്യമായിരുന്നു എന്ന് പറയുകയാണെങ്കിൽ ഹദ്റത്ത് മുഹമ്മദ്(സ)യിലൂടെ തന്നെയാണ് ഇതിന് സാക്ഷാൽകാരം സംഭവിച്ചത് എന്ന് പറയേണ്ടതായി വരും. ഈ വിഷയത്തിൽ ഈ കാലഘട്ടത്തിലെ എഴുത്തുകാരനായ സ്പ്രിങ്കർ എഴുതുന്നു. അറേബ്യയിൽ വർഷങ്ങളായി ഉണ്ടായിരുന്ന പ്രവാചകാവതരണത്തെക്കുറിച്ചുള്ള ദീർഘദർശനം അദ്ദേഹത്തിന്റെ ആഗമനത്തോടെ പുലരുകയുണ്ടായി'

ബോസ്വർത്ത് ഒരിടത്ത് വിവരിക്കുന്നു: 'ഹ: മുഹമ്മദ്(സ) വ്യത്യസ്ത സാഹചര്യങ്ങളിൽ എത്രമാത്രം പരിവർത്തന വിധേയനായി എന്നതിലല്ല പ്രത്യുത അദ്ദേഹത്തിന്റെ വ്യക്തിത്വത്തിൽ എത്ര കുറച്ച് പരിവർത്തനമാണുണ്ടായിരുന്നത് എന്നതിലാണ് ഞാൻ അദ്ഭുതപ്പെടുന്നത്. മരുഭൂമിയിൽ ആടുകളെ മേച്ചിരുന്ന കാലം, സിറിയയിൽ കച്ചവടക്കാരനായിരുന്ന കാലം, ഹിറാ ഗുഹയിലെ ഏകാന്തതയുടെ കാലം, മക്കയിൽ ന്യൂനപക്ഷത്തിന്റെ പരിഷ്കർത്താവായിരുന്ന കാലം, സ്വദേശത്തുനിന്ന് നിഷ്കാസിതനായി മദീനയിലേക്ക് നാടുകടത്തപ്പെട്ട കാലം, ഒരു സർവസമ്മത വിജയി ആയിരുന്ന കാലം, ഇറാൻ ചക്രവർത്തിമാരുടെയും ഹിർക്കിൽമാരുടെയും സമസ്ഥാനീയനായിരുന്ന കാലം തുടങ്ങി ആജീവാനാന്തം നമുക്ക് അദ്ദേഹത്തിന്റെ വ്യക്തിത്വത്തിൽ അചഞ്ചലമായ സ്ഥൈര്യം ദർശിക്കാനാവും. മറ്റാരുടെയും ബാഹ്യാവസ്ഥ ഇത്രയും പരിവർത്തന വിധേയമായിരുന്നെങ്കിൽ അയാളിൽ ഇത്രയും കുറച്ച് മാത്രമേ മാറ്റങ്ങളുണ്ടാകുകയുള്ളൂ എന്ന് എനിക്ക് തോന്നുന്നില്ല. ഹദ്റത്ത് മുഹമ്മദ്(സ)യുടെ ഭൗതീക അവസ്ഥകൾ മാറിക്കൊണ്ടിരുന്നു. എന്നാൽ ഈ അവസ്ഥകളിലെല്ലാം അദ്ദേഹത്തിന്റെ പ്രകൃതം ഒരേ നിലയിലായിരുന്നു എന്ന് കാണാവുന്നതാണ്'.

വാഷിങ്ങ്ടൺ ഇർവിൻ തന്റെ ഗ്രന്ഥമായ 'ലൈഫ് ഓഫ് മുഹമ്മദി'ൽ എഴുതുന്നു: 'അദ്ദേഹത്തിന്റെ യുദ്ധ വിജയങ്ങൾ അദ്ദേഹത്തിൽ അഹങ്കാരമോ, അഹംഭാവമോ, മിഥ്യാഭിമാനമോ, കപട പ്രഭാവമോ ജനിപ്പിച്ചില്ല. സ്വാർഥ താത്പര്യങ്ങൾ ഇതിനു പിറകിൽ ഉണ്ടായിരുന്നുവെങ്കിൽ തീർച്ചയായും ഇതെല്ലാം സംഭവിക്കുമായിരുന്നു. പ്രയാസപൂർണമായ കാലഘട്ടത്തിലുണ്ടായിരുന്ന അതേ വിനയവും സൗമ്യഭാവവും ശക്തി കൈവരിച്ചപ്പോൾ കൂടിയും അദ്ദേഹത്തിന്റെ പെരുമാറ്റത്തിലും വേഷവിധാനത്തിലും പ്രകടമായിരുന്നു. രാജകീയ ജീവിതത്തിൽ പോലും ആരെങ്കിലും അദ്ദേഹത്തിന്റെ മുറിയിലേക്ക് പ്രവേശിക്കുമ്പോൾ അനാവശ്യമായ ഔപചാരികത കാണിക്കുന്നത് അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നില്ല'.

മറ്റൊരു ഓറിയന്റലിസ്റ്റായ സർ വില്യംമ്യൂർ എഴുതുന്നു: ഇദ്ദേഹവും ഇസ്ലാമിനെതിരെ ഒരുപാട് എഴുതിയിട്ടുണ്ട്. 'നബി തിരുമേനി(സ) തന്റെ എല്ലാ കൃത്യങ്ങളും സ്വയം ചെയ്യുമായിരുന്നു. തന്റെ മുമ്പിലുള്ള വസ്തുക്കൾ മാത്രമെ അദ്ദേഹം എടുക്കുമായിരുന്നുള്ളു. പൊതു പെരുമാറ്റത്തിലും ഇങ്ങനെത്തന്നെയായിരുന്നു. ആരോടെങ്കിലും സംസാരിക്കുവാനായി തിരിയുകയാണെങ്കിൽ ഭാഗികമായി മുഖം തിരിക്കുമായിരുന്നില്ല. മറിച്ച് മുഴുവനായും മുഖം തിരിഞ്ഞു നിന്ന് സംസാരിക്കുമായിരുന്നു. ആരോടെങ്കിലും ഹസ്തദാനം ചെയ്യുകയാണെങ്കിൽ കൈ ആദ്യം വലിക്കില്ലായിരുന്നു. അപരിചിതനോടായാലും സംസാരിക്കുമ്പോൾ പാതിയിൽ വെച്ച് നിർത്തില്ലായിരുന്നു. മറിച്ച് മുഴുവൻ സംസാരവും ശ്രവിക്കുമായിരുന്നു. അദ്ദേഹത്തിന്റെ പാരമ്പര്യമായ വിനയം അദ്ദേഹത്തിൽ കാണാമായിരുന്നു. സ്വന്തം കാര്യങ്ങൾ സ്വയംതന്നെ ചെയ്യുന്ന സ്വഭാവമാണ് ഉണ്ടായിരുന്നത്. ദാനധർമങ്ങൾ നേരിട്ടാണ് ചെയ്തിട്ടുണ്ടായിരുന്നത്. വീട്ടു ജോലികളിൽ തന്റെ ഭാര്യമാരെ സഹായിക്കുമായിരുന്നു. ആർക്കും അദ്ദേഹവുമായി സമ്പർക്കം പുലർത്താമായിരുന്നു. കടൽ കരയിലേക്കെന്ന പോലെ സന്ദർശക സംഘങ്ങൾക്ക് ആദരപൂർവം സ്വാഗതമോതുമായിരുന്നു. ചരിത്രത്തിൽ നിന്നും മനസിലാക്കുവാൻ സാധിക്കുന്നത് ഒരു തികഞ്ഞ ഭരണാധികാരിയുടെ കഴിവുകളെല്ലാം തന്നെ അദ്ദേഹത്തിൽ സമ്മേളിച്ചിരുന്നു എന്നാണ്. ഇങ്ങനെയൊക്കെയായിട്ടും അദ്ദേഹത്തിന് എഴുത്തറിയില്ല എന്ന വസ്തുത വിചിത്രമായിരിക്കുന്നു'.

വില്ല്യംമ്യൂർ തുടർന്ന് എഴുതുന്നു: 'അതിസാധാരണക്കാരായ തന്റെ അനുയായികളോട് അദ്ദേഹത്തിനുണ്ടായിരുന്ന പരിഗണനയും പരിലാളനയും ശ്ലാഘനീയമാണ്. ലജ്ജ, അനുകമ്പ, ക്ഷമ, ദാനധർമം, വിനയം, എന്നിവ അദ്ദേഹത്തിന്റെ സ്വഭാവത്തിന്റെ പ്രധാന വശങ്ങളായിരുന്നു. ഇവയിലൂടെ തന്റെ ചുറ്റുപാടുമുള്ളവരെ അദ്ദേഹം ഹഠാദാകർഷിക്കുമായിരുന്നു. പറ്റില്ലെന്ന് പറയുന്നത് അദ്ദേഹത്തിന് അനിഷ്ടകരമായിരുന്നു. ഏതെങ്കിലും ആവശ്യക്കാരന്റെ ആവശ്യം പൂർത്തിയാക്കാൻ സാധിച്ചിട്ടില്ലെങ്കിൽ നിശബ്ദത പാലിക്കുന്നത് ഉചിതമായി കരുതിയിരുന്നു. അദ്ദേഹം ഒരിക്കലെങ്കിലും ആരുടേയും ക്ഷണം നിരസിച്ചതായി കാണാൻ സാധിക്കുകയില്ല. അയാൾ എത്രതന്നെ നിസ്സാര വ്യക്തി ആയിരുന്നാലും ശരി. അദ്ദേഹം പാരിതോഷികങ്ങൾ ഒന്നുംതന്നെ അതെത്രതന്നെ തുച്ഛമായിരുന്നാലും തിരിച്ചയച്ചതായി കാണാൻ സാധ്യമല്ല. അദ്ദേഹത്തിന്റെ സദസ്സിലുള്ള ഓരോരുത്തർക്കും താനാണ് ഏറ്റവും പ്രധാനപ്പെട്ട അതിഥി എന്ന് തോന്നുമായിരുന്നു എന്നത് അദ്ദേഹത്തിന്റെ ഒരു അസാധാരണമായ ശ്രേഷ്ടതയായിരുന്നു. ആരെങ്കിലും അവരുടെ വിജയത്തിൽ സന്തോഷവാനായി കണ്ടാൽ ആവേശത്തോടെ അയാളുമായി ഹസ്തദാനവും ആലിംഗനവും ചെയ്യുമായിരുന്നു. അവശരും ബുദ്ധിമുട്ടിനാൽ വലയം ചെയ്യപ്പെട്ടവരുമായവരോട് അനുകമ്പകാണിക്കുമായിരുന്നു. കുട്ടികളോട് വളരെ വാത്സല്യത്തോടെ പെരുമാറുമായിരുന്നു. വഴിയിൽ കളിച്ചുകൊണ്ടിരിക്കുന്ന കുട്ടികളോട് സലാം പറയുന്നതിൽ യാതൊരു വിധ അഭിമാനക്ഷതവും കരുതിയിരുന്നില്ല.

> അറേബ്യയിലെ മഹാനായ നബിയുടെ ജീവിതം വായിച്ചവർക്കും അദ്ദേഹത്തിന്റെ പാഠങ്ങൾ അറിഞ്ഞവർക്കും ജീവിതരീതി മനസ്സിലാക്കിയവർക്കും ഒരിക്കലുംതന്നെ ദൈവദൂതന്മാരിൽ മഹാനായ ഈ നബിയെ ആദരിക്കാതിരിക്കാൻ സാധിക്കുന്നതല്ല. ഞാൻ പറയാൻ പോകുന്ന കാര്യങ്ങൾ ഒരു പക്ഷേ പലർക്കും നേരത്തെ തന്നെ അറിയാമായിരിക്കും. എന്നാൽ ഞാൻ ഈ കാര്യങ്ങൾ വായിക്കുമ്പോൾ ഈ അറബി ഗുരുവിനെ പൂർവാധികം ബഹുമാനിക്കാൻ പ്രേരിതയായിത്തീരുന്നു. അങ്ങനെ അദ്ദേഹത്തിന്റെ ചരിത്രത്തിന്റെ പുതിയ ഭാവങ്ങൾ ദൃശ്യമാകുന്നതാണ്
>
> ആനിബസന്റ്

ക്ഷാമ കാലത്ത് തന്റെ ഭക്ഷണത്തിൽ മറ്റുള്ളവരെ പങ്കുചേർക്കുമായിരുന്നു. എല്ലാവരുടേയും സുഖത്തിനായി എപ്പോഴും പരിശ്രമിക്കുമായിരുന്നു. സൗമ്യവും ദയാനിർഭരവുമായ പ്രകൃതം അദ്ദേഹത്തിന്റെ എല്ലാ പ്രവൃത്തികളിലും വ്യക്തമായി കാണാൻ സാധിക്കുമായിരുന്നു. മുഹമ്മദ്(സ) ന്റെ ഒരു ആത്മാർഥ സുഹൃത്തായിരുന്ന അബൂബക്കറിനെ സഹോദരനേക്കാൾ കൂടുതൽ സ്നേഹിച്ചു. അലിയോട് പിതൃതുല്യമായ ലാളന കാണിച്ചു. സ്വതന്ത്രനാക്കിയ അടിമയായിരുന്ന സെയ്ദിനോട് ഈ കാരുണ്യവാനായ നബിക്കുണ്ടായിരുന്ന സ്നേഹാധിക്യം നിമിത്തം സെയ്ദ് തന്റെ പിതാവിനൊപ്പം പോകുന്നതിന് പകരമായി മക്കയിൽ താമസിക്കുന്നത് ഇഷ്ടപ്പെട്ടു. തന്റെ മേൽനോട്ടക്കാരന്റെ കോന്തല പിടിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു, ഞാൻ താങ്കളെ ഉപേക്ഷിക്കുകയില്ല. താങ്കൾ തന്നെയാണ് എനിക്ക് മാതാവും പിതാവും. സൗഹൃദത്തിന്റെ ഈ ബന്ധം സെയ്ദിന്റെ മരണം വരെ നിലനിന്നു. പിന്നീട് സെയ്ദിന്റെ മകൻ ഉസാമയോടും ഈ ബന്ധം കാരണമായി അദ്ദേഹം എല്ലായിപ്പോഴും അങ്ങേയറ്റം കാരുണ്യത്തോട് കൂടി പെരുമാറി. ഉസ്മാനിനും, ഉമറിനും അദ്ദേഹവുമായി ഒരു പ്രത്യേക അടുപ്പമുണ്ടായിരുന്നു. അദ്ദേഹം ഹുദൈബിയ എന്ന സ്ഥലത്ത് 'ബൈഅത്ത് റിസ്വാന്റെ' സമയത്ത് തടവിലാക്കപ്പെട്ട തന്റെ മരുമകനും സുഹൃത്തുമായ ഉസ്മാനിനായി തന്റെ ജീവൻപോലും നൽകാം എന്ന് വാഗ്ദാനം ചെയ്തത് ഈ സത്യസന്ധനായ സുഹൃദ്ബന്ധത്തിന് ഉത്തമ ഉദാഹരണമാണ്. അദ്ദേഹത്തിന്റെ അചഞ്ചലമായ പരസ്നേഹത്തിന്റെ ഉദാഹരണമായി കാണിക്കാവുന്ന മറ്റനേകം സംഭവങ്ങളുണ്ട്. ഒരവസരത്തിലും ഈ സ്നേഹപ്രകടനങ്ങൾ അസ്ഥാനത്തായിരുന്നില്ല. മറിച്ച് എല്ലാ സംഭവങ്ങളും ഈ സ്നേഹാധിക്യത്തിന്റെ നിദർശനങ്ങളാണ്...'

മൈക്കിൾ എച്ച് ഹാർട്ട് തന്റെ ഗ്രന്ഥമായ 'റാങ്കിങ് ഓഫ് ദ മോസ്റ്റ് ഇൻഫ്ളുവെൻഷ്യൽ പെഴ്സൻസ് ഇൻ ദി ഹിസ്റ്ററി'യിൽ എഴുതുന്നു: 'ലോകത്ത് സ്വാധീനം ചെലുത്തിയ വ്യക്തികളിൽ മുഹമ്മദ്(സ) യുടെ പേര് ഒന്നാം സ്ഥാനത്തിനായി തിരഞ്ഞെടുത്തത് ചില അനുവാചകരെ ഒരു പക്ഷേ അദ്ഭുതപ്പെടുത്തിയേക്കാം. ചിലർ ഒരു പക്ഷേ ഇതിനെക്കുറിച്ച് ചോദ്യങ്ങളും ഉന്നയിച്ചേക്കാം. എന്നാൽ ചരിത്രത്തിൽ മതപരവും ഭൗതീകപരവുമായ രണ്ട് മേഖലകളിലും ഏറ്റവും വലിയ വിജയം വരിച്ച ഏക വ്യക്തി അദ്ദേഹം മാത്രമാണ്. മനുഷ്യചരിത്രത്തിൽ മുഹമ്മദ്(സ) എപ്രകാരമാണ് സ്വാധീനം ചെലുത്തിയത് എന്ന ചോദ്യം ഉയർന്ന് വരാം. മറ്റു മതങ്ങളെപോലെ ഇസ്‌ലാമും തങ്ങളുടെ അനുയായികളിൽ ഗഹനമായ ഒരു സ്വാധീനം ഉണ്ടാക്കിയിട്ടുണ്ട്. ഈ ഒരു കാരണമായാണ് ലോകത്ത് കാണപ്പെടുന്ന മഹത്തായ മതങ്ങളുടെ സ്ഥാപകർക്ക് ഈ ഗ്രന്ഥത്തിൽ പ്രധാനമായ സ്ഥാനം നൽകിയിരിക്കുന്നത്. എഴുതുന്നു: ഒരു ഊഹമനുസരിച്ച് ലോകത്ത് ക്രിസ്ത്യാനികളുടെ അംഗസംഖ്യ മുസ്‌ലീങ്ങളുടെ അംഗസംഖ്യയേക്കാൾ രണ്ട് ഇരട്ടിയാണ്. (ഇത് അദ്ദേഹം എഴുതിയ കാലത്തെ കാര്യമാണ്). ഇതനുസരിച്ച് ഹ: മുഹമ്മദ്(സ)യെ ഹ: ഈസയെക്കാൾ മുമ്പിൽ വെക്കുന്നത് ഒരു പക്ഷേ നിങ്ങളെ ആശ്ചര്യപ്പെടുത്തിയേക്കാം. എന്നാൽ എന്റെ ഈ തീരുമാനത്തിന് പിന്നിൽ രണ്ട് പ്രധാന കാരണങ്ങളുണ്ട്. ഒന്നാമത്തെ കാര്യം ഇതാണ്; ക്രിസ്തുമതത്തിന്റെ വളർച്ചയിൽ ഈസാ (അ)ന്റെ വ്യക്തിത്വത്തിന് ഉണ്ടായിരുന്നതിനേക്കാൾ ഇസ്‌ലാമിന്റെ വളർച്ചയിൽ മുഹമ്മദ്(സ)യുടെ പങ്ക് എത്രയോ കൂടുതലായിരുന്നു. ഈസാ (അ)തന്നെയാണ് ക്രിസ്തുമതത്തിന്റെ ആത്മീയവും ഭൗതീകപരവുമായ ജീവിത മാർഗരേഖയ്ക്ക് രൂപ കല്പന നൽകിയത്. എന്നിരുന്നാലും ക്രിസ്തുമതത്തിന്റെ പുരോഗതിയിൽ സെന്റ് പോളിനാണ് ഭൂരിഭാഗവും പങ്കുള്ളത്. ക്രിസ്തുമതത്തിന് നിലവിലുള്ള രൂപം നൽകിയതും പുതിയ നിയമത്തിലെ സിംഹഭാഗവും എഴുതിച്ചേർത്തതും സെന്റ് പോളായിരുന്നു. എന്നാൽ ഇസ്‌ലാംമതത്തിൽ അടങ്ങിയിരിക്കുന്ന ധാർമികതയുടെയും ആദർശ ങ്ങളുടെയും രചയിതാവ് ഹദ്റത്ത് മുഹമ്മദ്(സ) തന്നെയായിരുന്നു. ഈ പുതിയ മതത്തിന് അദ്ദേഹം തന്നെയാണ് സ്വയം രൂപകല്പന നൽകിയത്. ഇസ്‌ലാമിക അദ്ധ്യാപനങ്ങൾ സ്ഥാപിക്കുന്നതിലും അദ്ദേഹത്തിന് സുപ്രധാന പങ്കുണ്ട്. ഇത് കൂടാതെ മുസ്‌ലിങ്ങളുടെ വിശുദ്ധഗ്രന്ഥം അതായത് ഖുർആൻ മുഹമ്മദ്(സ)യുടെ ആത്മീയ ദൃഷ്ടിയിൽ അധിഷ്ഠിതമായ ഒരു ഗ്രന്ഥമായിരുന്നു. അത് എഴുതിയത് മുഹമ്മദ്(സ) ആയിരുന്നു.' (ഇദ്ദേഹം എതിരാളിയായത് കൊണ്ടാണ് ഇങ്ങനെ എഴുതുന്നത്)

പറയുന്നു: 'അത് അല്ലാഹുവിന്റെ ഭാഗത്ത് നിന്ന് അദ്ദേഹത്തിന് വെളിപാടു മുഖേന ലഭിച്ചത് എന്ന് പറയുന്നു. വിശുദ്ധഖുർആന്റെ ഒരു വലിയഭാഗം മുഹമ്മദ് (സ)യുടെ ജീവിത കാലത്ത് തന്നെ എഴുതി സുരക്ഷിതമാക്കി വെച്ചു. അദ്ദേഹത്തിന്റെ മരണത്തിന് കുറച്ച് കാലങ്ങൾക്ക് ശേഷം അതിനെ പൂർണമായും ക്രോഡീകരിക്കുകയും ഗ്രന്ഥരൂപത്തിൽ സുരക്ഷിതമാക്കി വെക്കുകയും ചെയ്തു. അതുകൊണ്ട് തന്നെ ഖുർആൻ മുഹമ്മദ് (സ)യുടെ അധ്യാപനങ്ങളുടേയും, ചിന്താഗതിയുടേയും യഥാർഥത്തിലുള്ള പ്രതിബിംബമാണ്. എന്നാൽ ഈസാ(അ) യുടെ അധ്യാപനങ്ങളുടെ ഈ വിധത്തിലുള്ള യാതൊരു സമാഹരണവുമില്ല. മുസ്‌ലീങ്ങളുടെ പക്കൽ വിശുദ്ധഖുർആന്റെ പ്രധാന്യം ക്രിസ്ത്യാനികൾക്ക് ബൈബിളിന് ഉള്ളത്പോലെയാണ്. വിശുദ്ധഖുർആൻ മുഖേന മുഹമ്മദ് (സ) ജനങ്ങളിൽ പൂർണമായും സ്വാധീനം ചെലുത്തി. ഈസാ(അ)മും,സെന്റ് പോളും ഒരുമിച്ച് നിന്നുകൊണ്ട് ക്രിസ്തുമതത്തിൽ ചെലുത്തിയതിനേക്കാൾ മുഹമ്മദ്(സ) യുടെ സ്വാധീനമാണ് ഇസ്‌ലാമിൽ കൂടുതലായിട്ടുള്ളത് എന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. പൂർണമായും മതപരമായ ദൃഷ്ടികൊണ്ട് വീക്ഷിക്കുകയാണെങ്കിൽ മുഹമ്മദ്(സ)യും മനുഷ്യചരിത്രത്തിൽ ഹ: ഈസാ (അ) ചെലുത്തിയ അത്രത്തോളം സ്വാധീനം ചെലുത്തിയതായി കാണാൻ സാധിക്കുന്നതാണ്.' (ഇത് അദ്ദേഹത്തിന്റെ അഭിപ്രായമാണ്.ഏതായിരുന്നാലും റസൂൽ തിരുമേനി (സ)യുടെ സ്ഥാനം ഒന്നാമതാണ് എന്ന് ഇദ്ദേഹം അംഗീകരിക്കുന്നു.)

ആനിബസന്റ് തന്റെ വിശ്രുത ഗ്രന്ഥമായ 'ലൈഫ് ആന്റ് ടീച്ചിങ്ങ്സ് ഓഫ് മുഹമ്മദി'ൽ എഴുതുന്നു: 'അറേബ്യയിലെ മഹാനായ നബിയുടെ ജീവിതം വായിച്ചവർക്കും അദ്ദേഹത്തിന്റെ പാഠങ്ങൾ അറിഞ്ഞവർക്കും ജീവിതരീതി മനസ്സിലാക്കിയവർക്കും ഒരിക്കലുംതന്നെ ദൈവദൂതന്മാരിൽ മഹാനായ ഈ നബിയെ ആദരിക്കാതിരിക്കാൻ സാധിക്കുന്നതല്ല. ഞാൻ പറയാൻ പോകുന്ന കാര്യങ്ങൾ ഒരു പക്ഷേ പലർക്കും നേരത്തെ തന്നെ അറിയാമായിരിക്കും. എന്നാൽ ഞാൻ ഈ കാര്യങ്ങൾ വായിക്കുമ്പോൾ ഈ അറബി ഗുരുവിനെ പൂർവാധികം ബഹുമാനിക്കാൻ പ്രേരിതയായി ത്തീരുന്നു. അങ്ങനെ അദ്ദേഹത്തിന്റെ ചരിത്രത്തിന്റെ പുതിയ ഭാവങ്ങൾ ദൃശ്യമാകുന്നതാണ്'

'ഹിസ്റ്ററി ഓഫ് ദ സാരസൻ എംപയേഴ്സ്' എന്ന ഗ്രന്ഥത്തിൽ എഡ്വേർഡ് ഗിബ്ബൺ എഴുതുന്നു: 'ആ മഹാത്മാവിന്റെ തബ്‌ലീഗ് പ്രവർത്തനമല്ല, മറിച്ച് അദ്ദേഹത്തിന്റെ സ്ഥൈര്യ മനോഭാവമാണ് ഞങ്ങളെ അദ്ഭുതപ്പെടുത്തുന്നത്.

ശേഷം 32-ാം പേജിൽ



# സോക്രട്ടീസ്: യൂറോപ്പിലെ പ്രവാചകൻ

ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് ( റഹ്)

ദൈവത്തിന്റെ വെളിപാടുകൾ കൊണ്ട നുഗൃഹീതനായ ഒരു ദിവ്യ പ്രവചക നായിരുന്നു സോക്രട്ടീസ്. ആഴത്തിൽ ചിന്തിക്കാൻ ശേഷിയില്ലാത്ത യൂറോപ്പിലെ അല്പജ്ഞാനികളായ ഭൗതിക മാത്ര വാദികളാണ് മഹാനായ ആ ദൈവിക പ്രവാചകനെ ഭൗതിക തത്ത്വജ്ഞാനി യാക്കി മാ റ്റിയത്.

**സോ**ക്രട്ടീസ് എന്താണ് വിശ്വസിച്ച തെന്നും എന്താണ് അദ്ദേഹത്തിനുണ്ടായ അനുഭവങ്ങൾ എന്നും ഉള്ള കാര്യത്തിൽ എത്രമാത്രം ഭാവനാത്മകമായ വൈരുദ്ധ്യ മാണ് നിലനിൽക്കുന്നതെന്ന് കാണു മ്പോൾ ഒരാൾ അന്തം വിട്ടു പോകും. ഗ്രീക്ക് ദേവൻമാരെ വിമർശിക്കുകയും വെളിച്ചപ്പാടി (Oracles)ലൂടെ അവരിൽ നിന്നും ലഭിക്കുന്ന വെളിപാടുക ളെ(Revelation) തള്ളിപ്പറയുകയും ചെയ്തതിലൂടെയാണ് അദ്ദേഹം അറിയ പ്പെടുന്നത്തന്നെ. പക്ഷേ അദ്ദേഹത്തിന്റെ വൈയക്തികമായ അനുഭവങ്ങളെപ്പറ്റി എപ്പോഴെല്ലാം അദ്ദേഹം സംസാരിച്ചിരു ന്നുവോ അപ്പോഴൊന്നും തന്നെ അദ്ദേഹം സ്വന്തം അനുഭവങ്ങളെ വിമർശിച്ചിട്ടില്ല. അതായത് ഒരിക്കൽ പോലും അദ്ദേഹത്തി നുണ്ടായ വെളിപാടുകളെയോ സ്വപ്നങ്ങ ളെയോ അദ്ദേഹം സ്വയം വിമർശിച്ചിട്ടി ല്ല. ഗ്രന്ഥകാരൻ (വ്ളാസ്റ്റോസ്) ദിവ്യ വെളിപാടിലൂടെ എന്നതിന് ശേഷം വെളിച്ചപ്പാടിലൂടെ (Through Oracles) എന്ന് സോക്രട്ടീസിന്റെ പേരിൽ കൂട്ടി ചേർത്തത് ഒരിക്കലും നീതീകരിക്കാനാവി ല്ല. മേൽ പ്രസ്താവിച്ചത് പോലെ അദ്ദേ ഹത്തിനുണ്ടായ വൈയക്തികമായ ദിവ്യ വെളിപാടുകൾ വ്ളാസ്റ്റോസിന്റെ ഉദ്ധര ണിയിൽ പറഞ്ഞത് പോലെ വെളിച്ചപ്പാ ടുകളാണെന്ന പരാമർശം എവിടെയും അദ്ദേഹം നടത്തിയിട്ടില്ല. അദ്ദേഹത്തിന്റെ വ്യക്തിപരമായ അനുഭവങ്ങളെക്കുറിച്ച് പറയുമ്പോൾ'ദൈവം'എന്ന ഏക വചന ത്തിലാണ് അദ്ദേഹം സംസാരിച്ചത്. വലിയ 'G' അക്ഷരത്തിൽ ഒരു ദൈവമാ യിരുന്നു. അത് (God) ഒരിക്കലും ദൈവ ങ്ങൾ (Gods)അല്ലായിരുന്നു. കവികളുടെ ഭാവനകളെ പറ്റി അദ്ദേഹം പരാമർശിക്കു മ്പോൾ അത് ദൈവം നൽകിയതാണെന്ന് പറഞ്ഞിരുന്നു. അത്തരത്തിലുള്ള വിശേ ഷണങ്ങളിലൂടെ അദ്ദേഹം അർഥമാക്കി യത് പ്രഭാഷണത്തിന്റെ രൂപത്തെയാണ്. അല്ലാതെ യഥാർഥത്തിൽ ദൈവത്തിൽ നിന്നും ലബ്ധമായത് എന്ന അർഥത്തി ലല്ല.

'അതെ അന്തഃപ്രചോദിതനായ കവി അയാളുടെ കവിതയിൽ നിവേശിപ്പിക്കു ന്നത് വിസ്മയമാകുന്നു. ദൈവം നൽകി യതാണത്. പക്ഷേ അത് ജ്ഞാനമല്ല. അത് ബുദ്ധിശൂന്യമായതിനാൽ അത് ജ്ഞാനമാ യിരിക്കാൻ തരമില്ല.'[12]

അദ്ദേഹത്തിന്റെ വിമർശനം അത് ജ്ഞാനമല്ല എന്നതാണ്. 'ബുദ്ധി ശൂന്യമാ യതിനാൽ അതിന് ജ്ഞാനമായിരിക്കാൻ സാധ്യമല്ല.' അത് സാധാരണ കവികളുടെ കവനകലയെ പറ്റിയുള്ള അദ്ദേഹത്തിന്റെ വിമർശനമാണ്. ചില കവിതകളിൽ ദൈവം കവിയുടെ നാവിലൂടെ സംസാ രിക്കുന്നത് പോലെയുള്ള മാന്ത്രിക സ്പർശമുണ്ടാകുമെന്ന കാര്യത്തിൽ സംശയമില്ല. പക്ഷേ, വിവേകശാലിയായ ഒരാൾ ഇത് അത്ര കാര്യമായെടുക്കാറില്ല. എന്നാൽ, സോക്രട്ടീസ് കവികളെ സംബ ന്ധിച്ച് ദൈവബാധിതർ(God possesed) എന്ന് പറയുമ്പോൾ അഥീനിയക്കാരുടെ അന്ധവിശ്വാസജടിലമായ വീക്ഷണത്തി ലുള്ള ദൈവബാധയേൽക്കുന്ന ആളു

കളെ സംബന്ധിച്ചുമാവാം. അത്തരക്കാരെ പ്പറ്റിയുള്ള സോക്രട്ടീസിന്റെ പരാമർശങ്ങളും സോക്രട്ടീസ് തന്നെക്കുറിച്ചു സ്വയം നടത്തിയിട്ടുള്ള പരാമർശങ്ങളും തമ്മിൽ ധ്രുവങ്ങളുടെ അന്തരമുണ്ട്. അദ്ദേഹം ഒരിക്കലും ദൈവബാധിതൻ ആയിരുന്നില്ല. ദൈവത്തിന്റെ വിനീതദാസൻ എന്ന നിലക്ക് ദൈവത്താൽ അഭിമുഖീകരിക്കപ്പെട്ടവനായിരുന്നു.

ദിവ്യത്വപരിവേഷമുള്ള കാവ്യകല തീർച്ചയായും അത്തരത്തിലുള്ളതല്ല. അവയുടെ പ്രാധാന്യം എന്തായിരുന്നാലും ശരി അന്തഃപ്രചോദനം എന്ന് മാത്രമേ അതിനെ വിശേഷിപ്പിക്കാനൊക്കൂ. ദിവ്യ വെളിപാടുകൾ എന്ന് വിശേഷിപ്പിക്കാൻ സാധ്യമല്ല.

'ഞാനുടനെ അറിഞ്ഞു. അതായത് ജ്ഞാനത്തിലൂടെയല്ല കവികൾ അവരുടെ കവിതകൾക്ക് ജന്മം കൊടുക്കുന്നത്. സഹജമായ ഒരുതരം കഴിവിനാൽ അന്തഃപ്രചോദനാവസ്ഥയിലാണ് അവർ കവിത രചിക്കുന്നത്.'

എന്തായിരുന്നാലും അതേ ഖണ്ഡികയിൽ നിന്നു തന്നെ വ്‌ളാസ്‌റ്റോസ് എത്തിച്ചേരുന്ന നിഗമനം'ആട്ടിയകറ്റപ്പെട്ട അവസ്ഥയിലുള്ള കവി' എന്ന് അദ്ദേഹം പരാമർശിക്കുന്ന കവിയേക്കാൾ അദ്ദേഹത്തിന്റെ മനസ്സിൽ നിന്നും വായനക്കാരനെയാണ് അദ്ദേഹം ആട്ടിയകറ്റുന്നത്.

'...ദൈവം അവനിൽ കുടി കൊള്ളുമ്പോൾ കവി അയാളുടെ മനസ്സിൽ നിന്നും പുറത്ത് പോകുന്നു...'[13]

വീണ്ടും അദ്ദേഹം ഇങ്ങനെ പ്രഖ്യാപിച്ചുകൊണ്ട് അയുക്തികതയുടെ പേരിൽ സോക്രട്ടീസിനെ കുറ്റവിമുക്തനാക്കുന്നത് കാണുക.

'അലൗകികമായ ചിഹ്നങ്ങളിലൂടെ മനുഷ്യനുമായി സംവദിക്കുന്ന അലൗകികനായ ദൈവത്തിൽ യുക്തി രഹിതമായി വിശ്വസിക്കുന്നയാളുടെ കഴിവുകളെ സോക്രട്ടീസ് ഇല്ലാതാക്കി'[14]

സോക്രട്ടീസിന്റെ തന്നെ സ്വന്തം അനുഭവങ്ങളിൽ അത് ആരോപിച്ചപ്പോൾ നാം വളരെ ബഹുമാനപുരസ്സരം, അതേ സമയം ശക്തമായും അദ്ദേഹത്തോട് വിയോജിക്കുന്നു. മറ്റുള്ളവർക്കുണ്ടായ അലൗകികമായ കല്പനകളെ കുറിച്ച് ഉപസംഹരിച്ച ശേഷം സോക്രട്ടീസിന്റേത് വ്യത്യസ്തമായൊരു ദൈവമാണെന്ന് അംഗീകരിക്കുന്നു.

'കാരണം നാം നേരത്തെ കണ്ടത് പോലെ മറ്റുള്ളവരുടെ ദൈവങ്ങളെ പോലെയല്ല സോക്രട്ടീസിന്റെ ദൈവം. ആ ദൈവം എപ്പോഴും നല്ലവനാണ്. ആർക്കെങ്കിലും എപ്പോഴെങ്കിലും യാതൊരു വിധത്തിലുള്ള തിന്മയും വരുത്തുവാൻ കഴിയാത്തവനാണ് ആ ദൈവം. ഒരു മനുഷ്യനെ വഞ്ചിച്ചു അവനോട് തിന്മ ചെയ്യാൻ തുടങ്ങിയാൽ സോക്രട്ടീസിന്റെ ദൈവം അതിനു നിന്നു കൊടുക്കില്ല.'[15]

കൂടാതെ അതേ അദ്ധ്യായത്തിൽ തന്നെ അഥീനിയക്കാരുടെ ആരാധനാ സമ്പ്രദായത്തിന് തികച്ചും കടകവിരുദ്ധമായ ഒരു ആരാധനാ സങ്കൽപം സോക്രട്ടീസിനുണ്ടായിരുന്നുവെന്ന് അദ്ദേഹം സ്ഥാപിക്കുന്നു. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം അഥീനിയക്കാരുടെ ആരാധന ദൈവവും മനുഷ്യനും തമ്മിലുള്ള വാണിജ്യ കൈമാറ്റമായിരുന്നു.[16]

അവരുടെ ആരാധന തിരസ്ക്കരിക്കപ്പെടാറുണ്ടായിരുന്നു. കാരണം അഥീനിയക്കാരുടെ ദൈവങ്ങൾ അവരുടെ തന്നെ ആശ്രിതരായിരുന്നു. അതായത് അവർ ബലിവേദികളിൽ അർപ്പിക്കപ്പെടുന്നതിനനുസരിച്ചായിരുന്നു ആ ദൈവങ്ങൾ പ്രത്യക്ഷപ്പെട്ടിരുന്നത്. എന്നാൽ, സോക്രട്ടീസിന്റെ ദൈവം അങ്ങനെയായിരുന്നില്ല. ഗ്രന്ഥകർത്താവ് തെറ്റായി 'ദൈവം'(God) എന്നതിന് പകരം 'ദൈവങ്ങൾ'(Gods) എന്നാണ് പരാമർശിക്കുന്നത്

'...നമ്മിൽ നിന്നുള്ള നിവേദ്യങ്ങൾക്കനുസരിച്ച് നിലകൊള്ളുന്നില്ല. അതേ സമയം നാം അവരുടെ ദാനങ്ങളെ ആശ്രയിക്കുന്നവരാണ്.'[16]

അഥീനിയക്കാരുടെ ബഹുദൈവാരാധനയെ പരാമർശിക്കുമ്പോഴെല്ലാം ബഹുവചന രൂപത്തിലാണ്പരാമർശിക്കുന്നത്. എന്നാൽ, ഒരു കാര്യം നാം ഓർക്കണം. ഇവിടെ ദൈവം എന്ന പദം ബഹുവചന രൂപത്തിൽ ഉപയോഗിക്കുമ്പോഴെല്ലാം അഥീനിയക്കാരുടെ സാങ്കൽപിക ദൈവങ്ങളെക്കുറിച്ചല്ല പലപ്പോഴും സൂചിപ്പിക്കുന്നത്, സോക്രട്ടീസിന്റെ രചനകളെ പറ്റി സൂക്ഷ്മമായി പഠിക്കുമ്പോൾ ദൈവങ്ങൾ എന്ന് അദ്ദേഹം പ്രയോഗിക്കുമ്പോൾ ചിലപ്പോൾ അത് മാലാഖമാരെ അഥവാ മനുഷ്യരേക്കാൾ ഉന്നതരും ദൈവത്തിനു കീഴെ ഉള്ളവരുമായ ഒരു തരം ആത്മീയ ജീവികളെ സംബന്ധിച്ചാണ്. എന്തായിരുന്നാലും സോക്രട്ടീസ് തന്റെ അനുഭവങ്ങളെക്കുറിച്ച് സംസാരിക്കുമ്പോഴെല്ലാം ദൈവത്തിന്റെ ബഹുത്വം നിരാകരിക്കുകയും ഏക ദൈവത്തെ പരാമർശിക്കുകയും ചെയ്യുന്നു.

'ദൈവത്തിന്(The God) ഞാൻ അർപ്പിക്കുന്ന ആരാധനയെക്കാൾ മഹത്തരമായ ഒരു നന്മയും ഒരിക്കലും തന്നെ ഈ നഗരത്തിൽ നിങ്ങൾക്ക് വന്നിട്ടില്ലെന്ന് ഞാൻ വിശ്വസിക്കുന്നു.'[17]

(അദ്ദേഹത്തിൽ അർപ്പിതമായ ദൗത്യത്തിന്റെ ഭാഗമായി ദൈവത്തെപറ്റി ഏകവചനത്തിലുള്ള God എന്ന ഇവിടുത്തെ പരാമർശം ശ്രദ്ധേയമാണ്)

അദ്ദേഹത്തിന്റെ മതരാഷ്ട്രീയ തത്ത്വശാസ്ത്രം ദൈവികാദ്ധ്യാപനങ്ങളുടെ സാർവത്രിക പ്രവണതയുള്ളതാണ്. ഭൂമിയിൽ നിലവിലുള്ള നിയമവ്യവസ്ഥക്കെതിരെ കലാപവുമായി ഒരു പ്രവാചകനും ആവിർഭവിച്ചതായി ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടില്ല. രാഷ്ട്രം പ്രവാചകന്റെ ദൈവത്തോടുള്ള ആരാധനാ കാര്യത്തിൽ ഇടപെടുമ്പോൾ അദ്ദേഹം സംശയലേശമന്യേ നിർഭയനായി രാഷ്ട്രത്തെ നിരാകരിക്കുകയും ദൈവത്തിന്റെ കല്പനകളെ അനുധാവനം ചെയ്യുകയും ചെയ്യുന്നു.

ഇത് തന്നെയായിരുന്നു സോക്രട്ടീസിന്റെയും തത്ത്വശാസ്ത്രം. അദ്ദേഹം തികച്ചും രാഷ്ട്രത്തോട് വിധേയത്വം പുലർത്തിയിരുന്നു. പക്ഷേ, ദൈവത്തിനോടുള്ള അദ്ദേഹത്തിന്റെ വിധേയത്വവുമായി സംഘട്ടനത്തിലേർപ്പെട്ടപ്പോൾ അദ്ദേഹം എത്തിച്ചേർന്ന നിഗമനം സ്രഷ്ടാവായ ദൈവത്തിനോടുള്ള ഉന്നതമായ വിധേയത്വത്തിനു വേണ്ടി ചെറിയ വിധേയത്വം തിരസ്കരിക്കുകയായിരുന്നു. സോക്രട്ടീസിനെ വധശിക്ഷക്ക് വിധിച്ച സെനറ്റിനെ അഭിമുഖീകരിച്ചുകൊണ്ട് അക്ഷോഭ്യനായി, ആത്മസംയമനത്തോടെ പ്രശാന്തഗംഭീരമായ ഭാവത്തിൽ അദ്ദേഹം പറഞ്ഞു:'ഏതൻസ് നിവാസികളെ, ഞാൻ നിങ്ങളെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നു. പക്ഷേ, ഞാൻ നിങ്ങളെക്കാൾ ദൈവത്തെ അനുസരിക്കുന്നു. എനിക്ക് ജീവനും ശക്തിയും ഉള്ളിടത്തോളം കാലം ഞാൻ തത്ത്വജ്ഞാനം പറയുന്നതും ആചരിക്കുന്നതും നിറുത്തി വെക്കില്ല.' [18]

(ജോവറ്റ് എപ്പോഴും സോക്രട്ടീസുമായി ബന്ധപ്പെട്ട് ദൈവം(God)എന്നെഴുതുമ്പോൾ 'G'വലിയഅക്ഷരമാണ് ഉപയോഗിക്കുന്നത് എന്ന കാര്യം പ്രത്യേകം ഓർക്കുക)

അഥീനിയൻ ദൈവങ്ങളെ അധിക്ഷേപിക്കുവാനും തന്റെ ദൈവത്തെ അനുസരിക്കാനും പ്രേരിപ്പിച്ചുകൊണ്ട് ഏതൻസിലെ യുവാക്കളെ വഴിതെറ്റിക്കുന്ന സോക്രട്ടീസിനോട് ആ പ്രവർത്തനത്തിൽ നിന്നും വിരമിച്ചാൽ വധശിക്ഷ ഒഴിവാക്കി തരാമെന്ന് അഥീനിയക്കാർ അദ്ദേഹത്തിന് വാഗ്ദാനം നൽകിയപ്പോൾ ആ വാഗ്ദാനങ്ങളെല്ലാം സോക്രട്ടീസ് തട്ടിമാറ്റുകയാണുണ്ടായത്. ഈ വിഷയത്തിൽ സോക്രട്ടീസും അദ്ദേ

ഹത്തെ വിചാരണ ചെയ്ത മെലൂട്ടസും തമ്മിൽ സുദീർഘമായ സംവാദം നടക്കുകയുണ്ടായി. ഏകദൈവത്തെ വിശ്വസിച്ചു കൊണ്ട് അഥീനിയൻ ദൈവങ്ങളെ അധിക്ഷേപിക്കുന്നത് തികഞ്ഞ നിരീശ്വരവാദമാണെന്നും അങ്ങനെയാണെങ്കിൽ അദ്ദേഹം വധിക്കപ്പെടുമെന്നും വിചാരണ വേളയിൽ മെലൂട്ടസ് ശക്തമായി താക്കീത് ചെയ്തു. സോക്രട്ടീസിന് ദൈവത്തോടുള്ള വിധേയത്വം ഏതൻസിലെ നിയമത്തേക്കാൾ ഉപരിയായിരുന്നു. അദ്ദേഹം ദൈവത്തിന് വേണ്ടി നിലകൊണ്ടു. അതിനുവേണ്ടി തന്നെ മരിച്ചു വീഴുകയും ചെയ്തു. അദ്ദേഹം മരിക്കുന്നതിന് മുമ്പേ താഴെ പറയുന്ന വാക്കുകളിൽ ഇപ്രകാരം ദീർഘദർശനം ചെയ്തു.

'...നിങ്ങൾക്ക് ചിന്തിക്കാവുന്നതാണ്. നിങ്ങൾ നിങ്ങളോട് തന്നെയാണ് പാപം ചെയ്യുന്നത്. ദൈവത്തോടല്ല. നിങ്ങൾ എന്നെ നിന്ദിച്ചു കൊണ്ട് അവന്റെ അനുഗ്രഹത്തെ നിഷേധിക്കുകയാണ് ചെയ്യുന്നത്. നിങ്ങൾ എന്നെ കൊല്ലുകയാണെങ്കിൽ എന്നെ പോലെ ഇത്രയെളുപ്പത്തിൽ കൊല്ലാൻ മറ്റൊരാളെ കണ്ടെത്താനാകില്ല...'[19]

കേസിൽ അവിതർക്കിതമായ യുക്തിശാസ്ത്രം കൊണ്ട് തന്റെ നിഷ്കളങ്കത അദ്ദേഹം സ്ഥാപിക്കുകയാണ്. അവസാനമായി സോക്രട്ടീസ് തന്റെ വാദമുഖങ്ങളെ ബലവത്തായ രീതിയിൽ സ്ഥിരീകരിക്കുമ്പോൾ അദ്ദേഹത്തിന്റെ മഹത്ത്വത്തിനു മുമ്പിൽ എക്കാലത്തും ആദരാഞ്ജലികൾ അർപ്പിക്കപ്പെടും. സോക്രട്ടീസിന്റെ വചനങ്ങൾ ജോവൈറ്റ് ഉദ്ധരിക്കുന്നു.

'...എന്റെ ആരോപകരുടെ നിന്ദ്യമായ ആരോപണങ്ങളിലൊന്നിലെങ്കിലും, ഞാൻ എപ്പോഴെങ്കിലും ആരോടെങ്കിലും എന്തെങ്കിലും ആവശ്യപ്പെട്ടിരുന്നു എന്ന് അവർക്ക് പറയാനാവുമോ? അവർക്ക്, അതിന് യാതൊരു സാക്ഷിയുമില്ല. ഞാൻ പറഞ്ഞ സത്യത്തിന് എനിക്ക് ഒരു സാക്ഷിയുണ്ട്. എന്റെ ദാരിദ്ര്യം തന്നെ അതിന് മതിയായ സാക്ഷിയാണ്.'[19]

ഇപ്പോഴത്തെ തന്റെ സ്വഭാവത്തിന്റെ സത്യത്തിന് സാക്ഷ്യം വഹിക്കാൻ തന്റെ കഴിഞ്ഞകാല ജീവിതം സാക്ഷിയാക്കി അദ്ദേഹം പറയുന്നു. അതിന് ശേഷം ഒരു പൂർവകാല സംഭവം അനുസ്മരിച്ചു കൊണ്ട് സെനറ്റിന്റെ അധികാരശക്തിയെ ഏകാംഗനായി എതിർത്ത് അദ്ദേഹം നടത്തിയ ഒരു പ്രഖ്യാപനത്തിൽ ഇങ്ങനെ പരാമർശിക്കുന്നു.'മരണത്തിന് ഞാൻ ഒരു തരിമ്പും വിലകൽപ്പിക്കുന്നില്ല. എന്റെയാകെയുള്ള ഭീതി അവിശുദ്ധമായതോ അസാൻമാർഗികമായതോ വല്ലതും ചെയ്തുപോകുമോ എന്ന് മാത്രമാണ്. അടിച്ചമർത്തുന്ന അധികാരശക്തിയുടെ ബലിഷ്ഠമായ കരങ്ങളല്ല എന്നെ തെറ്റു ചെയ്യുന്നതിൽ നിന്നും ഭയപ്പെടുത്തി നിറുത്തിയത്.'[20]

മാന്യന്മാരെന്നറിയപ്പെടുന്ന വളരെ വലിയ ആളുകൾ ചെയ്യുമായിരുന്നത് പോലെ സോക്രട്ടീസ് താഴ്ന്ന രീതിയിൽ പെരുമാറിയില്ല. അദ്ദേഹം കൂടുതൽ വിശദീകരിക്കുകയാണ് ചെയ്തത്.

'ബഹുമാനിതരായ പല ആളുകളെയും ഞാൻ കണ്ടിട്ടുണ്ട്. അവർ അപലപിക്കപ്പെടുമ്പോൾ വളരെ വിചിത്രമായി പെരുമാറുന്നു. അവർ മരിക്കുകയാണെങ്കിൽ അതിഭയാനകമായ എന്തോ അനുഭവിക്കാൻ പോകുന്നുവെന്ന് അവർ വിഭ്രമം കൊള്ളുന്നു. അവരെ ജീവിക്കാൻ വിടുകയാണെങ്കിൽ ശാശ്വതമായിരിക്കുമെന്ന് അവർ കരുതുന്നു.[21]

'ഞാൻ നിന്ദ്യമായും ഹീനമായും തെറ്റായും കരുതുന്ന കാര്യങ്ങൾ നിങ്ങൾ എന്നോട് ആവശ്യപ്പെടരുത്. പ്രത്യേകിച്ചും ഇപ്പോൾ ഞാൻ മെലീട്ടസിന്റെ അധാർമികമായ കുറ്റപ്പെടുത്തലിനെ അഭിമുഖീകരിക്കുന്ന ഈ ഘട്ടത്തിൽ' [21]

ദൈവത്തിന്റെ ഏകത്വത്തിലുള്ള അദ്ദേഹത്തിന്റെ അചഞ്ചലമായ വിശ്വാസം പ്രഖ്യാപിച്ചിരിക്കെ അതിനെ തുടർന്ന് വരുന്ന കാര്യങ്ങൾ അദ്ദേഹത്തിന്റെ വിശ്വാസം എന്താണെന്നതിനെ സംബന്ധിച്ച സൂചനകൾ നൽകുന്നുണ്ട്. ദൈവത്തെ പോലെ അരൂപികളായ ചില അസ്തിത്വങ്ങളിൽ കൂടി അദ്ദേഹം വിശ്വസിക്കുന്നു. അതാകട്ടെ വ്യത്യസ്തമായതും ഉദാത്തഭാവമാർന്നതുമാണ്. അത് അഥീനിയക്കാരുടെതായി അറിയപ്പെടുന്ന ദൈവങ്ങളല്ല. മറ്റു ദൈവിക മതങ്ങളിൽ പ്രതിപാദിക്കപ്പെട്ട മാലാഖമാർക്ക് തുല്യമായ അർഥത്തോടെയാണ് അദ്ദേഹ 'ദൈവങ്ങളെ'ക്കുറിച്ച് സംസാരിക്കുന്നത്. അതിനാൽ ദൈവങ്ങളിലുള്ള അദ്ദേഹത്തിന്റെ വിശ്വാസം ഏകദൈവത്തിലുള്ള അദ്ദേഹത്തിന്റെ വിശ്വാസത്തിന് വിരുദ്ധമല്ല. അവസാനമായി അദ്ദേഹം സ്വയം തന്നെ സമർപ്പിച്ചത് ഏതൻസിലെ ദൈവങ്ങൾക്ക് വേണ്ടിയായിരുന്നില്ല. ദൈവത്തിനും ഏതൻസിലെ ജനതക്കും വേണ്ടിയായിരുന്നു. അദ്ദേഹം പറഞ്ഞു:'നിങ്ങൾക്ക് വേണ്ടിയും ദൈവത്തിന് വേണ്ടിയും ഞാൻ സ്വയം സമർപ്പിക്കുന്നു.'[22] ഏറ്റവും സൂക്ഷ്മമായ വിശദാംശങ്ങൾ പരിശോധിക്കുകയാണെങ്കിൽ പോലും സോക്രട്ടീസ് വിശുദ്ധ ഖുർആനിലും മറ്റ് മതഗ്രന്ഥങ്ങളിലും പ്രതിപാദിച്ച മറ്റു പ്രവാചകൻമാരെപോലെയുള്ള ഒരു പ്രവാചകനാണെന്ന് കാണാൻ കഴിയും. ആത്മഹത്യ ദൈവത്തിനെതിരെയുള്ള ഒരു കുറ്റകൃത്യമായിട്ടാണ് അദ്ദേഹം കരുതുന്നത്. കാരണം ജീവിതം എന്നത് ദൈവത്തിന്റെ അത്യുന്നതമായ ഒരു വരദാനമാണ്. അവനാണ് അതിന്റെ ഒരേയൊരു യജമാനൻ. മാപ്പർഹിക്കാത്ത കുറ്റമായിട്ടാണ് അദ്ദേഹം ആത്മഹത്യയെ കണ്ടത്. ഫായിഡോയിൽ വെച്ച് ആത്മഹത്യയുടെ നിയമ സാധുതക്കെതിരെ ശക്തമായ വാദമുഖങ്ങളുന്നയിച്ചു കൊണ്ട് അദ്ദേഹം സുദീർഘമായി സംസാരിക്കുന്നുണ്ട്. ആത്മഹത്യയെക്കുറിച്ച് സോക്രട്ടീസ് തന്റെ വിധി പ്രസ്താവം നടത്തുന്നത് കാണുക.

'..ഒരു മനുഷ്യൻ കാത്തു നിൽക്കണം എന്ന് പറയുന്നതിന് അതിന്റേതായ കാരണമുണ്ടാകും. ദൈവം ഇപ്പോൾ എന്നെ വിളിക്കുന്നത് പോലെ ഒരാളുടെ ജീവനെ ദൈവംതിരിച്ച് വിളിക്കുന്നത് വരെ അയാൾ കാത്തിരിക്കണം.'[23]

ക്രീറ്റോയുടെ ഇടപെടൽ ഉണ്ടാകുന്നത് വരെ സോക്രട്ടീസ് പ്രസംഗം തുടർന്നു. ക്രീറ്റോ ആംഗ്യം കാണിച്ചപ്പോൾ അദ്ദേഹത്തിന് എന്തോ സംസാരിക്കാനുള്ളതായി സോക്രട്ടീസിന് മനസ്സിലായി. സോക്രട്ടീസിനെ അദ്ദേഹം സംസാരത്തിൽ നിന്ന് തടഞ്ഞു. ക്രീറ്റോ പിന്നീട് സോക്രട്ടീസിന് വിഷം കൊടുക്കുന്ന ആരാച്ചാർക്ക് വേണ്ടിയാണ് സംസാരിച്ചത്. അധികം സംസാരിക്കുകയാണെങ്കിൽ വിഷത്തിന്റെ വീര്യം കുറഞ്ഞു പോകുമെന്നും രണ്ടോ മൂന്നോ തവണ വിഷം കൂടിക്കേണ്ടി വരുമെന്നും ആരാച്ചാർ അഭിപ്രായപ്പെട്ടിരുന്നു. ഈ അഭിപ്രായത്തോടൊപ്പം പുച്ഛം പ്രകടിപ്പിച്ചു കൊണ്ട് പ്രസംഗം തുടരുന്നതിലുള്ള അനിഷ്ടം ക്രീറ്റോ പ്രകടിപ്പിച്ചു.

'അയാളെ പ്രവർത്തിക്കാനനുവദിക്കു' സോക്രട്ടീസ് മറുപടി പറഞ്ഞു:'വിഷം രണ്ടോ മൂന്നോ തവണ എനിക്ക് നൽകാൻ തയ്യാറാകൂ' സോക്രട്ടീസ് പറഞ്ഞു:

'അല്ലാ, ന്യായാധിപൻമാരെ ഞാൻ നിങ്ങൾക്ക് ഇപ്പോൾ മറുപടി നൽകാം. ഇവിടെ അവസാന നിമിഷത്തിൽ തന്റെ ചുറ്റും കൂടി നിന്ന സോക്രട്ടീസിന്റെ ആരാധകരെയാണ് അദ്ദേഹം ന്യായാധിപൻമാർ എന്ന് വിശേഷിപ്പിച്ചത്. മരിക്കാൻ പോവുമ്പോഴും തികച്ചും സന്തോഷവാനായിക്കൊണ്ട് അദ്ദേഹം ഒരു യഥാർഥ തത്ത്വജ്ഞാനിയാണെന്ന് കാണിച്ചു കൊടുത്തു. പരലോകത്ത് മഹത്തായ നല്ല ജീവിതം ലഭിക്കുമെന്ന് അദ്ദേഹം പ്രതീക്ഷിച്ചിട്ടു

ണ്ടാകണം.'[24]

അധരത്തിൽ വിഷം സ്പർശിക്കുന്നത് വരെ ഏതൻസിലെ ജനങ്ങളെ ദിവ്യതത്ത്വങ്ങൾ പഠിപ്പിക്കുന്നതിൽ അദ്ദേഹം വ്യാപൃതനായിരുന്നു. ജീവൻ പതുക്കെ പതുക്കെ നിശ്ചലമാകുന്നത് വരെ, അദ്ദേഹത്തിന്റെ സംസാരശേഷി നിലയ്ക്കുന്നത് വരെ അദ്ദേഹം അത് തുടർന്നു. മരണം തന്നെ നിശ്ചലമാക്കുന്നത് വരെ ദൈവിക ദൗത്യം പ്രചരിപ്പിക്കുന്നത് അദ്ദേഹം നിറുത്തി വെച്ചില്ല.

അങ്ങനെ ക്രി. മു. അഞ്ചാം നൂറ്റാണ്ടിൽ (ബുദ്ധന്റെ സമകാലികൻ) ജീവിച്ച ദൈവത്തിന്റെ ഒരു മഹാനായ പ്രവാചകന്റെ ജീവിതത്തിന് വിരാമമായി. ബുദ്ധനെ പോലെ അദ്ദേഹവും ഗ്രന്ഥങ്ങൾ എഴുതിവെച്ചില്ല. അദ്ദേഹത്തിന്റെ സമകാലികരാണ് അത് രേഖപ്പെടുത്തിവെച്ചത്. ഡയലോഗുക(സംവാദങ്ങൾ)ളുടെ രൂപത്തിലാണ് അത് രേഖപ്പെടുത്തി വെച്ചത്. ബ്രാഹ്മണരുടെ ദൈവത്തെ നിഷേധിച്ചതിനാൽ ബുദ്ധനും അക്കാലത്ത് നിരീശ്വരവാദിയാണെന്ന് ആക്ഷേപിക്കപ്പെട്ടിരുന്നുവല്ലോ.

സോക്രട്ടീസ് തത്ത്വശാസ്ത്രത്തിന് നൽകിയ മഹത്തായ സംഭാവനകൾ ചേംബേഴ്സ് എൻസൈക്ലോപീഡിയ സംഗ്രഹിച്ചത് ഇപ്രകാരമാണ്.

'വാനലോകത്ത് വിരാജിച്ചിരുന്ന തത്ത്വശാസ്ത്രത്തെ സോക്രട്ടീസ് സാധാരണക്കാരുടെ ഇടയിലേക്ക് കൊണ്ടു വന്നു. (സീസറോ ചെയ്തത് പോലെ) അദ്ദേഹത്തിന്റെ കാലഘട്ടത്തിൽ ഗൗരവപൂർണവും ശ്രദ്ധേയവുമായ ഒരു പുതിയ ധൈഷണിക പ്രവണത അദ്ദേഹം നിർവഹിക്കുകയായിരുന്നു.ആർഭാടങ്ങളോട് അദ്ദേഹം വിരക്തനായിരുന്നു.സാധാരണ സുഖജീവിതത്തോട് പോലും അദ്ദേഹം വിമുഖനായിരുന്നു. പക്ഷേ, അദ്ദേഹം യാതൊരർഥത്തിലും സർവസംഗ പരിത്യാഗിയായ സന്യാസിയായിരുന്നില്ല.'[25]

ചേംബേഴ്സ് എൻസൈക്ലോപീഡിയായിലെ മേലുദ്ധരിച്ച ലേഖനത്തിന്റെ കർത്താവ് അദ്ദേ ഹത്തിനുണ്ടായ വെളിപാടുകളുടെ സ്വഭാവത്തെ പറ്റി പറഞ്ഞത് ഇപ്രകാരമാണ്.

'തനിക്ക് മാർഗദർശനത്തിനായി നിരന്തരം ലഭിച്ചു കൊണ്ടിരിക്കുന്ന അലൗകികമായ ശബ്ദത്തെക്കുറിച്ച് ദിവ്യദൃഷ്ടാന്തം (Divine sign) എന്ന രീതിയിൽ സോക്രട്ടീസ് സംസാരിക്കുന്നതിനെപ്പറ്റി ധാരാളം ചർച്ചകളുണ്ടായിട്ടുണ്ട്.സെനോഫോണി (Xenophon) ന്റെ അഭിപ്രായത്തിൽ അത് കർമം ചെയ്യുകയോ ചെയ്യാതിരിക്കുകയോ ചെയ്യുക എന്ന് അദ്ദേഹത്തോട് പറയലാണ്. പ്ളാറ്റോവിന്റെ അഭിപ്രായത്തിൽ കർമത്തിൽ നിന്നും വിരമിച്ചു കൊണ്ടുള്ള പൂർണമായ വിശ്രാന്തിയാണ് അത്, ഒരിക്കലും ദുഷ്പ്രേരണയല്ലായിരുന്നു. ക്രിസ്ത്യൻ കാലഘട്ടത്തിലെ പിൽക്കാല എഴുത്തുകാർ അതിനെ കുറിച്ച് സംസാരിച്ചത് അമാനുഷികത്വം, പ്രതിഭ, ജാഗ്രവത്തായ ചൈതന്യം എന്നെല്ലാമുള്ള രീതിയിലാണ്. ഇതിൽ പ്ളാറ്റോയും സെനോഫോണും പറഞ്ഞതിന് യാതൊരു ആധികാരികതയുമില്ല.'[25]

'...അദ്ദേഹത്തിൽ പ്രത്യേകമായ ദൈവിക താക്കീതുകളായിക്കൊണ്ട് വിവിധ തരത്തിലുള്ള അശുഭ ചിന്തകൾ ഉണ്ടാവാൻ തുടങ്ങി. ഇവിടെ പറയപ്പെട്ടത് പോലെ ചിലപ്പോൾ അദ്ദേഹം ചില മതിഭ്രമങ്ങൾക്കും ചില കേൾവികൾക്കും വിധേയമാവാൻ സാധ്യതയുണ്ട്. മാനസികാരോഗ്യമുള്ള ആരോഗ്യവാൻമാരായ ആളുകളിലും ചിലപ്പോൾ അങ്ങനെ സംഭവിക്കാറുണ്ട്.'[25]

ഇവിടെ സോക്രട്ടീസിനുണ്ടായ വെളിപാടുകളെ മനസ്സിന്റെ മതിഭ്രമം എന്ന നിലക്ക് ബഹുമാനപൂർവം നിരാകരിക്കുകയാണ്.

വാസ്തവത്തിൽ സോക്രട്ടീസിൽ യാതൊരു വൈരുദ്ധ്യങ്ങളുമുണ്ടായിരുന്നില്ല. എന്തെങ്കിലും വൈരുദ്ധ്യങ്ങൾ ഉണ്ടെങ്കിൽ അത് ഗ്രന്ഥകർത്താവിന്റെ മനസ്സിൽ മാത്രമാണ്. അതായത് ചിത്തഭ്രമം ബാധിച്ച മാനസിക രോഗികൾക്കുണ്ടാകുന്നത് പോലെയുള്ളത്ര മോശമായിരുന്നില്ല സോക്രട്ടീസിന്റെ മതിഭ്രമം എന്ന് നിരൂപിച്ച് സോക്രട്ടീസിനെ പ്രത്യക്ഷത്തിൽ സഹായിക്കുകയാണെന്നാണ് ഗ്രന്ഥകർത്താവ് കരുതുന്നത്. സോക്രട്ടീസിൽ സംഭവിച്ചത് പോലെ മാനസികാരോഗ്യമുള്ള ആളുകളിൽ പോലും മതിഭ്രമം പിടിപെടാറുണ്ടെന്നാണ് ഗ്രന്ഥകർത്താവ് പറയുന്നത്.

എന്തൊരു സഹതാപം! തന്നേക്കാൾ മതിപ്പ് കുറഞ്ഞയാൾ എന്ന രീതിയിലാണ് ചില ആധുനിക എഴുത്തുകാർ സോക്രട്ടീസിനെ നോക്കിക്കാണുന്നത്. അവർക്ക് സോക്രട്ടീസിൽ വിശ്വാസമുണ്ട്. സോക്രട്ടീസ് വിശ്വസിച്ച ദൈവത്തിൽ വിശ്വാസമില്ല. തങ്ങളെക്കാൾ ന്യൂന പദവിയിലുള്ളവരാണ് മറ്റുള്ളവരെന്ന ധാരണയോടെയുള്ള അവരുടെ പരാമർശങ്ങൾ എന്തുമായിക്കൊള്ളട്ടെ, മാപ്പിന് വേണ്ടി യാചിക്കാതെ നിലകൊണ്ട സോക്രട്ടീസിന്റെ മഹത്ത്വത്തിന് അവരുടെ ഇത്തരത്തിലുള്ള സഹതാപാർദ്രമായ അഭിപ്രായങ്ങൾ യാതൊരു മതിപ്പും ഉളവാക്കുന്നില്ല. സോക്രട്ടീസ് അനുഭവിച്ച ഇതേ ദൗർഭാഗ്യങ്ങൾ അദ്ദേഹത്തിന് മുമ്പേയും പിമ്പേയും അവതരിച്ച പ്രവാചകൻമാരിലും ആരോപിക്കപ്പെട്ടിരുന്നില്ലേ? സമൂഹത്തെ അഭിസംബോധന ചെയ്ത എല്ലാ പ്രവാചകൻമാരും മതിഭ്രമം ബാധിച്ചവരാണെന്ന് ആരോപിക്കപ്പെട്ടിട്ടുണ്ട്. ഗ്രന്ഥകാരൻ സോക്രട്ടീസിനെ കുറിച്ച് ലേഖനത്തിൽ പറയുന്നത് പോലെ സൗമ്യമായല്ല അവരാരും മറ്റു പ്രവാചകൻമാരെ കുറിച്ച് ആരോപണം ഉന്നയിച്ചത്. ഇങ്ങനെ പ്രവാചകൻമാരെ പറ്റി മനോവിഭ്രാന്തി ബാധയുള്ളവരാണെന്ന് ആരോപണം നടത്തിയവരെല്ലാം തന്നെ പ്രവാചകൻമാർ മാനസിക ചാപല്യങ്ങളുള്ളവരോ ധാർമിക ബലക്ഷയമുള്ളവരോ അല്ല എന്ന് പൂർണമായും അറിയുന്നവരാണ്. പ്രവാചകൻമാരെല്ലാം തന്നെ അവർ ജീവിച്ചിരുന്ന കാലത്തെ ജ്ഞാനികളായ വ്യക്തികളാണ്. സുശക്തമായ ഹൃദയ മസ്തിഷ്ക്കങ്ങൾ ഉള്ളവരാണ്. ചെറുപ്പകാലം മുതൽ പ്രായപൂർത്തിയാവുന്നത് വരെ സമൂഹത്തിൽ ആദരിക്കപ്പെട്ടവരാണ്. പ്രവാചകത്വം പ്രാപിക്കുന്നതിന് മുമ്പേ അവരാരും തന്നെ ഇത്തരത്തിലുള്ള ഭവിഷ്യദ്കാര്യങ്ങൾ പറയുന്നവരായിരുന്നുവെന്ന് ആരും അവരെപറ്റി ആരോപണം നടത്തിയിരുന്നില്ല. മതിഭ്രമം എന്നത് എപ്പോഴും അപ്രവചനീയമാണ്. ശ്ലഥിതമായതും അസ്പഷ്ടമായതുമാണ്. ചില മതിഭ്രമങ്ങളിലുണ്ടാവുന്ന ശബ്ദങ്ങൾ അവരെ ദൈവം അഭിസംബോധന ചെയ്യുന്നതാണെന്നത് പോലെ അനുഭവപ്പെടാറുണ്ട്. പക്ഷേ, അതൊരിക്കലും തന്നെ ഒരു തത്ത്വജ്ഞാനവും വെളിപ്പെടുത്തുന്നില്ല. അന്യരുമായി പങ്കുവെക്കാവുന്നതോ, ആചരിക്കപ്പെടുന്നതോ ആയ ഒരു ജീവിത സംഹിതയും അത്തരം മതിഭ്രമങ്ങൾ പ്രദാനം ചെയ്യുന്നില്ല. അവർ പറയുന്നതിലും ശ്രവിക്കപ്പെടുന്നതിലും യാതൊരു യുക്തിബോധവും ഉണ്ടാവാറില്ല. മതിഭ്രമം ഒരിക്കലും തന്നെ യുക്തിബോധം ജനിപ്പിക്കില്ല.

മതിഭ്രമത്തെ ദിവ്യപ്രവചനങ്ങളുമായി കൂട്ടിക്കലർത്താനുള്ള ശ്രമം ദിവ്യവെളിപാടിനെ കളങ്കപ്പെടുത്താൻ വേണ്ടിയുള്ള രോഗാതുരമായ മനസ്സിന്റെ ഒരു ശ്രമമാണ്. ദൈവപ്രവാചകൻമാരുടെ അനുഭവം അടിസ്ഥാനപരമായി മറ്റൊന്നാണ്. സത്യം, ജ്ഞാനം യുക്തി എന്നിവ അതിന്റെ പ്രത്യേകതകളാണ്. അവർ ഏറ്റുമുട്ടുന്ന ശത്രു സമൂഹം ഡോഗ്മയുടെയും വ്യാജത്തിന്റെയും അന്ധവിശ്വാസത്തിന്റെയും പ്രതീകമായി വർത്തിക്കുന്നു. പ്രവാചകൻമാരാൽ പ്രബോധനം

ചെയ്യപ്പെടുന്ന സന്ദേശം ശക്തമായ ധാർമ്മിക സംഹിതകളെ അടിസ്ഥാനമാക്കിയുള്ളതായിരിക്കും. അവർ ജ്ഞാനം നിശ്വസിക്കുകയും സാത്വികത പ്രേഷണം ചെയ്യുകയും ചെയ്യുന്നു. അവർ യുക്തിബോധത്തോടെ സംസാരിക്കുന്നു. അവർ യുക്തി, ധാർമികത, നീതി, സംയമനം, ധാരണാശക്തി, ദയ, സഹനം, സേവനം, ത്യാഗം എന്നിവയുടെ വക്താക്കളാണ്. മതിഭ്രമത്തിന്റെ ഭ്രാന്തമായ അവസ്ഥയിൽ ഒരാൾ പുറത്തേക്ക് വിടുന്ന സന്ദേശങ്ങൾ ഇത്തരത്തിലുള്ളതായിരിക്കുമോ? അവർ പറയുന്ന മാനസിക മതിഭ്രമം വല്ലാത്ത ഒന്നു തന്നെ! ഈ ആരോപണമുന്നയിക്കുന്നവർക്ക് ടെയ്ഫോയ് ഡോസെപ്റ്റിക് ഫീവറോ വന്ന് തങ്ങൾക്ക് തന്നെയുണ്ടാകുന്ന മതിഭ്രമാവസ്ഥയെ ഓർത്തിരുന്നെങ്കിൽ എന്നാഗ്രഹിക്കുന്നു. അത്തരത്തിൽ അവർക്കുണ്ടായ താളം തെറ്റിയ താൽക്കാലികമായ മതിഭ്രമാവസ്ഥയിൽ, വളരെ ഗൗരവത്തോടു കൂടി സ്വീകരിക്കപ്പെടേണ്ടതും കാലാതിവർത്തിയായി മാനവ സമൂഹത്തിനു നൽകപ്പെടുന്നതുമായ ജ്ഞാന നിർഭരമായ ഒരു ജീവിത സംഹിത ലബ്ധമാവുമെന്ന് അവർ എപ്പോഴെങ്കിലും ഓർത്തിട്ടുണ്ടോ?

ആരോഗ്യമുള്ള ഒരാളിൽ മതിഭ്രമാവസ്ഥയും യുക്തിബോധവും ഒരിക്കലും ഒന്നിച്ച് സഹവസിക്കില്ല. മതിഭ്രമം ആരോപിക്കുന്ന വ്യക്തികൾ തങ്ങളുടെ സ്വന്തം അനുഭവത്തിന്റെ വെളിച്ചത്തിൽ അക്കാര്യം ഒന്നു വിശദീകരിച്ചിരുന്നുവെങ്കിൽ എന്ന് ഞങ്ങൾ ആഗ്രഹിക്കുകയാണ്. മാനസികാരോഗ്യമുള്ള ഒരാൾ ഇടക്കിടെ തനിക്കുണ്ടാകുന്ന മനസ്സിന്റെ വിഭ്രമാത്മകമായ അവസ്ഥയിൽ അസാമാന്യമായി തികവുറ്റ ഒരു ജീവിത തത്ത്വശാസ്ത്രം ഗ്രഹിക്കുമോ? സോക്രട്ടീസ് പ്രകാശിപ്പിച്ച എല്ലാ ജ്ഞാനവും സാത്വികതയും യുക്തിയും വിശ്വാസവുമെല്ലാം അദ്ദേഹത്തിനുണ്ടായ വിഭ്രമാത്മകമായ ശ്രുതികളിൽ നിന്നാണെന്ന് ഗ്രന്ഥകർത്താവ് തന്റെ സ്വന്തം അനുഭവത്തിൽ നിന്ന് ഓർത്തു പറയുന്നതാണെന്ന് ഞങ്ങൾ കരുതട്ടെ! സോക്രട്ടീസിന്റെ വെളിപാടിലുള്ള വിശ്വാസം മതിഭ്രമത്തിന്റെ അടിസ്ഥാനത്തിൽ നിരാകരിക്കുകയാണെങ്കിൽ അദ്ദേഹത്തിന്റെ എല്ലാ ജീവിത തത്ത്വശാസ്ത്രങ്ങളും ജ്ഞാനവും അതേ നാണയത്തിൽ തന്നെ നിഷേധിക്കപ്പെടണം. അദ്ദേഹത്തിന്റെ യുക്തിബോധത്തെ മാത്രം അദ്ദേഹത്തിൽ നിന്നും വേർപെടുത്തുവാൻ സാധ്യമല്ല.

നാം സോക്രട്ടീസിനെ അദ്ദേഹത്തിന്റെ സാകല്യാവസ്ഥയിൽ സ്വീകരിക്കുന്നു. മഹത്ത്വം അദ്ദേഹത്തിന്റെ സ്വഭാവമായിരുന്നു. മഹത്ത്വം അദ്ദേഹത്തിന്റെ ദർശനമായിരുന്നു. മഹത്ത്വം അദ്ദേഹത്തിന്റെ ജീവിതമായിരുന്നു. അങ്ങനെയുള്ള ഒരാൾ ഒരിക്കലും മതിഭ്രമത്തിൽ വഞ്ചിതനാവുകയില്ല. അദ്ദേഹം ജനിച്ചപ്പോഴും, ജീവിച്ചിരുന്നപ്പോഴും ശാന്തി അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നു. സുസ്മേരവദനനായി മരണം വരിക്കുമ്പോഴും ശാന്തി അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ അനുയായികൾ തനിക്ക് ചുറ്റും നിന്ന് വിലപിക്കുകയും നിലവിളിക്കുകയും തേങ്ങിക്കരയുകയും ചെയ്തുകൊണ്ടിരുന്നപ്പോഴും മന്ദസ്മിതം പൊഴിച്ചു കൊണ്ട് അദ്ദേഹം മരണത്തെ കൈനീട്ടി വാങ്ങി. സോക്രട്ടീസിനെ പോലെ മഹിതവാനായ ഒരു മഹാത്മാവിന്റെ വേർപാട് ഏതൻസ് നഗരം ഇതിനു മുമ്പേ ഒരിക്കലും കണ്ടിട്ടില്ല.

അല്ലാഹു അദ്ദേഹത്തിൽ പ്രസാദിച്ചിരിക്കുന്നു! അല്ലാഹു അദ്ദേഹത്തിന് മേൽ അവന്റെ പ്രിയപ്പെട്ട അനുഗ്രഹങ്ങൾ ചൊരിയുമാറാകട്ടെ. അദ്ദേഹത്തിന്റെ ഘാതകർക്ക് ഗ്ലാനിയും ഭവിക്കട്ടെ. സോക്രട്ടീസിനെ പോലെ ഒരാളെ ഒരിക്കലും ഏതൻസ് നഗരം വീണ്ടും കാണാൻ പോകുന്നില്ല!


സോക്രട്ടീസിന്റെ അന്ത്യനിമിഷങ്ങൾ ചിത്രകാരന്റെ ഭാവനയിൽ

Reference


12. VLASTOS, G. (1991) *Socrates, Ironist and Moral Philosopher.* Cambridge University Press, Cambridge, p.168. 13. VLASTOS, G. (1991) *Socrates, Ironist and Moral Philosopher.* Cambridge University Press, Cambridge, p.169, 14. LASTOS, G. (1991) *Socrates, Ironist and Moral Philosopher.* Cambridge University Press, Cambridge, pp.170–171,15. VLASTOS, G. (1991) *Socrates, Ironist and Moral Philosopher.* Cambridge University Press, Cambridge, p. 173, 16. VLASTOS, G. (1991) *Socrates, Ironist and Moral Philosopher.* Cambridge University Press, Cambridge,p.174, 17VLASTOS, G. (1991) *Socrates, Ironist and Moral Philosopher.* Cambridge University Press, Cambridge, p .175, 18. JOWETT, B. (1989) *Plato, The Republic And Other Works.* Anchor Press, New York, p. 459, 19. JOWETT, B. (1989) *Plato, The Republic And Other Works.* Anchor Press, New York, pp.460–461, 20.JOWETT, B. (1989) *Plato, The Republic And Other Works.* Anchor Press, New York, p.462., 21. JOWETT, B. (1989) *Plato, The Republic And Other Works.* Anchor Press, New York, p.464

# യേശു വിവാഹിതനായിരുന്നോ?

മൗലാനാ ബി. അബ്ദുല്ലാഹ് സാഹിബ്. എച്. എ.

യേശു വിവാഹിതനായിരുന്നു എന്ന് തെളിയിച്ചുകൊണ്ട് കേരളത്തിലെ അഹ്മദിമിഷണറിയും മഹാപണ്ഡിതനുമായിരുന്ന ലേഖകൻ അറുപത്തൊമ്പത് വർഷങ്ങൾക്ക് മുമ്പ് സത്യദൂതനിൽ എഴുതിയ ലേഖനം പുനഃപ്രസിദ്ധീകരിക്കുന്നു

**യേ**ശു ക്രിസ്തു ( ഈസാ നബി) വിവാഹം ചെയ്തിരുന്നുവോ എന്ന ചോദ്യത്തിന്ന് 'ഉവ്വ്' എന്ന മറുപടി പറയുന്നത് വായനക്കാരിൽ പലർക്കും ആശ്ചര്യം ഉളവാക്കുന്നതായിരിക്കും. എന്തെന്നാൽ അനേകം നൂറ്റാണ്ടുകളായിട്ടു പൊതുവേ വിശ്വസിച്ചു വരുന്നത്, അദ്ദേഹം വിവാഹം ചെയ്തിട്ടില്ലെന്നാണ്. ക്രിസ്ത്യാനികൾ അദ്ദേഹത്തെ ദൈവമെന്ന് വിളിക്കുന്നത് കൊണ്ട് അദ്ദേഹത്തിന് വിവാഹം ആവശ്യമില്ലെന്നും അതിന് അദ്ദേഹം വിധേയനാകവതല്ലെന്നും അവർ കരുതിപ്പോന്നു. മുസ്‌ലിംകൾ വിശ്വസിക്കുന്നതാകട്ടെ അദ്ദേഹം ദൈവമല്ല, ദൈവത്താൽ നിയുക്തനായ ഒരു പ്രവാചകൻ മാത്രമാണെന്നും എന്നാൽ കുരിശു സംഭവാവസരത്തിൽ തന്റെ മുപ്പത്തിമൂന്നാമത്തെ വയസ്സിൽ അദ്ദേഹം വാനലോകത്തേക്ക് ഉയർത്തപ്പെട്ടിരിക്കകൊണ്ട് അദ്ദേഹത്തിന് വിവാഹത്തിനുള്ള സന്ദർഭവും സൗകര്യവും ഉണ്ടായിട്ടില്ലെന്നും ആകയാൽ അദ്ദേഹം തന്റെ പുനരാഗമനത്തിൽ വിവാഹം ചെയ്യുമെന്നും ആകുന്നു. ഈ രണ്ടു കൂട്ടരുടേയും വിശ്വാസങ്ങളെ മുൻനിർത്തി ക്രിസ്തുവിന്റെ വിവാഹത്തെക്കുറിച്ച് ഇവിടെ വിചിന്തനം ചെയ്യാം.

യേശു ക്രിസ്തു ഒരു സത്യാത്മാവും ദൈവത്തിന്റെ ഒരു വരിഷ്ഠ ദാസനും ഇസ്റായേല്യരുടെ ആത്മോദ്ധാരണാർഥം നിയുക്തനായ ഒരു ആത്മീയ ഗുരുവും ആയിരുന്നുവെന്നും എന്നാൽ അദ്ദേ ഹം ദൈവമോ ദൈവതുല്യ നോ ആയിരുന്നില്ല എന്ന വസ്തുത നിഷ്പക്ഷ നില യിൽ ബൈബിൾ വായിച്ചു നോക്കുന്ന ഏവർക്കും ഗ്രഹിക്കുവാൻ സാധിക്കു ന്നതാണ്. ഈ പരമാർഥം ഇന്ന് അനവധി ക്രിസ് തീയ പണ്ഡിതന്മാർ സമ്മതിക്കു ന്നുണ്ട്. മാത്രമല്ല ക്രിസ്തു മോശെ (മൂസാനബി) യുടെ ന്യായപ്രമാണം അനുസരിച്ച് ജീവിതം നയിച്ചയാളും ആ ന്യായ പ്രമാണത്തെ പ്രബലപ്പെടുത്തുന്നതിനും പ്രബോധിക്കുന്നതിനും വേണ്ടി ദൈവത്താൽ നിയോഗിതനാണെന്ന് കൂടി സുവിശേഷങ്ങളിൽ നിന്നും മനസ്സിലാകുന്നുണ്ട്. ആ സ്ഥിതിക്ക് അദ്ദേഹം വിവാഹം ചെയ്തിരുന്നുവെന്ന് പറയുന്നത് ആശ്ചര്യകരമായി വിചാരിപ്പാനില്ല.



മനുഷ്യരുടെ ആത്മോദ്ധാരണാർഥം ദൈവനി യുക്തരായ മതാ ചാര്യന്മാരും ആത്മഗുരുക്കന്മാരും എല്ലാം വിവാഹിതരായിരുന്നു എന്നത് ഒരു പരമാർഥമാണ്. ശ്രീകൃഷ്ണൻ, ശ്രീരാമൻ തുടങ്ങിയ മതപുരുഷന്മാർ മാത്രമല്ല, ബൈബിൾ പ്രസ്താവിക്കുന്ന മതപുരുഷന്മാരെല്ലാം വിവാഹം ചെയ്തവരായിരു ന്നു. ദൈവത്തിന്റെ വരിഷ്ഠ ദാസന്മാരും ദൈവത്തിൽ നിന്ന് വെളിപാട് സിദ്ധിച്ചവരും അവന്റെ സാമീപ്യവും പ്രേമവും കൊണ്ട് അനുഗൃഹീതരുമായ പ്രവാചകന്മാർ വിവാഹം ചെയ്തവരായിരുന്നുവെന്ന് തെളിയുന്ന സ്ഥിതിക്ക് യേശു ക്രിസ്തു വിവാഹിതനായിരുന്നുവെന്ന് പറയുന്നത് കൊണ്ട് അദ്ദേഹത്തിന്ന്

ദൈവവുമായു ള്ള പ്രേമബന്ധത്തിനോ അദ്ദേ ഹത്തിന്റെ ആത്മീയ സ്ഥാന ത്തിനോ യാതൊരു കളങ്കവും ഏൽക്കുന്നതല്ല. അദ്ദേഹം ഒരു മനുഷ്യ പ്രജയായി ജനിച്ചു ഇതര മനുഷ്യരെ പോലെ പാനാശനങ്ങൾ ചെയ്തും മറ്റാവശ്യങ്ങൾ നിവർത്തിച്ചും ക്രമപ്രവൃദ്ധം വളർന്നു വന്നയാളായി രുന്നു. അദ്ദേഹത്തിന്ന് ക്ഷീണം ബാധിക്കുകയും ക്ലേശങ്ങൾ അനുഭവപ്പെടുകയും പരുക്കേൽക്കുക യും ഒടുവിൽ അദ്ദേഹം കുരിശിൽ തറക്കപ്പെടുകയും അതിൽ വെച്ചു മൃതിയടയുകയും ചെയ്തുവെന്ന് ക്രിസ്തീയ സഹോദരങ്ങൾ വിശ്വസി ക്കുന്നു. ഇത്തരം അവസ്ഥകൾക്ക് വിധേയനായ ഒരാൾ വിവാഹം ചെയ്തു വെന്ന് കൂടി വരുന്നത് ആശ്ചര്യാവഹമല്ല. അത് അദ്ദേഹത്തിന്റെ സ്ഥാന മാഹാ ത്മ്യത്തിന് കളങ്കമാവുകയുമില്ല. ഇനി അദ്ദേഹത്തെ ദൈവമെന്നു സങ്കൽ പ്പിക്കുന്നതായാൽ ഏതൊരു ദൈവം ഈവിധം കാല പരിവർത്തനങ്ങ ൾക്കും ആപത്തു കൾക്കും വിധേയനായി തീർന്നിരുന്നുവോ ആ ദൈവത്തിന് വിവാഹം ആവശ്യമായി വന്നിരുന്നു എന്നത് ആശ്ചര്യകരമാണോ? യേശു ഒരു വശത്ത് ദൈവവും മറുവശത്ത് മനുഷ്യനും ആണെന്നും അദ്ദേഹം മുൻ പറഞ്ഞ അവസ്ഥകൾക്ക് വിധേയ മായിരുന്നു വെന്നത് തന്റെ മാനുഷിക നിലയനുസരിച്ചാണെന്ന് വല്ലവരും പറഞ്ഞിട്ടുണ്ടെങ്കിൽ അത് എത്രതന്നെ യുക്തിവിരുദ്ധമായ ഒരു വാദമായിരു ന്നാലും അദ്ദേഹം തന്റെ മാനുഷിക നിലയനുസരിച്ച് വിവാഹം ചെയ്തിരു ന്നുവെന്ന് തീർച്ചയായും പറയാവുന്ന താണ്. ഇതിന് പുറമെ മനുഷ്യന്റെ ഉൽകൃഷ്ടമായ പല ഗുണങ്ങളും വെളിപ്പെടുമാറാകുന്നത് അയാൾ ഭർത്താവും പിതാവും ആയിരിക്കുന്ന അവസ്ഥയിലാണുതാനും. ഒരാൾ ഉത്ത മനായ ഭർത്താവും പിതാവും ആയി ത്തീരുക എന്നത് അയാളുടെ ശ്രേഷ്ഠമായ ഗുണങ്ങളിൽ പെട്ടതാണ്. ആത്മ ഗുരുക്കന്മാർ മനുഷ്യർക്ക് ഉൽകൃഷ്ട മാതൃകയായിരിക്കകൊണ്ട് അവർ ഓരോരുത്തരും ഭർത്താവിന്റെയും പിതാവിന്റെയും നിലയിലും മറ്റുള്ളവർക്ക് മാതൃകകളായിരിക്കേണ്ടതാണ്. അല്ലെ ങ്കിൽ അവരുടെ ജീവിത മാതൃക അപൂർ ണമാണെന്ന് വരും. യേശു വിവാഹം ചെയ്തിട്ടില്ലെങ്കിൽ, അദ്ദേഹത്തിന് ഉത്തമമായ ഭർത്താവെന്ന നില പ്രാപി ക്കാനോ അതു വഴി അദ്ദേഹത്തിന്ന് ദാമ്പത്യജീവിതത്തിന്റെ മാതൃകയായി തീരുവാനോ സാദ്ധ്യമല്ല. ഈ നിലയിൽ നോക്കുമ്പോൾ അദ്ദേഹം വിവാഹം ചെയ്തിരുന്നുവെന്നത് അദ്ദേഹത്തിന്റെ സ്ഥാനമാഹാത്മ്യത്തിന് കളങ്കമാവുക യില്ല. മറിച്ച് അദ്ദേഹത്തിന്റെ ഉൽക്കൃഷ്ട ഗുണങ്ങളെ പ്രകാശിപ്പിക്കുന്നതിനും അദ്ദേഹത്തിന് ഒരു പൂർണ മാതൃക സ്ഥാപിക്കുന്നതിനും സഹായകമാവുക യാണ് ചെയ്യുക.

ദൈവത്തിൽ നിന്നുള്ള പ്രത്യേകാ നുഗ്രഹം ഇസ്റാഈല്യർക്കും പിന്നെ അവർ മുഖേന ക്രിസ്തീയ ലോകത്തിനും ലഭിക്കുവാൻ കാരണഭൂതരായ അബ്ര ഹാം (ഇബ്റാഹിം നബി (അ)) വിവാഹിതനാണെന്ന് മാത്രമല്ല ബഹു പത്നിമാരെ സ്വീകരിച്ചിരുന്നു. അപ്രകാരം തന്നെ ഇസ്റായേൽ വംശത്തിന്റെ ജനയിതാവായ യാക്കോബ് (യഅ്ക്കൂബ് നബി(അ)) വിവാഹിതനായിരുന്നുവെന്ന് മാത്രമല്ല ബഹുഭാര്യമാരുള്ള ആളുമായി രുന്നു. അപ്രകാരം തന്നെ ആർ മുഖേന ഇസ്റായേല്യർക്ക് ന്യായപ്രമാണം ലഭിച്ചുവോ ആരുടെ ന്യായപ്രമാണം പ്രബോധിക്കുന്നതിന്ന് യേശുക്രിസ്തു ആഗതനായിരുന്നുവോ ആ സത്യാത്മാ വായ മോശയും (മൂസാനബി (അ)) ബഹു ഭാര്യമാരുള്ള ആളായിരുന്നു. ഇവരെല്ലാം സന്മാർഗ ദർശനാർഥം ദൈവനിയുക്തരായ മഹാത്മാക്കന്മാരും ആത്മഗുരുക്കന്മാരും ദിവ്യ വെളിപാ ടുകളാൽ അനുഗൃഹീതരായവരും ആയിരുന്നു. വിവാഹം ചെയ്തു എന്ന് മാത്രമല്ല ഒന്നിലധികം ഭാര്യമാരെ സ്വീകരിച്ചത് കൊണ്ട് ഇവരുടെ ആത്മീ യതക്കും ദൈവവുമായുള്ള പ്രേമബന്ധ ത്തിനും യാതൊരു ഹാനിയും സംഭവിച്ചി ട്ടില്ലെങ്കിൽ പിന്നെ യേശു വിവാഹം ചെയ്തിരുന്നത് കൊണ്ട് അദ്ദേഹത്തിന്റെ ആത്മീയ നിലക്കും യാതൊരു ക്ഷതവു മേൽക്കുന്നതല്ല.

ചുരുക്കി പറഞ്ഞാൽ 'പഴയ നിയമം' പറഞ്ഞു തരുന്ന പ്രവാചകന്മാർ മിക്കവാറും എല്ലാവരും വിവാഹിതരാ യിരുന്നുവെന്ന് മാത്രമല്ല ബഹുപ ത്നിമാരെ സ്വീകരിച്ചവരുമായിരുന്നു. ആ വേദഗ്രന്ഥം മനുഷ്യർക്കു വിവാഹം ആവശ്യമാണെന്ന് മാത്രമല്ല പഠിപ്പിക്കു ന്നത് ബഹു ഭാര്യമാരെ സ്വീകരിക്കാമെന്നു കൂടി പഠിപ്പിക്കുന്നു. നോക്കുക. പുറപ്പാട് 22: 16,17 ആവർത്തനം 21: 10;13, 22: 28;29 2ാം ശാമുവേൽ 12: 7, 8 ഇങ്ങനെ ഒന്നിലധികം ഭാര്യമാരെ സ്വീകരിക്കാമെന്ന് പഠിപ്പിക്കുന്ന ന്യായ പ്രമാണത്തെയും പ്രവാചക ഗ്രന്ഥങ്ങളെയും സംബന്ധിച്ചു യേശു പറഞ്ഞിരിക്കുന്നത് ഇങ്ങനെയാണ്. ***'ഞാൻ ന്യായ പ്രമാണത്തേയും പ്രവാചകന്മാരെയും നീക്കേണ്ടതിന് വന്നു എന്ന് നിരൂപിക്കേണ്ട, നീക്കുവാന ല്ല നിവർത്തിപ്പാനത്രെ ഞാൻ വന്നത്. സത്യമായിട്ടും ഞാൻ നിങ്ങളോട് പറയുന്നു, ആകാശവും ഭൂമിയും ഒഴിഞ്ഞു പോകുംവരേക്കും സകലതും നിവർത്തിയാവോളം ന്യായ പ്രമാണ ത്തിന് ഒരു വള്ളിയോ പുള്ളിയോ ഒരു പ്രകാരത്തിലും ഒഴിഞ്ഞുപോകില്ല (മത്താ 5: 17, 18)*** പിന്നെയും അദ്ദേഹം പറയുന്നു: ***'ശാസ്ത്രിമാരും പരീശികളും മോശെ യുടെ പീഢത്തിലിരിക്കുന്നു. ആകയാൽ അവർ നിങ്ങളോട് പറയുന്ന തൊക്കെ യും, പ്രമാണിച്ചു ചെയ്യുവിൻ; അവരുടെ പ്രവർത്തികൾ പോലെ ചെയ്യരുത്താനും. അവർ പറയുന്നതല്ലാ തെചെയ്യുന്നില്ല ല്ലോ' (മത്താ 23:2,3)*** ഇങ്ങനെ യേശു താൻ ആഗതനായത് ന്യായപ്രമാണത്തെയും പ്രവാചക ന്മാരെയും നിവർത്തിപ്പാന ണെന്നു പറയുകയും ന്യായ പ്രമാണമ നുസരിച്ച് പ്രവർത്തിപ്പാൻ തന്റെ ശിഷ്യന്മാരോട് ഉപദേശിക്കുയും ചെയ്യു മ്പോൾ ആ ന്യായപ്രമാണത്തിന്റെ നിർദേശങ്ങൾക്കും പ്രവാചകന്മാരുടെ ജീവിത മാതൃകകൾക്കും എതിരായി ബഹുപത്നീ സ്വീകരണം പോകട്ടെ ഏകപത്നീ സ്വീകരണം പോലും പാടില്ലാത്തതാണെന്ന് അദ്ദേഹം ഉദ്ബോധിപ്പിച്ചിരിക്കുന്നുവെന്നോ ദാമ്പത്യ ജീവിതം ആത്മീയോന്നതിക്ക് ഹാനിക രമാണെന്നോ അദ്ദേഹം കരുതിയിരു ന്നുവെന്ന് ഒരിക്കലും കരുതാവതല്ല.

***'സ്ത്രീയെ തൊടാതിരിക്കുന്നത് മനുഷ്യനു നല്ലത്. എങ്കിലും വേശ്യാദോ ഷങ്ങൾ നിമിത്തം ഓരോരുത്തിക്കും താന്താന്റെ സ്വന്തം ഭർത്താവും ഓരോരുത്തനും താന്താന്റെ സ്വന്തം ഭാര്യയും ഉണ്ടായിരിക്കട്ടെ' (1) കോരിന്ത്യർ,7:1,2).*** എന്ന് പൗലൂസ് അപ്പോസ്തലൻ പറഞ്ഞിട്ടുണ്ടെങ്കിലും യേശുവിന്റെ അദ്ധ്യാപനം ഈ പ്രസ്താവനയെ ന്യായീകരിക്കുന്നില്ല. അ ദ്ദേഹം സ്ത്രീപുരുഷ ബന്ധത്തെക്കുറിച്ച് ഇങ്ങനെയാണ് പറയുന്നത്: ***ആദിയിൽ സൃഷ്ടിച്ചവൻ അവരെ ആണും പെണ്ണുമായി സൃഷ്ടിച്ചു എന്നും അതു നിമിത്തം മനുഷ്യൻ പിതാവിനെയും മാതാവിനെയും വിട്ട് തന്റെ ഭാര്യയോട് പറ്റി ച്ചേർന്നു വെന്നും ഇരുവരും ഒരു ജഢമായി തീരും എന്നു അവൻ പറഞ്ഞുവെന്നും നിങ്ങൾ വായിച്ചിട്ടില്ലേ? (മത്താ: 19:4,5)*** ഈ വചനം കൊണ്ട് അദ്ദേഹം മനസ്സിലാക്കിത്തരുന്നത്

ഈശ്വരൻ സ്ത്രീപുരുഷന്മാരെ സൃഷ്ടിച്ചിരിക്കുന്നത് അവർ ഭാര്യാഭർത്താക്കന്മാരായി ഒരു ജഡം പോലെ വർത്തിക്കേണ്ടതിനായിട്ടാകുന്നു. ഇങ്ങനെ ഈശ്വരേച്ഛ തന്നെ സ്ത്രീ പുരുഷന്മാർ ദാമ്പത്യ ജീവിതം വരിക്കേണമെന്നു വരുമ്പോൾ വൈവാഹിക ജീവിതം ആത്മീയതക്ക് നിരക്കാത്തതാണെന്നും അത് ദൈവസന്നിധിയിൽനിന്നും മനുഷ്യനെ അകറ്റിക്കളയുന്നതാണെന്നും കരുതുന്നത് ഒരു പ്രകാരത്തിൽ ദൈവദൂഷണമായി തീരുന്നു. എന്തെന്നാൽ അത് ദൈവനിശ്ചയം അനുസരിച്ച് മനുഷ്യൻ പ്രവർത്തിക്കുന്നത് ദൈവത്തിന് അഹിതകരമായിട്ടുള്ളതാണെന്ന് പറയുന്നതിന് തുല്ല്യമാണ്. അതുകൊണ്ടു തന്നെയാണ് ചിലപ്പോൾ വൈവാഹിക ജീവിതത്തിൽ നേരിടുന്ന കുഴപ്പങ്ങളെ അടിസ്ഥാന മാക്കി '***ഇങ്ങനെയെങ്കിൽ വിവാഹം ചെയ്യുന്നത് നന്നല്ല***' എന്ന് തന്റെ ശിഷ്യ രിൽ ചിലർ അഭിപ്രായപ്പെട്ടപ്പോൾ യേശു ഇപ്രകാരം പറയുകയുണ്ടായത്. '***വരം കിട്ടിയവരല്ലാതെ എല്ലാവരും ഈ വചനം കൈക്കൊള്ളുന്നില്ല. എന്തുകൊണ്ടെന്നാൽ അമ്മയുടെ ഗർഭത്തിൽ ഷണ്ഡന്മാരായി ജനിച്ചവരുണ്ട്. മനുഷ്യൻ ഷണ്ഡന്മാരാക്കിയ ഷണ്ഡന്മാരുമുണ്ട്, സ്വർഗരാജ്യം നിമിത്തം തങ്ങൾക്ക് തന്നെ ഷണ്ഡത്വം വരുത്തിയ ഷണ്ഡന്മാരു മുണ്ട്. സ്വീകരിപ്പാൻ കഴിയുന്നവർ സ്വീകരിക്കട്ടെ' (മത്തായി 19:11,12)*** ഈ വചനം മൂലം യേശു മനസ്സിലാക്കി ത്തരുന്നത്, (ഷണ്ഡന്മാർ നംപുംസ കന്മാർ) ആയിരിക്കകൊണ്ട് വിവാഹം ആവശ്യമില്ലാതായവർക്ക് അതിൽ ഏർപ്പെടാതിരിക്കാമെന്നല്ലാതെ അതിൽ നിന്നും അകന്നിരിക്കുക എന്നത് ഒരു പുണ്യമല്ല എന്നാകുന്നു. സ്വർഗരാജ്യം നിമിത്തം ഷണ്ഡന്മാരായവർ എന്ന് യേശു പറഞ്ഞിരിക്കുന്നത് സത്യാത്മാവായ അദ്ദേഹത്തെ സ്വീകരിക്കുക നിമിത്തം പലവിധത്തിലുള്ള ബുദ്ധിമുട്ടുകൾക്കും ലക്ഷീഭവിച്ചിരിക്കയാലോ ദൈവാലയ ത്തിലെ സേവനത്തിനായി ജീവിതം ഉഴിഞ്ഞു വെച്ചതിനാലോ വിവാഹബന്ധ ത്തിലേർപ്പെടാൻ നിവർത്തിയില്ലാതെ പോയവരെക്കുറിച്ചായിരിക്കാനേ തരമുള്ളു. അല്ലാത്ത പക്ഷം സ്ത്രീ പുരുഷന്മാരുടെ സൃഷ്ടിയുദ്ദ്യേശത്തെ ക്കുറിച്ചു അദ്ദേഹം തന്നെ പറഞ്ഞിട്ടു ള്ളതിൽ നിന്ന് ന്യായപ്രമാണത്തിലെ നിർദേശങ്ങൾക്കും അദ്ദേഹത്തിന് മുമ്പ് കഴിഞ്ഞ പ്രവാചകന്മാരുടെ ആചരണങ്ങൾക്കും വിരുദ്ധമായി തീരുന്നതാണ്. ചുരുക്കത്തിൽ വിവാഹം മനുഷ്യധർ മമാണെന്നും ആവശ്യത്തിന് ഒന്നിലധികം ഭാര്യമാർ പോലും ആകാമെന്നും പഴയ നിയമ ത്തിൽ വ്യക്തമാക്കുന്നതിന് നേർ വിപരീതമായിട്ടു യാതൊന്നും തന്നെ യേശു ക്രിസ്തു ഉപദേശിക്കുകയുണ്ടാ യിട്ടില്ല.

ഇനി യേശു വാസ്തവത്തിൽ വിവാഹിതനായിരുന്നിട്ടുണ്ടോ എന്നാണ് നാം ചിന്തിക്കേണ്ടിയിരിക്കുന്നത്. ക്രിസ്ത്യാനികൾ പൂർവകാലം മുതൽക്ക് തന്നെ യേശു വിവാഹം ചെയ്യാത്ത ആളാണെന്ന് വിശ്വസിച്ചു വരുന്നത് കൊണ്ട് അദ്ദേഹം വിവാഹം ചെയ്തിരുന്നതായി സ്പ്ഷടമായ തരത്തിൽ പ്രസ്താവിക്കുന്ന വാക്യങ്ങൾ സുവിശേഷങ്ങളിൽ കാണുക പ്രയാസമാകുന്നു. സുവിശേഷങ്ങളാകട്ടെ യേശുവിന്റെ 33 വയസ്സു വരെയുള്ള ജീവിതകാലത്തെ ഒരു സംക്ഷിപ്ത ചരിത്രമടങ്ങിയ അപ്പോസ്തലന്മാരുടെ കൃതികൾ മാത്രമാണെന്നേ ഏറിയാൽ പറയാൻ കഴിയൂ. എന്നു മാത്രമല്ല അവ മനുഷ്യ കയ്യേറ്റത്തിൽനിന്നും സുരക്ഷിതമായവയല്ലെന്നും അവ പ്രത്യക്ഷരം ദൈവവചനമല്ലെന്നു മുള്ളസംഗതി ക്രിസ്ത്രീയ പണ്ഡിതന്മാർ തന്നെ സമ്മതിച്ചിട്ടുള്ളതാണ്. അതുകൊണ്ട് യേശു വിവാഹം ചെയ്തിരുന്നുവെന്ന് വ്യക്തമായി പ്രസ്താവിക്കുന്ന വചനങ്ങൾ സുവിശേഷങ്ങളിൽ കാണുക പ്രയാസം തന്നെയാണ്. എങ്കിലും അവയിലടങ്ങിയ പല സംഭവവികാസങ്ങളിൽനിന്നും അദ്ദേഹം വിവാഹം ചെയ്തിരുന്നുവെന്ന് മാത്രമല്ല ഒന്നിലധികം ഭാര്യ മാരെ സ്വീകരിച്ചിരുന്നുവെന്നും മനസ്സിലാവുന്നു. മോർമൻകാർ എന്നറിയപ്പെടുന്ന ക്രിസ്തീയകക്ഷി യേശു വിവാഹിതനായിരുന്നുവെന്നും കുറഞ്ഞ പക്ഷം അദ്ദേഹത്തിന് മൂന്ന് ഭാര്യമാരുണ്ടായിരുന്നുവെന്നും സുവിശേഷങ്ങളിൽ നിന്നും മനസ്സിലാവുന്നു എന്നു വിശ്വസിക്കുകയും വാദിക്കുകയും ചെയ്യുന്നു. ഇക്കൂട്ടർ ഈ വിശ്വാസം നിമിത്തം അമേരിക്കയിൽ ബഹുഭൂരിപക്ഷക്കാരായ എതിരാളികളുടെ കൈയാൽ വളരെയേറെ പീഢനങ്ങളും ഹിംസകളും സഹിക്കേണ്ടി വന്നിട്ടുണ്ട്. അവർ തങ്ങളുടെ വി ശ്വാസം അനുസരിച്ച് ബഹുഭാര്യമാരെ സ്വീകരിച്ചു വന്നിരുന്നുവെങ്കിലും യു. എസ്സ് ഗവൺമെന്റ് നിയമനിർമാണത്തിനിടെ അവരുടെ ഈ ആവശ്യത്തെ തടഞ്ഞുവെക്കുകയാണുണ്ടായത്.

മോർമൻ കക്ഷി വാദിക്കുന്നത് പ്രകാരം മഗ്ദലനക്കാരി മറിയ, മാർത്ത മുതലായ ചില സ്ത്രീകൾക്കും യേശുവിനും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് സുവിശേഷങ്ങളിൽ കാണുന്ന പ്രസ്താവനയിൽ നിന്നും അവർ അദ്ദേഹത്തിന്റെ സഹധർമിണികളാണെന്ന് മനസ്സിലാക്കേണ്ടിയിരിക്കുന്നു. സുവിശേഷങ്ങളിലെ വിവരണം അവരുടെ ഈ വാദത്തെ ന്യായീകരിക്കുന്നു. കുരിശിൽ നിന്നും യേശുവിനെയെടുത്ത് കല്ലറയിൽ വെക്കുന്ന സംഭവത്തെ സുവിശേഷം ഇങ്ങനെ പറയുന്നു: ആഴ്ച്ച വട്ടത്തിൽ ഒ ന്നാം നാൾ മഗ്ദലനക്കാരി മറിയ രാത്രി ഇരുട്ടുള്ളപ്പോൾ തന്നെ കല്ലറക്കരികെ വന്നു കല്ലു നീങ്ങിപ്പോയതായി കാണുന്നു. ആകയാൽ അവൾ ഓടി ശീമോൻ പത്രോസ്സിന്റെയും യേശുവിന് പ്രിയനായ മറ്റെ ശിഷ്യന്റെയും അടുക്കൽ എത്തി. കർത്താവിനെ കല്ലറയിൽ നിന്നും എടുത്തുകൊണ്ടുപോയി അവനെ എവിടെവെച്ചു വെന്ന് ഞങ്ങൾ അറിയുന്നില്ല എന്ന് അവനോട് പറയുന്നു. അതുകൊണ്ട് പത്രോസും മറ്റെ ശിഷ്യനും പുറപ്പെട്ടു കല്ലറക്കൽ ചെന്നു. പിന്നെ ശിഷ്യന്മാർ തങ്ങളുടെ ഇടത്തേക്ക് മടങ്ങിപ്പോയി. എന്നാറെ മറിയ കല്ലറക്കൽ പുറത്തു കരഞ്ഞുകൊണ്ട് ഇരിക്കുന്നതു കാണുന്നു. അവർ അവളോട് സ്ത്രീയേ നീകരയുന്നതെന്ത്? എന്ന് പറയുന്നു. 'അവർ എന്റെ കർത്താവിനെ എടുത്തുകെണ്ട് പോയവനെ എവിടെ വെച്ചു എന്ന് ഞാൻ അറിയായ്കയാൽ തന്നെ.' എന്ന് അവൾ മറുപടി പറയുന്നു. ഇത് പറഞ്ഞു പിന്നോക്കം തിരിഞ്ഞു യേശു നിൽക്കുന്നത് കാണുന്നു എന്നാൽ യേശുവാകുന്നു എന്നവൾ അറിയുന്നില്ല. യേശു അവളോട്: സ്ത്രീയേ നീ കരയുന്നത് എന്ത്? ആരെ തിരയുന്നു? എന്ന് അവളോട് ചോദിക്കുന്നു. അവൻ തോട്ടക്കാരൻ എന്ന് അവൾ നിരൂപിച്ചിട്ട്, യജമാന! നീ അവനെ എടുത്തുകൊണ്ടു പോയി എങ്കിൽ അവനെ എവിടെ വെച്ചു എന്ന് പറയുക, ഞാൻ അവനെ എടുത്തുകൊണ്ടു പോയ് ക്കൊള്ളാം, എന്ന് അവനോട് പറയുന്നു. യേശു അവളോട് 'മറിയേ' എന്ന് പറയുന്നു. അവൾ തിരിഞ്ഞു അവനോട് എബ്രായ ഭാഷയിൽ ഗുരോ എന്നർത്ഥമുള്ള 'റബ്ബൂനീ' എന്ന് പറയുന്നു. യേശു അവളോട് പറയുന്നു: '***എന്നെ തൊടരുത് എന്തെന്നാൽ ഞാൻ ഇത് വരെ എന്റെ പിതാവിന്റെ അടുക്കൽ കരേറിയിട്ടില്ലല്ലോ. എങ്കിലും നീ എന്റെ സഹോദരന്മാരുടെ അടുക്കൽ ചെന്ന് എന്റെ പിതാവും നിങ്ങളുടെ പിതാവും എന്റെ ദൈവവും നിങ്ങളുടെ ദൈവവുമായവ ന്റെയടുക്കൽ***

***കരേറിപ്പോകുന്നു, എന്ന് അവരോട് പറയുക' (യോഹ്:20:1-17)*** കല്ലറയിൽ വെക്കപ്പെട്ട യേശുവിനെ സന്ദർശിക്കുന്നതിന് ഒരു സ്ത്രീയായ മറിയ പ്രഭാതത്തിൽ ഇരുട്ടുള്ളപ്പോൾ തന്നെ പുറപ്പെട്ടുപോകുകയും അദ്ദേഹത്തെ കല്ലറയിൽ തിരയുകയും കാണായ്കയാൽ കരഞ്ഞുകൊണ്ടിരിക്കുകയും അദ്ദേഹത്തെ കണ്ടുകിട്ടുന്ന പക്ഷം എടുത്തു തന്റെ കൂടെ കൊണ്ടു പോകാൻ ആഗ്രഹം പ്രകടിപ്പിക്കുകയും അങ്ങനെ മറ്റുശിഷ്യന്മാർക്കില്ലാത്ത ഒരു ബന്ധം അദ്ദേഹത്തിന്റെ നേർക്ക് വെളിപ്പെടുത്തുകയും ചെയ്തതായിട്ടാണ് മേപ്പടി തിരുവാക്യങ്ങളിൽ നിന്ന് വ്യക്തമാവുന്നത്. അദ്ദേഹത്തിന്റെ പുരുഷന്മാരായ ശിഷ്യന്മാർ പോലും വെറുതെ ഇരിക്കുമ്പോൾ ആ സ്ത്രീ ഏകാകിയായി ചെന്നു അദ്ദേഹത്തെ തേടി നടക്കുകയും അദ്ദേഹത്തെ ച്ചൊല്ലി കരയുകയും ചെയ്തതിൽ നിന്നും ഗുരു ശിഷ്യ ബന്ധത്തിനു പുറമെയുള്ള ഒരു പ്രത്യേക ബന്ധം ആ സത്രീക്ക് അദ്ദേഹവുമായിട്ടുണ്ട് എന്നു മനസ്സിലാവുന്നുണ്ട്. സ്ത്രീ പുരുഷന്മാർ തമ്മിലുള്ള പ്രത്യേക ബന്ധം ദാമ്പത്യബന്ധമല്ലാതെ മറ്റൊന്നുമായിരിക്കാവതല്ല. യേശുവിനു സ്ത്രീകളും പുരുഷന്മാരുമായി പലശിഷ്യന്മാരുമുണ്ടായിരുന്നു. എന്നാൽ വെളുക്കുന്നതിനു മുമ്പു ഇരുട്ടത്തു അദ്ദേഹത്തെ തേടി പുറപ്പെടുകയും അദ്ദേഹത്തെ കല്ലറയിൽ കാണായ്കയാൽ അങ്ങുമിങ്ങും അന്വേഷിച്ചു നടക്കുകയും അദ്ദേഹത്തെ വിചാരിച്ചു കരയുകയും ചെയ്തതു മഗ്ദലനക്കാരി മറിയയായിരുന്നു താനും. അവൾ തന്നെ തേടി നടക്കുന്നുവെന്നും അവൾക്കു തന്നെ മനസ്സിലായിട്ടില്ലെന്നും അറിഞ്ഞപ്പോൾ യേശു അവളോടു സ്ത്രീയേ, നീകരയുന്ന തെന്ത്? എന്നു പറയുകയും അവൾ അദ്ദേഹത്തെ മനസ്സിലാകാതെ തനിക്ക് തന്റെ കർത്താവിനെ കിട്ടിയിരുന്നുവെങ്കിൽ താൻ കൂടെ കൊണ്ടു പൊയ്ക്കൊള്ളാമെന്ന് അദ്ദേഹത്തോട് പറഞ്ഞപ്പോൾ അദ്ദേഹം അവളെ 'മറിയെ' എന്ന് വിളിക്കയും അത് കേട്ട ഉടനെ 'റബ്ബുനീ' എന്ന് അദ്ദേഹത്തെ സംബോധന ചെയ്യുകയും ചെയ്തു. ഇതിൽ നിന്നും മനസ്സിലാവുന്നത് മഗ്ദലനക്കാരി മറിയയും യേശുവും തമ്മിലുണ്ടായിരുന്ന ബന്ധം മോർമൻ ക്രിസ്ത്യാനികൾ പറയുന്നത് പോലെ ഭാര്യഭർത്തൃ ബന്ധം തന്നെയായിരുന്നു. ഇവിടെ മറിയ യേശുവിനെ കർത്താവേ എന്ന് വിളിച്ചതിനാൽ അദ്ദേഹം അവളുടെ ഭർത്താവല്ലെന്ന് വല്ലവരും പറയുന്നതായാൽ അത് സാധുവാകുന്നതല്ല. എന്തെന്നാൽ ഭർത്താവിനെ ഭാര്യ കർത്താവ് (Lord) എന്നും യജമാനൻ (Master) എന്നും വിളിക്കുക സാധാരണമായിരുന്നു. ഉദാഹരണമായി, സാറാ തന്റെ ഭർത്താവായ അബ്രഹാമിനെക്കുറിച്ചു ഇങ്ങനെ പറഞ്ഞിരിക്കുന്നു. 'ഞാൻ വൃദ്ധയും എന്റെ കർത്താവ് (Lord) വൃദ്ധനുമായ ശേഷം എനിക്ക് സുഖമുണ്ടോ?' (ഉൽപത്തി 18: 12) ഇതിൽ നിന്നും ഭാര്യ ഭർത്താവിനെ കർത്താവെന്ന് വിളിക്കുക്കാറുണ്ടെന്ന് വ്യക്തമാകുന്നു. മറ്റു ഭാഷകളിലും ഇത്തരം പ്രയോഗങ്ങൾ കാണാവുന്നതാണ്. ഗലീലിയയിലെ 'കാനാ' എന്ന സ്ഥലത്ത് വെച്ച് നടന്ന ഒരു വിവാഹാടിയന്തിരത്തെക്കുറിച്ച് യോഹന്നാൻ രണ്ടാം അധ്യായത്തിൽ വിവരിക്കപ്പെട്ടിട്ടുണ്ട്. ആ അടിയന്തിരത്തിൽ വീഞ്ഞുപോരാതെ വന്നപ്പോൾ യേശുവിനോട് യേശുവിന്റെ മാതാവ് അതിനെ പറ്റി പറയുകയും അവർ ശുശ്രൂകന്മാരോട് തന്റെ മകൻ കല്പ്പിക്കുന്നത് പ്രകാരം ചെയ്തു കൊൾവാൻ പറയുകയും ചെയ്തതിനെ വിവരിച്ചിട്ടു സുവിശേഷം ഇങ്ങനെ തുടരുന്നു : ***'വീഞ്ഞായി തീർന്ന വെള്ളം വിരുന്നു വാഴി രുചിച്ചുനോക്കിയാറെ ...മണവാളനെ വിളിച്ചു ഏതു മനുഷ്യനും മുമ്പേ നല്ലവീഞ്ഞും ലഹരി പിടിച്ച ശേഷം ഇളപ്പമായതും വെക്കുമാറുണ്ട്. നീ നല്ല വീഞ്ഞു ഇതുവരേയും സംഗ്രഹിച്ചുവല്ലോ എന്ന് അവനോട് പറയുന്നു. യേശു ഇതിനെ അടയാളങ്ങളുടെ ആരംഭമായി ഗലീലിയിലെ കാനായിൽ ചെയ്ത തന്റെ മഹത്വത്തെ വെളിപ്പെടുത്തി' (യോഹ: 2:9-11)*** ഈ വിവരണത്തിൽ നിന്നും പ്രസ്തുത കല്ല്യാണാടിയന്തിരം യേശുവിന്റെതാണെന്ന് മനസ്സിലാക്കാവുന്നതാണ്. ഒന്നാമത് അതിഥികൾക്ക് വീഞ്ഞു പോരാതെ വന്നപ്പോൾ യേശുവിന്റെ മാതാവാണ് അതിനെക്കുറിച്ച് മകനോട് പറഞ്ഞത്. അതദ്ദേഹത്തിന്റെ സ്വന്തം വിവാഹാടിയന്തിരമല്ലെന്നും മറിയയും മകനും അതിൽ അതിഥികളാണെന്ന നിലയിൽ പങ്കെടുത്തതാണെന്ന് വരുകിൽ, ഒരു അതിഥി മാത്രമായ മറിയക്ക് അതിഥികളുടെ കാര്യം ഇപ്രകാരം ശ്രദ്ധിക്കുകയും അവരുടെ ആവശ്യമറിഞ്ഞു ഏർപ്പാടു ചെയ്യുകയും ചെയ്യേണ്ടതില്ല തന്നെ. രണ്ടാമതായി അവിടുത്തെ ശുശ്രൂകരോട് തന്റെ മകൻ കല്പ്പിക്കുന്നത് പ്രകാരം പ്രവർത്തിപ്പാനാണ് നിർദേശിച്ചിരിക്കുന്നത്. മറ്റാരുടെയെങ്കിലും വിവാഹാടിയന്തിരമാണെന്ന് വരുകിൽ, അവിടെയുള്ള ശുശ്രൂകന്മാർ യേശു പറയുന്നത് പ്രകാരം പ്രവർത്തിച്ചു കൊള്ളണമെന്ന് അവരോട് പറയാൻ അദ്ദേഹത്തിന്റെ മാതാവിന്ന് അധികാരവും അവകാശവും ഇല്ലതന്നെ. മൂന്നാമത് വെള്ളം കൊണ്ട് വീഞ്ഞാക്കിയത് യേശു വായിരിക്കേ നല്ല വീഞ്ഞു ആദ്യം കൊടുക്കാതിരിക്കെ പിറകേക്ക് സൂക്ഷിച്ചു വെക്കുന്നതിനെക്കുറിച്ച് വിരുന്നുവായി മണവാളനോട് പറഞ്ഞതായി പ്രസ്താവിച്ചിരിക്കുന്നത് ന്യായമാകണമെങ്കിൽ യേശു തന്നെ മണവാളനായിരിക്കേണ്ടതാണ്. ഇങ്ങനെ കാനായിലെ വിവാഹാടിയന്തിരത്തെ കുറിച്ച് സുവിശേഷത്തിൽ കാണപ്പെടുന്ന വിവരണം സസൂക്ഷ്മം പരി ശോധിക്കുമ്പോൾ അത് യേശുവിന്റെ കല്ല്യാണമല്ലാതെ മറ്റാരുരേയും ആവാതിരിക്കവതല്ലെന്ന് മനസ്സിലാവുന്നു.

ഇതിനും പുറമേ മോർമൻകാർ മാർത്താ എന്ന സ്ത്രീ യേശുവിന്റെ മറ്റൊരു ഭാര്യയായിരുന്നു വെന്നാണ് പറയുന്നത്. ലൂക്കോസ് 10-ാം അദ്ധ്യായം 38 മുതൽ 42 വരെയുള്ള വചനങ്ങളിലും യോഹാന്നൻ 11-ാം അദ്ധ്യായത്തിലും കാണുന്ന മാർത്തയെ സംബന്ധിച്ച വിവരണം ഈ അഭിപ്രായത്തെ ന്യായീകരിക്കുന്നതാണ്. സുവിശേഷങ്ങളിലെ ഈ പ്രസ്താവനകളിൽ നിന്നും യേശു വിവാഹിതനായിരുന്നുവെന്ന് മാത്രമല്ല ബഹുപത്നിമാരുള്ള ആളായിരുന്നു വെന്നും മനസ്സിലാകുന്നുണ്ട്. പൂർവകാലത്തെ ക്രിസ്ത്യാനികൾ ഈ അഭിപ്രായക്കാരല്ലാത്തവരായിരുന്നത് കൊണ്ട് സുവിശേഷങ്ങളിൽ നിന്ന് ഈ വിഷയകമായി കൂടുതൽ തെളിവ് ലഭിക്കാത്തതിൽ ആശ്ചര്യപ്പെടാനില്ല. എന്നാൽ നിഷ്പക്ഷ നിലയിൽ ചിന്തിക്കുന്ന ഒരാൾക്ക് ഇത്രയും സംഗതികളാൽ തന്നെ, കുറഞ്ഞപക്ഷം യേശുവിന്റെ വിവാഹത്തെക്കുറിച്ച് സുവിശേഷങ്ങൾ സൂചിപ്പിക്കുന്നുണ്ടെന്ന് മനസ്സിലാക്കാവുന്നതാണ്. ആ മഹാത്മാവ് മുസ്ലിംകൾ വിശ്വസിക്കുന്നത് പ്രകാരം 33-ാമത്തെ വയസ്സിൽ ആ കാശത്തേക്ക് കയറിപ്പോയതല്ല. ഇസ്റായേല്യർ അധിവസിച്ചിരുന്ന പൂർവദേശങ്ങളിൽ സഞ്ചരിച്ച് മത പ്രബോധനം ചെയ്തു കൊണ്ട് 120 വയസ്സ് വരെ ജീവിച്ചിരിക്കയാണ് ചെയ്തത്. ആകയാൽ അദ്ദേഹത്തിന് വിവാഹം ചെയ്യുവാനുള്ള അവസരവും സൗകര്യവും ഉണ്ടായിരുന്നില്ലെന്ന് മുസ്ലിംകൾ പറയുന്നത് അബദ്ധമാണ്.


(സമ്പാ: പി. ബി. മുഹമ്മദ്, പഴയങ്ങാടി )



ജൂതജനതയും ആധുനിക കാലവും - 7

# യഹൂദ വിമോചനവും ഫ്രഞ്ച് വിപ്ലവവും

എ. എം മുഹമ്മദ് സലീം



ബാസ്റ്റൻ കോട്ട പിടിച്ചടക്കുന്നു


**മതാധിഷ്ഠിതമായിരുന്ന യൂറോപ്യൻ സമൂഹത്തിൽ രക്തരൂക്ഷിതമായ ഫ്രഞ്ച് വിപ്ലവത്തോടെ മതേതരവത്ക്കരണം ആരംഭിച്ചു. മതപരിഗണനകൾക്ക തീതമായി പൗരൻ എന്ന നിലക്കുള്ള അവകാശങ്ങൾ പുനർനിർവ്വചിക്കപ്പെട്ടു. അതോടെ യഹൂദരുടെ വിമോചനത്തിനും തുടക്കംകുറിച്ചു.**

**അ**തിരു കടന്ന വംശാഭിമാനത്തിന്റെയും ഗോത്രീയതയുടെയും ചട്ടക്കൂട്ടിൽ നിർമിച്ച യഹൂദ ജനതയുടെ ദേശീയ സംസ്ക്കാരം യാതൊരുവിധ ആത്മീയ പരിഷ്ക്കരണങ്ങൾക്കും വിധേയമായില്ല. കാരണം പിന്നീട് ദൈവത്തിൽ നിന്നും വന്ന ആത്മീയ സരണിയെ ഇന്ന് കാണുന്ന യഹൂദർ നിഷേധിക്കുകയാണുണ്ടായത്. അവരുടെ ഗോത്ര മസീഹായി വന്ന യേശുവിനെയോ സാർവജനീന ദൂതുമായി വന്ന മുഹമ്മദ് നബി (സ)യെയോ അദ്ദേഹത്തിന്റെ മസീഹായി വന്ന ഹദ്റത്ത് അഹ്മദിനെ(അ)യോ യഹൂദർ സ്വീകരിച്ചില്ല. അവരുടെ സങ്കുചിതമായ സ്വത്വ ബോധവും ഭൗതികതയോടുള്ള ആസക്തിയും സാർവദേശീയമായ ഒരു ജീവിതവീക്ഷണം വളർത്തിയെടുക്കാനോ ഏതൊരു രാജ്യത്തെയും പൊതുജനങ്ങളുടെ മുഖ്യധാരയിൽ ഇടപഴകുന്നതിനും വിഘാതമായി നിന്നു. അതു കൊണ്ടു തന്നെ അന്തർമുഖത്വവും ഉൾവലിയാനുള്ള പ്രേരണയും ഉള്ള ഒരു പ്രാന്തവത്കൃത സമൂഹമായാണ് യഹൂദർ ജീവിച്ചത്. യൂറോപ്പിലും ഏഷ്യയിലും സ്വയം അടച്ചുപൂട്ടിയ കൂട്ടപാർപ്പ് കേന്ദ്രങ്ങളായ ഗട്ടോക(Ghetto)ളിൽ അവർ ദൈന്യതയാർന്ന ജീവിതമാണ് നയിച്ചത്. ജൂത കേന്ദ്രങ്ങൾ (Jewish quarter), ജൂതത്തെരുവ് (Jewish Street) എന്നെല്ലാമുള്ള പേരുകളിൽ അതിന്റെ അവശിഷ്ടങ്ങൾ യൂറോപ്പിലും ഏഷ്യൻ നഗരങ്ങളിലും ഇപ്പോഴും കാണാം. ഈ വേർപ്പെട്ട ജീവിതം ഏറെക്കുറെ അവരുടെ തന്നെ ഒരു സ്വയം സൃഷ്ടിയായിരുന്നു. തങ്ങൾ തിരഞ്ഞെടുക്കപ്പെട്ട ഒരു പ്രവര സമുദാമാണെന്ന മിഥ്യാ ഗോത്രാഭിമാനവും യൂറോപ്പിൽ ക്രിസ്ത്യാനികൾ യഹൂദരെ അകറ്റപ്പെട്ട ഒരു ജനതയായി കണക്കാക്കിയിരുന്നതിനാലുമാണ് ഇത്തരത്തിലുള്ള അകൽച്ചയുണ്ടായത്. യഹൂദർക്കെതിരെ വൻ കലാപങ്ങൾ അരങ്ങേറുന്ന പോഗ്രോം( Pogrom) ആന്റിസെമിറ്റിസം (Anti Semitism) എന്നീ പേരിലറിയപ്പെടുന്ന പ്രതിഭാസങ്ങൾ അരങ്ങേറുന്ന ഘട്ടങ്ങളിൽ പുറത്തു നിന്നുള്ള ആക്രമണങ്ങൾ ചെറുക്കാനും അതുപോലെ ക്രിസ്മസ്സ്, ഈസ്റ്റർ എന്നീ ക്രിസ്തീയ ആഘോഷങ്ങൾ വരുമ്പോൾ യഹൂദികൾ പുറത്ത് പോകാതിരിക്കാനും ജൂതന്മാരുടെ

അധിവാസ കേന്ദ്രങ്ങളിൽ മിക്കയിടത്തും ചുറ്റുമതിലും തെരുവുകൾക്ക് വാതിലുകളുമുണ്ടായിരുന്നു.

ഇത് സംബന്ധിച്ച് വിശുദ്ധ ഖുർആനിലെ ഒരു വചനം വളരെ ശ്രദ്ധേയമാണ്, **'അവർ എവിടെയായിരുന്നാലും നിന്ദ്യത അവരിൽ മുദ്രിതമായിരിക്കുന്നു. അല്ലാഹുവിൽ നിന്നോ മനുഷ്യരിൽ നിന്നോയുള്ള (സംരക്ഷണ) ഉടമ്പടി മുഖേനയല്ലാതെ (അവർക്ക് ഇതിൽ നിന്നും മോചനമില്ല.)** (3: 113) ഇതിൽ ഒന്നാമത്തെ മോചനമാർഗം ദൈവത്തിൽ നിന്നുമുള്ള പ്രവാചകന്മാരെ സ്വീകരിക്കലായിരുന്നു. അത് അവരുടെ ഭാഗത്ത് നിന്നുമുണ്ടായില്ല. രണ്ടാമത്തെ മാർഗം മനുഷ്യരിൽ നിന്നുമുള്ള അഥവാ ജനങ്ങളിൽ നിന്നുമുള്ള ഉടമ്പടിയാണ്. യൂറോപ്പിൽ നവോത്ഥാനത്തിന് സമാന്തരമായുണ്ടായ ഹസ്ക്കലാത്ത് പതുക്കെ ജനങ്ങളുടെ മുഖ്യധാരയിലേക്ക് കൊണ്ടുവരുവാൻ യഹൂദരെ പ്രാപ്തരാക്കി. രണ്ട് നൂറ്റാണ്ടുകൾക്ക് മുമ്പ് മാത്രമാണ് അവരിൽ ഖുർആൻ പറഞ്ഞ ഈ പ്രതിഭാസം ദൃശ്യമായത്. ജനകളുമാ യുണ്ടായ ഐക്യദാർഢ്യത്തിന്റെയും കരാറുകളുടെയും അടിസ്ഥാനത്തിലുള്ള യഹൂദ വിമോചന പ്രക്രിയ ആരംഭിച്ചത് രക്തരൂക്ഷിതമായ ഫ്രഞ്ച് വിപ്ലവത്തോടെയായിരുന്നു.

ഫ്രാൻസിൽ ക്രിസ്തുവിന് മുമ്പ് നാലാം നൂറ്റാണ്ടിൽ തന്നെ യഹൂദർ അധിവാസമുറപ്പിച്ചതായി വിശ്വസിക്കപ്പെടുന്നു. ഇന്ന് യൂറോപ്പിൽ ഏറ്റവും കൂടുതൽ യഹൂദരുള്ള രാജ്യം ഫ്രാൻസ് ആണ്. ഇസ്റായേലും അമേരിക്കയും കഴിഞ്ഞാൽ യഹൂദർ അധികമുള്ള രാജ്യവും ഫ്രാൻസ് ആണ്. എ.ഡി 1394ൽ ഫ്രാൻസിലെ മൂന്ന് ജില്ലകളിലൊഴികെ അതിന്റെ എല്ലാ ജില്ലകളിൽനിന്നും യഹൂദരെ പുറത്താക്കി യിരുന്നു. മൂന്ന് ജില്ലകളിൽ അവർ നിയമ പ്രകാരം ജീവിച്ചു. അതിൽ അവി ഗോൺ ജില്ല 14-ാം നൂറ്റാണ്ടുമുതൽ 1789 ലെ ഫ്രഞ്ച് വിപ്ലവം വരെ പോപ്പിന്റെ കീഴിലായിരുന്നു. വിപ്ലവത്തിന് ശേഷമാണ് ഫ്രാൻസിനോട് ചേർക്കപ്പെട്ടത്. അൽസാസ് ജില്ലയും ലോറെയ്ൻ ജില്ലയും മൂന്ന് ദശവത്സരയുദ്ധത്തിന് ശേഷം ഫ്രാൻസിനോട് കൂട്ടിചേർക്കപ്പെട്ടതാണ്. ഈ ജില്ലയിൽ യഹൂദികളുണ്ടായിരുന്നു. 16-ാം നൂറ്റാണ്ടിൽ സ്പെയിനിൽ നിന്നും അടിച്ചോടിച്ച മറോനോ ജൂതന്മാരാണ് ഇവിടെ താമസിച്ചിരുന്നത്. പ്യാരീസിലും



വോൾട്ടയർ

മറ്റുമുണ്ടായിരുന്ന ജൂതന്മാർക്ക് യാതൊരു സിവിൽ അവകാശങ്ങളും ഉണ്ടായിരുന്നില്ല.ഫ്രാൻസിൽ വിപ്ലവം പൊട്ടിപ്പുറപ്പെടുന്നതിന് തൊട്ട് മുമ്പ് 1789 ൽ ജൂതജനസംഖ്യ 33500 ആയിരുന്നു. അതിൽ 3500 ഓളം പേർ സെഫാർദ് ജൂതന്മാരായിരുന്നു. അവർ തെക്കൻ ഫ്രാൻസിലാണ് അധിവസിച്ചിരുന്നത്. ബാക്കി 30000 പേർ അസ്ക്കിനാസി ജൂതരാണ്. അവർ കിഴക്കൻ ഫ്രാൻസിലായിരുന്നു താമസിച്ചത്.1 സമത്വം, സ്വാതന്ത്ര്യം, സാഹോദര്യം എന്നീ പ്രമാണത്രയങ്ങളിലൂന്നിയ ഫ്രഞ്ചു വിപ്ലവത്തിന്റെ സ്ഫോടക ശക്തിയിൽ അസമത്വത്തിന്റെയും അസ്വാതന്ത്ര്യത്തിന്റേയും ചങ്ങലകൾ പൊട്ടിച്ചിതറി. മതപരമായ കാരണത്താൽ അസ്പൃശ്യതയുടെയും അധ:സ്ഥിതത്വത്തിന്റെയും അടിമ ചങ്ങലകളിൽ ബന്ധനസ്ഥരായ യഹൂദികൾ ഫ്രഞ്ച് വിപ്ലവത്തോടെ സ്വതന്ത്ര പൗരന്മാ രായി മാറുകയാണുണ്ടായത്.

യൂറോപ്യൻ നവോത്ഥാനത്തിൽ നിന്ന് ആർജിച്ച ധൈഷണിക പ്രബു ദ്ധതയും യുക്തി ബോധവും വിപ്ലവാ വേശവും ഫ്രാൻസിലെ പ്രക്ഷുബ്ധ സമൂഹത്തിൽ ചോരപ്പൂക്കൾ വിരി യിച്ചു കൊണ്ടാണ് പുഷ്ക്കലമായത്. അക്കാലത്ത് ഫ്രഞ്ച് സമൂഹം രാജാ വിന് കീഴിൽ മൂന്ന് വിഭാഗങ്ങ ളായിട്ടാണ് അഥവാ എസ്റ്റേറ്റുകളായിട്ടാണ് വിഭജിതമായിരിക്കുന്നത്. ഒന്നാമത്തെ എസ്റ്റേറ്റ് ഒന്നര ലക്ഷത്തോളം വരുന്ന വൈദികരായിരുന്നു. ഇവരായിരുന്നു സമൂഹത്തിലെ ഏറ്റ വും പ്രവര വർഗം സമൂഹത്തിന്റെ മുഴുവൻ വെറുപ്പും വിദ്വേഷവും ആർജിച്ച പുരോഹിതന്മാർ സന്മാ ർഗ ദീക്ഷയില്ലാത്ത കടുത്ത ചൂഷകരായിരുന്നു. രണ്ടാമത്തെ എസ്റ്റേറ്റ് വൈദികരോട് തദാത്മ്യം പ്രാപിച്ച പ്രഭു വർഗമായിരുന്നു. മൂന്നാമത്തേ എസ്റ്റേറ്റ് മേൽ പറഞ്ഞ രണ്ട് വിഭാഗ ങ്ങളേയും തീറ്റിപോറ്റാൻ വിധിക്കപ്പെട്ട പട്ടിണിക്കാരായ സാധാര ണക്കാരായിരുന്നു. ഇവരായിരുന്നു ബഹുഭൂരിപക്ഷം. ഇങ്ങനെ ലൂയി പതിനാലാമന് കീഴിൽ ഫ്രഞ്ച് ജനത വീർപ്പ് മുട്ടികഴിയുകയായിരുന്നു.

മതാധിഷ്ഠിതമായ ഫ്രഞ്ചു സമൂഹഘടനയെ തകിടം മറിച്ച ഫ്രഞ്ച് വിപ്ലവത്തിന് ക്ഷിപ്രസംവേദികളായ തത്ത്വജ്ഞാനികളും മനുഷ്യ സ്നേഹികളായ ചിന്തകന്മാരുമാണ് നേതൃത്വം നൽകിയത്. അതിൽ പ്രധാനികളായിരുന്നവർ ജീൻ ജാക്വിസ് റൂസ്സോ, ഫ്റാങ്കോയിസ് വോൾട്ടയർ, മൊണ്ട്സ്ക്യൂ മുതലായവരാണ്. ക്രിസ്തുമതത്തോടും സഭയോടും വിട്ടു വീഴ്ച്ചയില്ലാത്ത എതിർപ്പായിരുന്നു ഈ മതേതര ചിന്തകന്മാരുടെ പൊതുവേ യുള്ള നിലപാട്. *'മനുഷ്യൻ സ്വതന്ത്ര നായി ജനിക്കുന്നു പക്ഷേ എല്ലായിട ത്തും അവൻ ചങ്ങലകളിൽ ബന്ധനസ്ഥനാണ്'* എന്ന സമുജ്ജ്വലമായ വിപ്ലവ വചനം ഉരുവിട്ടു കൊണ്ടാണ് റൂസ്സോ യൂറോപ്പിന്റെ ചിന്താമണ്ഡ ലത്തിൽ ഉദിച്ചുയർന്നത്. റൂസ്സോ എഴുതിയ സാമൂഹ്യക്കരാർ (Social Contact) യൂറോപ്പിന്റെ രാഷ്ട്രീയ ഘടനയേയും വ്യക്തിയുടെ പൗര സങ്കൽപ്പത്തേയും ആകെ പൊളിച്ചെ ഴുതി. സാമൂഹ്യക്കരാർ സിദ്ധാന്ത പ്രകാരം വ്യക്തികൾ അവരുടെ അവകാശങ്ങൾ സമൂഹത്തിന് അടിയറവ് വെക്കുന്നതോടെ സമൂഹം ഒരുപരമാധികാരിയാവുന്നു. വ്യക്തിയുടെ ത്യാഗത്തിലൂടെ സമൂഹത്തിന് ലഭിക്കുന്ന പരമാധികാര ത്തിൽ പങ്കുചേരാൻ വ്യക്തിക്കും അവകാശമുണ്ട്. വ്യക്തിയും സമൂഹവു മായുള്ള ഈ സാമൂഹ്യക്കരാറിലൂ ടെയാണ് ജനകീയ പരമാധികാരം ഉണ്ടാവുന്നത്. ആ കാലഘട്ടത്തിലെ രാജാക്കന്മാരും ക്രിസ്തു സഭയും ചേർന്ന ഭരണം ദൈവദത്തവും ചോദ്യം ചെയ്യപ്പെടാൻ പാടില്ലാത്ത തുമാണെന്നായിരുന്നു സങ്കൽപ്പം. ഈ ഭരണത്തിനു കീഴിൽ വീർപ്പ് മുട്ടിയ ഫ്രഞ്ച് ജനത സാമൂഹ്യകരാർ സിദ്ധാന്തത്തെ സ്വാഗതം ചെയ്തു. യൂറോപ്യൻ സമൂഹത്തിൽ മതപരമായ പക്ഷപാതിത്വത്തിന്റെ പേരിലുള്ള പ്രസ്തുത ഭരണ ക്രമം കൊണ്ട് ഏറ്റവും

കൂടുതൽ പീഡനമനുഭവിച്ചത് യഹൂദരായിരുന്നു. അതിനാൽ ഇത്തരം സെക്കുലർ ചിന്തകളെ യഹൂദർ ഹൃദയാത്മനാ സ്വാഗതം ചെയ്തുവെന്ന് പറയേണ്ടതില്ലല്ലോ. റൂസ്സോ യഹൂദികളോട് അനുഭാവ പൂർണമായ സമീപനമായിരുന്നു സ്വീകരിച്ചിരുന്നത്. എന്നാൽ ഫ്രഞ്ച് വിപ്ലവാചാര്യന്മാരുടെ നേതൃത്വ നിരയിൽ ഉണ്ടായിരുന്ന വോൾട്ടയർ യഹൂദികളുടെ തുല്യ പൗരത്വത്തിന് വേണ്ടി വാദിച്ചിരുന്നുവെങ്കിലും യഹൂദികളുമായി സാമ്പത്തിക ഇടപാട് നടത്തിയ വോൾട്ടയർ ഒരു കടുത്ത യഹൂദ വിരോധി തന്നെയായി തുടർന്നതായി വിൽഡ്യൂറന്റ തന്റെ വിശ്വ പ്രശസ്തമായ Story of Civilisation എന്ന ബൃഹദ് ഗ്രന്ഥത്തിൽ പറയുന്നു(പേജ്. 630).2 സ്വകാര്യ ദേശീയത പുലർത്തുന്ന ജനത, കൊള്ളക്കാരുടെ ജനത, ക്രൂരരും കാട്ടു നിയമങ്ങൾ കൊണ്ടു നടക്കുന്നവരുമായ മതകീയ ജനത, മനുഷ്യ വംശത്തിനെതിരായ കുറ്റകൃത്യങ്ങളുടെ കലവറ എന്നൊ ക്കെയുള്ള രൂക്ഷമായ പദപ്രയോഗ ങ്ങളിലൂടെ ഫ്രഞ്ച് വിപ്ലാവാചാര്യനായ വോൾട്ടയർ യഹൂദ ജനതയെ വിമർശിച്ചിട്ടുണ്ട് . തന്റെ കൃതികളിലെ നിന്ദാകരമായ പരാമർശങ്ങൾ ഒരു എഴുത്തുകാരൻ ചൂണ്ടിക്കാണി ച്ചപ്പോൾ താൻ അത്തരം പരാമർശ ങ്ങൾ പുതിയ പതിപ്പുകളിൽ മാറ്റുന്നത ാണെന്ന്, Dictionary Philosphique എന്ന ഗ്രന്ഥത്തിൽ അദ്ദേഹം പറയുന്നുണ്ടെങ്കിലും പിന്നീടുള്ള പതിപ്പുകളിൽ ആ പരാമർശങ്ങൾ അതേപടി തുടരുകയാണുണ്ടായത്. വേൾട്ടയരുടെ ഈ നിലപാടിൽ മിക്ക ഫ്രഞ്ച് തത്വചിന്തകന്മാരും വിയോജിപ്പ് പ്രകടിപ്പിച്ചതായും വിൽ ഡ്യൂറന്റ പറയുന്നുണ്ട്.

വിപ്ലവ സാഹിത്യങ്ങളുടെ സ്വാധീനത്താൽ മതരംഗത്തും പുതിയ ചിന്താ ചലനങ്ങളുണ്ടായി. മതത്തെയും ചരിത്രത്തേയും നിഷ്പക്ഷബുദ്ധ്യായുക്തി ബോധത്തോടെ പഠിക്കാനുള്ള സെക്കുലർ സംരംഭങ്ങളുണ്ടായി. ബൈബിൾ പഠനങ്ങളിൽ യേശു പരീശികളായ യഹൂദരെയാണ് വെറുത്തിരുന്നതെന്നും ബൈബിൾ പഴയ നിയമത്തിലെ നിയമാധിഷ്ഠിത യഹൂദ ജീവിതത്തോട് പ്രതിബദ്ധത പുലർത്തിയ ആളായിരുന്നു യേശു എന്നതിന് ഊന്നൽ നൽകപ്പെട്ടു. യേശുവിന്റെ



ലൂയി പതിനാലാമൻ


ജൂതായിസത്തിന്റെ പ്രകീർത്തനങ്ങൾ ലിബറൽ ക്രിസ്ത്യാനികളെ സ്വാധീനിച്ചു. സുവിശേഷങ്ങൾ യഹൂദികളും ധാരാളം വായിക്കുകയുണ്ടായി. പക്ഷേ ആ സമയത്തും യഹൂദർക്ക് ചുമത്തപ്പെട്ട പ്രത്യേക നികുതി ലൂയി പതിനാലാമൻ തുടർന്നു കൊണ്ടി രുന്നു.

ലൂയി 14-ാമൻ, ലൂയി15-ാമൻ, ലൂയി16-ാമൻ എന്നിവരാണ് വിപ്ലവ കാലഘട്ടത്തിൽ ഫ്രാൻസ് ഭരിച്ചിരു ന്നത്. ഏകാധിപതികളും അസന്മാർഗി കളും, കഴിവു കുറഞ്ഞ വരുമായി രുന്നു ഈ രാജാക്കന്മാർ. 1789 ജനുവരിയിൽ ഫ്രഞ്ച് സ്റ്റേറ്റ് ജനറൽ (സാധാരണക്കാരുടെ സഭ) സമ്മേളിച്ചപ്പോൾ സമത്വം ഉയർത്തിപ്പിടിക്കുന്ന ഒരു ഭരണഘടനക്കു വേണ്ടി മുറവിളിയുയരു കയുണ്ടായി. രാജാവ് അതിന്ന് കൂട്ടാക്കിയില്ല. ഹൃദയത്തിൽ വിപ്ലാവാഗ്നി സൂക്ഷിച്ച സാധാരണ ക്കാർ പ്രക്ഷുബ്ധരായി.

**ഫ്രഞ്ച് വിപ്ലവം**

ക്രിസ്ത്യൻ പൗരോഹിത്യത്തിന് പ്രാബല്യമുണ്ടായിരുന്ന ഫ്യൂഡലിസത്തിനും രാജാവാഴ്ച്ചക്കുമെതിരെ ഗതിമുട്ടിയ സാധാരണക്കാർ നടത്തിയ അതി ഭീകരവും രക്തരൂക്ഷിതവുമായ പ്രക്ഷോഭമായിരുന്നു 1789 ൽ നടന്ന ഫ്രഞ്ച് വിപ്ലവം. സാധാരണക്കാർ കോമൺസ് ദേശീയ അസംബ്ലിയെന്ന് സ്വയം വിശേഷിപ്പിച്ചുകൊണ്ട് അടു ത്തുള്ള ടെന്നീസ് കോർട്ടിൽ സമ്മേ ളിച്ചു. ഫ്രഞ്ച് രാജാവ് പിന്നീട് ഗത്യന്തരമില്ലാതെ സാധാരണ ക്കാരുടെ ഈ സഭയെ അംഗീക രിക്കേണ്ടി വന്നു. ഈ സഭ പിന്നീട് പുതിയ ഭരണഘടനക്ക് രൂപം നൽകുകയാണുണ്ടായത്. ഭരണ ഘടനയുടെ മുഖവുരയിൽ മനുഷ്യാവ കാശ പ്രഖ്യാപനം എഴുതി ചേർത്തു. റൂസ്സോയുടെ ചിന്തയുടെ പ്രതിഫല നമായിരുന്നു ഈ മനുഷ്യാവകാശ പ്രഖ്യാപനം അതിന്റെ ആകത്തുകയി തായിരുന്നു. മനുഷ്യരെല്ലാം സ്വതന്ത്ര രായി ജനിക്കുകയും അവകാശ ങ്ങളിൽ സമന്മാരായി വർത്തിക്കു കയും ചെയ്യുന്നു. ഏതൊരു രാഷ്ട്രീയ വ്യവസ്ഥയുടെയും ലക്ഷ്യം മനുഷ്യ ന്റെ പ്രകൃതിദത്തമായ അവകാശ ങ്ങളുടെ, ജീവന്റെയും സ്വാതന്ത്ര്യ ത്തിന്റേയും, സ്വത്തിന്റേയും മർദന ത്തിനെതിരെയുള്ള സംരക്ഷണമാണ്. സഹജീവികൾക്ക് ഉപദ്രവകരമല്ലാത്ത എന്തും ഒരു മനുഷ്യന്റെ സ്വാത ന്ത്ര്യമാണ്. ഫ്രഞ്ച് വിപ്ലവകാരികൾ യഹൂദികളോട് മുഖ്യധാരയിലേക്ക് അലിഞ്ഞു ചേർന്ന് വിപ്ലവത്തിൽ പങ്കെടുക്കാൻ പ്രേരിപ്പിച്ചു. എങ്കിൽ മാത്രമേ വിപ്ലവത്തിന്റെ സൽഫല ങ്ങളായ സ്വാതന്ത്ര്യം, സാഹോദര്യം എന്നിവയിൽ പങ്കു പറ്റുവാൻ കഴിയൂ എന്നവർ താക്കീത് നൽകുകയും ചെയ്തു.

1789 ജൂലായ് 14-ാം തീയതി ഫ്രഞ്ച് അധികാരവാഴ്ച്ചയുടെ എല്ലാ തിന്മകളുടെയും പ്രതീകമായിരുന്ന ബാസ്റ്റൺ കോട്ട ജനങ്ങൾ ആക്രമിച്ചതോടെ വിപ്ലവം പൊട്ടിപുറപ്പെട്ടു. കോട്ടയുടെ തലവനെ വധിച്ചുകൊണ്ട് മുന്നോട്ട് നീങ്ങിയ വിപ്ലവകാരികൾ കത്തോലി ക്കാസഭയുടെ എല്ലാ സ്വത്തുക്കളും കോമൺ സഭയെ കൊണ്ട് ദേശവത്ക്ക രിച്ചു. സന്യാസി സഭകളും മറ്റു മത സംഘടനകളും അടിച്ചമർത്തപ്പെട്ടു. 1790ൽ സിവിൽ വൈദിക സംഘടന (Civil Constitution Of Clergy) നിയമപരമായി വിളംബരം ചെയ്യപ്പെട്ടു. പുരോഹിതരെ ജനങ്ങൾ തെരഞ്ഞെടു ക്കണമെന്നും പോപ്പുമായി നാമമാത്ര മായ ബന്ധം മാത്രമേ ഉണ്ടായിരിക്കാൻ പാടുള്ളുവെന്നും വ്യവസ്ഥ ചെയ്തു. കടുത്ത കത്തോലിക്കാ മതവി ശ്വാസിയായിരുന്ന ലൂയി പതിനാലാമ ന് ഇതൊന്നും അംഗീകരിക്കാനായില്ല. ഭരണം നടത്തിയിരുന്ന സാധാരണ ക്കാരുടെ അഭയമായ ദേശീയ അസംബ്ലി പെട്ടെന്നായിരുന്നു തീവ്ര വിപ്ലവകാരികൾ കയ്യേറിയത്. പിന്നീട് നടന്ന കൂട്ടക്കൊലകൾ ലോകത്തെ നടുക്കുന്നതായിരുന്നു. രാജാവായ ലൂയി പതിനാറാമനെ വിപ്ലവകാരികൾ വധിച്ചു. സംശയം തോന്നി യവരെ യെല്ലാം വിപ്ലവകാരികൾ കൂട്ടത്തോ ടെ



ഗില്ലറ്റിൻ എന്ന വധോപകരണം

കൊന്നൊടുക്കി. ആളുകളെ വിപ്ലവത്തിന്റെശത്രുക്കൾ എന്ന് മുദ്ര കുത്തി ഗില്ലറ്റിൻ എന്ന വധോപകര ണത്തിൽ വെച്ച് വധിക്കൽ വിപ്ലവകാരികളുടെ വിനോദമായി. ഫ്രാൻസ് അവസാനം വിപ്ലവകാരി കളുടെ ഭീകര വാഴ്ച്ചയിലമർന്നു. അതിതീവ്രവവാദികളായ ജേക്കോബിനുകൾക്ക് മുമ്പിൽ മിതവാദികളായ ജിറോണ്ടിസ്റ്റുകളുടെ റിപ്പബ്ലിക്കനിസം നിഷ്പ്രഭമായി. രാജഹത്യ നടത്തി കൊലവിളിയുമായി നിൽക്കുന്ന വിപ്ലവകാരികളുടെ ഫ്രാൻസിനെ കണ്ട് യൂറോപ്പിലെ ഫ്യൂഡൽ രാജഭരണകൂടങ്ങളെല്ലം ഞെട്ടിവിറച്ചു. അവസാനം വിപ്ലവ കാരികൾ പരസ്പരം തെറ്റിപ്പി രിഞ്ഞു. നേതാക്കന്മാരെ പരസ്പരം കൊല പ്പെടുത്തി. വിപ്ലവകാരികൾ ഫ്രാൻസിലെ ഭരണരംഗം ഒഴിഞ്ഞു. രക്തം ചിന്തി ഉദയം കൊണ്ട വിപ്ലവത്തിന്റെ സന്താനങ്ങൾ വിപ്ലവത്തി ന്റെ രക്തപ്രവാഹത്തിൽ മുങ്ങിച്ചത്തു.

1789 ആഗസ്റ്റ് 27ന് ഫ്രാഞ്ച ദേശീയ അസംബ്ലിയിൽ പാസ്സായ മനുഷ്യാവകാശവിളംബരത്തിലെ പുതിയ സമത്വത്തി ൽ യഹൂദരെ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന് 1789 ഡിസംബർ 21 മുതൽ 24 വരെ ചർച്ച ചെയ്യുകയുണ്ടായി. 1790ൽ യഹൂദ വിമോചന ചരിത്രത്തിലെ ഏറ്റവും സുപ്രാധനവും നിർണായകവുമായ ആ ദിനം വന്നണഞ്ഞു. 1790 ജനുവരി 28ന് ചേർന്ന ദേശീയ അസംബ്ലി വീണ്ടും യഹൂദ പ്രശ്നം ചർച്ച ചെയ്തു. അവസാനം 1791 സപ്തംബർ 27ന് ഫ്രഞ്ച് നാഷനൽ അസംബ്ലി യഹൂദ വിമോചന വിളംബരം (Emancipation Decree) പാസ്സാക്കി. യഹുദർക്ക് എല്ലാ സിവിൽ പൌരാവകാശങ്ങളും അനുവദിച്ചുകൊണ്ടുള്ള വിളംബരമായിരുന്നു അത്. പാശ്ചാത്യ ചരിത്രത്തിൽ ആദ്യമായാണ് യഹൂദർക്ക് സ്വാതന്ത്ര്യത്തിന്റെ നിയമപരമായ അംഗീകാരം ലഭിക്കു ന്നത്. കനഡയിലെ യൂണി വേഴ്സിറ്റി ഓഫ് ഗ്യൂൽപ്പ് ലെ സുസെറ്റി ബ്ലൂം(Suzette Blom)ക്ലെമെന്റ് ടോണെറി (Clement Tonnerre) യെ ഉദ്ധരിച്ചു കൊണ്ടെഴുതുന്നു. 'ഒരു ദേശീയ ജനത എന്ന നിലക്ക് സർവവും നിഷേധിക്കുകയും പൗരന്മാർ എന്നനിലക്ക് യാതൊന്നും നിഷേധിക്കാതിരിക്കുകയും ചെയ്ത വിളംബരം'.[3] എന്നാണ് യഹൂദരെ സംബന്ധിക്കുന്ന ഈ വിളംബര ത്തെപ്പറ്റി പറഞ്ഞത്. വാസ്ത വത്തിൽ ഈ നിയമ നിർമാണം ഫ്രാൻസിലും തുടർന്ന് യൂറോപ്പിലുമുണ്ടായ യഹൂദ വിമോചന സംരഭങ്ങൾക്ക് തുടക്കം കുറിച്ചു.

1795 ലെ കൺവെൻഷനോടെ ഫ്രാൻസിൽ ഭീകരവാഴ്ച്ചക്ക് അറുതി വന്നു. അഞ്ചംഗങ്ങളുള്ള ഡയറക്റ്ററേറ്റാണ് പിന്നീട് ഭരിച്ചത്.വിപ്ലവ ചിന്ത ഫ്രഞ്ച് ജനതയുടെ ദൗർബല്യമായിരുന്നു. ഡയറക്ട്രേറ്റ് ഭരണത്തിനെതിരെ വീണ്ടും വിപ്ലവ കാരികൾ രംഗത്ത് വന്നു. ഇത്തവണ അവരെ നേരിട്ടത് അതുല്യ സേനാ നായകനും വിശ്വവിഖ്യാത ചരിത്ര പുരുഷനുമായ നെപ്പോളിയൻ ബോണോപ്പാർട്ട് ആയിരുന്നു. ഫ്രാൻസ് സൈന്യത്തിൽ ഒരു സാധരണ പട്ടാളക്കാരനായി ചേർന്നനെപ്പോ ളിയൻ സ്വന്തം കഴിവുകളിലൂടെ ഒരു പട്ടാള നായകനായി വളർന്നു. വിപ്ലവത്താൽ തളർന്നു കിടന്ന ഫ്രാൻസിനെ പുറമെ നിന്നും ആക്രമിക്കാൻ യൂറാപ്പിലെ രാജാക്ക ന്മാരും അകത്തുനിന്ന് ഫ്രാൻസിനെ ബലഹീനമാക്കാൻ വിപ്ലവകാരികളും ശ്രമിച്ചിരുന്നു. പ്രത്യേക സാഹച ര്യത്തിൽ റോമിന് സീസറെന്ന പോലെ, ഫ്രാൻസിൽ നെപ്പോളിയൻ രംഗപ്രവേശനം ചെയ്തത്. ഫ്രാൻ സിനെ അക്രമിക്കാനൊരുങ്ങിയ അയൽ രാജ്യങ്ങളെ ഒന്നൊന്നായി കീഴടക്കി അദ്ദേഹം ഫ്രാൻസിനെ മുഴുവൻ യുറോപ്പും ഉൾക്കൊള്ളുന്ന സാമ്രാജ്യമാക്കി മാറ്റി. ഫ്രഞ്ച് വിപ്ലവത്തിന്റെയും നെപ്പോളിയ ന്റെയും രാഷ്ട്രീയ ഗതി ഈ ലേഖനത്തിന്റെ വിഷയമ ല്ലാത്തതി നാൽ യഹൂദികളുമായുള്ള നെപ്പോളി യന്റെ ബന്ധത്തിലേക്ക് നമുക്ക് തിരിച്ചു വരാം.(തുടരും)

1. www jewish virtual library org french, 2.Will Durant- Story of Civilisation p.630, 3.http// www artsmonash.edu.au/publications/eras/edition-12/.../blom.pdf


## വെറുക്കപ്പെട്ടവൻ

ആയിശ (റ) ൽ നിന്ന് നിവേദനം: നബി(സ) അരുളി ചെയ്തു: തീർച്ചയായും ജനങ്ങളിൽ വെച്ച് അല്ലാഹുവിങ്കൽ ഏറ്റവും വെറുക്കപ്പെട്ടവൻ കുതർക്കം നടത്തുന്ന വനും പിടിവാശിക്കാര നുമാണ്. **(ബുഖാരി)**

# അവിശ്വാസികളെ കൊല്ലണമെന്ന് ഖുർആൻ കല്പിക്കുന്നുവോ?!

എം. എസ്.

വിശ്വാസ സ്വാതന്ത്ര്യത്തിന്റെ സുവർണ സൂക്തങ്ങൾ അടങ്ങിയ വിശുദ്ധ ഖുർആനിൽ അവിശ്വാസികളെ വകതിരിവില്ലാതെ കൊന്നൊടുക്കണമെന്ന സൂക്തമുണ്ട് എന്ന് പറഞ്ഞു കൊണ്ട് ഇസ്‌ലാം വിരോധികൾ വിമർശന മുന്നയിക്കുന്നു. ഈ വിമർശനം തികച്ചും അടിസ്ഥാന രഹിതമാണെന്ന് വിശുദ്ധഖുർആൻ വചനങ്ങൾ തന്നെ വ്യക്തമാക്കുന്നു.



***'അങ്ങനെ ആ നിരോധിക്കപ്പെട്ട മാസങ്ങൾ (അശ്ശഹറുൽ ഹുർമ) കഴിഞ്ഞാൽ ബഹുദൈവ വിശ്വാസികളെ നിങ്ങൾ കണ്ടുമുട്ടുന്നിടത്ത് വെച്ച് വധിക്കുക.അവരെ പിടികൂടുകയും അവരെ തടഞ്ഞു നിർത്തുകയും എല്ലാവിധ പതിതസ്ഥലങ്ങളിലും അവരെ നോക്കി തക്കം പാർത്തിരിക്കുകയും ചെയ്യുക. ഇനി അവർ പശ്ചാത്തപിച്ചു മടങ്ങുകയും നമസ്ക്കാരം മുറപ്രകാരം അനുഷ്ഠിക്കുകയും സക്കാത്തു കൊടുക്കുകയും ചെയ്യുന്നതായാൽ അവരെ അവരുടെ വഴിക്ക് വിട്ടേക്കുക. തീർച്ചയായും അല്ലാഹു സർവദാ പൊറുത്തുകൊടുക്കുന്നവനും കരുണാമയനുമാകുന്നു.' (വിശുദ്ധ ഖുർആൻ 9:5)***

വിശുദ്ധ ഖുർആനിലെ 'അത്തൗബ്' (പശ്ചാത്താപം) എന്ന അദ്ധ്യായത്തിലെ 5-ാം വചനമാണ് മേൽ കൊടുത്തിരിക്കുന്നത്. ഈ ഖുർആൻ വചനമാണ് ഇസ്‌ലാമിനെ വിമർശിക്കാനും അപകീർത്തിപ്പെടുത്താനും എതിരാളികൾ ഉപയോഗിക്കുന്നത്. അവിശ്വാസികളെ കൊല്ലാൻ ഖുർആൻ മുസ്‌ലിംകൾക്ക് അനുമതി നൽകുന്നു എന്നാണ് വിമർശനം. ഈ ഖുർആൻ വചനം അതിന്റെ സന്ദർഭത്തിൽ നിന്ന് അടർത്തിയെടുത്ത് അതിന് പിന്നിലെ ചരിത്രവും പശ്ചാത്തലവും കരുതികൂട്ടി മറച്ചു വെച്ചു കൊണ്ടാണ് വിമർശകന്മാർ തങ്ങളുടെ വാദങ്ങൾ ഉന്നയിക്കുന്നത്.

മുഹമ്മദ് നബി(സ) മക്കയിൽ തന്റെ ദിവ്യദൗത്യ പ്രഖ്യാപനത്തിന് ശേഷം ഏകദൈവ വിശ്വാസം പ്രബോധിക്കാനാരം ഭിച്ചപ്പോൾ 13 വർഷക്കാലം ഇബ്‌റാഹിംനെ പോലെയും ഈസാനബി (അ)നെ പോലെയും കടുത്ത പീഡനങ്ങൾക്ക് അവിടന്ന് വിധേയനായി. സ്വദേശത്ത് തന്റെ ജനതയാൽ പീഡിതനായി അരക്ഷിതാവസ്ഥയിൽ ജീവിക്കുന്നതിനേക്കാൾ നല്ലത് സുരക്ഷിതമായ സ്ഥലത്തേക്ക് പലായനം ചെയ്ത് സമാധാന പൂർവം തനിക്ക് വെളിപ്പെട്ട സത്യം പ്രബോധനം ചെയ്യാൻ മുഹമ്മദ് നബി(സ)തീരുമാനിച്ചു. അങ്ങനെ അനുയായികൾ ആദ്യവും റസൂൽ തിരുമേനി(സ) അവസാനവുമായി മദീനയിലേക്ക് മുസ്‌ലിംകൾ പലായനം ചെയ്യുകയും അവിടെ ശാന്തസുന്ദരവും അതുല്യവുമായ ഒരു ലോകക്രമം കെട്ടിപടുക്കുകയും ചെയ്തു. അത്യധികം ആഹ്ളാദത്തോടെയാണ് റസൂൽ തിരുമേനി(സ) യുടെ വരവ് മദീനാ നിവാസികൾ ആഘോഷിച്ചത്. തിരുമേനി (സ) യോടുള്ള അടങ്ങാത്ത അഭിനിവേശവും നിലക്കാത്ത സ്നേഹവും കാരണം യത്‌റിബ് നിവാസികൾ തങ്ങളുടെ നഗരത്തെ മദീനത്തുന്നബി(നബിയുടെ പട്ടണം) എന്ന് പേരുമാറ്റിയിടുകയായിരുന്നു. അന്ന് മുതലാണ് ആ നഗരം മദീന എന്നറിയപ്പെടാൻ തുടങ്ങിയത്. പക്ഷേ മദീനത്തേക്ക് മാറിതാമസിച്ചിട്ടും മക്കത്തെ സത്യത്തിന്റെ വിരോധികൾ

റസൂൽ തിരുമേനി(സ)ക്ക് അവിടെയും സ്വൈര ജീവിതം അനുവദിച്ചില്ല. മക്കക്കാർ മദീനയിൽ ചെന്ന് ഇടക്കിടെ മുസ്‌ലിംകളെ ആക്രമിക്കുകയും മുസ്‌ലിംകളുടെ കന്നുകാലികളെയും വസ്തുവകകളും കൊള്ളയടിച്ചു കൊണ്ടു പോകുകയും യുദ്ധഭീഷണി മുഴക്കിയും ജീവിതം ദുസ്സഹമാക്കി. സഹനത്തിന്റെയും സഹിഷ്ണുതയുടെയും അവസാനത്തിൽ അവിടുന്ന് സ്വയം പ്രതിരോധിക്കാനായി യുദ്ധത്തിലേക്ക് വലിച്ചിഴക്കപ്പെടുകയാണുണ്ടായത്. അവസാനം തന്നെ ദ്രോഹിച്ചവർക്കെല്ലാം മാപ്പ് നൽകി വിജയശ്രീലാളിതനായി മക്കയിലേക്ക് സമാധാന പൂർവം ജേതാവായി തിരിച്ചുവരികയുമുണ്ടായി. ആളുകൾ വിഷമിക്കുന്നത് കണ്ടാൽ അസ്വസ്ഥനാകുകയും മറ്റുള്ളവർ ദുഃഖിക്കുമ്പോൾ കരയുകയും ചെയ്യുന്ന കാരുണ്യത്തിന്റെ മഹാസാഗരമായിരുന്നു അദ്ദേഹം. റസൂൽ തിരുമേനി(സ) ഒരിക്കലും യുദ്ധം ആഗ്രഹിക്കുകയോ സംഘർഷം ഇഷ്ടപ്പെടുകയോ ചെയ്തിട്ടില്ല. അദ്ദേഹത്തിന്റെ ആശയ സമ്പുഷ്ടവും സംവാദാത്മകവുമായ പുതിയ ദൗത്യം പ്ര ചരിപ്പിക്കാൻ ഏറ്റവും ആവശ്യമായി വേണ്ടിയിരുന്നത് സമാധാനമായിരുന്നു. അത് സ്ഥാപിക്കാനായിരുന്നു അദ്ദേഹം സദാ ശ്രമിച്ചു കൊണ്ടിരുന്നത്.

ഒന്നാമതായി ഈ ഖുർആൻ വചനത്തിൽ പരാമർശിക്കുന്നത് അവിശ്വാസികളെ (Infidel) വധിക്കുന്ന കാര്യമല്ല. മറിച്ച് കരാർ ലംഘിച്ചത് മൂലം യുദ്ധത്തിലേർപ്പെട്ട ഒരു പ്രത്യേക വിഭാഗം ബഹുദൈവ വിശ്വാസികളെ (മുശ്‌രിക്കുകൾ) പറ്റിയാണെന്ന് നാം ഓർക്കണം. കുറേകൂടി വ്യക്തമായി പറഞ്ഞാൽ ബനൂ കുസാഅ:, ബനൂ മുദിലിജ്, ബനൂ ദംറ:, ബനൂ ബക്കർ, ബനൂ സുലൈമാൻ എന്നീ കരാർ ലംഘകരും അക്രമണകാരികളുമായ അഞ്ചു ഗോത്രങ്ങളെക്കുറിച്ചാണ്. മുസ്‌ലികളു മായുണ്ടാക്കിയ കരാർ ലംഘിച്ച് യുദ്ധത്തിലേർപ്പെട്ട ഒരു വിഭാഗമായിരുന്നു അവർ. പ്രതിരോധ യുദ്ധത്തിന്റെ ഭാഗമായി യുദ്ധം പ്രഖ്യാപിക്കപ്പെട്ട അക്രമണകാരികളോട് സ്വീകരിക്കേണ്ട നിലപാടുകളെ സംബന്ധിച്ചാണ് ഇവിടെ ഖുർആൻ പറയുന്നത്. അതും മുസ്‌ലിംകൾ കർശനമായി പാലിക്കാൻ ബാദ്ധ്യതപെട്ട പവിത്രമാസത്തിലെ സംയമനഘട്ടം കഴിഞ്ഞതിന് ശേഷം മാത്രമേ അതിന്റെ നടപടികളിലേക്ക് പോകാവൂ എന്ന നിബന്ധനയോടെയാണ് ഖുർആന്റെ ഈ പ്രഖ്യാപനം. യുദ്ധമുഖത്ത് പ്രതിയോഗിയെ വധിക്കാമെന്നത് സാർവത്രികമായി സ്വീകരിക്കപ്പെട്ട ഒരു തത്ത്വവുമാണ്. തൗബ സൂറത്തി ലെ 5-ാം വചത്തിന് തൊട്ട് മുമ്പിലുള്ള വചനങ്ങൾ കൂടി ചേർത്ത് വായിക്കാം. ***'ബഹു ദൈവ വിശ്വാസികളിൽ പെട്ട ആരുമാ യാണോ നിങ്ങൾ ഉടമ്പടി ചെയ്തിട്ടു ള്ളത്(അവർ ഉടമ്പടയി ലംഘിച്ച കാരണത്താൽ) മേലിൽ അവരോട് ഒരു ബാദ്ധ്യതയുമില്ലെന്ന് അല്ലാഹുവിൽ നിന്നും അവന്റെ ദൂതനിൽ നിന്നുമുള്ള ഒരു വിടുതൽ പ്രഖ്യാപനമാണിത്. അതിനാൽ നിങ്ങൾ നാട്ടിൽ നാലു മാസം സഞ്ചരിച്ചു കൊള്ളുക. നിങ്ങൾക്ക് അല്ലാഹുവിനെ പരാജയപ്പെടുത്തുവാൻ സാധ്യമല്ലെന്നും അവിശ്വാസികളെ അല്ലാഹു അപമാനിതനാക്കുന്നതാണെന്നും നിങ്ങൾ അറിഞ്ഞു കൊള്ളുക. മഹത്തായ ഹജ്ജ് നാളിൽ അല്ലാഹുവിന്റെയും അവന്റെ ദൂതന്റെയും ഭാഗത്ത് നിന്നുള്ള സകല ജനങ്ങൾക്കുമുള്ള ഒരു പ്രഖ്യാപനമാണിത്. തീർച്ചയായും അല്ലാഹുവും അവന്റെ റസൂലും ബഹുദൈവവിശ്വാസികളിൽ നിന്നും (അവരുമായുള്ള ഉടമ്പടി ബാദ്ധ്യതകളിൽനിന്ന്) വിമുക്തരാണ്. എന്നാൽ നിങ്ങൾ പശ്ചാത്തപിച്ചു മടങ്ങുന്ന പക്ഷം നിങ്ങൾക്ക് അത് ഗുണകരമായിരിക്കും. നിങ്ങൾ അത് ചെയ്യാതെ പിന്മാറുന്നതായാൽ തീർച്ചയായും നിങ്ങൾക്ക് അല്ലാഹുവിനെ പരാജയപ്പെടുത്താനാവില്ലെന്നും അറിഞ്ഞുകൊള്ളുക. അവിശ്വാസികൾക്ക് വേദനാജനകമായ ശിക്ഷയുണ്ടായിരിക്കുമെന്ന് മുന്നറിയിപ്പ് നൽകുകയും ചെയ്യുക. ബഹുദൈവ വിശ്വാസികളിൽ നിന്നും കരാർ ചെയ്യുകയും (എന്നിട്ട് അതിൽ ) നിങ്ങൾക്ക് ഒരു കുറവും വരുത്താതിരിക്കുകയും നിങ്ങൾക്കെതിരെ ഒരാളേയും സഹായിക്കാതിരിക്കുകയും ചെയ്തവരൊഴികെ. അപ്പോൾ അവരുടെ കരാർ അവരുടെ (കരാറിന്റെ കാലപരിധി വരെ) നിങ്ങൾ തികച്ചും പൂർത്തിയാക്കുക. നിശ്ചയമായും അല്ലാഹു സൂക്ഷ്മത പാലിക്കുന്നവരെ സ്നേഹിക്കുന്നു.(9: 1-4)*** പക്ഷേ വിമർശകന്മാർ ആദ്യത്തെ വചനങ്ങൾ വിട്ടുകൊണ്ട് ഖുർആൻ അവിശ്വാസികളെ കൊന്നൊടുക്കാനുള്ള ആഹ്വാനമാണ് നൽകുന്നതെന്ന് പ്രചരിപ്പിക്കുകയാണ് ചെയ്യാറ്. ഈ വചനത്തിൽ പറയുന്ന 'ആദരണീയ മാസങ്ങൾ' (അൽ അശ്ഹുറുൽ ഹുറും)എന്നത് ശവ്വാൽ, ദുൽഖഅ്ദ, ദുൽഹിജ്ജ, റജബ് എന്നീ നാലു മാസങ്ങളാണ്. ഇവിടെ ബഹുവചനമായും മറ്റു അഞ്ചു സ്ഥലങ്ങളിൽ ഏകവചനത്തിലും 'ആദരണീയ മാസം അഥവാ പരിശുദ്ധ മാസം' (അശ്ശഹറുൽ ഹറാം) എന്നും ഖുർആൻ പ്രതിപാദിക്കുന്നു.'നിരോധിക്കപ്പെട്ട മാസങ്ങൾ' എന്നും ഇതിനർഥമുണ്ട്. ഇതിൽ ആദ്യത്തെ മൂന്ന് മാസം ഹജ്ജിനുള്ള തീർഥാടന കാലവുമായി ബന്ധപ്പെട്ടതാണ്. റജബ് മാസം പൊതുവേ ഉംറ നിർവഹിക്കാനുമുള്ള മാസമാണ്. അതുകൊണ്ട് ഈ മാസങ്ങളിൽ യുദ്ധം നിരോധിക്കപ്പെട്ടിരുന്നു. ഇസ്‌ലാം ആവിർഭവിക്കുന്നതിന് മുമ്പ് തന്നെ ഇബ്രാഹിം നബി(അ)യുടെ കാലത്തോ അതിന് മുമ്പോ ആചരിച്ചുവരുന്ന സാർവത്രികമായ ഒരു സമ്പ്രദായമാണിത്. അതിന്റെ പൗരാണികതയിലേക്ക് താഴെ പറയുന്ന ഖുർആൻ വചനം വിരൽ ചൂണ്ടുന്നു. ***'ആകാശവും ഭൂമിയും സൃഷ്ടിച്ച നാൾ മുതൽ അല്ലാഹുവിന്റെ നിയമമനുസരിച്ച് മാസങ്ങളുടെ എണ്ണം പന്ത്രണ്ടാകുന്നു. അവയിൽ നാലെണ്ണം ആദരണീയ മാസങ്ങളാകുന്നു. (9:36)***. യുദ്ധപ്രിയരായ അറബികൾ ഈ പൗരാണിക ചട്ടം ചിലപ്പോൾ ലംഘിക്കാറുണ്ടായിരുന്നു. അതിന് 'നസീഅ:' എന്നാണ് പറയുക. ഈ വചനത്തിന്ന് തുടർന്നുള്ള വചനത്തിൽ 9:37 ൽ അത് സംബന്ധിച്ച് പരാമർശമുണ്ട്. ഈ ലംഘനം (നസീഅ:) അവിശ്വാസം (കുഫ്ർ) ആണെന്നാന്ന് ഖുർആൻ പറയുന്നത്. അതായത് യാതൊരു കാരണവശാലും സമാധാനത്തിന്റെയും ആദരവിന്റെയും യുദ്ധനിരോധനത്തിന്റെയും ഈ നാലു മാസങ്ങളുടെ പവിത്രത ലംഘിക്കരുതെന്ന തത്ത്വം വളരെ കർശനമായി പാലിക്കണമെന്നാണ് ഖുർആന്റെ നിർദേശം. യുദ്ധം നിർത്തിവെച്ച് വിശ്രമിക്കുന്ന അഥവാ ഇരിക്കുന്ന മാസമായതിനാലാണ് 'ദുൽഖഅ്ദ:'(ഇരുത്തത്തിന്റെ മാസം) എന്ന പേർ പോലും ഹജ്ജിന് മുമ്പുള്ള മാസത്തിന് വന്നത്. പൗരാണികമായ ഈ സമ്പ്രദായം അറബികൾ പൊതുവേ പാലിച്ചിരുന്നു.

മുസ്‌ലിംകൾ വളരെ പ്രതിബദ്ധതയോടെ പവിത്രത കാത്തുസൂക്ഷിക്കുന്ന യുദ്ധനിരോധന മാസങ്ങളിൽ മേൽപറഞ്ഞ ബഹുദൈവ വിശ്വാസികളായ അഞ്ച് ഗോത്രങ്ങൾ നിരന്തരം മുസ്‌ലിംകളെ അക്രമിക്കുകയും യുദ്ധം ചെയ്യുകയും മുസ്‌ലിംകളെ ബഹിഷ്ക്കരിക്കാൻ ഗൂഢാലോചന നടത്തുകയും ചെയ്തുകൊണ്ടിരുന്നു. മക്കാവിജയത്തിന് ശേഷവും പോലും അവർ

മുസ്ലിംകളുമായി കരാർ ചെയ്യാൻ ഒരുക്കമല്ലായിരുന്നു. ഈ യുദ്ധ നിരോധനമാസം കഴിഞ്ഞാൽ സമാധാന കരാർ ലംഘിച്ച ഗോത്രങ്ങൾക്കെതിരെ യുദ്ധം തുടരാമെന്നാണ് ഈ പ്രഖ്യാപനം പറയുന്നത്. അല്ലാതെ എല്ലാ ബഹുദൈവ വിശ്വാസികൾക്കും എതിരെയുള്ള യുദ്ധപ്രഖ്യാപനമോ അവരെ മുഴുവൻ കൊന്നൊടുക്കാനുള്ള ആഹ്വാനമോ അല്ല. മുസ്ലിംകളല്ലാത്ത എല്ലാവരേയും കണ്ടുമുട്ടുന്നിടത്ത് വെച്ച് വധിക്കാൻ ഖുർആൻ ആഹ്വാനം ചെയ്തു എന്ന ദുരുപധിഷ്ഠിതമായ ആരോപണമാണ് വിമർശകർ ഉന്നയിക്കുന്നത്. വിമർശകർ ഒഴിവാക്കുന്ന തൊട്ടുമുമ്പത്തെ വചനങ്ങളിൽ അക്കാര്യം വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്.*'ബഹുദൈവ വിശ്വാസികളിൽ നിന്നും കരാർ ചെയ്യുകയും (എന്നിട്ട് അതിൽ) നിങ്ങൾക്ക് ഒരു കുറവും വരുത്താതിരിക്കുകയും നിങ്ങൾക്കെതിരെ ഒരാളേയും അശ്രയിക്കാ തിരിക്കുകയും ചെയ്തവരൊഴികെ. അപ്പോൾ അവരുടെ കരാർ അവരുടെ (കരാറിന്റെ കാലപരിധി വരെ) നിങ്ങൾ തികച്ചും പൂർത്തിയാക്കുക. നിശ്ചയമായും അല്ലാഹു സൂക്ഷ്മത പാലിക്കുന്നവരെ സ്നേഹിക്കുന്നു.'*(9:4) കരാർ പാലിച്ച ബഹുദൈവാരാധകരോട് നിശ്ചയമായും കരാർ പാലിക്കാൻ മുസ്ലിംകൾ ബാദ്ധ്യസ്ഥരാണ്. മാത്രമല്ല ദൈവത്തിന്റെ നിയമമോ പൗരാണികമായ കീഴ്വഴക്കങ്ങളോ നീതിതത്ത്വങ്ങളോ ദൈവിക നിയമങ്ങളോ പാലിക്കാതെ മുസ്ലിംകളെ നിരന്തരം ഉപദ്രവിക്കുകയും മുസ്ലിംകളെ നശിപ്പിക്കാൻ തക്കം പാർത്തിരിക്കുകയും വഞ്ചനയു ടെ കരുക്കൾ എപ്പോഴും നീക്കി ക്കൊണ്ടിരിക്കുകയും ചെയ്യുന്ന പ്രസ്തുത ബഹുദൈവ വിശ്വാസികൾക്കെതിരെ പോലും യുദ്ധനിരോധന മാസങ്ങൾ കഴിഞ്ഞ് മാത്രമേ പ്രതികരിക്കാൻ പാടുള്ളൂ എന്ന ആജ്ഞകൂടി ഖുർആൻ ഇവിടെ നൽകുന്നു. യുദ്ധം ചെയ്യാൻ കരുക്കൾ നീക്കിക്കൊണ്ടിരിക്കുന്ന ബഹുദൈവ വിശ്വാസികളിൽ പെട്ട ഒരു വിഭാഗത്തിന് മുന്നിലും ഈ നാല് മാസം യുദ്ധനിരോധനവും ആത്മസംയമനവും പാലിക്കണമെന്നും ആ സമയം കഴിഞ്ഞാൽ മാത്രമേ പ്രതിരോധവും പ്രത്യാക്രമണവും നടത്താവൂ എന്നാണ് ഈ വചനങ്ങ ളിലൂടെ ഖുർആൻ വ്യക്തമാക്കുന്നത്. വിമർശകന്മാർ.*' ബഹുദൈ വിശ്വാസി കളെ നിങ്ങൾ കണ്ടുമുട്ടുന്നിടത്ത് വെച്ച് വധിക്കുക.'* എന്ന വചനം മാത്രം സന്ദർഭത്തിൽനിന്ന് അടർത്തിയെടുത്ത് ദുഷ്പ്രചരണം നടത്തുകയാണ്. അമുസ്ലിംകൾ എല്ലാവരെയും അല്ലെങ്കിൽ ബഹുദൈവ വിശ്വാസികളെയെല്ലാവരെയും വധിക്കാനുള്ള ആഹ്വാനമല്ല ഖുർആൻ നടത്തിയത് എന്നതിന് മറ്റൊരു പ്രകടമായ തെളിവ് തൊട്ട് പിറകെയുള്ള 6-ാം വചനത്തിലും കാണാം. *'ബഹുദൈവവിശ്വാസികളിൽപെട്ട ആരെങ്കിലും നിന്നോട് അഭയം തേടുന്നതായാൽ അയാൾക്ക് അഭയം നൽകുക. കാരണം അയാൾ അല്ലാഹുവിന്റെ വചനങ്ങൾ ശ്രവിച്ചേക്കാം. പിന്നെ അവന്റെ രക്ഷാസ്ഥാനത്ത് അവനെ എത്തിച്ചുകൊടുക്കുക. ഇത് അവർ കാര്യം ഗ്രഹിക്കാത്ത ജനങ്ങളായത് കൊണ്ടാണ്.'(9:6)* ഈ വചനം അഭയം തേടുന്ന ബഹുദൈവ വിശ്വാസികൾക്ക് അഭയം നൽകണമെന്നും. പിന്നീട് അവർ സന്മാർഗം പ്രാപിച്ചേക്കാൻ സാദ്ധ്യതയുണ്ടെന്നും ബഹു ദൈവവിശ്വാസിയായിരിക്കെതന്നെ അഭയം തേടിയ ആ അഭയാർഥിയെ സുരക്ഷിത സ്ഥാനത്ത് എത്തിച്ചു കൊടുക്കണമെന്നും ഖുർആൻ നിർദേശിച്ചിരിക്കെ യാതൊരു വകതിരിവുമില്ലാതെ അവിശ്വാസികളെ വധിക്കണമെന്നാണ് ഖുർആൻ കല്പനയെന്ന വാദം ഇസ്ലാം വിരോധികളുടെ വ്യാജാരോപണമെന്നല്ലാതെ മറ്റൊന്നുമല്ല.


MTA INTERNATIONAL

Reaching the corners of the Earth



Every Friday live at 13.00 GMT on MTA International

**Live Translations:**
English, French, Arabic, German, Bengali

**Translations on repeat**
Russian, Turkish, Swahili, Tamil, Malayalam

## ജുമുഅ ഖുത്ബ

എല്ലാ വെള്ളിയാഴ്ചകളിലും പള്ളികളിൽ പ്രാർഥനയ്ക്കായ് ഒരുമിച്ചു കൂടാൻ മുസ്ലിംകൾ നിഷ്കർഷിക്കപ്പെട്ടിരിക്കുന്നു. ഈ വെള്ളിയാഴ്ച പ്രാർഥനയിലൂടെ വ്യക്തിപരവും സമൂഹപരവുമായ പ്രശ്നങ്ങൾ ചർച്ച ചെയ്യാനും ആവശ്യമായ പരിഹാരങ്ങൾ തേടാനും മുസ്ലിംകൾക്ക് അവസരം കൈവരുന്നു.

ആഗോള അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ പരമാദ്ധ്യക്ഷൻ ഖലീഫത്തുൽ മസീഹ് അഞ്ചാമൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു) ആഴ്ചതോറും നിർവഹിച്ചു വരുന്ന ജുമുഅ പ്രഭാഷണം **മുസ്ലിം ടെലിവിഷൻ അഹ്മദിയ്യ** (MTA)യിലൂടെ ലോകം മുഴുവൻ വിവിധ ഭാഷകളിലുള്ള തർജമ സഹിതം സംപ്രേഷണം ചെയ്യപ്പെടുന്നു. ഇതിലൂടെ അഹ്മദിയ്യാ ഇമാം, പള്ളിയിൽ ഒരുമിച്ചു കൂടിയവരെ മാത്രമല്ല മറിച്ച് മുഴുലോകത്തേയുമാണ് അഭിസംബോധന ചെയ്യുന്നത്. ഈ സംവിധാനം മുഖേന കാലത്തിന്റെ ഇമാമിന് ആഗോള മുസ്ലിം സമുദായത്തെ ഉപദേശിക്കാനും അവരെ അലട്ടിക്കൊണ്ടിരിക്കുന്ന കാലിക പ്രശ്നങ്ങൾക്കുള്ള പരിഹാരം കൃത്യസമയത്തുതന്നെ നിർദേശിക്കാനും ഔദാര്യവാനായ അല്ലാഹു വഴിയൊരുക്കിയിരിക്കുന്നു.

www.mta.tv

# ഇബ്‌നു മർയം എന്ന ഉപമ

യാസർ അറഫാത്ത് തിരുത്തിയാട്

ഈസാനബി (അ) അവസാനകാലത്തെ വരവിനായി ജീവനോടെ ആകശാത്തിരിക്കുന്നു വെന്ന മുജാഹിദുകളുടെ വാദം എത്ര പരിഹാസ്യമാണ്

**ഹ**ദ്റത്ത് മസീഹ് മൗഊദ് (അ) തന്റെ 'തദ്കിറത്തുശ്ശഹാദതൈൻ' എന്ന ഗ്രന്ഥത്തിൽ ചേർത്തിരിക്കുന്ന ഒരു മഹത്തായ പ്രവചനം ഇപ്രകാരമാണ്. "ഇന്നു മുതൽ മൂന്നു നൂറ്റാണ്ട് പൂർണമാകുന്നതിനു മുമ്പായി ഈസാ നബി (അ) യെ കാത്തിരിക്കുന്നവർ മുസ്‌ലിംകളാകട്ടെ ക്രിസ്ത്യാനികളാകട്ടെ, അവർ അദ്ദേഹത്തിന്റെ വരവിനെക്കുറിച്ച് നിരാശപ്പെടുകയും തീരെ മനം മടുത്ത് ഈ വിശ്വാസം പരിത്യജിക്കുകയും ചെയ്യും''. ഈ പ്രവചനത്തെ ആയിരം തവണ സത്യപ്പെടുത്തുന്ന വിധത്തിൽ നൂറു വർഷം കഴിഞ്ഞപ്പോൾ തന്നെ ജനങ്ങളിൽ വലിയൊരു വിഭാഗം ഈ വിശ്വാസത്തിൽ നിന്നകന്നു കൊണ്ടിരിക്കുന്നു. അല്പകാലം മുമ്പു വരെ ദൈവപുത്രന്റെ രണ്ടാം വരവിനെ കുറിച്ച്, ഇറങ്ങുന്ന വർഷം പോലും പ്രവചിച്ചു കൊണ്ട് ക്രിസ്ത്യൻ മിഷനറിമാർ നോട്ടീസുകൾ ഇറക്കിയിരുന്നു. പ്രവചിച്ച വർഷം യേശു വരുന്നത് കാണാത്തതിനാൽ തീയതി പല തവണ മാറ്റിപ്പറഞ്ഞു കൊണ്ട് 'യേശു ഇതാ വരുന്നു' എന്ന സുവിശേഷം ആവർത്തിച്ചു കൊണ്ടിരുന്നു. വർഷങ്ങൾ പിന്നിടുമ്പോൾ യേശുവിന്റെ പുനരാഗമനത്തെക്കുറിച്ചുള്ള സുവിശേഷം ദൃശ്യശ്രാവ്യ മാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കപ്പെടുന്നുവെങ്കിലും പൊതുജനങ്ങൾ വിശ്വാസത്തിൽ നിന്നകന്നു കൊണ്ടിരിക്കുകയാണ്. യൂറോപ്പിൽ ക്രിസ്ത്യൻ പള്ളികൾ ഓഡിറ്റോറിയങ്ങളും ക്ലബ്ബുകളുമാക്കി മാറ്റിക്കൊണ്ടിരിക്കുന്നു. (അത്തരം ചർച്ചുകളിൽ ചിലത് വിലക്കു വാങ്ങാനും അല്ലാഹുവിനെ മാത്രം ഇബാദത്ത് ചെയ്യുന്ന മസ്ജിദുകളാക്കി മാറ്റാനും അഹ്മദിയ്യാ മുസ്‌ലിം ഭാഗ്യമുണ്ടായിട്ടുണ്ട്.) മുസ്‌ലിംകളെ സംബന്ധിച്ചിടത്തോളം അല്പകാലം മുമ്പ് വരെ പാതിരാ പ്രസംഗങ്ങളിലും പള്ളിദർസുകളിലും പണ്ഡിതന്മാർ ഈസാനബി (അ)യുടെയും മഹ്ദി ഇമാമിന്റെയും വരവിനെ കുറിച്ചുള്ള ശുഭപ്രതീക്ഷകൾ സമുദായത്തിനുമേൽ ചൊരിഞ്ഞുകൊണ്ടിരുന്ന കാലമായിരുന്നു. എന്നാൽ ഇപ്പോൾ മുസ്‌ലിം സംഘടനകൾ ഈസാനബി (അ) യുടെ അവതരണത്തെപ്പറ്റിയുള്ള ചർച്ചകൾ തങ്ങളുടെ അജണ്ടകളിൽ നിന്ന് മാറ്റി വെക്കുന്നതായിട്ടാണ് കാണപ്പെടുന്നത്. അഹ്മദിയ്യത്തിനെ കുറിച്ചുള്ള വിഷയങ്ങൾ മുമ്പിൽ വരുമ്പോഴല്ലാതെ ഈസാനബിയുടെ പുനരാഗമനം ചർച്ചാ വിഷയമായി എടുക്കാൻ സംഘടനകൾ ധൈര്യപ്പെടാറില്ല.

ഹദ്റത്ത് അഹ്മദ് (അ) ന്റെ പ്രവചനം നാൾക്കുനാൾ സത്യപ്പെട്ടു വരുന്നു എന്ന് തിരിച്ചറിയുന്ന സത്യ നിഷേധികൾ ലോകമെങ്ങും പരിഭ്രാന്തിയിലാണ്. ഏതൊരു കാലത്തും സത്യവിശ്വാസികളോട് നിഷേധികൾ കൈക്കൊണ്ടിരുന്ന ശത്രുതാമനോഭാവം ഇക്കാലത്തും ആവർത്തിച്ചു കൊണ്ടിരിക്കുന്നു. ബഹിഷ്കരണങ്ങളും കാഫിറാക്കലും തുടങ്ങി പീഡനങ്ങളും കൊലപാതകങ്ങളും ഉൾപ്പെടെ എതിർപ്പിന്റെ എല്ലാ രീതികളും അഹ്മദിയ്യത്തിനെതിരിൽ പ്രയോഗിക്കപ്പെടുന്നു. അഹ്മദിയ്യത്ത് സത്യപ്രസ്ഥാനമാണെന്ന് തിരിച്ചറിയാൻ ചിന്തിക്കുന്നവർക്ക് ഇതു തന്നെ മതിയായ ദൃഷ്ടാന്തമാണ്.

കേരളത്തിലെ മുസ്‌ലിം സംഘടനകളെല്ലാം അഹ്മദിയ്യ ജമാഅത്തിന്റെ വളർച്ചയിൽ അസ്വസ്ഥരാണെങ്കിലും അത് പ്രകടിപ്പിക്കുന്ന രീതിയിൽ പ്രകടമായ അന്തരമുണ്ട്. അധിക സംഘടനകളും അഹ്മദിയ്യത്തിന്റെ വളർച്ച കണ്ടില്ലെന്ന് നടിക്കുന്നവരും തങ്ങളുടേതായ കൊച്ചു കൊച്ചു വിഷയങ്ങൾ ചർച്ച ചെയ്ത് കാലം കഴിക്കുന്നവരുമാണ്. അഹ്മദിയ്യാ ജമാഅത്ത് സമർപ്പിക്കുന്ന വിഷയങ്ങൾ ചർച്ച ചെയ്യുകയും അഹ്മദികൾക്കെതിരെ ലേഖനങ്ങളും ചോദ്യോത്തരങ്ങളും പ്രസിദ്ധീകരിക്കുകയും ചെയ്യുന്നത് സ്വന്തം അനുയായികൾ വിഷയങ്ങൾ ചർച്ച ചെയ്യാനും സത്യം തിരിച്ചറിഞ്ഞ് അഹ്മദിയ്യത്ത് സ്വീകരിക്കാനും ഇടയാക്കുമെന്ന് ചില സംഘടനകൾ ഭയപ്പെടുന്നു. കേരളത്തിലെ മുജാഹിദുകളിലൊരു ഗ്രൂപ്പായ ഏപ്പീ മുജകൾ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ വളർച്ചയിൽ അത്യന്തം പരിഭ്രാന്തരാണ്.അവർ മറ്റൊരു നിലക്കാണ് തങ്ങളുടെ പരിഭ്രാന്തി പ്രകടിപ്പിക്കുന്നത്. ഏപ്പീ മുജകളുടെ ഘടകമായ 'നിച്ച് ഓഫ് ട്രൂത്ത്', അഹ്മദിയ്യത്തിൽ നിന്നും സ്വീകരിച്ച ആശയങ്ങളാണ് ക്രിസ്ത്യാനികൾക്കെതിരിൽ കേരളത്തിൽ പ്രചരിപ്പിക്കുന്നതെന്ന ക്രിസ്ത്യൻ സംഘടനകളുടെ ആരോപണം (നൂറുൽ ഹയാത്ത് 2010 ഏപ്രിൽ-ജൂൺ) മുജാഹിദുകൾ ഇതുവരെ നിഷേധിച്ചിട്ടില്ല. ഏപ്പീമുജകൾ അൽമനാറിലൂടെയും വിചിന്തനത്തിലൂടെയും അഹ്മദികൾക്കെതിരിൽ ഉതിർത്തു കൊണ്ടിരിക്കുന്ന ശകാര വർഷം അസത്യവും അർദ്ധസത്യവും പരിഹാസവും നിറഞ്ഞതും നിരവധി തവണ മറുപടി നൽകപ്പെട്ടു കഴിഞ്ഞതുമാണ്. ഇവർക്കു പടച്ചവനെ ഭയമില്ലെങ്കിലും പടപ്പുകളെയെങ്കിലും ഭയപ്പെട്ടുകൂടേ എന്ന് അദ്ഭുതപ്പെടുത്തുന്ന വിധത്തിൽ

മനുഷ്യബുദ്ധിയെ പോലും പരിഹസിക്കുന്ന ജൽപനങ്ങളാണ് അഹ്മദിയ്യത്തിനെതിരിൽ മഹാസംഭവമായി എഴുന്നള്ളിക്കുന്നത്!!!

ജിന്നു ബാധയും സിഹ്റും കൂടോത്രവും അറബിപ്പണവും ആഭ്യന്തര പ്രശ്നങ്ങളും ഗ്രൂപ്പിസവും ഛിന്നഭിന്നമാക്കിയ മുജാഹിദുകളിലെ ഏപ്പീമുജകൾ അഹ്മദികൾക്കെതിരെ ശബ്ദമുയർത്താൻ കാരണങ്ങളുണ്ട്. സ്വന്തം ബലഹീനതകൾ മറച്ചുവെക്കാനും പ്രസ്ഥാനത്തിനകത്ത് രൂപം കൊണ്ടിരിക്കുന്ന അഗ്നിപർവതത്തിന്റെ പുകച്ചിലുകൾ കഴിയുന്നത്ര മറച്ചുവെക്കാനം സർവോപരി മറ്റു വിഭാഗങ്ങളുടെ സഹകരണത്തിനും ഉപകരിക്കുന്ന ഏക മാർഗം അഹ്മദികളുടെ മേൽ ചെളി വാരിയെറിയലാണ്. മുജാഹിദുകളുടെ വ്യാജാരോപണങ്ങൾ പലതും ഈ ലേഖകനടക്കമുള്ള പലർക്കും സത്യാന്വേഷണം നടത്താനും അഹ്മദിയ്യത്ത് സ്വീകരിക്കാനും ഉള്ള ഭാഗ്യം നല്കിയിട്ടുണ്ട് . മുജാഹിദുകളുടെ ആരോപണങ്ങൾ പോലെ അവയ്ക്കുള്ള മറുപടികളും സത്യാന്വേഷികൾക്ക് അഹ്മദിയ്യത്തിലേക്ക് വഴി തുറക്കുന്നതിനാലാണ് ചില പരാമർശങ്ങളെക്കുറിച്ചുള്ള പ്രതികരണം ആവർത്തിക്കുന്നത്.

ഏപ്പീ മുജകളുടെ അൽമനാർ (2012 ഒക്ടോബർ) എഴുതുന്നു, 'ഹദീസിൽ പറഞ്ഞപോലെ മർയമിന്റെ മകനായി പിതാവില്ലാത്തവനായി ജനിച്ച ഈസാനബി തന്നെയാണ് അവസാന കാലത്ത് ആകാശത്തു നിന്നും ഇറങ്ങുക എന്നാണ് സഹാബികൾ മനസ്സിലാക്കിയിരുന്നത്. മറിച്ചായിരുന്നെങ്കിൽ അവരിൽ ആരെങ്കിലും ഒരാൾ 'മരിച്ച ഈസാ എങ്ങനെയാണ് റസൂലെ തിരിച്ചു വരിക' എന്നു ചോദിക്കുമായിരുന്നു. ചോദിക്കാത്തതിൽ നിന്ന് അദ്ദേഹം ആകാശത്തേക്ക് ഉയർത്തപ്പെട്ടതാണെന്നും അവസാന കാലത്ത് അദ്ദേഹം ഇറങ്ങുമെന്നുമാണ് സഹാബത്തിന്റെ വിശ്വാസം എന്ന് വ്യക്തമാകുന്നു.'

ഇതേ ആശയം മുജാഹിദ് ലേഖകൻ പല രൂപത്തിൽ പല തവണ പ്രസിദ്ധീകരണങ്ങളിൽ ആവർത്തിക്കുകയും അഹ്മദികൾക്ക് മറുപടി ഇല്ലെന്ന് സ്വയം ആശ്വസിക്കുകയും ചെയ്തിട്ടുണ്ട്. (ഉദാഹരണം: അൽമനാർ ആഗസ്റ്റ് 2012)

ഇതിന് ഒന്നാമത്തെ മറുപടി റസൂൽ (സ) യുടെ പരിശുദ്ധ സഹാബാക്കൾ ഇന്നത്തെ മുജാഹിദുകളെപ്പോലെ ദുർന്യായങ്ങൾ ഉന്നയിച്ച് തർക്കിക്കുന്നവരായിരുന്നില്ല എന്നാണ്. വിശുദ്ധ ഖുർആനിലെയും തിരുവചനങ്ങളിലെയും സംശയമുള്ള കാര്യങ്ങൾ ചോദിച്ച് മനസ്സിലാക്കുകയും ശേഷം അംഗീകരിക്കുകയും ചെയ്യുന്നവരായിരുന്നു സഹാബികൾ (റളിയല്ലാഹു അൻഹും). ഈസാനബി (അ) അടക്കം മുൻ പ്രവാചകരെല്ലാം മരിച്ചു പോയിരിക്കുന്നു എന്ന് ബോധ്യമുള്ള സഹാബികൾക്ക് (നൂറ്റാണ്ടുകൾക്കു മുമ്പ് ഉണ്ടായിരുന്നവർ ഇപ്പോൾ ജീവിച്ചിരിപ്പില്ല എന്നു മനസ്സിലാക്കാൻ വെളിവുള്ളവർ തെളിവന്വേഷിച്ച് പോകുകയില്ല) ഇബ്നു മർയം ഇറങ്ങും എന്ന പ്രവചനം പഴയ ഈസാനബിയെ പറ്റി അല്ല, മറ്റൊരു വ്യക്തിയെ പറ്റിയാണെന്ന് മനസ്സിലാക്കാൻ പ്രയാസമുണ്ടായിരുന്നില്ല. അറബി ഭാഷാ പ്രയോഗങ്ങളെ പറ്റി അറിവുള്ളവരും ഈസബ്നു മർയം ഇറങ്ങും എന്ന പ്രവചനം നൂറ്റാണ്ടുകൾ കഴിഞ്ഞ് അവതരിപ്പിക്കപ്പെടുന്ന ഒരു പ്രവാചകനെ പറ്റിയുള്ള ഉപമാ പ്രയോഗമാണെന്നും തിരിച്ചറിയുന്നവരുമായ സഹാബികൾ 'മരിച്ച ഈസാ തിരിച്ചു വരുന്നത് എങ്ങനെ' എന്നുള്ള ചോദ്യം ഉന്നയിക്കേണ്ട ആവശ്യം തന്നെയില്ല.

വിശുദ്ധഖുർആനിലെ പല വചനങ്ങളിലെയും ഉപമാപ്രയോഗങ്ങൾ മനസ്സിലാക്കിയ സഹാബാക്കൾ അവയുടെ പേരിലൊന്നും തർക്കങ്ങൾ ഉന്നയിച്ചിരുന്നില്ല. വിശുദ്ധഖുർആനിലെ 33:47 വചനത്തിൽ റസൂൽ തിരുമേനി(സ)യെ 'പ്രകാശം നൽകുന്ന വിളക്ക്' (സിറാജൻ മുനീറൻ) എന്നു വിശേഷിപ്പിച്ചിരിക്കുന്നു. ഇക്കാര്യം അറിവുള്ള സഹാബികളാരും 'റസൂലെ അങ്ങ് ഇരുട്ടത്ത് നിന്നാൽ ഞങ്ങൾക്ക് കാണാൻ പറ്റാത്തതെന്ത് എന്ന ചോദ്യം ഉന്നയിച്ചിട്ടില്ല. ഈ വചനപ്രകാരം റസൂൽ (സ) അക്ഷരാർത്ഥത്തിൽ പ്രകാശമാണെന്നും അദ്ദേഹത്തിന് നിഴലില്ലെന്നും സുന്നികൾ വാദിക്കുമ്പോൾ പ്രകാശം തരുന്ന വിളക്ക് എന്നത് ഉപമയാണെന്നും അക്ഷരാർഥത്തിൽ എടുക്കരുതെന്നും മുജാഹിദുകൾ മറുപടി പറയുന്നു. ഈ മുജാഹിദുകൾ തന്നെ 'ഈസബ്നു മർയം ഇറങ്ങും' എന്ന പ്രവചനം ഉപമയാണെന്നംഗീകരിക്കാതെ അക്ഷരാർഥത്തിൽ എടുക്കണമെന്ന് ശാഠ്യം പിടിക്കുന്നു!!!

വി.ഖു. 12:32 ൽ ഹദ്റത്ത് യൂസുഫ് നബി (അ) നെ പറ്റി അന്നാട്ടിലെ സ്ത്രീകൾ അദ്ദേഹം മനുഷ്യനല്ല മലക്കാണ് എന്ന് വിശേഷിപ്പിച്ചുവെന്ന് അല്ലാഹു പറയുന്നു. ആ സ്ത്രീകൾ കളവാണ് പറയുന്നത് എന്നും യൂസുഫ് നബി മലക്കല്ല മനുഷ്യൻ തന്നെയാണ് എന്നും അല്ലാഹുവോ മുഹമ്മദ് നബിയോ തിരുത്തിയിട്ടില്ല. മനുഷ്യനല്ല മലക്കാണ് എന്ന പ്രസ്താവന ഒരു ഉപമയായി മനസ്സിലാക്കുന്ന ആരും തന്നെ ആക്ഷേപം ഉന്നയിക്കുകയില്ല. യഥാർഥത്തിൽ മലക്കല്ലാത്ത മനുഷ്യനായ യൂസുഫ് നബിയെ മനുഷ്യനല്ല മലക്കാണ് എന്ന് വിശേഷിപ്പിക്കുന്നത് തെറ്റല്ലാത്തതു പോലെ മുസ്ലിം ഉമ്മത്തിൽ നിയോഗിക്കപ്പെടുന്ന നബിയെ കുറിച്ച് അദ്ദേഹം ഈസബ്നു മർയം ആണ് എന്ന് വിശേഷിപ്പിക്കുന്നതിൽ ചിന്തിക്കുന്നവരെ സംബന്ധിച്ചിടത്തോളം ആക്ഷേപാർഹമായി ഒന്നും തന്നെയില്ല.

വി.ഖു. 2:188 സ്ത്രീകൾ നിങ്ങൾക്ക് വസ്ത്രമാണ്, നിങ്ങൾ സ്ത്രീകൾക്കും വസ്ത്രമാണ് എന്ന ആയത്തു പഠിച്ച ഒരു സഹാബി വനിതയും റസൂലെ ഞങ്ങൾ ഞങ്ങളുടെ വസ്ത്രത്തിനു പകരം ഭർത്താക്കന്മാരെ ധരിച്ചു പുറത്തിറങ്ങുന്നതെങ്ങനെ' എന്നു ചോദിച്ചിട്ടില്ല. പെരുന്നാളിനു പുതുവസ്ത്രം സുന്നത്താണെന്നു പഠിപ്പിച്ച റസൂലിനോടു 'ഓരോ പെരുന്നാളിനും ഞങ്ങൾ പുതിയ പെണ്ണുകെട്ടട്ടേ' എന്നൊരു സഹാബിയും ചോദിച്ചിട്ടില്ല. കാരണം അവരൊന്നും മുജാഹിദുകളെ പോലെ ഉപമ മനസ്സിലാക്കാൻ കഴിയാത്തവരോ സത്യനിഷേധികളോ ആയിരുന്നില്ല.

വി.ഖു. 2:224 ഭാര്യമാർ നിങ്ങളുടെ കൃഷിയിടമാകുന്നു. ഈ ഖുർആൻ വചനം പഠിച്ച ഒരു സഹാബിയും നബിയേ, ഞങ്ങൾ ഭാര്യമാരുടെ ദേഹത്തെങ്ങനെ ഈത്തപ്പന കൃഷി ചെയ്യും എന്ന് ചോദിച്ചിട്ടില്ല. 'മഴ കിട്ടാത്തതു കൊണ്ട് എന്റെ ഭാര്യ ഉണങ്ങിപ്പോയി' എന്ന് പരാതി പറഞ്ഞിട്ടില്ല. 'ഭാര്യയെ രണ്ടു ഭാഗമാക്കി അയൽവാസിക്കു വിറ്റു' എന്ന് പറഞ്ഞിട്ടില്ല.

ചുരുക്കത്തിൽ, ഈസബ്നു മർയം ഇറങ്ങും എന്ന പ്രവചനം കേട്ട സഹാബിമാരാരും റസൂലേ മരിച്ച ഈസാ തിരിച്ചു വരുന്നതെങ്ങനെയെന്ന് ചോദിക്കാതിരുന്നത് മുജാഹിദുകൾ പറയുന്നത് പോലെ ഈസാ മരിക്കാതെ ആകാശത്ത് ജീവിച്ചിരിക്കുന്നു എന്ന് വിശ്വസിക്കുന്നവരായതു കൊണ്ടല്ല. മറിച്ച് ഈസാ മരിച്ചു പോയെന്നും ഇബ്നു മർയം ഇറങ്ങും എന്ന പ്രവചനം മറ്റൊരു വ്യക്തിയെ കുറിച്ചുള്ള ഉപമയാണെന്നും തിരിച്ചറിഞ്ഞതു കൊണ്ടാണ്. ഈ തിരിച്ചറിവാണ് സഹാബികളെയും അഹ്മദികളെയും യഥാർഥ സത്യത്തിൽ നിലനിർത്തുന്നതും മുജാഹിദുകൾക്ക് ഇല്ലാതെ പോയതും.

തൗസീഹെ മറാം – 7
(ഉദ്ദേശ്യപ്രകടനം)

# വെളിപാടുകളുടെ ഇറക്കം

ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)

അല്ലാഹുവിന്റെ വഴിയിലെ പ്രയാണി എന്ന നിലയിൽ, ആത്മാവിന്റെ സ്വഭാവങ്ങൾ എങ്ങനെ ദർശിക്കാൻസാധിക്കും എന്നുചോദിക്കുകയാണെങ്കിൽ അതിനുള്ള മറുപടി അല്ലാഹു പറയുന്നത് **ഖദ് അഫ്ലഹ മൻ സക്കാഹാ വഖദ് ഖാബ മൻ ദസ്സാഹാ** എന്നാണ്. സ്വന്തം ആത്മാവിനെ ശുദ്ധീകരിക്കുകയും നീചപ്രവർത്തികളിൽനിന്നും ദുസ്സ്വഭാവങ്ങളിൽനിന്നും കൈകഴുകി അല്ലാഹുവിന്റെ കല്പനകൾക്കു കീഴിൽ തന്നെ കൊണ്ടുപോയി ഇടുകയും ചെയ്തവൻ ആ ലക്ഷ്യം പ്രാപിക്കുകയും തന്റെ ആത്മാവ് അവന്, ചെറിയ പ്രപഞ്ചം പോലെ വിവിധ കഴിവുകളുടെ സമുച്ചയമായി കാണുമാറാകുകയുംചെയ്യും. എന്നാൽ, സ്വന്തം ആത്മാവിനെ ശുദ്ധീകരിക്കാത്തവൻ, എന്നല്ല വ്യർഥമായ ആശകൾക്കുള്ളിൽ തന്നെ കുഴിച്ചിട്ടവൻ ഈ ലക്ഷ്യം പ്രാപിക്കുന്നതിൽ പരാജയപ്പെടും. ഇപ്പറഞ്ഞതിന്റെ ചുരുക്കം, മനുഷ്യാത്മാവിൽ മുഴുലോകത്തും കണ്ടു വരുന്ന വിവിധങ്ങളായ കഴിവുകളുണ്ടെന്നതിൽ സംശയമില്ല. അതിൽ വിശ്വസിക്കുന്നതിനുള്ള ശരിയായ മാർഗം മനുഷ്യൻ ദൈവനിയമങ്ങളനുസരിച്ച് ആത്മാവിനെ ശുദ്ധീകരിക്കാൻ ശ്രദ്ധിക്കുക എന്നതാണ്. കാരണം ആത്മാവിന്റെ ശുദ്ധീകരണാവസ്ഥയിൽ വെറും അനുമാനജ്ഞാനമല്ല, നിഗൂഢമായിരിക്കുന്ന ആ കഴിവുകളുടെ സത്യത അനുഭവജ്ഞാനമായിട്ട് തുറക്കപ്പെടുന്നതായിരിക്കും.

ഇതിനു ശേഷം പ്രതാപവാനായ അല്ലാഹു ഒരു ഉദാഹരണമെന്ന നിലയിൽ ഥമൂദ് ജനതയെ സ്മരിച്ചുകൊണ്ടു പറയുന്നു, അവർ തങ്ങളുടെ പ്രാകൃതമായ ധിക്കാരംകൊണ്ട് തങ്ങളുടെ കാലഘട്ടത്തിലെ നബിയെ നിഷേധിച്ചു. ആ നിഷേധത്തിന് അവരിൽനിന്നു തന്നെയുള്ള ഒരു വലിയ ദുർഭഗനാണ് നേതൃത്വം കൊടുത്തിരുന്നത്. അക്കാലഘട്ടത്തിലെ ദൈവദൂതൻ അവരെ ഉപദേശിച്ചുകൊണ്ടു പറഞ്ഞു, '**നാഖത്തുല്ലാഹ്**' അതായത് അല്ലാഹുവിന്റെ ഒട്ടകത്തേയും അതു വെള്ളം കുടിക്കുന്ന സ്ഥലത്തേയും വിട്ടേക്കുക.' പക്ഷേ, അവർ അതംഗീകരിക്കാൻ തയ്യാറായില്ല. അവർ ഒട്ടകത്തിന്റെ കാലുമുറിച്ചുകളഞ്ഞു. ഈ കുറ്റകൃത്യത്തിന്റെ ദുർഗതികൊണ്ട് അല്ലാഹു അവരെ ഉന്മൂലനം ചെയ്തു. അവരെ അവൻ നിലംപരിശാക്കി. അവർ മരിച്ചതിനു ശേഷം അവരുടെ വിധവകളുടേയും യത്തീം മക്കളുടേയും നിരാലംബരായ കുടുംബാംഗങ്ങളുടേയും അവസ്ഥ എന്തായിതീരുമെന്നൊന്നും അല്ലാഹു നോക്കിയില്ല.

മനുഷ്യാത്മാവിനെ അല്ലാഹുവിന്റെ ഒട്ടകത്തോടു സാദൃശ്യപ്പെടുത്താനായി അതിസൂക്ഷ്മമായ ഉദാഹരണം ഇവിടെ അല്ലാഹു രേഖപ്പെടുത്തിയിരിക്കുകയാണ്. അതിന്റെ ഉദ്ദേശ്യമെന്താണെന്നുവച്ചാൽ മനുഷ്യാത്മാവ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത് അത് അല്ലാഹുവിന്റെ ഒട്ടകത്തിന്റെ പ്രവൃത്തി എടുക്കുന്നതിനായിട്ടാണ്. അവൻ അല്ലാഹുവിൽ ലയിച്ചിരിക്കുന്ന അവസ്ഥയിൽ ഒട്ടകപ്പുറത്ത് ഒരാൾ സഞ്ചരിക്കുന്നതുപോലെ അല്ലാഹു അവന്റെ പരിപവിത്രമായ ജ്യോതിസ്സോടുകൂടി അവന്റെ മേൽ സഞ്ചരിക്കുമാറാകണം. അതുകൊണ്ട് സത്യത്തിൽനിന്ന് മുഖം തിരിച്ചുകളയുന്ന സ്വാർഥമതികളോട്, ഭീഷണിയോടും മുന്നറിയിപ്പായിട്ടും പറഞ്ഞു, 'നിങ്ങളും ഥമൂദു ഗോത്രക്കാരെപ്പോലെ അല്ലാഹുവിന്റെ ഒട്ടകം വെള്ളം കുടിക്കുന്ന സ്ഥലം -അതു ദൈവസ്മരണയുടേയും ദൈവജ്ഞാനത്തിന്റേയും ഉത്ഭവസ്ഥാനമാണ്, അതിലാണ് ആ ഒട്ടകത്തിന്റെ ജീവൻ നിലകൊള്ളുന്നത് – ചുറ്റുവേലികെട്ടി അടച്ചുകൊണ്ടിരിക്കുന്നു. കെട്ടിയടക്കുക മാത്രമല്ല, അല്ലാഹുവിന്റെ വഴിയിൽ അതു അശേഷം സഞ്ചരിക്കാതിരിക്കാൻ അതിന്റെ കാലുകൾ എങ്ങനെ മുറിച്ചുനീക്കാം എന്ന ചിന്തയിലുമാണ്. നിങ്ങൾ നന്മ ആഗ്രഹിക്കുന്നെങ്കിൽ അതിന്റെ ജീവൻ നിലകൊള്ളുന്ന ജലപാനസ്ഥലം കെട്ടി അടക്കാതിരിക്കുക. വ്യർഥമായ ആശകളുടെ അമ്പും മഴുവുംകൊണ്ട് നിങ്ങൾ അതിന്റെ കാലുകൾ മുറിക്കാതിരിക്കുക. നിങ്ങൾ അങ്ങനെ ചെയ്താൽ, അല്ലാഹുവിന് സഞ്ചരിക്കാൻവേണ്ടി നിങ്ങൾക്കു നല്കപ്പെട്ടിരിക്കുന്ന ആ ഒട്ടകം പരിക്കേറ്റു മരിക്കുകയാണെങ്കിൽ ഒന്നിനും കൊള്ളാത്ത ഉണങ്ങിയ മരം എന്ന പോലെ നിങ്ങൾ മുറിക്കപ്പെടുന്നതാണ്. പിന്നീടു തീയിൽ ഇടപ്പെടുന്നതാണ്. മരണശേഷം നിങ്ങളുടെ ശോഷിച്ച അവയവങ്ങളുടെമേൽപോലും ഒരുകരുണയും അവൻ കാണിക്കുകയില്ല. എന്നല്ല നിങ്ങളുടെ പാപകർമങ്ങളുടേയും ദുഷ്ചെയ്തികളുടേയും ഭാരം അവയെക്കാൾ മുന്നേ വരുന്നതാണ്. നിങ്ങളുടെ ദുഷ്കർമങ്ങൾകൊണ്ടു നശിച്ചൊടുങ്ങുമെന്നു മാത്രമല്ല നിങ്ങളുടെ കടുംബാംഗങ്ങളേയും മക്കളേയും ആ നാശത്തിൽ അകപ്പെടുത്തുകയും ചെയ്യും.

വ്യക്തമായിട്ടുള്ള ഈ ഖുർആനിക വചനങ്ങളിൽനിന്ന് സ്ഥാപിതമാകുന്നത്, ഉദാരവാനായ അല്ലാഹു മനുഷ്യനെ എല്ലാ സൃഷ്ടികളിലും വെച്ച് ഉന്നതവും ശ്രേഷ്ഠവുമാക്കി സൃഷ്ടിച്ചിരിക്കുന്നുവെന്നതാണ്. മനുഷ്യന്റേയും അല്ലാഹുവിന്റേയുമിടയിൽ മദ്ധ്യവർത്തികളായി പ്രവേശിച്ച് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന മലക്കുകൾ, നക്ഷത്രങ്ങൾ, മൂലകങ്ങൾ തുടങ്ങിയവ മദ്ധ്യത്തിൽ പ്രവർത്തിക്കുന്നതുകൊണ്ട് അവർ ശ്രേഷ്ഠരാണെന്നു വരുന്നില്ല. അവർ മദ്ധ്യത്തിൽ പ്രവർത്തിക്കുന്നതുകൊണ്ട് മനുഷ്യന് എന്തെങ്കിലും മേന്മയും ഉണ്ടാകുന്നില്ല. എന്നല്ല ഇത്തരം മാന്യരായ സൃഷ്ടികൾക്കു സേവനം ചെയ്തുകൊണ്ടിരിക്കുന്ന കാരണത്താൽ അവർക്കു മാന്യത ലഭിക്കുകയാണ് ചെയ്യുന്നത്. വാസ്തവത്തിൽ അവരെല്ലാം സേവകരാണ്; സേവ്യരല്ല. ഇതു സംബ

ന്ധിച്ച് കവി **ഹദ്റത്ത് സഅ്ദി (റഹ്)** പറഞ്ഞത് എത്ര അർഥവത്താണ്:

“കാർമേഘം, കാറ്റ്, ചന്ദ്രനും സൂര്യനുമെല്ലാം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു; നീ ഭക്ഷണം കരസ്ഥമാക്കുന്നതിനും അശ്രദ്ധയോടെ ഭക്ഷിക്കാതിരിക്കുന്നതിനുംവേണ്ടി. ഇവയെല്ലാം നിനക്കുവേണ്ടി വ്യാകുലപ്പെടുന്നവരും അനുസരണമുള്ളവരുമാണ്.”

ഇനി നാം പ്രസംഗത്തിന്റെ അവസാനത്തെ ഭാഗത്തേക്കു മടങ്ങുകയാണ്. അല്ലാഹുവിന്റെ മലക്കുകൾ (നാം മുമ്പേ വിവരിച്ചതു പോലെ) ഒരേ നിലയിലുള്ള മഹത്വവും ശ്രേഷ്ഠതയും ഉൾക്കൊള്ളുന്നവരല്ല. ഒരേ രീതിയിലുള്ള ജോലിയുമല്ല അവരുടേത്. ഓരോ മലക്കും പ്രത്യേകം പ്രത്യേകം ജോലി ചെയ്യുന്നതിനു നിയമിക്കപ്പെട്ടവരാണ്. ലോകത്തു നിങ്ങൾ കാണുന്ന മാറ്റങ്ങളിലും വിപ്ലവങ്ങളിലും അല്ലെങ്കിൽ പൂർണശക്തിയോടെ പ്രവർത്തനമണ്ഡലത്തിൽ വരുന്ന എന്തിലും അല്ലെങ്കിൽ ആത്മാവും ശരീരവും അതിന്റെ ഉദ്ദേശ്യലക്ഷ്യം പ്രാപിക്കുന്നതിലുമെല്ലാം ആകാശത്തു നിന്നുള്ള സ്വാധീനങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ട്. ചിലപ്പോൾ ഒരു മലക്കുതന്നെ വിവിധ തരത്തിലുള്ള കഴിവുകളുടെമേൽ വിവിധ തരത്തിലുള്ള സ്വാധീനം ചെലുത്തുന്നു. ഉദാഹരണത്തിന് **ജിബ്റായീൽ** ഒരു മഹാനായ മലക്കാണ്. ആകാശത്തിലെ അങ്ങേയറ്റം പ്രകാശമയമായ ഒരു നക്ഷത്രവുമായി ബന്ധം വയ്ക്കുന്നു. അദ്ദേഹത്തെ പലതരത്തിലുള്ള ചുമതലകൾ ഏല്പിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ നക്ഷത്രങ്ങളിൽ നിന്നെടുക്കപ്പെടുന്ന സേവനങ്ങൾ അനുരിച്ചാകുന്നു അത്. അതുകൊണ്ട് ആ മലക്ക് ദൈവവെളിപാടുകൊണ്ട് ശ്രേഷ്ഠരാക്കപ്പെട്ട ഓരോ വ്യക്തിയുടേയുമേൽ ഇറങ്ങുന്നു. (ഇറക്കത്തിന്റെ യഥാർഥ അവസ്ഥ സ്വാധീനം ചെലുത്തുന്നുവെന്ന നിലയിൽ മാത്രമാണ്. അല്ലാതെ പരമാർഥത്തിലുള്ള ഇറക്കമല്ലെന്ന കാര്യം ഓർക്കേണ്ടതാണ്.)

പക്ഷേ, ജിബ്രീലിന്റെ ഇറക്കത്തിന്റെ സ്വാധീനവലയം വിവിധ കഴിവുകളുടേയും സാഹചര്യങ്ങളുടേയും അടിസ്ഥാനത്തിൽ ചെറിയതോ വലിയതോ ആയ രൂപങ്ങളിൽ വീതിക്കപ്പെടുന്നു. അങ്ങേയറ്റം വലിയ വൃത്തമെന്നുപറയുന്നത് അദ്ദേഹത്തിന്റെ ആത്മീയമായ സ്വാധീനങ്ങളുടെ വൃത്തമാണ്. ഹദ്റത്ത് **ഖാത്തമുൽഅമ്പിയാ**(സ)യുടെ വഹ്‌യ്യെ സംബന്ധിച്ചുള്ളതാണത്. ഇക്കാരണത്താലാണ്, ഈശ്വരജ്ഞാനങ്ങളും യാഥാർഥ്യങ്ങളും തത്ത്വജ്ഞാനത്തിന്റേയും സാഹതീയസൗന്ദര്യത്തിന്റേയും ശ്രേഷ്ഠതകളും സമ്പൂർണവും തികവുറ്റതുമായനിലയിൽ വിശുദ്ധ ഖുർആനിൽ കാണപ്പെടുന്നത്. ഈ മഹത്തായസ്ഥാനം മറ്റൊരു ഗ്രന്ഥത്തിനും ലഭിച്ചിട്ടില്ല. ഇനി പറയാൻ പോകുന്ന കാര്യവും ഓർക്കേണ്ടതാണ്. (ഇതിനു മുമ്പേയും നാം ഇതിലേക്കു സൂചന നല്കിയിട്ടുണ്ട്). ഓരോ മലക്കുകളുടേയും സ്വാധീനശക്തി മനുഷ്യാത്മാവിനുമേൽ ഉണ്ടാകുന്നതു രണ്ടു തരത്തിലാണ്. ഒന്നാമത്തേത് ഗർഭപാത്രത്തിലായിരിക്കുന്ന അവസ്ഥയിൽ അല്ലാഹുവിന്റെ കല്പനയോടെ വിവിധ ഘട്ടത്തിലുള്ള അണ്ഡത്തിന്റെ വളർച്ചയനുസരിച്ച് വിവിധ രീതിയിൽ സ്വാധീനം ചെലുത്തുന്നുവെന്നതാണ്. രണ്ടാമത്തേത്, മനുഷ്യരൂപം പ്രാപിച്ചതിനുശേഷം അതിൽ മറഞ്ഞിരിക്കുന്ന കഴിവുകളെ സമ്പൂർണാവസ്ഥയിലെത്തിക്കുന്നതിനുള്ള പ്രവർത്തനമാണ്. നബി അല്ലെങ്കിൽ സമ്പൂർണ വലിയ്യെ സംബന്ധിച്ചാകുമ്പോൾ ആ രണ്ടാമത്തെ സ്വാധീനശക്തിക്ക് വഹ്‌യ്യ് എന്നു പറയുന്നു. അതെങ്ങനെയെന്നാൽ, സുസജ്ജമായൊരു ആത്മാവ് അതിന്റെ വിശ്വാസപരമായ വെളിച്ചത്തിന്റേയും സ്നേഹപ്രകാശത്തിന്റേയും ശ്രേഷ്ഠതകൊണ്ട് അനുഗ്രഹങ്ങളുടെ ഉത്ഭവ സ്ഥാനവുമായി സുഹൃത് ബന്ധംസ്ഥാപിക്കുന്നു. ജീവൻ പ്രദാനം ചെയ്യുന്ന അല്ലാഹുവിന്റെ സ്നേഹം അവന്റെ സ്നേഹത്തിനുമേൽ പ്രതിബിംബിക്കുന്നു. അപ്പോൾ ആ പരിധിവരേയും ആ സമയം വരേയും ചുവടുവയ്ക്കാൻ മനുഷ്യനു ലഭിക്കുന്ന ശക്തി വാസ്തവത്തിൽ ഗർഭാവസ്ഥയിൽ അല്ലാഹുവിന്റെ മലക്കു ചെലുത്തിയ സ്വാധീനശക്തിയുടെ ഫലമാണ്. ആ ആദ്യത്തെ സ്വാധീനശക്തികൊണ്ട് ഈ നില പ്രാപിച്ചുകഴിഞ്ഞാൽ പിന്നീടു അതേ മലക്കു വീണ്ടും പുതിയ രീതിയിൽ തന്റെ പ്രകാശനിർഭരമായ സ്വാധീനശക്തി അവനിൽ ഇടുന്നു. ഇതു സ്വയമേവ ഇടുന്നതല്ല. അദ്ദേഹം ഇടയ്ക്കുള്ള സേവകനായ കാരണത്താൽ ഒരു വശത്തുനിന്നും വെള്ളം സ്വീകരിക്കുകയും മറുവശത്ത് ആ വെളളമെത്തിക്കുകയും ചെയ്യുന്ന തോടുപോലെ, അല്ലാഹുവിന്റെ അനുഗ്രഹപ്രകാശം തന്നിലേക്കു വലിച്ചെടുക്കുകയും, മനുഷ്യൻ ഇരുവശത്തുമുള്ള സ്നേഹത്താൽ റൂഹുൽഖുദ്സിന്റെ തോട്ടിൻകരയിൽ തന്നെ കൊണ്ടുപോയി വെക്കുന്ന ആ കൃത്യ നേരത്ത് പൊടുന്നനെ ആ തോട്ടിൽനിന്ന് വഹ്‌യ്യുടെ അനുഗ്രഹം അവന്റെ ഉള്ളിൽ പതിക്കുന്നു. അല്ലെങ്കിൽ ഇങ്ങനെ പറയാം: ആ നേരത്ത് ജിബ്രീൽ തന്റെ ജ്യോതിർമയമായ തണൽ ആ സുസജ്ജമായ ഹൃദയങ്ങളുടെ മേൽ വിരിച്ച് തന്റെ ഛായാചിത്രം അവന്റെ ഉള്ളിൽ നിക്ഷേപിക്കുന്നു. അപ്പോൾ ആകാശത്ത് നിയോഗിതനായിരുന്ന ആ മലക്കിന്റെ നാമം ജിബ്രീൽ എന്നതുപോലെ, ആ ഛായാചിത്രത്തിന്റെ നാമവും ജിബ്രീൽ എന്നു തന്നെയായിരിക്കും. അല്ലെങ്കിൽ ആ മലക്കിന്റെ നാമം റൂഹുൽഖുദ്സ് എന്നാണ്. ഛായാചിത്രത്തിന്റെ പേരും റൂഹുൽഖുദ്സ് എന്നു തന്നെയാണ് വയ്ക്കുന്നത്. മലക്ക് മനുഷ്യന്റെ ഉള്ളിൽ തള്ളിക്കയറി വരുന്നുവെന്നല്ല, അദ്ദേഹത്തിന്റെ ഛായാചിത്രം മനുഷ്യമനസ്സിന്റെ കണ്ണാടിയിൽ പ്രത്യക്ഷപ്പെടുന്നുവെന്നതാണ്. ഉദാഹരണത്തിന് അങ്ങേയറ്റം നിർമലമായ കണ്ണാടി നിങ്ങൾ നിങ്ങളുടെ മുഖത്തിനു നേരെ വയ്ക്കുമ്പോൾ അതിന്റെ വൃത്തത്തിന്റെ വലുപ്പമനുസരിച്ച് നിങ്ങളുടെ രൂപം പൊടുന്നനെ അതിൽ പ്രതിഫലിക്കും. നിങ്ങളുടെ മുഖവും തലയും കഴുത്തിൽനിന്ന് വേർപെട്ട് ആ കണ്ണാടിയിൽ വയ്ക്കപ്പെടുക എന്നതല്ല, മറിച്ച് അത് അതിരിക്കേണ്ട സ്ഥലത്തുതന്നെ ഇരിക്കും. അതിന്റെ പ്രതിബിംബം മാത്രമായിരിക്കും കണ്ണാടിയിൽ പതിയുക. അതും എല്ലായിടത്തും ഒരേ അളവിൽ പതിയുകയില്ല. മനസ്സിന്റെ കണ്ണാടി വിശാലമാകുന്ന അളവനുസരിച്ചായിരിക്കും പതിയുക. ഉദാഹരണത്തിനു നിങ്ങൾ നിങ്ങളുടെ മുഖം മോതിരത്തിൽ പതിച്ചിട്ടുള്ള കണ്ണാടിച്ചില്ലിൽ നോക്കുകയാണെങ്കിൽ മുഖംമുഴുവൻ കാണാൻ കഴിഞ്ഞാലും അതിലെ ഓരോ അവയവവും അതിന്റെ യഥാർഥ വലുപ്പത്തിൽനിന്ന് ചെറുതായിട്ടായിരിക്കും കാണുക. ഇനി നിങ്ങൾ നിങ്ങളുടെ മുഴുവൻ രൂപവും പൂർണമായും പ്രതിഫലിപ്പിക്കാൻ കഴിവുള്ള കണ്ണാടിയിലാണ് നോക്കുന്നതെങ്കിൽ നിങ്ങളുടെ മുഴുവൻ രൂപവും മുഖത്തെ അവയവങ്ങളും അതിന്റെ യഥാർഥ വലുപ്പത്തിൽ കാണുന്നതായിരിക്കും. ഇതേ ഉദാഹരണമാണ് ജിബ്രീലിന്റെ സ്വാധീനശക്തിയുടേയും. ഏറ്റവും ചെറിയ പദവിയുള്ള ഒരു വലിയ്യ് ആയാലും ജിബ്രീൽ തന്നെയാണ് വഹ്‌യ്യ് ഇടുന്നത്. ഹദ്റത്ത് ഖാത്തമുൽഅമ്പിയായുടെ (സ) ഹൃദയത്തിലും ജിബ്രീൽ തന്നെയാണ് വഹ്‌യ്യ് ഇട്ടുകൊണ്ടിരുന്നത്. പക്ഷേ, ഈ രണ്ടു വഹ്‌യ്യുകളിലും മുകളിൽ പറഞ്ഞ മോതിരത്തിൽ പതിച്ച കണ്ണാടി ചില്ലും വലിയ കണ്ണാടിയും തമ്മിലുളള അന്തരമുണ്ട്. അതായത് ജിബ്രീലിന്റെ രൂപവും സ്വാധീനശക്തിയും ബാഹ്യമായി ഒന്നുതന്നെ. എന്നാൽ, ഓരോയിടത്തും മൂലധാതു ഒരേ

നിലയിൽ വിശാലവും സ്പഷ്ടവുമായ അവസ്ഥയിലല്ല ഉള്ളത്. ഇവിടെ ഞാൻ നിർമലത (സ്വഫായി) എന്ന പദവും എഴുതിയിരിക്കുന്നു. അതെന്തിനെന്നുവച്ചാൽ, ജിബ്‌രീലിന്റെ സ്വാധീനശക്തിയിലുണ്ടാകുന്ന വ്യത്യാസം കുറവു സംബന്ധിച്ചു മാത്രമല്ല. അവസ്ഥയെ സംബന്ധിച്ചും കൂടിയാണ്. അതായത് ഛായാചിത്രം പ്രതിഫലിക്കുന്നതിനുള്ള നിബന്ധനയായ മനസ്സിന്റെ നിർമലത ഇൽഹാമുകൾ ഉണ്ടാകുന്ന എല്ലാവരിലും ഒരിക്കലും ഒരുപോലെയായിരിക്കുകയില്ല. എല്ലാ കണ്ണാടിയും ഒരേ നിലവാരത്തിലുള്ള തെളിമ ഉൾക്കൊള്ളുന്നില്ല. ചില കണ്ണാടികൾ അങ്ങേയറ്റം തെളിമയാർന്നതും വൃത്തിയുള്ളതുമായിരിക്കും. നോക്കുന്നയാളുടെ രൂപം വ്യക്തമായും പ്രതിഫലിപ്പിക്കും. ചിലത് അഴുക്കുള്ളതും കലങ്ങിയതും പൊടി നിറഞ്ഞതുമായിരിക്കും. രൂപം അതിൽ വ്യക്തമാകുകയില്ല. ചിലതാണെങ്കിൽ വളരെ മോശമായിരിക്കും. അവയിൽ രണ്ടു ചുണ്ടുകൾ കാണുമ്പോൾ മൂക്കു കാണുകയില്ല. മൂക്കു കാണുകയാണെങ്കിൽ കണ്ണുകൾ കാണുകയില്ല. ഹൃദയത്തിന്റെ കണ്ണാടിയുടെ അവസ്ഥയും ഇതു തന്നെയാണ്. ഏറ്റവും നിർമലമായ ഹൃദയമാണെങ്കിൽ അതിൽ തെളിമയാർന്നതും പൂർണമായിട്ടുള്ളതുമായ ചിത്രം കാണാൻ കഴിയും. കലങ്ങിയതാണെങ്കിൽ ചിത്രവും കലങ്ങിക്കിടക്കും. സമ്പൂർണവും തികവുറ്റതുമായ നിർമലത നബി(സ)യുടെ ഹൃദയത്തിനു ലഭിച്ചിരിക്കുന്നു. അത്തരം നിർമലത്വം മറ്റൊരു ഹൃദയത്തിനും ലഭിച്ചിട്ടില്ല.

(തുടരും)

വിവർത്തനം: മൗലവി ഇസ്മായീൽ,
ആലപ്പുഴ

---

11-ാം പേജിൽ നിന്നും തുടർച്ച

ഹദ്റത്ത് മുഹമ്മദ് (സ) മക്കയിലും മദീനയിലും പരിപൂർണ ആധിപത്യം നേടിയത് പന്ത്രണ്ട് നൂറ്റാണ്ടുകളുടെ വിപ്ലവ കാലഘട്ടത്തിന് ശേഷവും ഇന്ത്യക്കാരും തുർക്കികളും ആഫ്രിക്കക്കാരുമായിട്ടുള്ള നവമുസ്‌ലീങ്ങൾ ഇതുവരെയും കാത്തുസൂക്ഷിക്കുന്നുണ്ട്. മുഹമ്മദ് (സ) യുടെ ശിഷ്യന്മാർ തങ്ങളുടെ മതവിശ്വാസങ്ങളെ ഒരു മനുഷ്യന്റെ കാല്പനികതയായി കണക്കു കൂട്ടിയിരുന്നില്ല. ഇസ്‌ലാമിലുള്ള ലളിതസുന്ദരമായ സത്യസാക്ഷ്യം ഞാൻ ഏക ദൈവത്തിലും അല്ലാഹുവിന്റെ പ്രവാചകൻ മുഹമ്മദ് (സ) യിലും വിശ്വസിക്കുന്നു എന്നതാണ്. അതായത് **ലാ ഇലാഹ ഇല്ലല്ലാഹു മുഹമ്മദു റസൂലുല്ലാഹ്** എന്നതാണ്. ദൈവത്തെക്കുറിച്ചുള്ള ഈ ചിന്താഗതി വികലമാക്കപ്പെട്ട് മുസ്‌ലിംകളിൽ ഒരു ബിംബരൂപമായി ദൈവം പ്രതിഷ്ഠിക്കപ്പെട്ടിട്ടില്ല. തിരുനബി(സ)യുടെ മഹിത സ്ഥാനമാനങ്ങളും അമാനുഷികമായ നിലയിൽ ഒരിക്കലും അവതരിക്കപ്പെടുകയുണ്ടായിട്ടില്ല. അദ്ദേഹത്തിന്റെ ജീവൽ അധ്യാപനങ്ങൾ അദ്ദേഹത്തിന്റെ അനുയായികളെ കൃതജ്ഞതയും ഉപകാരസ്മരണയും പ്രകടിപ്പിക്കുന്നതിൽ ബുദ്ധിയുടെയും മതത്തിന്റെയും അതിരുകൾ ലംഘിക്കുവാൻ ഒരിക്കലും പ്രേരകമായിത്തീർന്നിട്ടില്ല.-എന്നാൽ ക്രിസ്ത്യാനികൾ ഇതിനെതിരിൽ സൃഷ്ടിയെ ദൈവമാക്കി എന്നാണ് ഇദ്ദേഹം ഇവിടെ പറയുന്നത്-

രണ്ടാഴ്ച മുമ്പ് സെപ്റ്റംബർ 21 ന് നടത്തിയ ഖുത്ബയിൽ ലോകത്തിലെ മുസ്‌ലിം അഭിഭാഷകൻമാർ പ്രവാചക നിന്ദക്കെതിരെ കൂട്ടായി പ്രവർത്തിക്കണം എന്ന് ഞാൻ പറഞ്ഞിരുന്നു. അവർ എല്ലാവരും ഒന്നിക്കുമോ ഇല്ലയോ എന്നറിയില്ല. എന്നിരുന്നാലും നമ്മുടെ അഹ്മദി അഭിഭാഷകൻമാർ മറ്റു സ്ഥലത്തും പാകിസ്താനിലും ഇക്കാര്യ ത്തിൽ മുന്നോട്ട് വന്നിട്ടുണ്ട്. മതവികാരങ്ങൾ മാനിക്കുക, ആവിഷ്കാര സ്വാതന്ത്രത്തിന് പരിധികൾ നിർണയിക്കുക എന്നിവയെക്കുറിച്ച് എന്ത് ചെയ്യാൻ സാധിക്കുമെന്ന് ഇവർ ചർച്ച നടത്തിയിട്ടുണ്ട്. കുറച്ച് കാര്യങ്ങളും പോയിന്റുകളും ഇതു സംബന്ധമായി ഇവർ ശേഖരി ച്ചിട്ടുണ്ട്. വിവിധ രാജ്യങ്ങളിലുള്ള കോടതി വിധികൾ, നിയമങ്ങൾ കൂടാതെ അന്തർദേശീയ നിയമങ്ങൾ എന്നിവ മുന്നിൽ വെച്ച് കൊണ്ട് ചില ചോദ്യങ്ങൾ ഇവർ ഉന്നയിക്കുന്നുണ്ട്. അത് ഇവിടെയും അയച്ചിട്ടുണ്ട്. ഞാൻ അത് വിവിധ രാജ്യങ്ങളിലെ അഹ്മദി അഭിഭാഷകൻമാർക്ക് അയച്ചുകൊടുത്തിട്ടുണ്ട്. പാകിസ്താനിലെ അഹ്മദി വക്കീലുമാർ ഇതിലേക്ക് മുമ്പെ ശ്രദ്ധ തിരിച്ചിരുന്നു. അവർ പറയുകയു ണ്ടായി; അവർ മറ്റു മുസ്‌ലിം വക്കീലുമാരോടൊപ്പം ഇരിക്കുകയായിരുന്നു. ഇതര മുസ്‌ലിം വക്കീലുമാർ അവരോട് പറഞ്ഞത് സംഘടിതമായ നിലയിൽ ഈ ജോലി ചെയ്യാൻ അഹ്മദിയ്യാ ജമാഅത്തിനു മാത്രമെ സാധിക്കുകയുള്ളൂ, അത് കൊണ്ട് നിങ്ങൾ തന്നെ ഈ ചോദ്യം ലോകത്ത് ഉയർത്തുക എന്നാണ്. എന്തായാലും ഞാൻ ഇത് ലോകത്തിലെ മറ്റു അഹ്മദി അഭിഭാഷകൻമാർക്ക് അയച്ചു കൊടുക്കുകയുണ്ടായി. ഇക്കാര്യത്തിൽ എന്തെല്ലാം ചെയ്യാൻ സാധിക്കും എന്നതിനെക്കുറിച്ച് ഇവർ എത്രയും പെട്ടെന്ന് ചിന്തിക്കേണ്ടതാണ്. അതെനിക്ക് അയച്ചു തരിക. ലോകത്തിലെ വിവിധ ഭാഗങ്ങളിൽ നിന്ന് ലഭിച്ച അഭിഭാഷകൻമാരുടെ അഭിപ്രായങ്ങൾ പരസ്പരം കൈമാറിയതിനു ശേഷം ഉരുത്തിരിയുന്ന അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വല്ലതും ചെയ്യാനാകുമോ എന്ന് പരിശോധിക്കാവുന്നതാണ്. ഈ ജോലി പെട്ടെന്ന് ചെയ്യാൻ അല്ലാഹു എല്ലാ അഹ്മദി അഭിഭാഷകൻമാർക്കും തൗഫീഖ് നല്കുമാറാകട്ടെ.

അഹ്മദികൾ, വിവിധ രാജ്യങ്ങളിലുള്ള രാഷ്ട്രീയക്കാരുമായും രാഷ്ട്രീയക്കാരുമായി അടുത്ത ബന്ധമുള്ളവരുമായും ബന്ധപ്പെട്ടുകൊണ്ട് ഈ പ്രശ്നം നല്ല നിലയിൽ ഏതെങ്കിലുമൊരു പ്ലാറ്റ്ഫോമിൽ കൊണ്ടുവരേണ്ടതാണ്. ഇങ്ങനെ ആവിഷ്കാര സ്വാതന്ത്ര്യത്തിന് പരിധികൾ ഏർപ്പെടുത്തേണ്ടതാണ്. അല്ലെങ്കിൽ ലോകത്ത് മുമ്പത്തെക്കാളുപരി കുഴപ്പങ്ങൾ ഉണ്ടായിത്തീരും എന്ന് മനസ്സിലാക്കി കൊടുക്കുക. ഇതുമായി ബന്ധപ്പെട്ട് ഞാൻ ഒരു ദുആയുടെ കാര്യവും ഓർമ്മപ്പെടുത്താൻ ആഗ്രഹിക്കുന്നു. മുസ്‌ലിം ഉമ്മത്തിനായി ഈ ദിവങ്ങളിൽ വളരെയധികം ദുആ ചെയ്യുക. മുസ്‌ലിം നേതാക്കന്മാർക്ക് അല്ലാഹു ബുദ്ധി നൽകട്ടെ. അവർ അവരുടെ പൗരന്മാരുടെ രക്തം കൊണ്ട് കളിക്കുന്നവരായി തീരാതിരിക്കട്ടെ. മുസ്‌ലിം നാട്ടിലെ പൗരന്മാർക്കും ബുദ്ധി നൽകട്ടെ. അവർ സ്വാർഥരായ നേതാക്കൻമാരുടെ കയ്യിലെ ആയുധമായി കൊണ്ട് പരസ്പരം കഴുത്തറുക്കുന്നവരാകാതിരിക്കട്ടെ. മുസ്‌ലിം ഭരണകൂടങ്ങൾക്ക് വിവേകം നൽകുമാറാകട്ടെ. അവർ അന്യരുടെ ഉപകരണമായിക്കൊണ്ട് പരസ്പരം ആക്രമിക്കുന്നവരായി തീരാതിരിക്കട്ടെ. ഇന്ന് വീണ്ടും തുർക്കിയും സിറിയയും പരസ്പരം ആക്രമിക്കാൻ തുടങ്ങിയിരിക്കുന്നു. മുസ്‌ലിംങ്ങളെ തമ്മിൽ യുദ്ധം ചെയ്യിപ്പിച്ച് എല്ലാ വിധത്തിലുള്ള പ്രയോജനവും എടുക്കുകയെന്നത് തന്നെയാണ് മുസ്‌ലിം വിരുദ്ധ ശക്തികളുടെ നയം. ഇതാണ് അവരുടെ പ്രഥമ അജണ്ട. ഇക്കാര്യം മുസ്‌ലിംകൾ മനസ്സിലാക്കുന്നില്ല. അല്ലാഹു മുസ്‌ലിം ഉമ്മത്തിനെ തന്റെ സംരക്ഷണത്തിൽ വെക്കട്ടെ. അവർക്ക് ഈ യാഥാർഥ്യം മനസ്സിലാക്കാൻ ബുദ്ധി നൽകട്ടെ. അവർ തങ്ങളുടെ ഉത്തരവാദിത്വം നിറവേറ്റുന്നവരായിത്തീരട്ടെ.

(തയ്യാറാക്കിയത് മലയാളം ഖുത്ബ വിഭാഗം)

# ശൈഖ് അബ്ദുൽ ഖാദിർ ജീലാനി (റഹ്)യുടെ ഉപദേശങ്ങൾ

എം. നദീം സിദ്ധീക്ക്

ഹദ്റത്ത് മുഹ്‌യിദ്ദീൻ ശൈഖ് അബ്ദുൽഖാദിർ ജീലാനി (റഹ്) (1077–1166) ആറാം നൂറ്റാണ്ടിലെ മുജദ്ദിദ് ആയിരുന്നു. അബ്ദുൽ ഖാദിർ ജീലാനി (റഹ്)യെപ്പറ്റി വാഗ്ദത്ത മസീഹ് ഹദ്റത്ത് മിർസാഗുലാം അഹ്മദ് (അ) പറഞ്ഞത് ഇസ്‌ലാമിലെ എല്ലാ മഹാന്മാരായ സൂഫിമാരിലും വെച്ച് അബ്ദുൽ ഖാദിർ ജീലാനിയുമായി തനിക്ക് പ്രത്യേകമായ ഒരു ആത്മീയ സാമ്യതയുണ്ടെന്നാണ്. അല്ലാഹുവിൽ നിന്നുള്ള ഒരു ദർശനത്തിൽ വാഗ്ദത്ത മഹ്ദി ശൈഖിനടുത്ത് നില്ക്കുന്നതായി കണ്ടു. അവർ രണ്ടുപേർക്കും ഒരേ ഉയരമായിരുന്നു ഉണ്ടായിരുന്നത്.

'**ഫു**തുഹുൽ ഗൈബ്' എന്ന ഗ്രന്ഥം അബ്ദുൽ ഖാദിർ ജീലാനിയുടെ 78 പ്രഭാഷണങ്ങളുടെ സമാഹാരമാണ്. ഒരോ പ്രഭാഷണവും അദ്ദേഹം പ്രസിദ്ധീകരിക്കുന്നതിന് മുമ്പേ സൂക്ഷ്മമായി പരിശോധിച്ചതാണ്. താഴെ കാണുന്ന ഭാഗം അത്തരം ഒരു പ്രഭാഷണത്തിന്റെ ഒരു ഭാഗമാണ്.

ആത്മീയ മരണം

ഭൗതികലോകത്ത് നിങ്ങൾ ഒരു മരണം വരിക്കുമ്പോൾ നിങ്ങളോട് പറയപ്പെടും അല്ലാഹുവിന്റെ കാരുണ്യം നിങ്ങളിലുണ്ട്. അവനിപ്പോൾ നിങ്ങളെ നിങ്ങളുടെ വികാരങ്ങളിൽ നിന്നും മരിച്ചു പിരിയാൻ നിങ്ങളെ അനുവദിക്കുന്നു. നിങ്ങൾ നിങ്ങളുടെ വികാരങ്ങളെ മരിപ്പിക്കുമ്പോൾ നിങ്ങളോട് പറയപ്പെടും അല്ലാഹുവിന്റെ കാരുണ്യം നിങ്ങളിലുണ്ട്. അവൻ നിങ്ങളുടെ ആഗ്രഹങ്ങളേയും ഇച്ഛകളേയും മരിക്കാനനുവദിക്കുന്നു. നിങ്ങളുടെ ആഗ്രഹങ്ങൾ മരിക്കുമ്പോൾ നിങ്ങളോട് പറയപ്പെടും. അല്ലാഹുവിന്റെ കാരുണ്യം നിങ്ങളിലുണ്ട്. നിങ്ങൾക്ക് അവൻ നിങ്ങളുടെ ജീവനെതിരിച്ചു തന്നിരിക്കുന്നു. അവിടെ നിങ്ങൾക്ക് മരണമില്ല.

പിന്നീട് നിങ്ങൾ സമ്പത്തുകൾ കൊണ്ട് അനുഗ്രഹിക്കപ്പെടും. അതിൽ പിന്നെ നിങ്ങൾക്ക് ദാരിദ്ര്യമുണ്ടാവുകയില്ല. നിങ്ങൾക്ക് ഒരു സമ്മാനം നൽകപ്പെടും. അതിനാൽ നിങ്ങൾക്ക് ഒരിക്കലും യാതൊന്നിനും കുറവ് ഉണ്ടാവുകയില്ല. നിങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാവില്ല. നിങ്ങൾക്ക് ഒരു ആനന്ദം നൽകപ്പെടും പിന്നീട് നിങ്ങൾക്ക് ദുഃഖം ഉണ്ടാവില്ല. നിങ്ങൾക്ക് ജ്ഞാനം നൽകപ്പെടും പിന്നീട് നിങ്ങൾക്ക് അജ്ഞതയുണ്ടാവില്ല. നിങ്ങൾക്ക് സുരക്ഷിതത്വം നൽകപ്പെടും. പിന്നീട് നിങ്ങൾക്ക് ഭയമുണ്ടാവില്ല. നിങ്ങൾക്ക് ഒരുപാട് സുഭിക്ഷത നൽകപ്പെടും. പിന്നീട് ഒരിക്കലും നിങ്ങൾ നിസ്വത ഉണ്ടാവില്ല. നിങ്ങൾക്ക് ബഹുമതി നൽകപ്പെടും. പിന്നീട് നിങ്ങൾ ഒരിക്കലും തരം താഴില്ല. നിങ്ങൾ വളരെയേറെ ഉയർത്തപ്പെടും അതിനപ്പുറം നിങ്ങൾക്ക് നിന്ദിക്കപ്പെടുകയില്ല. നിങ്ങളുടെ മേൽ ധാരാളം ബഹുമതി നൽകപ്പെടും. പിന്നെ നിങ്ങൾ വെറുക്കപ്പെടില്ല. നിങ്ങൾ വളരെ പരിശുദ്ധമാക്കപ്പെടും. പിന്നെ നിങ്ങൾ മലിനമാക്കപ്പെടുകയില്ല. ഈ പ്രതീക്ഷാനിർഭരമായ ആഗ്രഹങ്ങൾ നിങ്ങൾ സാക്ഷാത്കരിക്കണം. നിങ്ങളെ സംബന്ധിച്ച സദ്‌വാർത്തകൾ ഉറപ്പാക്കപ്പെടണം.

നിങ്ങൾ തത്ത്വജ്ഞാനിയുടെ ഉരകല്ലായി തീരണം. അതായത് സൂക്ഷ്മനായി തീരണം. മറ്റാരോടും ഉപമിക്കാനാവാത്ത അതുല്യനായിത്തീരണം. നിങ്ങളോട് കിടനില്ക്കാൻ മറ്റൊരാളില്ലാത്തവിധം നിങ്ങൾ ആയിത്തീരണം. നിങ്ങൾ ഒരു തരത്തിലുള്ള വൈശിഷ്ഠ്യം ആർജിക്കണം. ഒറ്റതിരിഞ്ഞവനും അദ്വിതീയനുമായിരിക്കണം. നിഗൂഢവാനും രഹസ്യജ്ഞനുമായിരിക്കണം.

അങ്ങനെ നിങ്ങൾ നബി(സ)യുടെ അനന്തരാവകാശിയാവണം. സത്യത്തിന്റെ ജേതാവും ദൂതനുമാകണം. വിലായത്തുകൾ നിങ്ങളിൽ പൂർണമാവണം. എല്ലാ സേവകന്മാരും (അബ്ദാൻ) നിങ്ങളിലേക്ക് ചായണം. നിങ്ങളിലൂടെ എല്ലാ ഉത്കണ്ഠകളും നീങ്ങിപ്പോവണം. നിങ്ങളിലൂടെ ജലം വർഷിച്ച് കൃഷി വളരണം. വലിയവരും ചെറിയവരുമായ ജനങ്ങളുടെയും അപകടം നിറഞ്ഞ മേഖലകളിൽ വസിക്കുന്നവരുടേയും ഭരണാധികാരികളുടേയും ഭരണീയരുടേയും നേതാക്കളുടേയും സമൂഹത്തിന്റേയും ദുരിതങ്ങളും പ്രയാസങ്ങളും നിങ്ങളിലൂടെ വിപാടനം ചെയ്യപ്പെടണം.

നിങ്ങൾ രാജ്യത്തിന്റെ പ്രത്യേകാധികാരമായിരിക്കണം. ജനങ്ങൾ അവരുടെ ബഹുമതികളർപ്പിക്കാ നും സമ്മാനങ്ങൾ നൽകാനും, നിങ്ങളെ സേവിക്കാനും നിങ്ങളിലേക്ക് ധൃതിയോടെ വരണം. എല്ലാ നാവുകളും എല്ലായ്പ്പോഴും നിങ്ങളെക്കുറിച്ച് നന്മ പറയണം. നിങ്ങളുടെ സ്തുതികൾ ഗാനമായി പൊഴിയണം. രണ്ട് വിശ്വാസികൾ തമ്മിൽ നിന്നെ സംബന്ധിച്ച് വിഭിന്നാഭിപ്രായങ്ങൾ ഉണ്ടാവരുത്. അത്തരം നന്മനിറഞ്ഞവനെ, നിങ്ങൾ ഭൂമിയിൽ വസിക്കുക അല്ലെങ്കിൽ സഞ്ചരിക്കുക.

***'അത് അല്ലാഹുവിന്റെ അനുഗ്രഹമാകുന്നു. താനുദ്ദേശിക്കുന്നവർക്ക് അവനത് നൽകുന്നു. അല്ലാഹു മഹത്തായ അനുഗ്രഹത്തിന്റെ നാഥനാണ്.' (62:5)***

# മലാലയുടെ ദിനസരിക്കുറിപ്പുകൾ

പാകിസ്താനിൽ ഈയിടെ ഭീകരവാദികളുടെ വെടിയേറ്റ പെൺകുട്ടി ബി.ബി.സി. ബ്ളോഗിൽ എഴുതിയ കുറിപ്പുകൾ പാകിസ്താനിലെ ഭീകരവാദികളുടെ വിളയാട്ടത്തെക്കുറിച്ച് ഒരു രേഖാ ചിത്രം നൽകുന്നു.

**പാ**കിസ്താനിൽ ഗോത്ര വർഗ സ്വയം ഭരണ മേഖലയായ പക്തൂൺഖാലിയിലെ സ്വാത്ത് ജില്ലയിൽ സ്ത്രീ വിദ്യാഭ്യാസം പാടില്ല എന്ന ഉറച്ച നിലപാടുള്ള താലിബാൻ ഭീകരർ പിടിമുറുക്കിയതോടെ പെൺകുട്ടികൾ പഠിക്കുന്ന പല സ്കൂളുകളും ബോംബിട്ടു തകർക്കുകയുണ്ടായി. ഇസ്ലാമിന്റെ പേരിൽ താലിബാൻ നടത്തുന്ന ഈ ഭീകര വാഴ്ചക്കിടയിൽ ഭയാശങ്കകളോടെ വിദ്യാഭ്യാസം നിർവഹിച്ച മലാല യൂസുഫ്സായി എന്ന കൊച്ചു വിദ്യാർഥിനി ബി.ബി.സിയുടെ ബ്ളോഗിൽ 2009 മുതൽ ഉറുദുവിൽ തന്റെ ഡയറിക്കുറിപ്പുകൾ പ്രസിദ്ധീകരിക്കാൻ ആരംഭിച്ചു. അന്ന് മലാലക്ക് കേവലം പതിനൊന്ന് വയസ്സ് മാത്രമാണ് പ്രായം. താലിബാൻ അറിയാതിരിക്കാൻ മറ്റൊരു പേരാണ് അവൾ സ്വീകരിച്ചത്. മലാലയുടെ പിതാവ് യൂസുഫ് സായി പാകിസ്താനിലെ ഒരു വിദ്യാഭ്യാസ പ്രവർത്തകനും ഒരു സ്കൂൾ നടത്തുന്ന ആളുമായിരുന്നു. സ്വാത്തിലെ താലിബാൻ ഭരണത്തിന്റെ അനുഭവങ്ങളെക്കുറിച്ച് സ്കൂൾ കോളേജ് വിദ്യാർഥികളുടെ അഭിപ്രായങ്ങൾ സമാഹരിക്കാനായിരുന്നു ബി.ബിസി ഇത്തരമൊരു ബ്ളോഗ് ആരംഭിച്ചത്. പാകിസ്താനിലെ താലിബാൻ ഭരണത്തിലെ ഭീകരതയും നൃശംസതയും ഭയാനകതയും സ്ത്രീ വിരുദ്ധതയും വിജ്ഞാന വെറിയും ഈ കൊച്ചു പെൺകുട്ടിയുടെ ദിനസരി കുറിപ്പുകളിൽ വ്യക്തമാണ്. ഇംഗ്ലീഷിലേക്ക് മൊഴിമാറ്റം ചെയ്യപ്പെട്ട ഈ കുറിപ്പുകൾക്ക് ലോകം മുഴുവനും വൻ പ്രചാരമാണ് ലഭിച്ചത്. മലാല അന്തർദേശീയ തലത്തിൽ അറിയപ്പെടാൻ തുടങ്ങി. അവളുടെ ചിന്തകളിലെ ആത്മാർഥതയും വിദ്യാഭ്യാസത്തോടുള്ള അഭിനിവേശവും ഈ നിസ്സാഹായാവസ്ഥയിലും പ്രകടമായിരുന്നു. അവാർഡുകളും അംഗീകാരവും അവളെ തേടിയെത്തി. ഈ ഡയറിക്കുറിപ്പുകാരി മലാലയാണെന്ന് തിരിച്ചറിഞ്ഞ താലിബാൻ ഭീകരർ ആ ബാലിക



മലാല യൂസുഫ് സായി ബ്രിട്ടണിലെ ആശുപത്രിയിൽ സുഖം പ്രാപിക്കുന്നു

പശ്ചാത്യൻ ആശയങ്ങൾ പ്രചരിപ്പിക്കുന്ന ഒറ്റുകാരിയാണെന്ന് പ്രഖ്യാപിച്ചുകൊണ്ട് അവളെ വധിക്കാനുള്ള ഉദ്ദേശ്യത്തോടെ 2012 ഒക്ടോബർ 9-ാം തീയതി വെടിവെച്ചെങ്കിലും ഭാഗ്യത്തിന് രക്ഷപ്പെടുകയായിരുന്നു. ഹീനമായ ഈ അക്രമണം പാകിസ്താനിലടക്കം ലോകം മുഴുവനുമുള്ള മനുഷ്യസ്നേഹികളുടെ ഹൃദയത്തിൽ തീരാനോവുകൾ സൃഷ്ടിക്കുകയുണ്ടായി. യു. എ. ഇ. ഗവൺമെന്റിന്റെ സഹായത്തോടെ ഇംഗ്ലണ്ടിലെ ബ്രമിങ്ഹാമിൽ എത്തിച്ച മലാല അതി ഗുരുതരാവസ്ഥയിൽ നിന്നും പതുക്കെ സുഖപ്പെട്ടുവരുന്നു. ബി.ബി.സിയുടെ ബ്ളോഗിൽ മലാല എഴുതിയ അത്യന്തം ഹൃദയവർജകങ്ങളായ ഡയറിക്കുറിപ്പുകളാണ് താഴെക്കൊടുത്തിരിക്കുന്നത്.

### 2009 ജനവരി 3 ശനി

താലിബാനും സൈനിക ഹെലിക്കോപ്റ്ററുകളും നിറഞ്ഞ ഭീകരമായൊരു സ്വപ്നം ഇന്നലെ രാത്രി ഞാൻ കണ്ടു. സ്വാത്ത് മേഖലയിൽ സൈനിക നടപടി തുടങ്ങിയതിന് ശേഷം ഇത്തരം ഭീകരസ്വപ്നങ്ങൾ എന്നെ അലട്ടാറുണ്ട്. എന്റെ ഉമ്മ എനിക്ക് വേണ്ടി തയ്യാറാക്കിയ പ്രഭാത ഭക്ഷണം കഴിച്ച് സ്കൂളിലേക്ക് പുറപ്പെട്ടു. പെൺകുട്ടികൾ സ്കൂളിലേക്ക് പോകരുതെന്ന തിട്ടൂരമുള്ളതിനാൽ ഭയപ്പാടോടെയാണ് പോയത്. 27 കുട്ടികൾ ഉള്ളതിൽ 11 കുട്ടികൾ മാത്രമേ സ്കൂളിൽ എത്തിയിരുന്നുള്ളു. താലിബാനെ ഭയന്നാണ് പലരും എത്താത്തത്.എന്റെ മൂന്ന് കൂട്ടുകാരികൾ പെഷവാർ, ലാഹോർ റാവൽ പിണ്ടി എന്നിവിടങ്ങളിലേക്ക് കുടുംബത്തോടെ മാറി പോയി.

സ്കൂളുകളിൽ നിന്നും വീട്ടിലേക്ക് വരുമ്പോൾ ഒരാൾ 'നിന്നെഞാൻ കൊല്ലും' എന്ന് ഉറക്കെ വിളിച്ചു പറയുന്നുണ്ടായിരുന്നു. ഇത് കേട്ട് എനിക്ക് വേദന തോന്നി. സ്വാത്തിൽ സൈനിക നടപടി തുടങ്ങുന്നതിന് മുമ്പ് എല്ലാ ഞായറാഴ്ച്ചകളിലും ഞങ്ങൾ മർഗാസൻ, ഫിസാഘട്ട്, കഞ്ജ് എന്നിവിടങ്ങളിൽ വിനോദ യാത്രക്ക് പോകുമായിരുന്നു. കഴിഞ്ഞ ഒന്നര വർഷമായി ഈയാത്രകളില്ല. മുമ്പ് അത്താഴത്തിന് ശേഷം ഞങ്ങൾ പുറത്ത് നടക്കാൻ പോകുമായിരുന്നു. ഇപ്പോൾ സൂര്യാസ്തമയത്തിന് മുമ്പ് വീടണയും. ഹോംവർക്ക് ചെയ്ത് അനിയന്മാരോടൊപ്പം കളിച്ചും ചെറിയ വീട്ടു ജോലികൾ

ചെയ്തും വീട്ടിനുള്ളിൽ തന്നെ ചെല വഴിച്ചു. നാളെ സ്കൂളിൽ പോകേണ്ട കാര്യമോർത്തപ്പോൾ എന്റെ ഹൃദയമിടിപ്പ് കൂടി.

**ജനുവരി 5 തിങ്കൾ**

രാവിലെ സ്കൂളിൽ പോകാൻ യൂണിഫോം എടുത്തപ്പോഴാണ് സാധാരണ ഡ്രസ്സ് മതിയെന്ന് കഴിഞ്ഞ ദിവസം പ്രിൻസിപ്പാൾ പറഞ്ഞത് ഞാനോർത്തത്.എനിക്ക് പ്രിയപ്പെട്ട പിങ്ക് നിറത്തിലുള്ള ഡ്രസ്സ് ധരിക്കുവാൻ ഞാൻ തീരുമാനിച്ചു. എല്ലാ കുട്ടികളും കളർ ഡ്രസ്സ് ധരിച്ചെത്തിയതിനാൽ സ്കൂൾ, വീട് പോലെ തോന്നി. എന്നാൽ താലിബാന്റെ ഭീഷണിയുള്ളതിനാൽ കളർ ഡ്രസ്സ് ധരിക്കരുതെന്ന് രാവിലെ അസംബ്ലിയിൽ പറഞ്ഞു. ഒരു കൂട്ടുകാരി എന്നോടിങ്ങ നെ ചോദിച്ചു. 'താലിബാൻ നമ്മുടെ സ്കൂൾ അക്രമിക്കാൻ പോകുകയാണോ?' സ്കൂളിൽ നിന്നും മടങ്ങിയെത്തിയ എനിക്ക് ഉച്ചഭക്ഷണത്തിന് ശേഷം ട്യൂഷൻ ഉണ്ടായിരുന്നു. ഉച്ചക്ക് ടി.വി വെച്ചപ്പോഴാണ് ഷക്കാർദ്രയിൽ കഴിഞ്ഞ പതിനഞ്ച് ദിവസമായി ഏർപ്പെടു ത്തിയിരുന്ന കർഫ്യൂ പിൻവലി ച്ചതായി അറിഞ്ഞത്. ഇത് കേട്ടപ്പോൾ എനിക്ക് സന്തോഷമായി. കാരണം എന്റെ ഇംഗ്ലീഷ് ടീച്ചർ അവിടെ നിന്നാണ്. ഇനി ടീച്ചർക്ക് സ്കൂളിലെത്താൻ കഴിയും.

**ജനവരി 7 ബുധൻ**

മുഹറം അവധിചെലവഴിക്കാൻ ഞാൻ ബുനൈനിൽ എത്തി. പുൽ തകിടിയും മലനിരകളും നിറഞ്ഞ ബുനൈർ എനിക്ക് വളരെ പ്രിയപ്പെട്ടതാണ്. എന്റെ സ്വാത്തും അതി മനോഹരമാണ്. എന്നാൽ ഇപ്പോൾ ഇവിടെ സമാധാനമില്ല. ബുനൈനിൽ ശാന്തിയും സമാധനവുമുണ്ട്. ഇവിടെ വെടിയൊച്ചകളില്ല, ഭയവും. ഞങ്ങളെല്ലാവരും സന്തോഷത്തി ലായിരുന്നു.

**ജനവരി 9 വെള്ളി**

ഇന്ന് സ്കൂളിലെത്തിയ ഞാൻ കൂട്ടുകാരോട് ബുനൈൻ യാത്രയെ ക്കുറിച്ച് പറഞ്ഞു. പലവട്ടം കേട്ട ബുനൈൻ കഥ കേൾക്കേണ്ടതില്ലെന്നും പറഞ്ഞ് അവർ എന്നെ കളിയാക്കി. എഫ്. എം. റേഡിയോവിൽ പ്രഭാഷണം നടത്തുന്ന മൗലാനാ ഷാ ദൗരൻ കൊല്ലപ്പെട്ടു വെന്ന അഭ്യൂഹങ്ങളെ ക്കുറിച്ച് ഞങ്ങൾ ചർച്ച ചെയ്തു. പെൺകുട്ടികൾ സ്കൂളിൽ പോകരുതെന്ന് പ്രഖ്യാപിച്ച വരി ലൊരാളായിരുന്നു മൗ ലാനാ. ഇയാൾ കൊല്ലപ്പെട്ടുവെന്ന് ചില കൂട്ടുകാരികൾ പറഞ്ഞപ്പോൾ മറ്റു ചിലർ അതിനെ എതിർത്തു. കഴിഞ്ഞ രാത്രി എഫ്. എം റേഡിയോവിൽ പ്രഭാഷണം കേൾക്കാത്തതാണ് കൊല്ലപ്പെട്ടിരി ക്കാമെന്ന അഭ്യൂഹത്തിന് കാരണം. അയാൾ അവധിയിലായിരിക്കുമെന്ന് ഒരു പെൺകുട്ടി പറഞ്ഞു.

ഇന്ന് ട്യൂഷൻ ഇല്ലാത്തതിനാൽ വൈകുന്നേരം മുഴുവൻ ഞാൻ കളികളിൽ മുഴുകി. വൈകീട്ട് ടി.വി വെച്ചപ്പോൾ ലാഹോറിൽ സ്ഫോടനം നടന്ന വാർത്തയാണ് കേട്ടത്. പാകിസ്താനിൽ എന്താണ് ഇങ്ങനെ സ് ഫോടനങ്ങൾ നടക്കുന്നത്? ഞാൻ എന്നോട് തന്നെ ചോദിച്ചു.

**ജനവരി 14 ബുധൻ**

നാളെ മുതൽ ശൈത്യകാല അവധി തുടങ്ങുകയാണ്. ഇന്നെനിക്ക് സ്കൂളിൽ പോകാൻ ഒരു താൽപര്യവും തോന്നി യില്ല. നാളെ മുതൽ അവധിയാണെന്ന് അറിയിച്ച പ്രിൻസിപ്പാൾ സ്കൂൾ എന്ന് തുറക്കുമെന്ന് പറഞ്ഞില്ല. ഇതാദ്യ മായാണ് ഇങ്ങനെ. മുമ്പ് സ്കൂൾ അടക്കു ന്നതിനോടൊപ്പം തുറക്കുന്ന തീയതിയും കൃത്യമായിപറഞ്ഞിരുന്നു. സ്കൂൾ തുറക്കുന്ന തീയതി അറിയിക്കാത്തതിന്റെ കാരണം പ്രിൻസിപ്പാൾ പറഞ്ഞിരുന്നി ല്ലെങ്കിലും താലിബാനെഭയന്നാണെന്ന് ഞങ്ങൾ ഊഹിച്ചു. ജനുവരി 15 മുതൽ പെൺകുട്ടികൾ സ്കൂളിൽ പോകരു തെന്നാണ് താലിബാന്റെ അന്ത്യ ശാസനം. സ്കൂളിൽ ആർക്കും അവധി തുടങ്ങുന്ന തിന്റെ സന്തോഷമുണ്ടായിരുന്നില്ല. താലിബാന്റെ തിട്ടൂരമുള്ള തിനാൽ സ്കൂളിലേക്ക് മടങ്ങിയെത്താൻ അവർ ക്കാവില്ലെന്നറിയാം. എന്നാൽ ചില പെൺകുട്ടികൾ ഫെബ്രുവരിയിൽ സ്കൂൾ തുറക്കുമെന്ന് തന്നെ വിശ്വസിച്ചു. എന്നാൽ സ്വാത്തിൽ നിന്നും മറ്റേതെ ങ്കിലും നഗരത്തി ലേക്ക് താമസം മാറ്റാൻ രക്ഷിതാക്കന്മാർ തീരുമാനിച്ച കാര്യം മറ്റു ചില പെൺകുട്ടികൾ പങ്കു വെച്ചു . ഇന്ന് സ്കൂളിലെ അവസാന ദിവസമായ തിനാൽ കുറച്ച് അധിക സമയം കളി ക്കാൻ ഞങ്ങൾ തീരുമാനിച്ചു. സ്കൂൾ ഒരു ദിവസം തുറക്കുമെന്നു തന്നെ ഞാൻ വിശ്വസിച്ചു. എങ്കിലും സ്കൂൾ കഴിഞ്ഞ് വീട്ടി ലേക്ക് മടങ്ങുമ്പോൾ ഞാൻ വെറുതേ കെട്ടിടത്തിലേക്ക് തിരിഞ്ഞു നോക്കി. ഇനി ഇവിടേക്ക് മടങ്ങി വരാൻ കഴിയി ല്ലെങ്കിലോ?

**ജനുവരി 15 വ്യാഴം**

രാത്രി മുഴുവനും പീരങ്കികൾ തീതുപ്പുന്ന ശബ്ദമായിരുന്നു. മൂന്നു തവണ ഞാനുണർന്നു. സ്കൂൾ ഇല്ലാത്തതിനാൽ ഞാൻ പത്തുമണിക്കാണ് എഴുന്നേറ്റത് കുറച്ചു കഴിഞ്ഞപ്പോൾ എന്റെ കൂട്ടുകാരി വീട്ടിൽ വന്നു. തലിബാന്റെ ശാസന നിലവിൽ വരുന്നതിന് മുമ്പേയുള്ള അവസാന ദിവസമാണിന്ന്. ഏതൊരു ദിവസത്തെയും പോലെ എന്റെ കൂട്ടുകാരി എന്നോട് ഹോം വർക്കിനെ ക്കുറിച്ച് സംസാരിച്ചു. ബി.ബി.സി. യിൽ മറ്റൊരു പേരിലാണ് ഉറുദുവിൽ കുറിപ്പുകൾ എഴുതിയിരുന്നത്. എന്റെ ഉമ്മക്ക് പുതിയ പേര് വളരെ ഇഷ്ടമായി. കാരണം എന്റെ യഥാർഥ പേരിന്റെ അർഥം വിഷാദം നിറഞ്ഞവൾ എന്നാണ്. കുറച്ച് ദിവസങ്ങക്ക് മുമ്പ് എന്റെ ഡയറിക്കുറിപ്പുകളുടെ പകർപ്പ് കാണിച്ച് ഇതെത്ര മനോഹരമാണെന്ന് ഒരു സുഹൃത്ത് പറഞ്ഞതായി എന്റെ



താലിബാൻ ബോംബ് വെച്ച് തകർത്ത ഗേൾസ് ഹൈസ്കൂൾ

പിതാവ് എന്നോട് പറഞ്ഞു. ഇത് കേട്ട പിതാവ് ചിരിച്ചതായും ഞാനാണ് എഴുതിയതെന്ന് പിതാവ് പറഞ്ഞി ല്ലെന്നും എന്നോട് പറഞ്ഞു.

**ജനവരി 18 ഞായർ**

സർക്കാർ നമ്മുടെ സ്കൂൾ സംരക്ഷിക്കുമെന്ന് എന്റെ പിതാവ് പറഞ്ഞു. പ്രധാനമന്ത്രിയും ഈ വിഷയം ഉന്നയിച്ചിട്ടുണ്ട്. ഇത് കേട്ടപ്പോൾ എനിക്ക് സന്തോഷം തോന്നിയെങ്കിലും ഇതൊരു ശാശ്വത പരിഹാരമല്ലെന്ന് എനിക്കറിയാ മായിരുന്നു. ഇപ്പോഴും സ്വാത്തിൽ നിരവധി സൈനികർ കൊല്ലപ്പെടുകയും നിരവധി പേരെ തട്ടികൊണ്ടുപോകുകയും ചെയ്യുന്നു. എന്നാൽ ഇപ്പോൾ പോലീസിനെ ഇവിടെ കാണാനുണ്ട്. ഞങ്ങളുടെ രക്ഷിതാക്കൾ ഭയത്തിലാണ്. പെൺകുട്ടികൾക്ക് സ്കൂളുകളിൽ പോകാമെന്ന് താലിബാൻ അറിയിക്കുന്നത് വരെ ഇനി സ്കൂളിലേക്ക് അയക്കില്ലെന്നാണ് അവർ പറയുന്നത്. ഞങ്ങളുടെ വിദ്യാഭ്യാസം തടസ്സപ്പെടുത്തുന്നതിൽ സൈന്യത്തിനും പങ്കുണ്ട്. എന്റെ വീട്ടിനടുത്തുള്ള കുട്ടി യോട് കർഫ്യൂ ആയതിനാൽ വീട്ടിലേക്ക് മടങ്ങാൻ പ്രിൻസിപ്പൾ പറഞ്ഞു. എന്നാൽ കർഫ്യൂ ഇല്ലെങ്കിലും സ്ക്കൂളിനടു ത്തുള്ള റോഡിൽ സൈന്യം ഉള്ളതിനാലാണ് ക്ലാസില്ലാത്ത തെന്നും അവർ പറഞ്ഞു.

**ജനുവരി 19 തിങ്കൾ**

എന്റെ വീട്ടിനടുത്തുള്ളതടക്കം അഞ്ച് സ്കൂളുകൾ തകർക്കപ്പെട്ടു. ഞാൻ അമ്പരന്നു. ഈ സ്കൂളുകളൊക്കെ അടച്ചതാണ്. എന്നിട്ടും എന്തിനവർ തകർത്തു? താലിബാന്റെ അന്ത്യശാസനം നിലവിൽ വന്നതിന് ശേഷം ആരും പിന്നെ സ്കൂളുകളിലേക്ക് പോയിട്ടില്ല. ഇന്ന് ഞാനെന്റെ കൂട്ടുകാരിയുടെ വീട്ടിൽ പോയി. മൗലാനാ ഷാ ദുരനെ കുറച്ച് ദിവസങ്ങൾക്ക് മുമ്പ് ആരോ കൊലപ്പെടുത്തിയതായി അവൾ എന്നോട് പറഞ്ഞു. ഇതിന്റെ ദേഷ്യത്തിലായി രിക്കാം താലിബാൻ സ്കൂളുകൾ തകർത്തതെന്നും അവൾ പറഞ്ഞു. സൈന്യം യാതൊന്നും ചെയ്യുന്നില്ല. മലമുകളിലെ ബങ്കറുകളിൽ അവർ സുരക്ഷിതരായിരിക്കുന്നു. ആടുകളെ കൊന്നുതിന്ന് അവർ അവിടെ സസുഖം ആഹ്ലാദത്തോടെ കഴിയുന്നു.

**ജനുവരി 22 വ്യാഴം**

സ്കൂൾ അടച്ച ശേഷം വിരസമായ ദിവസങ്ങളായിരുന്നു. എന്റെ കൂട്ടുകാർ ചിലർ സ്വാത്ത് താഴ്വര ഉപേക്ഷിച്ച് മറ്റു നഗരങ്ങളിലേക്ക് ചേക്കേറി. കാരണം സ്വാത്ത് ഇന്ന് അപകടാവസ്ഥയിലാണ്. പെൺകുട്ടികൾ സ്കൂളിൽ പോകരുതെന്ന് ഇന്നും മൗലാനായുടെ മുന്നറിയിപ്പ് റേഡിയോവിലൂടെ കേട്ടു. പൂട്ടിയിട്ട സ്കൂളുകൾ സൈനിക പോസ്റ്റായി ഉപ യോഗിക്കരുതെന്നും മൗലാനാ ഭീഷണി മുഴക്കി. ഹാജിബാബാ പ്രദേശത്തെ ആൺകുട്ടികളുടെയും പെൺകുട്ടികളു ടെയും സ്കൂളിൽ സൈന്യം എത്തി യതായി പിതാവ് പറഞ്ഞത് ഞാനറിഞ്ഞു. മൂന്ന് കള്ളന്മാരെ നാളെ ചാട്ടവാറു കൊണ്ടടിക്കുന്നുണ്ടെന്നും, ഇത് കാണേ ണ്ടവർക്ക് വന്ന് കാണാമെന്നും മൗലാനാ റേഡിയോവിലൂടെ അറിയിച്ചു. എനിക്ക് അതിശയമായിരുന്നു. ഇപ്പോൾ തന്നെ നമ്മൾ ഒരുപാട് അനുഭവിക്കു ന്നുണ്ട്. എന്നിട്ടും ആളുകൾ എന്തിനാണ് ഇതൊക്കെ കാണാൻ പോകുന്നത്. ഇത്തരം പ്രവർത്തന മവസാനിപ്പിക്കാൻ സൈന്യത്തിന് എന്തുകൊണ്ട് കഴിയുന്നില്ല. ഞാൻ കണ്ടിട്ടുണ്ട് സൈന്യം എവിടെയുണ്ടോ അവിടെ താലിബാനും കാണും. എന്നാൽ താലിബാൻ ഉള്ളിടത്ത് സൈന്യം പോകില്ല..

**ജനുവരി 24 ശനി**

അവധിക്ക് ശേഷം വാർഷികപ രീക്ഷയാണ്. എന്നാൽ പെൺകുട്ടികളുടെ സ്കൂൾ പ്രവർത്തിക്കാൻ താലിബാൻ അനുവദിച്ചാൽ മാത്രമേ ഇത് നടക്കൂ. പരീക്ഷക്ക് വേണ്ടി ചില പാഠങ്ങൾ പഠിക്കാനുണ്ട്. പക്ഷേ എനിക്ക് പഠിക്കാൻ ഒരു താൽപര്യവും തോന്നിയില്ല. വിദ്യാല യങ്ങളുടെ സംരക്ഷണം പൂർണ മായും ഇന്ന് സൈന്യം ഏറ്റെടുത്തു. നിരവധി സ്കൂളുകൾ തകർക്കപ്പെടുകയും മറ്റു ചിലത് പൂട്ടുകയും ചെയ്ത ശേഷമാണ് സൈന്യത്തിന് പ്രവർത്തിക്കാൻ തോന്നി യത്. സൈന്യം ശരിയായ രീതിയിൽ പ്രതികരിച്ചിരുന്നുവെങ്കിൽ ഇത്തരം ഒരവസ്ഥ ഉണ്ടാകുമായിരുന്നില്ല, സ്വാത്ത് താലിബാൻ വക്താവ് മുസ്ലിം ഖാൻ സൈന്യം സംരക്ഷിക്കുന്ന സ്കൂളുകൾ തകർക്കുമെന്ന് മുന്നറിയിപ്പ് നൽകി. ഇത് കേട്ടപ്പോൾ സ്കൂളിൽ സൈന്യം വരുന്ന തിനെ ഞാൻ ഭയപ്പെട്ടു. വാർഷിക പരീക്ഷക്ക് ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്നയാളുടെ പേര് സ്കൂൾ ബോർ ഡിൽ എഴുതി പ്രദർശിപ്പിക്കാറുണ്ട്. ഇക്കൊല്ലം ആരുടേയും പേർ ഈ ബോർഡിൽ എഴുതാൻ കഴിഞ്ഞില്ല.

**ജനുവരി 26 തിങ്കൾ**

ഭീകരമായ വെടിയൊച്ചകൾ കേട്ടാണ് ഞാൻ ഉണർന്നത്. മുമ്പ് ഹെലി ക്കോപ്റ്ററുകളുടെ ഇരമ്പലുകളാണ് ഞങ്ങൾ ഭയപ്പെടുത്തിയിരുന്നതെങ്കിൽ ഇപ്പോൾ വെടി യൊച്ചകളും ഞങ്ങളുടെ ഉറക്കം കെടുത്തുന്നു. എനിക്കോർ മയുണ്ട്. ആദ്യമായി സൈനിക ഹെലി ക്കോപ്റ്ററുകൾ ഞങ്ങളുടെ വീടിനു മുകളിലൂടെ പറന്നപ്പോൾ ഭയപ്പെട്ടത് . എന്റെ വീട്ടിനു സമീപത്തെ കുട്ടികൾക്കും പേടിയായി. ഒരു ദിവസം ഹെലി ക്കോപ്റ്ററിൽ നിന്നും മിഠായി എറിഞ്ഞു തന്നു. .ഇത് മറ്റുചില ദിവസങ്ങളിലും തുടർന്നു. ഇപ്പോൾ ഹെലിക്കോപ്റ്ററിൽ നിന്നും മിഠയി എറിഞ്ഞുതരാറില്ല. എന്റെ പിതാവ് ഒരു സന്തോഷ വാർത്തയു മായാണ് എത്തിയത്, നാളെ ഇസ്ലാമാ ബാദിലേക്ക് പോകുന്നു. ഞങ്ങൾക്ക് വലിയ സന്തോഷം തോന്നി.

**ജനുവരി 28 ബുധൻ**

ഇന്നലെ ഞങ്ങൾ ഇസ്ലാമാബാദിലെത്തി. സ്വാത്തിൽ നിന്നും ഇസ്ലാമാബാദി ലേക്കുള്ള യാത്ര ഭയത്തോടു കൂടിയാ യുന്നു. പല സ്ഥലങ്ങളിലും താലിബാനു വേണ്ടിയുള്ള സൈന്യത്തിന്റെ തിരച്ചിൽ പ ക്ഷേ ഒന്നും സംഭവിച്ചില്ല . സ്വാത്ത് താഴ്വര പിന്നിട്ടപ്പോൾ ആ ഭയവും കെട്ടടങ്ങി. ആദ്യമായാണ് ഞാൻ ഇസ്ലാമാബാദിലെത്തുന്നത്. ഭംഗിയുള്ള ബംഗ്ലാവുകളും റോഡുകളുമുള്ള മനോ ഹരമായ നഗരം. പക്ഷേ എന്റെ സ്വാത്തു മായി താരതമ്യം ചെയ്യുമ്പോൾ പ്രകൃതി ഭംഗികുറവ്. പിതാവിന്റെ ഒരു സുഹൃ ത്തിന്റെ വീട്ടിലാണ് ഞങ്ങൾ തങ്ങിയത്. ലോക് വിർസാ മ്യൂസിയത്തിലേക്ക് പിതാവ് ഞങ്ങളെ കൂട്ടിക്കൊണ്ടു പോയി. ധാരാളം കാര്യങ്ങൾ അവിടെ പഠിക്കാനു ണ്ടായിരുന്നു. സ്വാത്തിലും പല മ്യൂസിയ ങ്ങളുണ്ട്. ഏറ്റുമുട്ടലിൽ ചിലതെല്ലാം തകർന്നോ എന്നെനിക്കറിയില്ല. ലോക് വിർസാ മ്യൂസിയത്തിൽ നിന്നും പുറത്ത് കച്ചവടം ചെയ്യുന്ന ഒരാളിൽ നിന്നും പിതാവ് ഞങ്ങൾക്ക് പോപ്പ് കോൺ വാങ്ങിത്തന്നു. പഷ്തുൺ ഭാഷയിലാണ് അദ്ദേഹം നമ്മോട് സംസാരിച്ചത്. നിങ്ങൾ ഇസ്ലാമാബാദിൽ നിന്നാണോ? എന്റെ പിതാവ് അദ്ദേഹത്തോട് ചോദിച്ചു. ഇസ്ലാമാബാദ് എന്നെങ്കിലും പക്തൂൺ വിഭാഗത്തെ ഉൾ ക്കൊള്ളുമെന്ന് താങ്കൾ കരുതുന്നോ എന്ന് അദ്ദേഹം തിരിച്ചു ചോദിച്ചു.

സൈനിക നടപടി തുടങ്ങിയ ശേഷം മൊമന്ദ് ഏജൻസിയിൽ നിന്നും (പഷ്ത തൂൺ വിഭാഗത്തിന്ന് മുൻ തുക്കമുള്ള പാകിസ്താനിലെ ജില്ല) വീട് നഷ്ടപ്പെ ട്ടതിനെ തുടർന്നാണ് ഇസ്ലാമാബാദിൽ എത്തിയതെന്ന് അദ്ദേഹം പറഞ്ഞു. അപ്പോൾ എന്റെ മാതാപിതാക്കന്മാരുടെ കണ്ണ് നിറയുന്നത് ഞാൻ കാണുന്നു

ണ്ടായിരുന്നു.

**ജനുവരി 31 ശനി**

ഭയപ്പാടോടെ എന്റെ കൂട്ടുകാരി എന്നെ വിളിച്ചു. സ്വാത്തിലെ സ്ഥിതി അത്യന്തം ഗുരുതരമാണെന്നും ഇനി സ്വാത്തിലേക്ക് മടങ്ങുന്നില്ലെന്നും അവൾ പറഞ്ഞു. ഘോരമായ സൈനിക നടപടിയാണ് അവിടെ നടക്കുന്നതെന്നും ഇന്ന് മാത്രം 37 പേർ കൊല്ലപ്പെട്ടുവെന്നും അവൾ പറഞ്ഞു.ഞങ്ങൾ പെഷവാറിലെത്തി, യാത്രയുടെ ക്ഷീണമുണ്ടെങ്കിലും സ്വാത്തിലെ കാര്യങ്ങൾ അറിയാൻ ടി.വി ഓൺചെയ്തു. സ്വാത്തിൽ നിന്നും യാതൊന്നും കയ്യിലില്ലാതെ പാലായാനം ചെയ്യുന്ന മനുഷ്യർ! ചാനൽ മാറ്റിയപ്പോൾ ഒരു സ്ത്രീ ഉച്ചത്തിൽ സംസാരിക്കുന്നു. ബേനസീർ ഭുട്ടോയുടെ വധത്തിന് ഞങ്ങൾ പ്രതികാരം ചെയ്യും. ഞാൻ പിതാവിനോട് ചോദിച്ചു സ്വാത്തിൽ മരിച്ച നമ്മുടെ നൂറുകണക്കിന് ആളുകൾക്ക് വേണ്ടി ആർ പ്രതികാരം ചെയ്യും?

**ഫെബ്രവരി 2 തിങ്കൾ**

സ്വാത്തിലെ സ്കൂൾ അവധി കഴിഞ്ഞ് ഇന്ന് തുറക്കേണ്ടതാണ്. പക്ഷേ സ്കൂളുകളെല്ലാം അടഞ്ഞു കിടക്കുകയാണെന്ന ചിന്ത എന്നെയാകെ അസ്വസ്ഥയാക്കി. പെൺകുട്ടികളുടെ പ്രൈവറ്റ് സ്കൂൾ തുറക്കാത്തതിനാൽ ആൺകുട്ടികളുടെ പ്രൈവറ്റ് സ്കൂളുകളും 8-ാം തീയതി വരെ തുറക്കേണ്ടതില്ലെന്നാണ് തീരുമാനം എന്നാണ് പിതാവ് പറഞ്ഞത്. ആൺകുട്ടികളുടെ സ്കൂളിന്റെ പുറത്ത് 8-ാം തീയതി തുറക്കു മെന്ന് പുറത്ത് നോട്ടീസ് പതിച്ചിട്ടുണ്ടെന്നും പിതാവ് പറഞ്ഞു. ഇതിനർഥമായി പെൺകുട്ടി കൾക്കുള്ള സ്കൂൾ തുറക്കില്ലെന്ന് ഞാനൂഹിച്ചു.

**ഫെബ്രുവരി 7 ശനി**

വൈകിട്ട് ഞാനും മിൻ ഗോറയിലേക്ക് പുറപ്പെട്ടു. ഉമ്മ നേരത്തെ മിൻഗോറയിലെ ലേക്ക് പോയിരുന്നു. എനിക്ക് സന്തോഷ മുണ്ടായിരുന്നു, ഭയവും. 20 ദിവസ ങ്ങൾക്ക് ശേഷമാണ് മിൻഗോറയിലേക്ക് മടങ്ങുന്നത്. മിൻഗോറയിലേക്ക് പ്രവേശി ക്കുന്നതിന് മുമ്പ് കമ്പറിൽ എത്തിയ പ്പോൾ വല്ലാത്ത നിശബ്ദത അനുഭവ പ്പെട്ടു. എല്ലാവരും മുടിയും താടിയു മൊക്കെ നീട്ടി വളർത്തിയിരിക്കുന്നു. അവരൊക്കെ താലിബാൻകാരാണെന്ന് എനിക്ക് തോന്നി. പലയിടത്തും ഷെല്ലിങ്ങ് തകർത്ത വീടുകളാണ്. ഞങ്ങൾ എത്തുന്ന വിവരം മാതാവ് അറിഞ്ഞിരു ന്നില്ല. ഉമ്മയെ അതിശയിപ്പിക്കണം. ഉമ്മക്കൊരു സമ്മാനം വാങ്ങാൻ ഞങ്ങൾ മാർക്കറ്റിൽ പോയി. പല കടകളും അടഞ്ഞു കിടക്കുകയാണ്. വീട്ടിലെത്തിയ പ്പോൾ മാതാവ് ശരിക്കും അതിശയിച്ചു.

**ഫെബ്രവരി 8 ഞായർ**

എന്റെ സ്കൂൾ ബാഗും യൂണി ഫോമും ജ്യോമട്രിബോക്സുമൊക്കെ കണ്ടപ്പോൾ വല്ലാത്ത വേദന തോന്നി . പെൺകുട്ടി കളുടെ സ്കൂളുകൾക്ക് ഏർപ്പെടുത്തി യിരിക്കുന്ന വിലക്ക് താലിബാൻ ഇത്വരെ നീക്കിയിട്ടില്ല. സ് കൂളിലെ കാര്യങ്ങൾ എന്റെ ഓർമയിലെത്തി. എന്റെ അനുജന്റെ സ്കൂളുകൾ തുറക്കുകയാണ്. പക്ഷേ അവൻ ഹോം വർക്ക് ഒന്നും ചെയ്തിട്ടില്ല. അവന് സ്കൂളുകളിൽ പോകാൻ യാതൊരു താൽപര്യവുമില്ല.

**ഫെബ്രവരി 9 തിങ്കൾ**

സ്വാത്തിലെ ആൺകുട്ടികളുടെ സ്കൂളു കൾ തുറന്നു. പെൺകുട്ടികളുടെ പ്രൈമറി വിദ്യാഭ്യാസത്തിന് ഉള്ള വിലക്ക് താലിബാൻ നീക്കി 49 കുട്ടികളുള്ളതിൽ 6 പേർ മാത്രമാണ് സ്കൂളിലെത്തിയതെന്ന് എന്റെ ഇളയ അനുജൻ പറഞ്ഞു. 700 കുട്ടികളുള്ള എന്റെ സ്കൂളിലെത്തിയത് 70 പേർ മാത്രം. ഞങ്ങളുടെ വസ്ത്ര ങ്ങളൊക്കെ കഴുകാൻ ആഴ്ചയിൽ ഒരു ദിവസം മാത്രം വരാറുള്ള സ്ത്രീ ഇന്ന് വന്നു. അറ്റോക്ക് ജില്ലയാണ് അവരുടെ വീട്. എന്നാൽ കുറച്ച് വർഷങ്ങളായി അവർ ഈ പ്രദേശത്താണ് താമസിക്കു ന്നത്. സ്വാത്തിലെ അവരുടെ അവസ്ഥ വളരെ മോശമാവുകയാണെന്നും അതിനാൽ അറ്റോക്കിലേക്ക് മടങ്ങാൻ ഭർത്താവ് പറഞ്ഞതായും അവർ പറഞ്ഞു.

**ഫെബ്രവരി 11 ബുധൻ**

വിരസമായ ദിനം, ഇപ്പോൾ വീട്ടിൽ ടി.വി ഇല്ല . കഴിഞ്ഞ ഇരുപത് ദിവസമായി ഞങ്ങൾ ഇവിടെ ഇല്ലാതിരുന്ന സമയത്ത് ഞങ്ങളു ടെ വീട്ടിൽ കവർച്ച നടന്നു. മുമ്പ് ഇവിടെ ഇത്തരം സംഭവങ്ങൾ കുറവാ യിരുന്നു . ഇപ്പോൾ സാഹചര്യം വളരെ മോശമാണ്. ഭാഗ്യം പണവും സ്വർണവു മൊന്നും വീട്ടിൽ ഉണ്ടായിരുന്നില്ല. എന്റെ വളയും പാദസരവും കാണാതായിരുന്നു. പി ന്നീട് കിട്ടി. സ്വർണമല്ലെന്ന് കണ്ടപ്പോൾ മോഷ്ടാക്കൾ ഉപേക്ഷിച്ചതാണ്. മിങ്കോളയി പോലീസ് സ്റ്റേഷന്നേരെ പ്രഷർകുക്കർ ബോംബ് ഉപയോഗിച്ച് ആക്രമണം നടത്തിയതിനെക്കുറിച്ച് മൗലാനാ ഫസലുള്ള ഇന്ന് റോഡി യോവിലൂടെ പറഞ്ഞു. ഇനിയും ആക്ര മണങ്ങൾ നടത്തുമെന്ന് പറയുന്നുണ്ടായി രുന്നു. രാത്രി എന്റെ പിതാവ് സ്വാത്തിലെ ഇപ്പോഴത്തെ അവസ്ഥയെക്കുറിച്ച് എന്നോട് പറഞ്ഞു. താലിബാൻ, റോക്കറ്റ്, സൈന്യം, വെടിവെപ്പ്, മൗലാന ഫസലുള്ള, മുസ്‌ലിം ഖാൻ, പോലീസ്, ഹെലിക്കോപ്റ്റർ, മരണം, പരുക്ക് ഇത്തരം വാക്കുകളാണ് ഇപ്പോൾ ഏറ്റവുമധികം ഉപയോഗിക്കപ്പെടുന്നത്.

**ഫെബ്രവരി 13 വെള്ളി**

കഴിഞ്ഞ ദിവസം ഒരു രാത്രി കാവൽക്കാരനും റിക്ഷാഡ്രൈവറും കൊല്ലപ്പെട്ട വാർത്ത ഉമ്മ പറയുന്നത് കേട്ടു കൊണ്ടാണ് ഞാൻ ഉണർന്നത്. ഓ രോദിവസം കഴിയുന്തോറും ജീവിതം കൂടുതൽ ദുസ്സഹമാവുന്നു. ദിനവും നൂറുക്കണക്കിനാളുകൾ മിങ്കോറയിൽ എത്തിക്കൊണ്ടിരിക്കുന്നു. ഇതേ നഗരത്തിലുള്ളവർ മറ്റു സ്ഥലങ്ങളിലേ ക്ക്പാലായനം ചെയ്തു കൊണ്ടിരിക്കു ന്നു. കടകൾ ഒക്കെ അടഞ്ഞു കിടക്കുന്നു. റോഡുക ളൊക്കെ വിജനമാണ്. രാത്രി റേഡിയോവിലൂടെ മൗലാനാ ഫസലുള്ള യുടെ പ്രഭാഷണം കേട്ടു. സൈനിക നടപടി അവസാനിപ്പിക്കണമെന്നും ജനങ്ങൾ വീടുകളിലേക്ക് മടങ്ങണ മെന്നും അയാൾ പറയുന്നുണ്ടായിരുന്നു.

**ഫെബ്രവരി 15 ഞായർ**

ഇന്ന് ഞങ്ങളുടെ ഗ്രാമത്തിൽ നിന്നും പെഷവാറിൽ നിന്നും ചില അതിഥികൾ വന്നു. അവർക്ക് ഉച്ചഭക്ഷണം നൽകി. പുറത്ത് വെടിയൊച്ചകൾ കേട്ട് തുടങ്ങിയിരിക്കുന്നു. ഞങ്ങൾക്ക് ഭയമായി. താലിബാൻ എത്തി യിട്ടുണ്ടാകും. ഞാൻ എന്റെ പിതാവിന്റെ അടുത്ത്കൂടി. പേടിക്കണ്ട. ഇത് സമാധാനത്തിനുള്ള വെടിയൊച്ചയാണ് പിതാവ് എന്നോട് പറഞ്ഞു. സർക്കാറും താലിബാനും നാളെ സമാധാനക്കരാറിൽ ഒപ്പിടാൻ പോകുന്നതായി പത്രത്തിൽ വാർത്തയുണ്ടായിരുന്നതായി പിതാവ് പറഞ്ഞു. രാത്രി സമാധാനക്കരാറിനെക്കുറിച്ച് താലിബാന്റെ അറിയിപ്പുണ്ടായി. ഇതിന് ശേഷം വെടി യൊച്ചയുടെ ശക്തി വർദ്ധിച്ചു. സർക്കാർ പറയുന്നതിനേക്കാൾ ഇപ്പോൾ ജനങ്ങൾ വിശ്വസിക്കുന്നത് താലിബാനെയാണ്. താലിബാന്റെ അറിയിപ്പ് കേട്ടതിന് ശേഷം എന്റെ മാതാപിതാക്കന്മാർ കരയാൻ തുടങ്ങി. എന്റെ അനുജന്മാരുടെയും കണ്ണുകൾ നിറയാൻ തുടങ്ങി.

**ഫെബ്രവരി 16 തിങ്കൾ**

ഇന്ന് ഞാൻ ഏറെ സന്തോഷത്തിലായി രുന്നു. സർക്കാറും തീവ്രവാദികളും സമാധനക്കരാറിൽ ഒപ്പു വെക്കുന്നത് ഇന്നാണ്. ഇന്ന് ഹെലിക്കോപ്റ്ററുകൾ താഴ്ന്ന് പറക്കുന്നുണ്ടായിരുന്നു. സമാ ധാനം തിരിച്ചു വരുന്നതിന്റെ സൂചന

# ലാഹോറിൽ നിന്നടിക്കുന്ന കാറ്റ്

മൗലവി. സി. പി. മൊയ്ദീൻ കുട്ടി

ദൈവത്തിൻ മാർഗേ മരിച്ചവരെന്നും
ജീവിച്ചിരിക്കുന്നു ദൈവത്തിങ്കൽ
ജീവിച്ചിരിക്കുന്നു കോടി ജനങ്ങൾ തൻ
പാവന സ്മരണയായ് ഹൃത്തടത്തിൽ

പുണ്യപുരുഷർ തൻ രുധിരം പുരണ്ടുള്ള
മണ്ണിലുരുത്തിരിയുന്നു ധർമം
എണ്ണാൻ കഴിയാത്ത വണ്ണമീ മാർഗത്തിൽ
പുണ്യപുരുഷന്മാർ മണ്ണടിഞ്ഞു...

ഹാബേലും കായേനും തൊട്ടു തുടങ്ങിയീ
ഹിംസയും ധ്വംസന കൃത്യങ്ങളും
ഹാ, ദൈവമാർഗത്തിലെന്നും നടന്നില്ലേ
ഹാബേലിൻ രക്തത്തിൻ പാരമ്പര്യം!!

ഹംസത്തും ത്വൽഹത്തും ഏറെ സഹാബത്തും
ഹാ മരുമണലിൽ മരിച്ചു വീണു
ഹിംസ്ര ജീവികൾ തൻ ഹത്യയും ഹിംസയും
ഹജ്ജിന്റെ മണ്ണിൽ തുടർന്നു വന്നു.

ഇക്കാലം മഹ്ദീമസീഹിന്റെ ശിഷ്യരെ
അഫ്ഘാന്റെ മണ്ണിൽ എറിഞ്ഞു കൊന്നു
കാബൂളിൻ മണ്ണിലതിന്നും തുടരുന്നു
കാലത്തിൻ ദൂതന്റെ ശാപവർഷം.

അന്നങ്ങു കാബൂളിൽ നിന്നുംതുടങ്ങിയ
കൊന്നു നശിപ്പിക്കാനുള്ളശ്രമം
ഇന്നഹോ പാകിസ്താൻ ഭൂമിയിൽ നിർബാധം
കൊന്നൊടുക്കീടുന്നു കാപാലികർ...
വിശ്വാസികൾക്കു വിശുദ്ധ ദിനം ഭക്ത-
ദാസർക്കു ജുമുഅ വിശിഷ്ടദിനം
പ്രാർഥനക്കായിട്ടൊരുമിച്ചിടും ദിനം
പാപം കഴുകുന്ന പുണ്യ ദിനം

ശൈത്വാന്റെ സൈന്യത്തിന്നാക്രമണദിനം
ശപ്തപിശാചിന്റെ യുദ്ധദിനം
ദൈവസ്മരണതൻ ഭവനമാം പള്ളിയിൽ
ദൈവ വിരോധികൾ ഭീകരന്മാർ

ദൈവഭവനത്തിൽ പ്രാർഥന ചെയ്യുന്ന
ദാസർക്കു നേരെ നിറയൊഴിച്ചു.
ശൈത്വാന്റെ സൈന്യത്തിൻ സംഹാരതാണ്ഡവം
ശത്രുവിൻ സംഹാര ഘോര നൃത്തം

സത്യ ജമാഅത്തിൻ ശത്രു വൃന്ദത്തിന്റെ
സംഘടിച്ചുള്ള സംഹാര നൃത്തം
കാബൂളിൻ ഗന്ധം പരക്കുന്നു വായുവിൽ
ലാഹോറിൽ നിന്നടിക്കുന്ന കാറ്റിൽ

ലാഇലാഹ ഇല്ലല്ലാ എന്ന കലിമത്തും
ദിക്റുമയർത്തും ശഹാദത്തുകൾ
ധീരസാഹസിക മൃത്യു വരിച്ചുള്ള
നൂറോളം ശുഹദാക്കൾ പുണ്യവാന്മാർ

ആരാമം ആത്മീയ ആരാമമതിലെന്നും
അഭിരമിച്ചീടുന്നു ഭാഗ്യവാന്മാർ
ദൈവത്തിൻ മാർഗേ മരിച്ചവരെന്നും
ജീവിച്ചിരിക്കുന്നു ദൈവത്തിങ്കൽ
ജീവിച്ചിരിക്കുന്നു കോടി ജനങ്ങൾ തൻ
പാവനസ്മരണയായ് ഹൃത്തടത്തിൽ.

---

യായിരുന്നു ഇതെന്ന് എന്റെ കസിൻ എന്നോട് പറഞ്ഞു. വൈകിട്ട് ജനങ്ങൾ മധുരം വിതരണം ചെയ്തു . സന്തോഷം പങ്കുവെക്കാൻ എന്റെ കൂട്ടുകാരി എന്നെ വിളിച്ചു. കഴിഞ്ഞ കുറച്ചു മാസങ്ങളായി വീട്ടിനുള്ളിൽ കഴിഞ്ഞ അവൾക്ക് പുറത്തിറങ്ങാമല്ലോ എന്ന സന്തോഷമായിരുന്നു. പെൺകുട്ടികളുടെ സ്കൂളുകളും ഇന്ന് തുറക്കുമെന്ന പ്രതീക്ഷ ഞങ്ങൾക്ക് ആഹ്ലാദം നൽകി.

**ഫെബ്രവരി 18 ബുധൻ**

ഇന്ന് ഞാൻ മാർക്കറ്റിൽ പോയി. നല്ല തിരക്കായിരുന്നു സമാധാനക്കരാറിൽ ജനങ്ങൾ സന്തുഷ്ടരാണ്. ഏറെ നാളുകൾക്ക് ശേഷം നഗരത്തിൽ ട്രാഫിക്ക് ജാം കണ്ടു. വൈകിട്ട് പിതാവ് വന്നപ്പോൾ മാധ്യമ പ്രവർത്തകനായ മൂസാ ഖാൻ ഖേൽ കൊല്ലപ്പെട്ടതിനെക്കുറിച്ച് പറഞ്ഞു. മാതാവിന് നല്ല സുഖമില്ല. നമ്മുടെ പ്രതീക്ഷകളും സമാധാനവും തകരുകയാണോ?

**ഫെബ്രവരി 19 വ്യാഴം**

മാതാവിന് അസുഖമായതിനാൽ പിതാവാണ് ഇന്ന് രാവിലെ ഭക്ഷണമുണ്ടാക്കിയത്. മാധ്യമ പ്രവർത്തകന്റെ മരണത്തെക്കുറിച്ച് എന്തിനാണ് എന്നോട് പറഞ്ഞതെന്ന് ചോദിച്ച് എന്റെ ഉമ്മ പിതാവിനോട് പരാതി പറഞ്ഞു. ഞാൻ എന്റെ അനുജന്മാരോട് പറഞ്ഞു ഇനിയാരും ഇവിടെ യുദ്ധത്തെക്കുറിച്ച് സംസാരിക്കരുത്. സമാധാന ത്തെക്കുറിച്ചേ പറയാവൂ. ഇന്ന് സ്കൂൾ പ്രിൻസിപ്പാളിന്റെ അറിയിപ്പ് കിട്ടി. മാർച്ച് ആദ്യ വാരം പരീക്ഷ തുടങ്ങും. ഞാൻ വീണ്ടും പഠിക്കാൻ തുടങ്ങി.

# മഗ്ദലന മറിയം: വിശുദ്ധ പദവിയിൽ അവരോധിക്കപ്പെടുമോ?

മുസാഫിർ

**നി**ഗൂഢതകളുടെ പരസഹസ്രം തിരസ്ക്കരണികൾക്കുള്ളിൽ ദൈവപുത്ര പരിവേഷത്തിൽ ഇതിഹാസ രൂപിയായി നിൽക്കുന്ന യേശു വിവാദങ്ങളിലെ നിത്യഹരിത നായകനാണ്. യേശു വിവാഹിതനായിരുന്നു എന്നതാണ് പുരാരേഖകളുടെ അടിസ്ഥാനത്തിലുള്ള പുതിയ വെളിപ്പെടുത്തൽ. ചരിത്രകാരൻ തെളിവുകളുടെ സർച്ച് ലൈറ്റുമായി വിശ്വാസത്തിന്റെ സങ്കൽപ്പ സൗധത്തിൽ പ്രതിഷ്ഠിച്ച ക്രിസ്തു വിഗ്രഹത്തിലേക്ക് വെളിച്ചം പായിക്കുമ്പോൾ വാതായനങ്ങൾ കൊട്ടിയടക്കുന്ന വത്തിക്കാൻ യേശുവുമായുള്ള മഗ്ദലനയുടെ നിതാന്ത നിസ്തുല സ്നേഹ ബന്ധത്തിന്റെ പുതിയ വെളിപ്പെടുത്തലിനു മുമ്പിലും അത് ആവർത്തിക്കുകയുണ്ടായി.

കഴിഞ്ഞ സപ്തംബർ 18 ന് ഹാർഡ്‌വാർഡ് ഡിവിനിറ്റി സ്കൂളിലെ ചരിത്ര പ്രഫസറായ കാരൻ എൽ. കിങ്ങിന്റേതായിരുന്നു ഈ വെളിപ്പെടുത്തൽ. നാലാം നൂറ്റാണ്ടിൽ കോപ്റ്റിക്ക് ഭാഷയിലെഴുതപ്പെട്ട ഒരു പാപ്പിറസ് ലിഖിതത്തെ അടിസ്ഥാനമാക്കിയാണ് പ്രൊഫ: കാരൻ ക്രിസ്തീയ ലോകത്ത് വിവാദക്കൊടുങ്കാറ്റുയർത്തിയ പ്രസ്താവന നടത്തിയത്. മഗ്ദലന മറിയം യേശുവിന്റെ തമസ്ക്കരിക്കപ്പെട്ട ഭാര്യയാണെന്ന പ്രമേയത്തെ ആധാര മാക്കി ഡാൻ ബ്രൗൺ രചിച്ച'ഡാവിഞ്ചി കോഡ്'എന്ന നോവലിന് ശേഷം ഇത് ക്രിസ്തീയ ലോകത്തെ പിടിച്ചുലക്കുന്ന വാർത്തയായി തീർന്നിരിക്കുന്നു.

റോമിൽ ചേർന്ന'ഇന്റർ നാഷണൽ കോൺഗ്രസ്സ് ഫോർ കോപ്റ്റിക്ക് സ്റ്റഡീസി'ലെ സമ്മേളന വേദിയിലായിരുന്നു കാരൻ എൽ. കിങ്ങ് ഈ വെളിപ്പെടുത്തൽ നടത്തിയത്. പുതിയ സുവിശേഷങ്ങളെ സംബന്ധിച്ച് പുസ്തകങ്ങളെഴുതിയ ഡോ. കിങ്ങ്, 33 വാക്കുകളടങ്ങിയ എട്ട് വരികളോടുകൂടിയ ഒരു വിസിറ്റിംഗ് കാർഡിന്റെയത്ര വലിപ്പമുള്ള പാപ്പിറസ് ശകലമാണ് അവരുടെ പുതിയ വാദത്തിനുള്ള രേഖയായി സമർപ്പിച്ചത്. അതിൽ ചില വരികളുടെ ചില ഭാഗങ്ങൾ മാത്രമാണ് വ്യക്തമായി കാണുന്നത്. ബാക്കി മാഞ്ഞു പോയിരിക്കുന്നു. രണ്ടാം നൂറ്റാണ്ടിൽ എഴുതപ്പെട്ട ഈ പാപ്പിറസിന്റെ കാലപ്പഴക്കം വിദഗ്ധന്മാർ അംഗീകരിച്ചിട്ടുണ്ട്. വിവാദത്തിലെ നിർണായക വചനം ഇതാണ്.'**യേശു അവരോട് പറഞ്ഞു, എന്റെ ഭാര്യ**... അതിന് തൊട്ട് ശേഷമുള്ള വരിയിൽ **അവൾക്ക് എന്റെ ശിഷ്യയാവാവാൻ കഴിയും**...' എന്നും കാണുന്നു. യേശു വിവാഹിതനും മഗ്ദലന യേശുവിന്റെ ഭാര്യയാണെന്നുള്ളതിനും ബൈബിൾ വചനങ്ങളിലെ സാഹചര്യത്തെളിവുകളായിരുന്നു ഇത്‌വരെ പണ്ഡിതന്മാർ തെളിവായി സ്വീകരിച്ചിരുന്നത്. ഉദാഹരണമായി യേശുവുമായുള്ള മഗ്ദലനയുടെ സാധാരണയിൽ കവിഞ്ഞ അഗാധ സ്നേഹം വെളിപ്പെടുത്തുന്ന ബൈബിൾ വിവരണങ്ങൾ, കനായിലെ യേശുവും മാതാവും നേതൃത്വം കൊടുത്ത് വെള്ളം വീഞ്ഞാക്കിയ കല്യാണം മുതലായവ. കാനോനിക സുവിശേഷങ്ങളോളം ആധികാരികതയുള്ള കോപ്റ്റിക്ക് ഭാഷയിലെഴുതിയ ഈ പാപ്പിറസ് ലിഖിതം വ്യക്തമായും യേശു തന്റെ ഭാര്യയെ അഭിസംബോധന ചെയ്യുന്നതായാണ് വിവരിക്കപ്പെട്ടിരിക്കുന്നത്.


ഒരു സ്വകാര്യ പുരാവസ്തു ശേഖരത്തിന്റെ ഉടമയിൽനിന്ന് 2011 ലാണ് ഡോ. കിങ്ങ് അത് ഡിവിനിറ്റി സ്കൂളിൽ കൊണ്ടുവരുന്നത്. പിന്നീട് അവർ അതിന്റെ ആധികാരികതയുടെ സ്ഥിരീകരണത്തിനായി ന്യൂയോർക്കിലേക്ക് കൊണ്ടു വരുകയും ന്യൂയോർക്ക് യൂണിവേഴ്സിറ്റിയിലെ പാപിറോളജിയിൽ വിദഗ്ധരായ പണ്ഡിതന്മാരെ കാണിക്കുകയും ചെയ്തു. കോപ്റ്റിക്ക് ഭാഷ, അതിന്റെ വ്യാകരണം, പരിഭാഷ, വ്യാഖ്യാനം എന്നിവയെല്ലാം അവർ പരിശോധിക്കുകയുണ്ടായി. ജറുസലേമിലെ ഹിബ്രു യൂണിവേഴ്സിറ്റിയിലെ കോപ്റ്റിക്ക് ഭാഷാവിദഗ്ധനായ ഏരിയൽ ശീശാ ഹാലെവി പാപ്പിറസിലെ ഭാഷയും വ്യാകരണവും തികച്ചും ആധികാരികമാണെന്ന് പറഞ്ഞു.

യേശുവിന്റെ അനുയായിവൃന്ദത്തിൽ ഏറ്റവും കൂടുതൽ അറിയപ്പെട്ടിരുന്ന ശിഷ്യയായിരുന്നു മഗ്ദലനക്കാരിമറിയം. കാനോനിക സുവിശേഷങ്ങളിൽ നാലെണ്ണത്തിലും കാനോനികമല്ലാത്ത അപ്പോക്രിഫാ സുവിശേഷങ്ങളിലും മഗ്ദലനയെ പറ്റി പ്രതിപാദനമുണ്ട്. ക്രിസ്തു സഭ ഔദ്യോഗികമായി അംഗീകരിച്ച സുവിശേഷമാണ് കാനോനിക സുവിശേഷങ്ങൾ. സഭ തള്ളിയ സുവിശേഷങ്ങളാണ് അപ്പോ ക്രിഫാ സുവിശേഷങ്ങൾ എന്നു പറയുന്നത്. ചരിത്രപരമായി ഇരു സുവിശേഷങ്ങൾക്കും ഒരേ ആധികാരികതയാണുള്ളത്. അപ്പോക്രിഫാ ഇനത്തിൽപെട്ട സുവിശേഷങ്ങളാണ് യേശുവിനെ പറ്റിയുള്ള ഔദ്യോഗിക നിലപാടുകളെ വെല്ലുവിളിച്ചു കൊണ്ട് ഇടക്കിടെ വാർത്തകൾ സൃഷ്ടിക്കുന്നത്.

ഗലീലി കടലിനടു ത്തുള്ള മഗ്ദലന എന്ന ഗ്രാമത്തിൽ ജനിച്ചവളായത് കൊണ്ടാണ് മറിയക്ക് ആ പേര് വന്നതെന്ന് പറയപ്പെടുന്നു. ഹിബ്രുവിൽ Migdal എന്നാണ് ഉച്ചാരണം. അതിന് ഗോപുരം, കോട്ട എന്നൊക്കെയാണ് അർഥം. അറാമിക് ഭാഷയിലും ഗോപുരം, ഉന്നതമായ സ്ഥലം, മഹത്വരം എന്നൊക്കയാണ് അർഥം. നാല് സുവിശേഷങ്ങളിലും പ്രതിപാദിക്കപ്പെടുന്ന മഗ്ദലന മറിയം യേശുവിന്റെ കൊടിയ പീഡനകാലത്ത് എല്ലാ പുരുഷ ശിഷ്യന്മാരും യേശുവിനെ കയ്യൊഴിഞ്ഞപ്പോഴും അദ്ദേഹത്തെ ഒരു നിഴൽപോലെ പിന്തുടരുന്നത് കാണാം. ബൈബിളിൽ യേശുവിന്റെ ക്രൂശീകരണ വേളയിൽ കാൽപ്പാദത്തിനരികെയിരുന്നവരുടെ പേര് വിവരിക്കുന്നതിൽ ആദ്യത്തെയാൾ മഗ്ദലനയാണ്, കല്ലറയിലെ ശുശ്രൂഷ, കല്ലറ ശൂന്യമാകൽ, പിന്നീട് ക്രിസ്തു വിന്റെ പ്രത്യക്ഷനാകൽ തുടങ്ങി

ക്രൈസ്തവ മുക്തി ശാസ്ത്രത്തിലെ നിർണായക സംഭവ പരമ്പരകൾക്കെല്ലാം സാക്ഷ്യം വഹിച്ചത് മഗ്ദലനയാണ്. യേശുവുമായുള്ള അവരുടെ അഗാധ സ്നേഹം വെളിപ്പെടുത്തുന്ന താണ് ചില ബൈബിൾ വാക്യങ്ങൾ. യേശുവുമായുള്ള അടുപ്പം കാരണം ആദിമ ക്രിസ്തു സഭയിൽ മഗ്ദലനക്ക് അപ്പോസ്തല പദവിയാണുണ്ടായിരുന്നത്. എങ്കിലും മഗ്ദലന മനം മാറ്റം വന്ന പാപിനിയായിട്ടാണ് ക്രിസ്തീയ സാഹിത്യങ്ങളിൽ വിവരിക്കപ്പെട്ടു കാണുന്നത്. അവരെ പറ്റിയുള്ള ക്രിസ്തീയ കലാരചനകളിലും ശരീര ചിത്രീകരണങ്ങളിലും മാംസ ബദ്ധമായ ഒരു മാനം കാണാവുന്നതാണ്. സഭയിൽ അധികാരവും പുരുഷ മേധാവിത്വവും മേൽകൈ നേടിയപ്പോൾ സ്ത്രീ വിരുദ്ധമായ നിലപാടും മനോഭാവവും വളർത്തിക്കൊണ്ടുവരുവാൻ സഭയിൽ ആസൂത്രിത ശ്രമമുണ്ടായി. ബ്രഹ്മ ചര്യത്തിന് പ്രോത്സാഹനവും വൈവാഹിക ലൈംഗികത പോലും പാപമാണെന്നുമുള്ള പ്രചാരണം ശക്തിപ്പെടുകയും ചെയ്തു. ഒരു പക്ഷേ മഗ്ദലന മറിയത്തിന് ക്രിസ്തു ശിഷ്യന്മാർക്കിടയിലുണ്ടായിരുന്ന സമുന്നത പദവി ഇകഴ്ത്തിക്കാട്ടാൻ പുരുഷ മേധാവിത്വത്തിലധിഷ്ഠിതമായ സഭയുടെ ആദ്ധ്യാത്മിക ശ്രേണി ബോധപൂർവം ഇങ്ങനെയൊരു ശ്രമം നടത്തിയതാവാം. കത്തോലിക്കാ സഭയിലെ പ്രഗല്ഭ സുവിശേഷ വ്യാഖ്യാതാവായിരുന്ന പോപ്പ് ഗ്രിഗറിയാണ് എ .ഡി 591 ൽ മഗ്ദലന മറിയത്തിന്റെ പരിശുദ്ധ വ്യക്തിത്വത്തിന് നേരെ കരിനിഴൽ വീഴ്ത്തിയത്. അദ്ദേഹം മഗ്ദലനയെ ഒരു വേശ്യയും പാപിനിയുമായി ചിത്രീകരിച്ചു.


മഗ്ദലന മറിയത്തെ വേശ്യയായി ചിത്രീകരിക്കാൻ നിദാനമായ ബൈബിൾ വാക്യം ലൂക്കോസ് 7: 36–50 വരെയുള്ള ഭാഗങ്ങളിൽ നിന്നാണ് ഉദ്ദരിക്കപ്പെടുന്നത്. ഫരിസിയനായ ഒരുവൻ യേശുവിനെ തന്റെ വീട്ടിലേക്ക് ഭക്ഷണം കഴിക്കാൻ ക്ഷണിക്കു കയു ണ്ടായി. അവിടെ നഗരത്തിലെ പാപിനി യായ ഒരു സ്ത്രീ വന്നു. യേശുവിന്റെ പാദങ്ങൾ കണ്ണുനീർ കൊണ്ട് കഴുകു കയും തലമുടി കൊണ്ട് പാദം തുടക്കു കയും യേശുവിന്റെ തൃപ്പാദങ്ങളിൽ ചുംബിക്കുകയും സുഗന്ധതൈലം പൂശുകയും ചെയ്തു. പാപിനിയായ ഈ സ്ത്രീ യേശുവിനെ ഉപചരിച്ചതിൽ ആതിഥേയനായ ഫരിസേയൻ അതൃപ്തി പ്രകടിപ്പിച്ചപ്പോൾ യേശു ആ സ്തീയെ



പ്രൊഫസർ കാരൻ എൽ. കിങ്ങ് പാപ്പിറസ് പ്രദർശിപ്പിക്കുന്നു

സമാശ്വസിപ്പിക്കുയും എതിർപ്പ് പ്രകടിപ്പച്ചവരുടെ മുമ്പിൽ വെച്ച് അവൾ ചെയ്ത പ്രവൃത്തിയെ പ്രശംസിക്കുകയും ചെയ്തു. പിന്നീട് യേശു അവിടെ നിന്നും യാത്രയായി. നഗരത്തിലെ പാപിനിയായ ഈ സ്ത്രീയുടെ വിവരണത്തെ തുടർന്നുള്ള വചനങ്ങളിലാണ് മഗ്ദലനയെക്കുറിച്ചുള്ള പരാമർശം. **'അശുദ്ധാത്മാക്കളിൽ നിന്നും രോഗങ്ങളിൽനിന്നും വിമുക്തമായ കുറേസ്ത്രീകളും കൂടെയുണ്ടായിരുന്നു. മഗ്ദലനക്കാരി എന്ന് വിളിക്കപ്പെടുന്ന മറിയം, ഇവളിൽ നിന്നാണ് ഏഴു പിശാചുക്കൾ പുറത്ത് പോയത് (ലൂക്കോസ് 8: 1–3)'** ഈ വചനത്തിൽ മഗ്ദലന പാപിനിയാണെന്ന ഒരു പരാമർശം പോലുമില്ല. മേൽ പറഞ്ഞ ഫരിസിയന്റെ വീട്ടിൽ വന്ന പാശ്ചാത്താപവിവശയായ പാപിനിയായ സ്ത്രീ മഗ്ദലനയല്ല. അത് മറ്റൊരു സ്ത്രീയാണെന്ന് വളരെ വ്യക്തമാണ്. നഗരവാസിയും പാപിനിയുയായ ആ സ്ത്രീയെ മഗ്ദലനയുമായി സാമ്യപ്പെടുത്തിയാണ് അവരിൽ പാപം ആരോപിക്കുന്നത്. അല്ലാതെ ബൈബിൾ വചനങ്ങളിൽ നിന്നും അവർ ഒരിക്കലും പാപിയാണെന്ന് തെളിയിക്കാൻ സാദ്ധ്യമല്ല. പിശാചിനെ പുറത്താക്കിയ പരാമർശമാണ് മഗ്ദലനയെ പാപിനിയായി ചിത്രീകരിക്കാനുള്ള സാഹചര്യമൊരുക്കിയത്. അക്കാലത്ത് രോഗം ബാധിക്കുന്നത് ദുരാത്മാക്കൾ കൂടുന്നത് കൊണ്ടാണെന്നാണ് പരക്കെയുള്ള വിശ്വാസം എന്നത് പ്രസ്തുത ബൈബിൾ വചനത്തിൽ നിന്നു തന്നെ വ്യക്തമാണ്. മറിയയിൽ കുടികൊണ്ട പിശാച് എന്നത് അവർക്കുണ്ടായിരുന്ന വല്ല രോഗവുമായിരിക്കണം. ഈ പിശാച്

മഗ്ദലനയിലുള്ള സദാചാര വീഴ്ചയും ചാരിത്ര്യ ഭംഗവുമാണെന്നാണ് 6–ാം നൂറ്റാണ്ടിൽ ജീവിച്ച പോപ്പ് ഗ്രിഗറി വ്യാഖ്യാനിച്ചുകളഞ്ഞത്. അതിന് ശേഷം മഗ്ദലന മറിയം പാപിനിയും വേശ്യയുമാണെന്ന് ചിത്രീകരിച്ച്കൊണ്ട് നിരവധി എഴുത്തുകാരും കലാകാരന്മാരും കവികളും ഇരുപതാം നൂറ്റാണ്ടുവരെ രചനകളിലേർപ്പെട്ടു. നിക്കോസ് കസാന്ദ് സാക്കീസിന്റെ 'ദ ലാസ്റ്റ് ടെംപ്റ്റേഷൻ ഓഫ് ക്രൈസ്റ്റ്'ലും, മെൽ ഗിബ്സന്റെ 'പാഷൻ ഓഫ് ക്രൈസ്റ്റിലും' ജോസ് സറമോഗോസിന്റെ 'ദ ഗോസ്പൽ എക്കോർഡിങ്ങ് റ്റു ജീസസ് ക്രൈസ്റ്റ്'ലും മഗ്ദലനയുടെ ഈ ഭാവം കാണാം.നമ്മുടെ മലയാളത്തിലെ മഹാകവി വള്ളത്തോളെഴുതിയ മനോഹരമായ 'മഗ്ദലന മറിയം' എന്ന കവിതയിലും മറിയയുടെ ചിത്രീകരണം പരിവർത്തിതയായ പാപിനി എന്നനിലക്കായിരുന്നു. ബൈബിൾ യോഹന്നാനിൽ 8:1–11 വരെ വചനങ്ങളിൽ വ്യഭിചാരത്തിന് പിടിക്കപ്പെട്ട് ജനങ്ങൾ കല്ലെറിഞ്ഞുകൊല്ലാൻ കൊണ്ടുപോകുകയായിരുന്ന ഒരു സ്ത്രീയെ രക്ഷപ്പെടുത്തിയ വിവരണം കാണാം. പാപം ചെയ്യാത്തവൻ കല്ലെറിയട്ടെ എന്ന് പറഞ്ഞ് കൊണ്ട് ആ സ്ത്രീയെ യേശു അവിടെ നിന്ന് രക്ഷപ്പെടുത്തി. ഈ സ്ത്രീയെ യാതൊരു തെളിവുമില്ലാതെ മഗ്ദലന മറിയയായി അവതരിപ്പിക്കുന്നു. 1969 ൽ പോൾ ആറാമൻ മാർപ്പാപ്പയുടെ പേപ്പസിക്കാലത്ത് ബൈബിൾ ലൂക്കോസിൽ വിവരിച്ച പാപിനിയായവളിൽ നിന്നും ബഥനിയക്കാരി മറിയയിൽ നിന്നും മഗ്ദലനയെ വേർതിരിച്ചുകൊ ണ്ടുള്ള പ്രഖ്യാപനം



മഗ്ദലനയെപറ്റി പരാമർശിക്കുന്ന കോപ്റ്റിക് ഭാഷയിലുള്ള പാപ്പിറസ് ശകലം

നടത്തുകയുണ്ടായി. പക്ഷേ ആറാം നൂറ്റാണ്ടിൽ പോപ്പ് ഗ്രിഗറിയുടെ മറിയയെ അപകീർത്തിപ്പെടുത്തുന്ന പരാമർശത്തെ ഖണ്ഡിച്ചിട്ടില്ല. ഈ വിളംബരത്തിന് ശേഷമാണ് മഗ്ദലനയുടെ അനഭിമ തത്വത്തിന് ക്രിസ്തു സഭയിൽ ശമനം വന്നത്.

മറ്റൊന്ന് ബൈബിൾ പുതിയ നിയമത്തിലുള്ള ഒരു പ്രശ്നം അതിൽ മറിയ എന്ന് പേരുള്ള കഥാ പാത്രങ്ങളെ ക്കൊണ്ടുള്ള ബാഹുല്യമാണ്. മഗ്ദലന ക്കാരി മറിയം, യേശുവിന്റെ മാതാവ് മറിയം, ലാസറിന്റെയും മാർത്ത യുടെയും സഹോദരി ബഥനിയക്കാരി മറിയം, ജെയിംസിന്റെ(യാക്കോബ്) യും യോസയുടെയും മാതാവ് മറിയം( ഇത്, യേശുവിന്റെ മാതാവ് തന്നെയാണെന്നും പറയപ്പെടുന്നു) ക്ലോപ്പാസിന്റെ മാതാവ് മറിയം, പുതിയ നിയമം റോമക്കാർ 16: 6 ൽ വിവരിക്കുന്ന മറിയം. ഈ മറിയമാരിൽ വ്യക്തമായ ഐഡന്റിറ്റിയി ല്ലാതെയുള്ള ബൈബിൾ പരാമർശങ്ങൾ ഉണ്ടാക്കുന്ന ആശയക്കുഴപ്പങ്ങൾ ബൈബിൾ പരായ ണത്തിലനുഭവപ്പെടും. മഗ്ദലന മറിയ മിനെ പാപിനിയായി ചിത്രീകരിക്കാനുള്ള ഒരു കാരണം ഇതായി ചൂണ്ടിക്കാണി ക്കപ്പെടുന്നു.

1896 ൽ ഈജിപ്തിൽ നിന്നും കണ്ടെടുത്തതും കാനോനികമല്ലാത്ത തുമായ അപോക്രിഫ ഇനത്തിൽ പെട്ട സുവിശേഷമാണ് 'മറിയയുടെ സുവി ശേഷം' (Gospel Of Mary)എന്ന പേരിൽ അറിയപ്പെടുന്നത്. ബെർലിനിൽ സൂക്ഷി ക്കപ്പെടുന്നതിനാൽ ബെർലിൻ കോഡ ക്സ് (Berlin Codex) എന്നും ഇത് അറിയപ്പെടുന്നു. അഞ്ചാം നൂറ്റാണ്ടിൽ രചിക്കപ്പെട്ട പാപ്പിറസ് പുരാരേഖ യാണിത്. തന്റെ ശിഷ്യന്മാരുമായി നടത്തുന്ന ചോദ്യോത്തരങ്ങളാണ് മറിയയുടെ സുവിശേഷത്തിലെ പ്രതിപാദ്യം. അതിൽ മറിയ ആശ്വാസ ത്തിന്റെയും പ്രോത്സാഹന ത്തിന്റേയും വചനങ്ങൾ ആണ് സംസാരിക്കുന്നത്. രക്ഷകനിൽ നിന്നും മറിയക്ക് ലഭിച്ച സവിശേഷമായ അറിവ് തങ്ങളുമായി പങ്കുവെക്കാൻ പത്രോസ് ഇതിൽ മറിയയോട് ആവശ്യപ്പെടുന്നുണ്ട്. പത്രോസ് മറിയയോട് പറഞ്ഞു: *'സഹോദരീ, മറ്റെല്ലാ സ്ത്രീകളെക്കാളും രക്ഷകൻ നിന്നെ സ്നേഹിച്ചതായി ഞങ്ങൾക്കറിയാം. രക്ഷകൻ പറഞ്ഞു തന്നതും നിനക്ക് ഓർമയുള്ളതുമായ വചനങ്ങൾ നീ ഞങ്ങൾക്ക് പറഞ്ഞു തരിക. നിനക്ക് അതറിയാം ഞങ്ങൾ ക്കതറിയില്ല. ഞങ്ങളത് കേട്ടതുമില്ല.'*

പത്രോസിന്റെ ഈ അഭ്യർഥനയോട് മറിയ പ്രതികരിക്കുകയുണ്ടായി. ദർശനത്തെ പറ്റി രക്ഷകനും മറിയയും തമ്മിൽ നടന്ന ഒരു സംഭാഷണം മറിയ ഓർത്ത് പറഞ്ഞു.

മറിയ പറഞ്ഞു: *ഞാൻ രക്ഷകനെ ഒരു ദർശനത്തിൽ കണ്ടു. ഞാൻ അവനോട് പറഞ്ഞു:'കർത്താവേ ഇന്ന് ഞാൻ നിന്നെ ഒരു ദർശനത്തിൽ കണ്ടു.' അവൻ മറുപടിയായി കൊണ്ട് എന്നോട് പറഞ്ഞു: ''എന്റെ കൺമുമ്പിൽ വെച്ച് നീ ചാഞ്ചാടരുത്. എവിടെയാണോ മനസ്സുള്ളത് അവിടെ ഒരു നിധിയുണ്ട്." ഞാൻ രക്ഷകനോട് പറഞ്ഞു:'കർത്താവേ ഒരു ദർശനം കാണുന്ന ഒരാൾ ഇപ്പോൾ അത് കാണുന്നത് ആത്മാവിലൂടെയോ അതോ മനസ്സിലൂടെയോ?'*

ഈ സംഭാഷണത്തിന് ശേഷമുള്ള മഗ്ദലന മറിയയുടെ സുവിശേഷം എന്നറിയപ്പെടുന്ന നാല് പേജുകൾ നഷ്ടപ്പെട്ടു പോയിരിക്കുന്നു. ഈ സംഭാഷണത്തിൽ യേശു ഗ്നോസ്റ്റിക് ശൈലിയിൽ ആത്മീയ കാര്യങ്ങളാണ് പഠിപ്പിക്കുന്നത്. പക്ഷേ മഗ്ദലനയുടെ ഈ വിവരണത്തോട് മറ്റു ശിഷ്യന്മാർ വിയോജിക്കുന്നു. മറിയ സുവിശേഷം തുടരുന്നു. അന്ത്രയോസ് ഇത് കേട്ട് മറ്റുള്ളവരോടായി പറഞ്ഞു: 'അവൾ പറഞ്ഞതിനോട് നിങ്ങൾ എന്താണ് വിചാരിക്കുന്നത്? രക്ഷകൻ ഇങ്ങനെ പറഞ്ഞതായി ഞാൻ വിശ്വസിക്കുന്നില്ല. ഈ അദ്ധ്യാപനങ്ങൾ തീർച്ചയായും മറ്റു ആശയങ്ങളെ സംബന്ധിച്ചുള്ള തായിരിക്കും.'

പത്രോസും ഇപ്പറഞ്ഞതുമായി അവളോട് വിയോജിച്ചു. എന്നിട്ട് അവളോട് ചോദിച്ചു. രക്ഷകൻ ഞങ്ങളെ വിട്ട് പരസ്യമായിട്ടല്ലാതെ ഒരു സ്ത്രീയുമായി രഹസ്യത്തിൽ സംസാരിച്ചുവോ? നാം പിന്തിരിഞ്ഞ് എല്ലാം അവളിൽ നിന്ന് കേൾക്കണമോ? നമുക്കായി രക്ഷകൻ അവളെയാണോ ഇഷ്ടപ്പെട്ടത്?

ഈ വചനങ്ങളിൽ നിന്നും മറ്റുള്ളവരെ പഠിപ്പിക്കാൻ മഗ്ദലന മറിയയെയാണ് യേശു തിരഞ്ഞെടുത്തത് എന്ന സൂചനയുണ്ട്.

ചുരുക്കത്തിൽ യേശുവിന്റെ ശിഷ്യന്മാർക്കിടയിൽ അദ്വിതീയ സ്ഥാനമുണ്ടായിരുന്ന മഗ്ദലനയെ പുരു ഷ മേധാവിത്വത്തിലും സ്ത്രീവിദ്വേഷ ത്തിലുമമർന്നുപോയ സഭ തമസ്ക്കരി ക്കുകയും അപകീർത്തിപ്പെടുത്തുകയു മാണുണ്ടായത്.യേശുവിന്റെ രണ്ടാം വരവ് സംഭവിച്ചിരിക്കുന്ന ഈ കാലഘട്ടത്തിൽ വെളിപ്പെട്ടു കൊണ്ടിരിക്കുന്ന പ്രാമാണി കവും പുരാവസ്തു ശാസ്ത്ര പരവുമായ സത്യങ്ങൾ മഗ്ദലനയുടെ നഷ്ടപ്പെട്ട വിശുദ്ധ പദവി വീണ്ടെടുക്കുമെന്ന് നമുക്ക് പ്രത്യാശിക്കാം.

## റസൂൽ തിരുമേനി(സ)യുടെ ജീവിതം

നുഅ്മാൻ (റ)വിൽ നിന്ന് നിവേദനം : ജനങ്ങൾ സമ്പാദിച്ച ഐഹികാഢംബരങ്ങളെക്കുറിച്ച് നബി(സ) ഒരിക്കൽ സംസാരിക്കുകയുണ്ടയി. റസൂൽ തിരുമേനി (സ) ദിവസം മുഴുവൻ വിശപ്പുസഹിക്കുന്ന ആളായിട്ടാണ് എനിക്ക് കാണാൻ കഴിഞ്ഞരുന്നത്. വളരെ മോശപ്പെട്ട കാരക്ക പോലും വയർ നിറക്കാൻ അവിടുത്തേക്ക് ലഭിച്ചിട്ടില്ല.

# മജ്‌ലിസ് അൻസാറുല്ലാഹ് 35-ാം ദേശീയ ഇജ്തിമ വിജയകരമായി സമാപിച്ചു

ഖാദിയാൻ: മജ്‌ലിസ് അൻസാറുല്ലായുടെ 35-ാമത് ദേശീയ ഇജ്തിമാ ഖാദിയാൻ ദാറുൽ അമാനിൽ 2012 ഒക്ടോബർ 13,14,15 തീയതികളിൽ വിജയകരമായി നടന്നു. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ അഖിലേന്ത്യാ അധ്യക്ഷൻ മൗലാനാ മുഹമ്മദ് ഇനാം ഗോറി സാഹിബ് ഇജ്തിമാ ഗാഹിൽ അൻസാറുല്ലാ പതാക ഉയർത്തി ഉദ്ഘാടനം ചെയ്തു. ഉദ്ഘാടന സമ്മേളനത്തിൽ മൗലാനാ ഇനാം ഗോറി സാഹിബ് അധ്യക്ഷത വഹിച്ചു. മജ്‌ലിസ് അൻസാറുല്ലാ അഖിലേന്ത്യാ സദ്ർ ഖാരി നവാബ് അഹ്മദ് സാഹിബ് ,അംഗങ്ങൾക്ക് സത്യപ്രതിജ്ഞ ചൊല്ലിക്കൊടുത്തു. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ആഗോള ഇമാം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസിൽ നിന്നുള്ള സന്ദേശം ഇജ്തിമയിൽ വായിക്കുകയുണ്ടായി. "ഏക് ഈസായി കാ ചാർ സവാലോം കി ജവാബ്" എന്ന ഗ്രന്ഥത്തിന്റെ ഹിന്ദി തർജമ സമ്മേളനത്തിൽ പ്രകാശനം ചെയ്തു.

തുടർന്ന് വിവിധ വൈജ്ഞാനിക മത്സരങ്ങളും പ്രഭാഷണങ്ങളും ഡോക്യുമെന്ററി പ്രദർശനവും നടത്തപ്പെട്ടു. വിഖ്യാത ശാസ്ത്രജ്ഞനും നോബേൽ സമ്മാന ജേതാവുമായിരുന്ന ഡോ. അബ്ദുൽ സലാം സാഹിബിന്റെ ജീവചരിത്രമാണ് ഡോക്യുമെന്ററിയിൽ അവതരിപ്പിച്ചത്.

'നബി(സ) തിരുമേനി മുഴുലോകത്തിനും കാരുണ്യവാൻ' എന്ന വിഷയത്തെ സംബന്ധിച്ച് ജാമിഅ അഹ്മദിയ്യ പ്രിൻസിപ്പാൾ മൗലാനാ ഹമീദ് കൗസർ സാഹിബും, 'തർബിയ്യത്തും അൻസാറുല്ലായുടെ കടമകളും' എന്ന വിഷയത്തെ സംബന്ധിച്ച് മൗലാനാ ബാസിത് റസൂൽ സാഹിബും ക്ലാസ്സുകളെടുത്തു.

മൂന്നാം ദിവസം രാവിലെ നടത്തിയ സെമിനാറിൽ മൗലാനാ കരീമുദ്ദീൻ സാഹിബ് ശാഹിദ് , മൗലാനാ സഹീർ അഹ്മദ് സാഹിബ് ഖാദിം, മൗലാനാ ബുർഹാൻ അഹ്മദ് സാഹിബ് സഫർ എന്നിവർ സംബന്ധിച്ചു.

15 ന് ഉച്ചക്ക് ശേഷം നടന്ന സമാപന സെഷനിൽ മൗലാനാ മുഹമ്മദ് ഇനാം ഗോറി സാഹിബ് സമാപന പ്രഭാഷണം നടത്തി. പ്രസ്തുത ചടങ്ങിൽ വെച്ച് സമ്മാനങ്ങൾ വിതരണം ചെയ്യുകയുണ്ടായി. നാസിർ അഅ്‌ലായുടെ നേതൃത്വത്തിൽ നടന്ന ദുആയോടെ ഇജ്തിമാ പരിപാടികൾ സമാപിച്ചു.

## ലജ്നാ ഇമാ ഇല്ലാഹ് ദേശീയ സമ്മേളനം സമാപിച്ചു

**ഖാദിയാൻ**: ദാറുൽ അമാനിൽ (ഖാദിയാൻ) ഒക്ടോബർ 9,10,11 തീയതികളിൽ നടന്ന ലജ്നാ ഇമാഇല്ലാഹ് ഭാരതിന്റെ 18-ാം വാർഷിക സമ്മേളനം വിജയകരമായി സമാപിച്ചു. സമ്മേളനത്തിൽ ഏറ്റവും നല്ല പ്രവർത്തനത്തിന് സംസ്ഥാനങ്ങൾക്കുള്ള സമ്മാനത്തിന് കേരളം അർഹമായി. സമ്മാനം ലജ്ന ഇമാഇല്ലാഹ് ദേശീയ പ്രസിഡന്റിൽ നിന്ന് കേരള ലജ്ന ഇമായില്ലാഹ് പ്രസിഡന്റ് സിദ്ദീഖാ സാഹിബ ഏറ്റുവാങ്ങി. രണ്ടാം സ്ഥാനം ആന്ധ്രയും മൂന്നാം സ്ഥാനം ബംഗാളും കർണാടകയിലെ രണ്ട് സോണുകളും പങ്കിട്ടു. 100 അംഗങ്ങളിൽ കൂടുതലുള്ള മജ്‌ലിസുകൾക്കുള്ള ഏറ്റവും നല്ല പ്രവർത്തനത്തിനുള്ള അവാർഡ് നാലാം തവണയും കോഴിക്കോട് ലജ്ന കരസ്ഥമാക്കി. അവാർഡ് കോഴിക്കോട് മജ്‌ലിസ് പ്രസിഡന്റും ദേശീയ ലജ്നാഇമായില്ലാഹ് നായിബ് സദറുമായ നുസ്റത്ത് സാഹിബ ഏറ്റുവാങ്ങി. മാത്തോട്ടം, പഴയങ്ങാടി, കണ്ണൂർ ടൗൺ എന്നീ ലജ്നാ മജ്‌ലിസുകൾക്കും പ്രവർത്തനങ്ങൾക്ക് അംഗീകാരം ലഭിച്ചു. 100 അംഗങ്ങളിൽ താഴെയുള്ള ലജ്നാ മജ്‌ലിസുകൾക്കുള്ള സമ്മാനത്തിന് അലനല്ലൂർ, ഐരാപുരം, എറണാകുളം എന്നീ മജ്‌ലിസുകൾ അർഹരായി. നാസിറാത്തുൽ അഹ്മദിയ്യായുടെ വിവിധ ഗ്രൂപ്പുകളായി തിരിച്ചുള്ള പ്രവർത്തനങ്ങൾ വിലയിരുത്തിയതിൽ കോഴിക്കോട്, മാത്തോട്ടം, വാണിയമ്പലം എന്നീ മജ്‌ലിസുകളും സമ്മാനം കരസ്ഥമാക്കി.

സമ്മേളനത്തിൽ ഇന്ത്യയുടെ നാനാഭാഗത്ത് നിന്നും സ്ത്രീകൾ പങ്കെടുത്തു. കേരളത്തിൽ നിന്ന് ധാരാളം ലജ്നാ പ്രതിനിധികൾ പങ്കെടുത്തു.

## അനുസ്മരണം

ഐരാപുരം ജമാഅത്തിലെ ആദ്യകാല അഹ്മദിയും ദീർഘ കാലം പ്രസിഡന്റുമായിരുന്ന മർഹും ആലി സാഹിബിന്റെ ഭാര്യ കുഞ്ഞാമ സാഹിബ ( 87) 2012 ഒക്ടോബർ 10-ാം തീയതി വഫാത്തായി. ഇന്നാ ലില്ലാഹി... വളരെ ദയാശീലയും മൂസിയുമായിരുന്നു സാഹിബ. മക്കൾ- അബ്ദുറഹ്മാൻ (തഹരീഖ് ജദീദ് ഇൻസ്പെക്ടർ), മുഹമ്മദ് മുസ്തഫ, മൗലവി മുഹമ്മദ് അയ്യൂബ് (ഖാദിയാൻ), മുഹമ്മദ് ഇബ്റാഹിം, റാബിയത്ത്, മൗലവി സൈനുൽ ആബിദീൻ (മർക്കര)

മരുമക്കൾ- റംലാ, സീനത്ത്, വാഹിദ, ഷാഹിദ, ഷാഹുൽ ഹമീദ് (ഐരാപുരം ജമാഅത്ത് പ്രസിഡന്റ്) റസിയാ ബീഗം പരേതയ്ക്ക് ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ

## നബിനിന്ദ: ലക്ഷദ്വീപ് ജമാഅത്ത് പ്രതികരിച്ചു.

അമേരിക്കയിൽ റസൂൽ തിരുമേനി (സ)യെ നിന്ദിച്ചു കൊണ്ട് ഇറങ്ങിയ സിനിമക്കെതിരെ കവരത്തി അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി. ലക്ഷദ്വീപിന്റെ തലസ്ഥാനമായ കവരത്തിയിൽ പഞ്ചായത്ത് സ്റ്റേഡിയത്തിൽ വെച്ച് ചേർന്ന യോഗത്തിൽ ലക്ഷ ദ്വീപ് അമീർ അബ്ദുൾ കരീം സാഹിബ് ആദ്ധ്യക്ഷ്യം വഹിച്ചു. മൗലവി ഹിദായത്തുല്ലാ സഖാഫി വാഗ്ദത്ത മസീഹി(അ)ന്റെ വീക്ഷണ കോണിൽ റസൂൽ തിരുമേനി(സ)യുടെ മഹാത്മ്യവും സ്വഭാവഗുണങ്ങളും വിശദീകരിച്ചു. ഖലീഫത്തുൽ മസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്(അയ്യ്ദ...) ഇത് സംബന്ധിച്ച് ചെയ്ത ഖുതുബയുടെ പ്രിന്റ് കോപ്പി സദസ്സിൽ വിതരണം ചെയ്തു.



ചേലക്കര ജമാഅത്ത് നടത്തിയ നബികീർത്തന യോഗത്തിൽ ഗ്രാമപഞ്ചായത്ത് അംഗം ശ്രീ. ശിവദാസൻ പ്രസംഗിക്കുന്നു. ജമാഅത്ത് പ്രസിഡന്റ് സി. നാസിർ അഹ്മദ്, പഞ്ചായത്ത് അംഗം ശ്രീ. മദുസൂദനൻ, മൗലവി സി. പി. മെയ്തീൻകുട്ടി, മൗലവി മുഹമ്മദ് മൻസിൽ എന്നിവർ സമീപം



കാവശ്ശേരി ജമാഅത്ത് പത്തനാപുരം മസ്ജിദ് അങ്കണത്തിൽ സംഘടിപ്പിച്ച നബി കീർത്തന സമ്മേളനം മേഖല അമീർ പ്രൊഫ. എം. കെ. അബ്ദുൽ കരീം സാഹിബ് ഉദ്ഘാടനം ചെയ്യുന്നു. പ്രസിഡന്റ് എച്ച് സുലൈമാൻ, മൗലവി മുഹമ്മദ് ഇസ്മയീൽ, ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് കെ. അശോകൻ, കെ. എസ്. പി ശാസ്ത്രികൾ, മുൻ പഞ്ചായത്ത് പ്രസിഡന്റ് എ. ആണ്ടിയപ്പു, കെ. ടി. അബ്ദുൽ അസീസ് എന്നിവർ വേദിയിൽ


അൻസാറുല്ലാഹ് മേഖല പ്രവർത്തനങ്ങളിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കിയ എറണാകുളം മേഖലയിലെ അൻസാറുല്ലാഹ് പ്രവർത്തകർ



കരുനാഗപ്പള്ളിയിൽ വെച്ച് നടന്ന മജ്‌ലിസ് അൻസാറുല്ലാഹ് തിരുവനന്തപുരം മേഖല ഇജ്തിമ

# അറിയിപ്പ്

ഇന്ത്യയിലെ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ചരിത്രം രേഖപ്പെടുത്തി സൂക്ഷിക്കുന്നതിനായി ഹുസൂർ തിരുമനസ്സിന്റെ അനുവാദത്തോടെ കേന്ദ്രത്തിൽ ചരിത്ര വകുപ്പ് എന്ന ഒരു ശാഖ തുടങ്ങിയിട്ടുണ്ട്. കേരള ജമാഅത്തുകളുടെ ചരിത്രം ശേഖരിക്കുവാനുള്ള ഉത്തരവാദിത്വം ജ:സിദ്ദീഖ് അശ്റഫ് അലി സാഹിബിന് ജനാബ് നാസിർ സാഹിബ് അഅ്‌ല നൽകിയ വിവരം സർക്കുലർ 76/22-7-2012 മുഖേന ചരിത്ര വകുപ്പ് തലവർ ജ: മുഹമ്മദ് ഹമീദ് കൗസർ സാഹിബ് അറിയിക്കുന്നു. അദ്ദേഹത്തോട് ജമാഅത്തംഗങ്ങൾ സഹകരിക്കണമെന്ന് അപേക്ഷിക്കുന്നു

AL ISLAM
The Official Website of Ahmadiyya Muslim Community
MTA
INTERNATIONAL

2012 November | Registered. Reg.No. 3332/1957, Postal Reg.No. KL/EKM/726/2012-14 | Vol: 84 Issue.11
The Sathyadoothan Monthly | Price Rs. 20/-

# ലുധിയാന പ്രഭാഷണം

ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)

- ജിഹാദ്, പ്രാർഥനയുടെ തത്വ ശാസ്ത്രം, ഈസാ മസീഹിന്റെ മരണം പുനരാഗമനം മുതലായ ഇസ്‌ലാമിലെ പ്രാമാണിക വിഷയങ്ങളെ പറ്റിയുള്ള വിവരണം.
- ദൈവരാജ്യം സമാഗതമായി എന്ന് വിളംബരപ്പെടുത്തിക്കൊണ്ട് ഗലീലി തടാകത്തിന്നരികെ യേശു നടത്തിയ ഗിരി പ്രഭാഷണങ്ങളെക്കാൾ ജ്ഞാനോജ്ജ്വലമായ വാഗ്ദത്ത മസീഹിന്റെ പ്രേഷിത വിളംബരം ഈ ഗ്രന്ഥത്തിൽ കാണാം.
- ഇന്ത്യയിലെ പ്രഗത്ഭനായ അഹ്മദിയ്യാ പണ്ഡിതനും, അഹ്മദിയ്യാ ജമാഅത്ത് ദേശീയ ഉപകാര്യ ദർശിയുമായ മൗലാനാ മുഹമ്മദ് ഉമർ സാഹിബിന്റെ വിവർത്തനം




ഇസ്‌ലാം ഇന്റർനാഷനൽ പബ്ലിക്കേഷൻസ്, കേരള, കണ്ണൂർ

**അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് എന്ന ദൈവീക പ്രസ്ഥാനത്തെപ്പറ്റി കൂടുതൽ അറിയാൻ ബന്ധപ്പെടുക**

**1800 425 2020** Toll Free (9 am to 9 pm)